# നിങ്ങളുടെ വിശ്വാസം പ്രസ്താവിക്കുക



ആരെങ്കിലും തന്റെ ഹൃദയത്തിൽ സംശയിക്കാതെ താൻ പറയുന്നത്
സംഭവിക്കും എന്നു വിശ്വസിച്ചുംകൊണ്ട് ഈ മലയോട്: നീ നീങ്ങി
കടലിൽ ചാടിപ്പോക എന്നു പറഞ്ഞാൽ അവൻ പറഞ്ഞതുപോലെ
സംഭവിക്കും എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു.
(മർക്കൊസ് 11:23)

ആശിഷ് റായ്ച്ചൂർ

**സൗജന്യ വിതരണത്തിന് മാത്രം**
അച്ചടിയും വിതരണവും: ഓൾ പീപ്പിൾസ് ചർച്ച് & വേൾഡ് ഔട്ട്റീച്ച്, ബാംഗ്ലൂർ, ഇന്ത്യ.
നിലവിലെ പതിപ്പ്: 2025

**ബന്ധപ്പെടുവാനുള്ള വിവരങ്ങൾ**
All Peoples Church & World Outreach,
#319, 2nd Floor, 7th Main, HRBR Layout,
2nd Block, Kalyan Nagar, Bangalore 560 043
Karnataka, INDIA

ഫോൺ:+91-80-25452617
ഇമെയിൽ: **bookrequest@apcwo.org**
വെബ്സൈറ്റ്: **apcwo.org**

സൂചന നൽകിയിരിക്കുന്നവയൊഴിച്ച് മറ്റെല്ലാ തിരുവെഴുത്ത് ഉദ്ധരണികളും വിശുദ്ധ ബൈബിളിൽ നിന്നും—ബി.എസ്.ഐ-മലയാളം-ഒ.വി. ബൈബിൾ സൊസൈറ്റി ഓഫ് ഇന്ത്യ (BSI) പ്രസിദ്ധീകരണം-എടുത്തിട്ടുള്ളതാകുന്നു. അനുമതി പ്രകാരം ഉപയോഗിച്ചിരിക്കുന്നു. എല്ലാ അവകാശങ്ങളും നിക്ഷിപ്തം.

**സാമ്പത്തിക പങ്കാളിത്തം**
ഓൾ പീപ്പിൾസ് ചർച്ചിലെ അംഗങ്ങളുടെയും, പങ്കാളികളുടെയും, സുഹൃത്തുക്കളുടെയും സാമ്പത്തിക സഹായത്താലാണ് ഈ പ്രസിദ്ധീകരണത്തിന്റെ സൗജന്യ വിതരണം സാധ്യമാക്കിയത്. ഈ സൗജന്യ പ്രസിദ്ധീകരണം നിങ്ങൾക്ക് ഗുണപ്രദമായെങ്കിൽ, ഓൾ പീപ്പിൾസ് ചർച്ചിൽ നിന്നുള്ള സൗജന്യ പ്രസിദ്ധീകരണങ്ങളുടെ അച്ചടിയെയും വിതരണത്തെയും സാമ്പത്തികമായി സഹായിക്കുന്നതിന് ഞങ്ങൾ നിങ്ങളെ ആഹ്വാനം ചെയ്യുന്നു. നിങ്ങളുടെ സംഭാവന നൽകുന്നതിനെക്കുറിച്ചുള്ള വിവരങ്ങൾക്കായി ദയവായി **apcwo.org/give** എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ ഈ പുസ്തകത്തിന്റെ പിൻഭാഗത്തുള്ള "പാർട്ണർ വിത്ത് ഓൾ പീപ്പിൾസ് ചർച്ച്" എന്ന പേജ് കാണുകയോ ചെയ്യുക. നന്ദി!

**സൗജന്യ വിവരശേഖരങ്ങളും അനുബന്ധ വെബ്സൈറ്റുകളും**
**പ്രഭാഷണങ്ങൾ:** apcwo.org/sermons | **പുസ്തകങ്ങൾ:** apcwo.org/books
**ചർച്ച് ആപ്പ്:** apcwo.org/app | **ബൈബിൾ കോളേജ്:** apcbiblecollege.org
**ഇ-ലേണിംഗ്:** apcbiblecollege.org/elearn | **കൗൺസെലിംഗ്:** chrysalislife.org
**സംഗീതം:** apcmusic.org | **ശുശ്രൂഷകരുടെ കൂട്ടായ്മ:** pamfi.org |
**എപിസി വേൾഡ് മിഷനുകൾ:** apcworldmissions.org

(Malayalam—Speak Your Faith)

# നിങ്ങളുടെ വിശ്വാസം പ്രസ്താവിക്കുക

**ആരെങ്കിലും തന്റെ ഹൃദയത്തിൽ സംശയിക്കാതെ താൻ പറയുന്നത് സംഭവിക്കും എന്നു വിശ്വസിച്ചുംകൊണ്ട് ഈ മലയോട്: നീ നീങ്ങി കടലിൽ ചാടിപ്പോക എന്നു പറഞ്ഞാൽ അവൻ പറഞ്ഞതുപോലെ സംഭവിക്കും എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു.**
(മർക്കൊസ് 11:23)

*യേശു അവരോട് ഉത്തരം പറഞ്ഞത്: ദൈവത്തിൽ വിശ്വാസമുള്ളവർ ആയിരിപ്പിൻ. ആരെങ്കിലും തന്റെ ഹൃദയത്തിൽ സംശയിക്കാതെ താൻ പറയുന്നത് സംഭവിക്കും എന്നു വിശ്വസിച്ചുംകൊണ്ട് ഈ മലയോട്: നീ നീങ്ങി കടലിൽ ചാടിപ്പോക എന്നു പറഞ്ഞാൽ അവൻ പറഞ്ഞതുപോലെ സംഭവിക്കും എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു.*

***(മർക്കൊസ് 11:22,23)***

# നിഖ്യാ വിശ്വാസപ്രമാണം

തിരുവെഴുത്തുകളെ അടിസ്ഥാനമാക്കിയുള്ള ക്രിസ്തീയ വിശ്വാസത്തിന്റെ മഹത്തായ ഉപദേശങ്ങളെക്കുറിച്ച് മുഴുവൻ സഭയുടെയും വിശ്വാസ പ്രഖ്യാപനമാണ് നിഖ്യാ വിശ്വാസപ്രമാണം. AD 325-ലെ നിഖ്യാ കൗൺസിലിൽ ബിഷപ്പുമാരുടെ ഒരു സംഘം നിഖ്യാ വിശ്വാസപ്രമാണം ആദ്യമായി അംഗീകരിക്കുകയും നൂറ്റാണ്ടുകളായി ഇത് വിശ്വാസത്തിന്റെ ശക്തമായ ഏറ്റുപറച്ചിലായി ഉപയോഗിച്ചുവരുകയും ചെയ്യുന്നു. "ഞാൻ വിശ്വസിക്കുകയും പ്രത്യാശിക്കുകയും ചെയ്യുന്നു" എന്നർഥം വരുന്ന ലാറ്റിൻ പദമായ *'ക്രെഡോ'* യിൽ നിന്നാണ് "ക്രീഡ്" എന്ന വാക്കു ഉണ്ടായത്.

സർവ്വശക്തിയുള്ള പിതാവായി,
ആകാശത്തെയും ഭൂമിയെയും കാണുന്നവയും
കാണപ്പെടാത്തവയുമായുള്ള സകലത്തെയും
സൃഷ്ടിച്ചവനായ ഏക ദൈവത്തിൽ ഞാൻ
വിശ്വസിക്കുന്നു.

ഏകനാഥനും ദൈവത്തിന്റെ ഏകപുത്രനും
സർവ്വയുഗങ്ങൾക്കും മുമ്പ് പിതാവിൽ
നിന്ന് ജനിച്ചവനും ദൈവത്തിൽനിന്നു
ദൈവവും പ്രകാശത്തിൽ നിന്നു പ്രകാശവും
സത്യദൈവത്തിൽനിന്നു സത്യദൈവവും
എന്നാൽ സൃഷ്ടിക്കപ്പെടാത്തവനും പിതാവുമായി
സത്തയിൽ ഏകനുമായ യേശുക്രിസ്തുവിലും
ഞാൻ വിശ്വസിക്കുന്നു. അവൻ വഴി സകലതും
സൃഷ്ടിക്കപ്പെട്ടു. അവൻ സ്വർഗ്ഗത്തിൽ നിന്നിറങ്ങി
പരിശുദ്ധാത്മാവാൽ കന്യകാമറിയത്തിൽ നിന്ന്
ശരീരം സ്വീകരിച്ച് മനുഷ്യനായിത്തീർന്നു.
പൊന്തിയോസ് പീലാത്തോസിന്റെ ഭരണത്തിൻ
കീഴിൽ നമുക്കുവേണ്ടി ക്രൂശിക്കപ്പെട്ടു

പീഡകൾ സഹിച്ച് മരിച്ച് അടക്കപ്പെട്ടു.
തിരുവെഴുത്തുകളനുസരിച്ച് മൂന്നാം ദിവസം
ഉയിർത്തെഴുന്നേറ്റു. സ്വർഗ്ഗത്തിലേക്ക് എഴുന്നള്ളി
പിതാവിന്റെ വലത്തുഭാഗത്തിരിക്കുന്നു.
ജീവിക്കുന്നവരെയും മരിച്ചവരെയും വിധിക്കാൻ
അവൻ മഹത്വത്തോടെ വീണ്ടും വരും. അവന്റെ
രാജ്യത്തിന് അവസാനമുണ്ടാവുകയില്ല.

കർത്താവും ജീവദാതാവും പിതാവിൽ നിന്നും
പുത്രനിൽ നിന്നും പുറപ്പാട്പ്പെടുന്നവനും
പിതാവിനോടും പുത്രനോടുംകൂടെ വന്ദിക്കപ്പെട്ട്
മഹത്വപ്പെടുന്നവനും പ്രവാചകന്മാർ വഴി
പറയപ്പെട്ടവനുമായ പരിശുദ്ധാത്മാവിലും
ഞാൻ വിശ്വസിക്കുന്നു. ഏകവും പരിശുദ്ധവും
കാതോലികവും അപ്പസ്തോലികവുമായ സഭയിലും
ഞാൻ വിശ്വസിക്കുന്നു. പാപമോചനത്തിനായുള്ള
ഏക സ്നാനത്തെ ഞാൻ അനുസരിക്കുന്നു.
മരിച്ചവരുടെ ഉയിർപ്പും വരാനിരിക്കുന്ന ലോകത്തിലെ
ജീവനും ഞാൻ കാത്തിരിക്കുന്നു.
ആമേൻ.

**കുറിപ്പ്:** "കാതോലികം" എന്ന വാക്കിന്റെ അർത്ഥം "മുഴുവൻ" അല്ലെങ്കിൽ "സാർവത്രികം" എന്നാണ്.

# ഞങ്ങളുടെ പ്രഖ്യാപനം

ഞങ്ങളുടെ ഞായറാഴ്ച ആരാധനകളിൽ ദൈവവചന ശുശ്രൂഷക്കു മുൻപ് ഞങ്ങൾ ഒരു സഭയായി പ്രഖ്യാപിക്കുന്നത് ഇതാണ്.

ഇത് ദൈവവചനമാകുന്നു.
ഇത് ദൈവം എന്നോടു സംസാരിക്കുന്നു.
ഞാൻ ആകുന്നു എന്നു ദൈവം പറഞ്ഞവൻ ഞാൻ ആകുന്നു.
എനിക്ക് ചെയ്യാൻ കഴിയും എന്നു ദൈവം
പറയുന്നത് എനിക്ക് ചെയ്യാൻ കഴിയും.
ദൈവം എനിക്ക് വാഗ്ദത്തം ചെയ്തതെല്ലാം ഞാൻ ആകും.
ഞാൻ രക്ഷിക്കപ്പെട്ടു, സൗഖ്യം പ്രാപിച്ചു,
വിടുതൽ പ്രാപിച്ചു, വീണ്ടെടുക്കപ്പെട്ടു.
ഞാൻ അനുഗ്രഹിക്കപ്പെട്ടവനും വിജയിയും
അഭിവൃദ്ധിയുള്ളവനും ജയാളിയുമാകുന്നു
ഞാൻ ദൈവത്തിന്റെ ഒരു ശുശ്രൂഷകനും
ക്രിസ്തുവിന്റെ ഒരു ദാസനുമാകുന്നു.
അനേക ജനങ്ങൾ ദൈവത്തിന്റെ അനുഗ്രഹം
പ്രാപിക്കുന്നതിനുള്ള ഒരു മാർഗ്ഗവുമാകുന്നു.
ഞാൻ അവന്റെ വചനം സ്വീകരിക്കുന്നു, ഞാൻ അവന്റെ വചനം
വിശ്വസിക്കുന്നു, ഞാൻ അവന്റെ വചനത്താൽ ജീവിക്കുന്നു.
ക്രിസ്തു എന്റെ യജമാനനാകുന്നു, അവനിൽ
ഞാൻ സമ്പൂർണമായി സമർപ്പിക്കുന്നു.
യേശുവിന്റെ നാമത്തിൽ. ആമേൻ.

# എന്റെ ജീവിതത്തിൽമേൽ ദൈവവചനത്തെ സംബന്ധിച്ച എന്റെ പ്രഖ്യാപനം

നിങ്ങൾക്ക് എങ്ങനെ വിശ്വാസം നിങ്ങളുടെ ജീവിതത്തിന്റെ വിവിധ മേഖലകളിൽ സംസാരിക്കാം എന്നതിനുള്ള ചില ഉദാഹരണങ്ങളാണിവിടെ തന്നിരിക്കുന്നത്. ദൈവ വചനം ധ്യാനിക്കുക. ദൈവവചനം നിങ്ങളുടെ ഹൃദയത്തിൽ വിശ്വാസം ഉളവാക്കുവാൻ അനുവദിക്കുക. അതിനാൽ നിങ്ങളുടെ വിശ്വാസം ഏറ്റുപറയുകയും ചെയ്യുക.

**അധികാരവും ആധിപത്യവും**

യേശു എനിക്ക് അവന്റെ നാമം ഉപയോഗിക്കുവാനും അവനുവേണ്ടി പ്രവൃത്തിക്കുവാനും അവന്റെ ഹിതം ചെയ്യുവാനുമുള്ള അവകാശം തന്നിട്ടുണ്ട്. അവന്റെ നാമത്തിൽ ഞാൻ ഭൂതങ്ങളെ പുറപ്പാട്ത്താക്കുകയും രോഗികളെ സൗഖ്യമാക്കുകയും ചെയ്യുന്നു. ശത്രുവിന്റെ സകല ശക്തികൾക്കുംമേലുള്ള അധികാരം എനിക്ക് നൽകിയിട്ടുണ്ട്. എന്നെ യാതൊന്നും ഒരുതരത്തിലും ബാധിക്കുകയില്ല. എന്നെ യേശുക്രിസ്തുവിനാൽ പിതാവിന്റെ വലതു ഭാഗത്ത്, അധികാരത്തിന്റെയും അധിപത്യത്തിന്റെയുമിടത്ത്, ഇരുത്തിയിരിക്കുന്നു (മർക്കൊസ് 16:17,18; ലൂക്കൊസ്സ് 10:19; എഫെസ്യർ: 2:6)

**പ്രാർത്ഥനയ്ക്ക് ഉത്തരം**

യേശുവിന്റെ നാമത്തിൽ പിതാവിനോട് വിശ്വാസത്താൽ എന്തു ചോദിച്ചാലും അത് എനിക്ക് ലഭിക്കും എന്നു കർത്താവായ യേശു എനിക്ക് വാഗ്ദത്തം നൽകിയിട്ടുണ്ട്. പ്രാർത്ഥനയിൽ ഞാൻ എന്തു ചോദിച്ചാലും എനിക്ക് അത് ലഭിച്ചിട്ടുണ്ട് എന്നും അവ എനിക്ക് ലഭിക്കും എന്നും ഞാൻ വിശ്വസിക്കുന്നു, ഞാൻ അവനിലും അവന്റെ വചനം എന്നിലും വസിക്കുന്നു, ഞാൻ പ്രാർത്ഥനയിൽ എന്തു

ചോദിച്ചാലും, അത് എനിക്കു നൽകപ്പെടുന്നു. (യോഹന്നാൻ 16:23,24; മത്തായിയി 21:22; മർക്കൊസ് 11:24, യോഹന്നാൻ 15:17)

**അഭിഷേകവും ശക്തിയും**

ഞാൻ യേശുക്രിസ്തുവിന്റെ ഒരു സാക്ഷിയാകുന്നത് പരിശുദ്ധാത്മാവിന്റെ ശക്തി എന്റെമേൽ ഉള്ളതുകൊണ്ടാണ്. കർത്താവിന്റെ ആത്മാവ് എന്റെ മേൽ ഉള്ളതുകൊണ്ട്; സൗഖ്യം കൊടുക്കുവാനും, വിടുവിക്കുവാനും, ബന്ധനത്തിൽ ആയിരിക്കുന്നവരെ മോചിപ്പിക്കുവാനും അവൻ എന്നെ ശക്തിപ്പെടുത്തിയിരിക്കുന്നു. എന്നെ വിളിച്ചിരിക്കുന്നതും അഭിഷേകം ചെയ്തിരിക്കുന്നതും ദൈവമാണ്. എന്റെ ജീവിതത്തിലെ പരിശുദ്ധാത്മാവിന്റെ അഭിഷേകം പൈശാചിക ബന്ധനങ്ങളെ തകർക്കുകയും ആളുകളിൽനിന്നു പൈശാചിക നുകങ്ങളെ നീക്കുകയും ചെയ്യുന്നു. (അപ്പൊ. പ്രവൃത്തികൾത്തികൾ 1:8; ലൂക്കൊസ് 4:18,19; 2 കൊരിന്ത്യർ 1:21; യെശയ്യാവ് 10:27)

**അനുഗ്രഹങ്ങൾ**

ദൈവത്തിൽ നിന്നുള്ള എല്ലാ അനുഗ്രഹങ്ങളാലും ഞാൻ അനുഗ്രഹിക്കപ്പെട്ടിരിക്കുന്നു. ദൈവം തന്റെ ജനത്തിനു നൽകിയിരിക്കുന്ന സകല അനുഗ്രഹങ്ങളും ഞാൻ പങ്കിടുകയും ആസ്വദിക്കുകയും ചെയ്യുന്നു. ഞാൻ കൈവെക്കുന്ന സകലത്തിലും ഞാൻ അനുഗ്രഹിക്കപ്പെട്ടിരിക്കുന്നു. കർത്താവ് എന്നെ അഭിവൃദ്ധിപ്പെടുവാൻ പഠിപ്പിക്കുകയും എന്നെ വഴിനടത്തുകയും ചെയ്യുന്നു. ഞാൻ ദൈവത്തെ അനുസരിച്ചു നടക്കുന്നു, അവന്റെ അനുഗ്രഹങ്ങൾ ഒരിക്കലും വറ്റാത്ത അരുവിപോലെ ഒഴുകുന്നു. കടൽത്തീരത്തേക്ക് അടിച്ചു കയറുന്ന തിരമാലകൾ പോലെ വിജയം എന്നിലേക്ക് വരുന്നു. (എഫെസ്യർ 1:3; കൊലൊസ്സ്യർ 1:12; ആവർത്തനപുസ്തകം 28:6; യെശയ്യാവ് 48:17,18)

**ധൈര്യവും ആത്മവിശ്വാസവും**

ഞാൻ ബലശാലിയും ധീരനുമാണ്. ഞാൻ സിംഹത്തെപ്പോലെ നിർഭയനുമാണ്. ഭയത്തിന്റെ ആത്മാവിനെയല്ല, ശക്തിയുടെയും സ്നേഹത്തിന്റെയും സുബോധത്തിന്റെയും ആത്മാവിനെയാണ് ദൈവം എനിക്ക് നൽകിയിരിക്കുന്നത്. കർത്താവ് എന്റെ ആത്മവിശ്വാസവും

സുരക്ഷിതത്വവുമാകുന്നു. (യോശുവ 1:9; സദൃശവാക്യങ്ങൾ 28:1; 2 തിമൊഥെയൊസ് 1:7; സദൃശവാക്യങ്ങൾ 14:26)

**വീര്യപ്രവൃത്തികൾ**

എനിക്ക് എന്റെ ദൈവത്തെ അറിയാം. ഞാൻ ശക്തനാണ്, ദൈവരാജ്യത്തിനായി ഞാൻ വലിയ വീര്യപ്രവൃത്തികൾ ചെയ്യുന്നു. ഞാൻ ചോദിക്കുന്നതിലും നിനക്കുന്നതിലും അധികമായി അവന്റെ ശക്തിയാൽ തന്റെ ഹിതം നിറവേറ്റുവാനായി ദൈവം എന്നിലും എന്നിലൂടെയും പ്രവർത്തിക്കുന്നു. (ദാനീയേൽ 11:32; എഫെസ്യർ 3:20)

**ഭാവി**

എനിക്കായുള്ള അവന്റെ പദ്ധതികൾ എന്നെ അഭിവൃദ്ധിപ്പെടുത്തുന്നതിനും, എനിക്ക് പ്രത്യാശ നിറഞ്ഞ ഒരു ഭാവി നൽകുന്നതിനുമാണെന്ന് ദൈവത്തിനറിയാം. ദൈവത്തിന്റെ കൈയിൽ, ഞാൻ ചെയ്യണമെന്നു താൻ ആഗ്രഹിക്കുന്ന കാര്യങ്ങളെക്കുറിച്ചുള്ള പദ്ധതികൾ ഉണ്ട്, ഞാൻ അതിലേക്ക് നടക്കുകയാണ്. അവന്റെ പദ്ധതികൾക്കായി ഞാൻ വിളിക്കപ്പെട്ടിരിക്കുന്നതിനാൽ എല്ലാം എന്റെ നന്മയ്ക്കായി ഒന്നുചേർന്ന് പ്രവർത്തിക്കുന്നു. ഞാൻ ദൈവത്തെ സ്നേഹിക്കുന്നതിനാൽ അവൻ എനിക്കായി ഒരുക്കിയിരിക്കുന്ന കാര്യങ്ങൾ ഒരു കണ്ണും കണ്ടിട്ടില്ല, ഒരു ചെവിയും കേട്ടിട്ടില്ല, ആരും ഇതുവരെ സങ്കൽപ്പിച്ചിട്ടുമില്ല. (യിരെമ്യാവ് 29:11; എഫെസ്യർ 2:10; റോമർ 8:28; 1 കൊരിന്ത്യർ 2:9)

**കുടുംബം, വീട്, കുട്ടികൾ**

ദൈവം എന്റെ ഭവനത്തെ അനുഗ്രഹിച്ചിരിക്കുന്നു. എന്റെ ഭവനത്തെ രക്ഷയുടെയും സന്തോഷത്തിന്റെയും ശബ്ദങ്ങൾ കൊണ്ട് നിറയ്ക്കുന്നു. എന്റെ ഭവനം ആകുലതകളില്ലാത്തതും, സുരക്ഷിതവും, ശാന്തവും, സമാധാനപൂർണവുമാണ്. എന്റെ കുഞ്ഞുങ്ങളുടെമേൽ ദൈവം തന്റെ ആത്മാവിനെയും അനുഗ്രഹത്തെയും ചൊരിയുന്നു. എന്റെ കുഞ്ഞുങ്ങൾ എല്ലാവരും ദൈവത്താൽ അഭ്യസിക്കപ്പെട്ടവരാകുന്നത് കൊണ്ട് അവർക്കു വലിയ സമാധാനവുമുണ്ട്. (സദൃശവാക്യങ്ങൾ 3:33; സങ്കീർത്തനങ്ങൾ 118:15; യെശയ്യാവ് 32:18; യെശയ്യാവ് 44:3; യെശയ്യാവ് 54:13)

**വിശ്വാസം**

ദൈവം എനിക്ക് വിശ്വാസത്തിന്റെ വലിയൊരളവു നൽകിയിട്ടുണ്ട്. ഞാൻ കാഴ്ചയാലല്ല, വിശ്വാസത്താലാണ് ജീവിക്കുന്നത്. ഞാൻ വിശ്വസിക്കുന്നതുകൊണ്ട്, ഞാൻ ദൈവത്തിന്റെ മഹത്വം കാണും. എന്റെ ഹൃദയത്തിൽ വിശ്വാസത്തോടെ ഞാൻ പർവ്വതങ്ങളോട് കൽപ്പിക്കുമ്പോൾ അവ നീങ്ങുന്നു, ഒന്നും എനിക്ക് അസാധ്യമല്ല. (റോമർ 12:3; 2 കൊരിന്ത്യർ 5:7; യോഹന്നാൻ11:40; മത്തായി 17:20)

**പ്രീതിയും ബന്ധങ്ങളും**

ദൈവം ഒരു പരിചപോലെ എന്നെ വലയം ചെയ്യുന്നു. ദൈവം എനിക്ക് വലിയ ബഹുമാനവും ആദരവും ലഭിക്കുവാൻ കാരണമാകുന്നു. ഞാൻ കരുണയിലും നിഷ്കളങ്കതയിലും നടക്കുന്നു, ചുറ്റുമുള്ളവരോട് എനിക്ക് പ്രീതിയും നല്ല ബന്ധവും ഉണ്ട്. ദൈവം എന്റെ ശത്രുക്കളെപ്പോലും എന്നോടു സമാധാനത്തിലാക്കുന്നു. ഞാൻ കർത്താവിനെ ബഹുമാനിക്കുന്നതിനാൽ ദൈവത്തെ സ്നേഹിക്കുന്നവർ എന്നെ കാണുമ്പോൾ സന്തോഷിക്കുന്നു. (സങ്കീർത്തനങ്ങൾ 5:12; സദൃശവാക്യങ്ങൾ 22:4; സദൃശവാക്യങ്ങൾ 3:3,4; സദൃശവാക്യങ്ങൾ 16:7; സങ്കീർത്തനങ്ങൾ 119:74)

**മാർഗ്ഗനിർദ്ദേശം**

പരിശുദ്ധാത്മാവ് എന്നെ എല്ലാ സത്യത്തിലേക്കും വഴിനടത്തുന്നു. കർത്താവു ഞാൻ പോകേണ്ടുന്ന വഴി എന്നെ പഠിപ്പിക്കുകയും നടത്തുകയും ചെയ്യുന്നു. അവൻ എന്റെമേൽ ദൃഷ്ടിവച്ച് ആലോചനതന്ന് എന്നെ വഴിനടത്തുന്നു. ദൈവം എന്റെ വഴികളിൽ ആനന്ദിക്കുന്നതിനാൽ എന്റെ കാലടികളെ അവൻ ക്രമീകരിക്കുന്നു. ഞാൻ വീണാലും അവൻ എന്നെ താങ്ങുകയും യഥാസ്ഥാനത്താക്കുകയും ചെയ്യുന്നു. ദൈവവചനം എന്നെ നയിക്കാനുള്ള ഒരു വിളക്കും എന്റെ പാതയുടെ വെളിപ്പാട്ച്ചവുമാകുന്നു. ഞാൻ അവന്റെ വചനം പിന്തുടരുന്നു. (യോഹന്നാൻ 16:13; സങ്കീർത്തനങ്ങൾ 32:8; സങ്കീർത്തനങ്ങൾ 37:23,24; സങ്കീർത്തനങ്ങൾ 119:105)

**ആരോഗ്യവും സൗഖ്യവും**

കർത്താവായ യേശു സ്വയമായി എന്റെ എല്ലാ രോഗങ്ങളും കുരിശിൽ വഹിച്ചു. യേശു എനിക്കായി കുരിശിലേറ്റ

മുറിവുകളാൽ ഞാൻ സൗഖ്യം പ്രാപിച്ചിരിക്കുന്നു. എന്റെ ദൈവം എന്നെ സൗഖ്യമാക്കുന്ന കർത്താവാണ്. കർത്താവ് എന്റെ ഭക്ഷണപാനീയങ്ങളെ അനുഗ്രഹിക്കുകയും എല്ലാ രോഗങ്ങളെയും എന്നിൽ നിന്ന് അകറ്റുകയും ചെയ്യുന്നു. അവൻ എന്റെ എല്ലാ പാപങ്ങളും ക്ഷമിക്കുകയും എന്റെ എല്ലാ രോഗങ്ങളും സൗഖ്യമാക്കുകയും ചെയ്യുന്നു. (മത്തായി 8:17; 1 പത്രൊസ് 2:24; പുറപ്പാട് 15:26; പുറപ്പാട് 23:25; സങ്കീർത്തനങ്ങൾ 103:3)

**സന്തോഷം**

കർത്താവിന്റെ ആത്മാവ് എന്നെ സന്തോഷത്താൽ നിറയ്ക്കുന്നു. ഞാൻ നീതിയെ സ്നേഹിക്കുകയും ദുഷ്ടതയെ വെറുക്കുകയും ചെയ്യുന്നതിനാൽ ദൈവം എന്നെ സന്തോഷവും ആനന്ദവും കൊണ്ട് അഭിഷേകം ചെയ്തിരിക്കുന്നു. കർത്താവിന്റെ സന്തോഷം എന്നെ ശക്തീകരിക്കുകയും ബലത്താൽ നിറയ്ക്കുകയും ചെയ്യുന്നു. പ്രത്യാശയുടെ ദൈവം എന്നിൽ സന്തോഷവും സമാധാനവും നിറയ്ക്കുന്നു. ഞാൻ പരിശുദ്ധാത്മാവിനാൽ നീതിയിലും, സമാധാനത്തിലും, സന്തോഷത്തിലും നടക്കുന്നു. (ഗലാത്യർ 5:22; സങ്കീർത്തനങ്ങൾ 45:7; നെഹെമ്യാവ് 8:10; റോമർ 14:17; റോമർ 15:13)

**നീതീകരിക്കപ്പെട്ടതും നീതിമാനും**

ക്രിസ്തുവിലുള്ള വിശ്വാസത്താൽ ഞാൻ ദൈവത്തിന്റെ ദൃഷ്ടിയിൽ നീതീകരിക്കപ്പെട്ടിരിക്കുന്നു. യേശുക്രിസ്തുവിന്റെ രക്തത്താൽ എന്റെ എല്ലാ പാപങ്ങളും കഴുകപ്പെട്ടിരിക്കുന്നതിനാൽ അവന്റെ ദൃഷ്ടിയിൽ ഞാൻ "ഒരിക്കലും പാപം ചെയ്തിട്ടില്ലാത്തതുപോലെ" ആകുന്നു. ഞാൻ അവന്റെ നീതിയെ ധരിച്ചിരിക്കുന്നതിനാൽ ദൈവസന്നിധിയിൽ യാതൊരു ശിക്ഷാവിധിയുമില്ലാതെ ധൈര്യത്തോടും ഉറപ്പോടും കൂടെ നിൽക്കുന്നു. പരിശുദ്ധാത്മാവ് എന്നെ ഞാൻ അവന്റെ മകനാണ് എന്ന ഉറപ്പിനാൽ നിറച്ചിരിക്കുന്നു, ഞാൻ അവനെ "അബ്ബാ, പിതാവേ" എന്ന് വിളിക്കുന്നു. (റോമർ 3:22; റോമർ 8:1,15; 1 യോഹന്നാൻ 1:7; 2 കൊരിന്ത്യർ 5:21)

**സ്നേഹം**

ദൈവത്തിന്റെ ആത്മാവ് ദൈവസ്നേഹം എന്റെ ഹൃദയത്തിലേക്ക് പകർന്നിരിക്കുന്നു. ദൈവസ്നേഹത്താൽ മറ്റുള്ളവരെ സ്നേഹിക്കാൻ ഞാൻ ശക്തനാണ്. എന്നിലുള്ള ദൈവസ്നേഹം എന്നെ ക്ഷമയും ദയയും

ഉള്ളവനാക്കുകയും അസൂയ, അഹങ്കാരം, മോശം പെരുമാറ്റം, സ്വാർത്ഥത, പ്രകോപനം എന്നിവയിൽ നിന്ന് എന്നെ തടയുകയും ചെയ്യുന്നു. മറ്റുള്ളവർ എന്നോട് ചെയ്ത തെറ്റുകളുടെ രേഖ ഞാൻ സൂക്ഷിക്കുന്നില്ല. (റോമർ 5:5; 1 കൊരിന്ത്യർ 13:4,5)

**ദീർഘായുസ്സ്**

ദീർഘായുസ്സ് നൽകി ദൈവം എന്നെ തൃപ്തിപ്പെടുത്തുന്നു. കർത്താവ് എന്റെ ജീവിതത്തെ നന്മകളാൽ നിറയ്ക്കുന്നു, അതിനാൽ ഞാൻ കഴുകനെപ്പോലെ ചെറുപ്പവും ശക്തനുമായിരിക്കുന്നു. (സങ്കീർത്തനങ്ങൾ 91:16; സങ്കീർത്തനങ്ങൾ 103:5; പുറപ്പാട് 23:26)

**മനസ്സും ചിന്തകളും**

എന്റെ മനസ്സ് പരിശുദ്ധമായയയിടമാണ്. എന്റെ മനസ്സിൽ ശുദ്ധവും ശ്രേഷ്ഠവും സദ്ഗുണപൂർണവും ശരിയായതും മാന്യവുമായ ചിന്തകൾ മാത്രമേ ഞാൻ അനുവദിക്കൂ. എനിക്ക് ആരോഗ്യമുള്ള മനസ്സും, നല്ല ഓർമ്മയും, ഏകാഗ്രതയും, നല്ല വിവേകവുമുണ്ട്. ഞാൻ എന്റെ ചിന്തകളും വികാരങ്ങളും ആഗ്രഹങ്ങളും ദൈവത്തിനായി വിശുദ്ധീകരിക്കുകയും, ഏതു വിചാരത്തെയും ക്രിസ്തുവിനോടുള്ള അനുസരണത്തിനായി പിടിച്ചടക്കുകയും ചെയ്യുന്നു. (ഫിലിപ്പിയർ 4:8; 2 തിമൊഥെയൊസ് 1:7; 2 കൊരിന്ത്യർ 10:4,5)

**ലോകത്തെയും ജഡത്തെയും കീഴടക്കുക**

ഞാൻ ദൈവത്തിൽ നിന്ന് ജനിച്ചിരിക്കുന്നതിനാൽ ലോകത്തെയും അതിലുള്ള സകലത്തിനെയും കീഴടക്കിയിരിക്കുന്നു. ഞാൻ ജഡത്തിന്റെ പാപമോഹങ്ങളെയും കൺമോഹങ്ങളെയും അഹങ്കാരത്തെയും കീഴടക്കിയിരിക്കുന്നു. ദൈവത്തിന്റെ ദൈവിക സ്വഭാവത്തിൽ ഞാൻ പങ്കുചേരുകയും ലോകത്തിലെ വഷളത്തങ്ങളിൽ നിന്ന് അകന്നു നിൽക്കുകയും ചെയ്യുന്നു. ഞാൻ പരിശുദ്ധാത്മാവിന്റെ ശക്തിയാൽ എന്റെ ശരീരത്തിന്റെ എല്ലാ പാപപ്രവൃത്തികളും അവസാനിപ്പിച്ചിരിക്കുന്നു. ഞാൻ ആത്മാവിൽ നടക്കുകയും എന്റെ ശരീരത്തിന്റെ പാപമോഹങ്ങൾക്കു വഴങ്ങാതിരിക്കുകയും ചെയ്യുന്നു. (1 യോഹന്നാൻ 5:4; 2 പത്രൊസ് 1:3,4; റോമർ 8:13; ഗലാത്യർ 5:16)

**സമാധാനവും, ശാന്തതയും വിശ്രമവും**

ഞാൻ എന്റെ എല്ലാ ആകുലതകളെയും കർത്താവിന്റെ മുമ്പാകെ വയ്ക്കുന്നതിനാൽ സകല ബുദ്ധിയേയും കവിയുന്ന ദൈവീക സമാധാനം എന്റെ ഹൃദയത്തിലും മനസ്സിലും നിറയുന്നു. ഞാൻ ശാന്തതയോടും ആത്മവിശ്വാസത്തോടും നടക്കാൻ തീരുമാനിക്കുകയും അത് എന്നിൽ ശക്തി നിറയ്ക്കുകയും ചെയ്യുന്നു. കർത്താവ് എനിക്ക് നൽകുന്ന സ്വസ്ഥതയിൽ ഞാൻ നടക്കുന്നു. (1 പത്രൊസ് 5:7; ഫിലിപ്പിയർ 4:7; യെശയ്യാവ് 30:15; മത്തായി 11:28,29)

**രക്തത്തിന്റെ ശക്തി**

യേശുവിന്റെ രക്തം എന്നെ വിലയ്ക്ക് വാങ്ങുകയും, വീണ്ടെടുക്കുകയും, സകലപാപങ്ങളിൽ നിന്നും ശുദ്ധീകരിക്കുകയും, വിശുദ്ധീകരിക്കുകയും, നീതീകരിക്കുകയും, ദൈവത്തോട് അടുപ്പിക്കുകയും, ദൈവത്തിന്റെ അതിവിശുദ്ധമായ സാന്നിധ്യത്തിൽ പ്രവേശിക്കാനുള്ള ധൈര്യം നൽകുകയും ചെയ്തു. യേശുവിന്റെ രക്തത്താൽ ഞാൻ മൂടപ്പെട്ടുകയും സംരക്ഷിക്കപ്പെട്ടുകയും ചെയ്യുന്നു. യേശുവിന്റെ രക്തത്താൽ ഞാൻ ദൈവവുമായി ഉടമ്പടിയിലാണ്. യേശുവിന്റെ രക്തം എന്റെ പൂർവികൻമ്മാരുടെ പാപങ്ങളിൽ നിന്നു എന്നെ മോചിപ്പിച്ചിരിക്കുന്നു. യേശുവിന്റെ രക്തത്താൽ ഞാൻ ശത്രുവിനെ ജയിച്ചിരിക്കുന്നു. (അപ്പൊ. പ്രവൃത്തികൾ 20:28; എഫെസ്യർ 1:7; 1 യോഹന്നാൻ 1:7; എബ്രായർ 13:12; പുറപ്പാട് 12:13; 1 പത്രൊസ് 1:18-20; വെളിപ്പാട് 12:11)

**സമൃദ്ധിയും വിജയവും**

ഞാൻ ആറ്റരികത്തു നട്ടിരിക്കുന്ന വൃക്ഷം പോലെയാകുന്നു. ഞാൻ തക്ക സമയത്തു ഫലം പുറപ്പാട്പ്പെട്ടുവിക്കുന്നു. എന്റെ ഇല വാടുന്നില്ല; ഞാൻ ചെയ്യുന്നതെന്തും അഭിവൃദ്ധിപ്രാപിക്കുന്നു. എന്റെ കൈകളുടെ പ്രവൃത്തികളിലെല്ലാം ഞാൻ അനുഗ്രഹിക്കപ്പെട്ടിരിക്കുന്നു. കർത്താവിനെയും അവന്റെ വചനത്തെയും അവന്റെ വഴികളെയും ഞാൻ പിൻപറ്റുകയും, അവൻ എന്നെ അഭിവൃദ്ധിപ്പെടുത്തുകയും എനിക്ക് നല്ല വിജയം നൽകുകയും ചെയ്യുന്നു. ഞാൻ താഴ്മയോടും ദൈവഭയത്തോടുംകൂടെ നടക്കുമ്പോൾ, അവൻ എനിക്ക് സമൃദ്ധിയും ബഹുമാനവും ദീർഘായുസ്സും നൽകി അനുഗ്രഹിക്കുന്നു. (സങ്കീർത്തനങ്ങൾ 1:1-3; ആവർത്തനപുസ്തകം 28:8; യോശുവ 1:8; സദൃശവാക്യങ്ങൾ 22:4)

**സംരക്ഷണവും വിടുതലും**

ഞാൻ കർത്താവിനെ എന്റെ പരിപാലകനും അത്യുന്നതനെ എന്റെ സംരക്ഷകനുമാക്കിയിരിക്കുന്നു. ഒരു അനർഥവും എന്നെ ബാധിക്കുകയില്ല, ഒരു അതിക്രമവും എന്റെ ഭവനത്തോടടുത്തു വരികയുമില്ല. കഷ്ടതയിൽ ദൈവം എന്നോടൊപ്പമുണ്ട്. അവൻ എനിക്ക് ഉത്തരം നൽകുകയും എന്നെ വിടുവിക്കുകയും ചെയ്യുന്നു. ദൈവത്തിന്റെ ദൂതൻ എന്നെ വലയം ചെയ്യുകയും എന്നെ വിടുവിക്കുകയും ചെയ്യുന്നു. എനിക്കെതിരെ ഉയരുന്ന യതോരായുധത്തിനും എന്നെ മുറിവേൽപ്പിക്കുവാൻ കഴിയുകയില്ല. ദൈവം എന്നെ പരിപാലിക്കുകയും എനിക്ക് വിജയം നൽകുകയും ചെയ്യുന്നു. എനിക്കെതിരെ ഉയരുന്ന എല്ലാ നാവും കർത്താവ് എന്റെ മുമ്പിൽ അടക്കുന്നു. (സങ്കീർത്തനങ്ങൾ 34:7; സങ്കീർത്തനങ്ങൾ 91:10,11,15; യെശയ്യാവ് 54:17)

**സ്ഥാനക്കയറ്റം**

എന്റെ സ്ഥാനക്കയറ്റവും വളർച്ചയും ഉയർച്ചയും ദൈവത്തിൽ നിന്നാണ് വരുന്നത്. ദൈവമാണ് എന്റെ സ്ഥാനക്കയറ്റത്തിന് വഴിയൊരുക്കുന്നത്. ഞാൻ എന്നെ കർത്താവിന് സമർപ്പിക്കുമ്പോൾ, അവൻ തന്റെ സമയത്ത് എന്നെ ഉയർത്തുന്നു. ദൈവമാണ് എന്നെ നേതൃത്വവും അധികാരവും സ്വാധീനശക്തിയുമുള്ള സ്ഥാനങ്ങളിൽ ആക്കിയിരിക്കുന്നത്. (സങ്കീർത്തനങ്ങൾ 7:6,7; യാക്കോബ് 4:10; ആവർത്തനപുസ്തകം 28:13)

**ഉപജീവനവും മറ്റുള്ളവരുമായി പങ്കിടുന്നതും**

ദൈവം, യേശുക്രിസ്തുവിലൂടെ, തന്റെ ധനത്തിനൊത്തവണ്ണം എന്റെ എല്ലാ ആവർത്തനപുസ്തകംശ്യങ്ങളും നൽകുന്നു. കർത്താവ് എന്റെ ഇടയനാകുന്നു, അതിനാൽ എനിക്ക് മുട്ടുണ്ടാകുകയില്ല. കർത്താവ് എനിക്ക് സൂര്യനും പരിചയും ആകുന്നു. അവൻ ഒരു നന്മയെയും എന്നിൽ നിന്നും തടയുന്നില്ല. ദൈവം എനിക്ക് ആവർത്തനപുസ്തകംശ്യമുള്ളതിലും അധികമായി നൽകുന്നു. അതിനാൽ എനിക്കാവശ്യ മുള്ളതെല്ലാം എപ്പോഴും ലഭിക്കുന്നതോടൊപ്പം മറ്റുള്ളവരെ അനുഗ്രഹിക്കുവാനും ധാരാളമായി ഉണ്ട്. ദൈവമാണ് സമ്പത്തുണ്ടാക്കാനുള്ള കഴിവ് എനിക്ക് നല്കിയത്. (ഫിലിപ്പിയർ 4:19; സങ്കീർത്തനങ്ങൾ 23:1; സങ്കീർത്തനങ്ങൾ 84:11; 2 കൊരിന്ത്യർ 9:8; ആവർത്തനപുസ്തകം 8:18)

**അടയാളങ്ങളും, അത്ഭുതങ്ങളും, വീര്യപ്രവൃത്തികളും**

ദൈവത്തിൽ വിശ്വസിക്കുന്ന എന്നെ ഈ അടയാളങ്ങൾ പിന്തുടരുന്നു— അവന്റെ നാമത്തിൽ ഞാൻ അന്യഭാഷകളിൽ സംസാരിക്കുകയും, ഭൂതങ്ങളെ പുറപ്പാട്ത്താക്കുകയും, രോഗികളുടെ മേൽ കൈ വയ്ക്കുമ്പോൾ അവർ സൗഖ്യം പ്രാപിക്കുകയും ചെയ്യുന്നു. ദൈവം എന്നോടൊപ്പമുള്ളതിനാൽ ഞാൻ സംസാരിക്കുന്ന അവന്റെ വചനത്തെ അവൻ അടയാളങ്ങളാലും അത്ഭുതങ്ങളാലും വീര്യപ്രവൃത്തികളാലും ഉറപ്പിക്കുന്നു. യേശു പിതാവിന്റെ അടുക്കൽ പോയതിനാൽ താൻ ചെയ്തതും അതിലും വലിയതുമായ പ്രവൃത്തികൾ ഞാൻ ചെയ്യും. ഞാൻ യേശുവിന്റെ സുവിശേഷം പങ്കുവെക്കുമ്പോൾ, ദൈവം അടയാളങ്ങളാലും, അത്ഭുതങ്ങളാലും, വീര്യപ്രവൃത്തികളാലും പരിശുദ്ധാത്മാവിന്റെ ദാനങ്ങളാലും സ്വയം സാക്ഷ്യപ്പെടുത്തുന്നു. (മർക്കോ 16:17,18,20; യോഹന്നാൻ 14:12; എബ്രായർ 2:3,4)

**ഉറക്കം**

കർത്താവ് എനിക്ക് നല്ല ഉറക്കം തരുന്നു. ഞാൻ കിടക്കുമ്പോൾ എനിക്ക് ഭയമില്ല. ഞാൻ കിടക്കുമ്പോൾ, എന്റെ ഉറക്കം മധുരമാണ്. ഞാൻ പുതുക്കത്തോടെയും ഉന്മേഷത്തോടെയും ഉണരുന്നു. (സങ്കീർത്തനങ്ങൾ 3:5; സങ്കീർത്തനങ്ങൾ 4:8; സങ്കീർത്തനങ്ങൾ 127:2; സദൃശവാക്യങ്ങൾ 3:24)

**ദൈവത്തിന്റെ ആത്മാവ് എന്റെ ജീവിതത്തിൽ**

ഞാൻ പരിശുദ്ധാത്മാവിന്റെ ആലയമാകുന്നു. ദൈവത്തിന്റെ ആത്മാവ് എന്നിൽ വസിക്കുന്നു. അവൻ എന്നെ നയിക്കുകയും വഴികാട്ടുകയും ചെയ്യുന്നു. അവൻ എന്നെ എല്ലാ കാര്യങ്ങളും പഠിപ്പിക്കുന്നു. ഞാൻ ആത്മാവിൽ നടക്കുന്നതിനാൽ, ജഡമോഹങ്ങൾക്ക് കീഴ്പ്പെടുന്നില്ല. എന്നെ ശക്തിപ്പെടുത്തിക്കൊണ്ട് അവൻ എന്റെമേലുണ്ട്. അവന്റെ സാന്നിധ്യവും ശക്തിയും എന്നിൽ നിന്ന് നദികൾ പോലെ ഒഴുകുകയും എനിക്ക് ചുറ്റുമുള്ളവരെ അനുഗ്രഹിക്കുകയും സൗഖ്യപ്പെടുത്തുകയും വിടുവിക്കുകയും ചെയ്യുന്നു. (1 കൊരിന്ത്യർ 3:16; റോമർ 8:14; 1 യോഹന്നാൻ 2:27; ഗലാത്യർ 5:16; യോഹന്നാൻ 7:38,39)

**വിജയവും ജയഘോഷവും**

ദൈവം എന്നെ എപ്പോഴും എല്ലാ കാര്യങ്ങളിലും വിജയിപ്പിക്കുന്നു. എന്റെ കർത്താവായ യേശു കുരിശിൽ എനിക്കായി നേടിയ വിജയത്തിൽ ഞാൻ നടക്കുന്നു. എന്റെ ദൈവത്താൽ ഞാൻ വൻകാര്യങ്ങൾ ചെയ്യുന്നു. (2 കൊരിന്ത്യർ 2:14; കൊലൊസ്സ്യർ 2:14; യെശയ്യാവ് 53:12; സങ്കീർത്തനങ്ങൾ 60:12)

**ജ്ഞാനവും, വിവേകവും, പ്രചോദനവും**

ക്രിസ്തു എന്റെ വിവേകമാകുന്നു. ജ്ഞാനത്തിന്റെയും വിവേകത്തിന്റെയും, ആലോചനയുടെയും ശക്തിയുടെയും ആത്മാവ് എന്നിൽ ആവർത്തനപുസ്തകംസിക്കുന്നു. കർത്താവ് എനിക്ക് സകലത്തിലും അറിവ് നൽകുന്നു. അവന്റെ വചനം എന്നെ വെളിപ്പാട്ച്ചവും ജ്ഞാനവും കൊണ്ട് നിറയ്ക്കുന്നു. എന്റെ അന്തരാത്മാവിലെ ദൈവത്തിന്റെ പ്രചോദനം എനിക്ക് ജ്ഞാനം നൽകുന്നു. (1 കൊരിന്ത്യർ 1:30; യെശയ്യാവ് 11:1,2; 2 തിമൊഥെയൊസ് 2:7; സങ്കീർത്തനങ്ങൾ 119:130; ഇയ്യോബ് 32:8)

**സാക്ഷി**

ഞാൻ യേശുക്രിസ്തുവിന്റെ നിർഭയനായ സാക്ഷിയാണ്. യേശുക്രിസ്തുവിന്റെ സുവിശേഷത്തെക്കുറിച്ച് ഞാൻ ലജ്ജിക്കുന്നില്ല. മനുഷ്യരുടെ മുമ്പിൽ ഞാൻ അവനെ ഏറ്റുപറയുന്നതുപോലെ, അവൻ എന്നെ സ്വർഗ്ഗത്തിലെ പിതാവിന്റെ മുമ്പാകെ ഏറ്റുപറയുന്നു. (അപ്പൊ. പ്രവൃത്തികൾ 1:8; റോമർ 1:16; മത്തായി 10:32)

**ദൈവവചനം എന്റെ ജീവിതത്തിൽ**

ദൈവവചനം സത്യമാണെന്ന് ഞാൻ പ്രഖ്യാപിക്കുന്നു. അവന്റെ വചനം എന്റെ ജീവിതത്തിൽ നിലനിൽക്കുന്നു. അവന്റെ വചനത്തിന്റെ ശക്തിയാൽ എന്റെ ജീവിതം സുസ്ഥിരമാകുകയും നിലനിർത്തപ്പെടുകയും, ക്രമീകരിക്കുകയും ചെയ്യുന്നു. എന്റെ ലോകത്തിലെ സകലതും ദൈവവചനത്തിന് വിധേയമായിരിക്കുകയും ദൈവവചനവുമായി ചേർന്നിരിക്കുകയും ചെയ്യുന്നു. (യോഹന്നാൻ 17:17; സങ്കീർത്തനങ്ങൾ 119:128; എബ്രായർ 1:3; എബ്രായർ 11:3)

# ക്രിസ്തുവിൽ എന്റെ പ്രഖ്യാപനങ്ങൾ

ക്രിസ്തുവിൽ ഞാൻ ആരാണോ അതാണ് യഥാർത്ഥ ഞാൻ! എന്റെ വ്യക്തിത്വവും സുരക്ഷിതത്വവും പ്രാധാന്യവും വ്യക്തിമൂല്യവും അവനിലും അവനിൽ നിന്നും അവനുവേണ്ടിയുമാണ്. എന്റെ സ്വന്തം പ്രതിച്ഛായയും ആത്മാഭിമാനവും ആത്മവിശ്വാസവും ക്രിസ്തുവിൽ ദൈവം എന്നെ ആരാക്കിയിരിക്കുന്നു എന്നതിനെ അടിസ്ഥാനമാക്കിയുള്ളതാണ്. ദൈവത്തിന്റെ എന്നോടുള്ള അളവറ്റതും അപരിമിതവുമായ സ്നേഹം നിമിത്തം അവൻ എനിക്കായി എന്തു ചെയ്തു എന്നതാണ് ക്രിസ്തുവിൽ ഞാൻ ആരാണെന്നുള്ളതിന്റെ പൂർണ്ണമായ അടിസ്ഥാനം. ക്രിസ്തുവിൽ ഞാൻ ആരാണോ അതാണ് യഥാർത്ഥ ഞാൻ എന്ന് ഞാൻ പ്രഖ്യാപിക്കുന്നു.

ക്രിസ്തുവിൽ ഞാൻ ഒരു പുതിയ സൃഷ്ടിയാണ്.

പഴയത് എല്ലാം കഴിഞ്ഞുപോയി. എന്റെയുള്ളിൽ ഞാൻ പുതിയ സൃഷ്ടിയാണ് (2 കൊരിന്ത്യർ 5:17). എന്റെ പഴയ ജീവിതം അവസാനിച്ചു, എന്റെ പുതുജീവിതം ക്രിസ്തുവിൽ സുരക്ഷിതമാണ്. ഞാൻ ജീവിക്കുന്ന ഈ പുതിയ ജീവിതം ക്രിസ്തുവിൽ നിന്നാണ് എനിക്ക് ലഭിച്ചത് (കൊലൊസ്സ്യർ 3:3). ഞാൻ എന്ന പുതിയ സൃഷ്ടി ദൈവത്തിന്റെ സ്വരൂപത്തിൽ സൃഷ്ടിക്കപ്പെട്ടതും ദൈവത്തിന്റെ സ്വഭാവവും നീതിയും വിശുദ്ധിയും നിറഞ്ഞതുമാണ്. ക്രിസ്തുവിൽ ഒരു പുതിയ സൃഷ്ടിയായി ഞാൻ ജീവിക്കുന്നു (എഫെസ്യർ 4:24).

ഞാൻ ക്രിസ്തുവിൽ ദൈവത്തിന്റെ പൈതലും, അവകാശിയും യേശുക്രിസ്തുവിന്റെ കൂട്ടവകാശിയും ആണ്. ഞാൻ ദൈവികകുടുംബത്തിലെയും ദൈവരാജ്യത്തിലെയും അംഗമാണ് (റോമർ 8:17). പിതാവ് തന്റെ പുത്രനായ കർത്താവായ യേശുക്രിസ്തുവിനെ സ്നേഹിക്കുന്നതുപോലെ ക്രിസ്തുവിൽ അവൻ എന്നെയും സ്നേഹിക്കുന്നു. ഈ സ്നേഹത്തെക്കുറിച്ച് എനിക്ക് ഉറപ്പുണ്ട് (യോഹന്നാൻ 16:27; യോഹന്നാൻ 17:23). ക്രിസ്തുവിലുള്ള ദൈവസ്നേഹത്തിൽ നിന്ന് എന്നെ വേർപെടുത്താൻ യാതൊന്നിനും

കഴിയുകയില്ല. അവനു എന്നോടുള്ള സ്നേഹം നിമിത്തം ഞാൻ എല്ലാ സാഹചര്യങ്ങളിലും ഒരു ജയാളിയേക്കാൾ ശ്രേഷ്ഠനാണ് (റോമർ 8:37,39). ക്രിസ്തുവിൽ, ഞാൻ പരിശുദ്ധാത്മാവിനാൽ മുദ്രയിടപ്പെട്ടിരിക്കുന്നു. ദൈവത്തിന് എന്റെ മേൽ അവന്റെ ഉടമസ്ഥതയുടെ മുദ്രയുണ്ട് (എഫെസ്യർ 1:13,14). ക്രിസ്തുവിൽ, ഞാൻ ദൈവത്തിന്റെ വിശുദ്ധ ആലയത്തിന്റെ ഭാഗവും അവന്റെ ആത്മാവിനാൽ ദൈവത്തിന്റെ വാസസ്ഥലവുമാണ്. ദൈവം എന്നിൽ വസിക്കുകയും എന്നിലൂടെ സ്വയം വെളിപ്പാട്പ്പെടുത്തുകയും ചെയ്യുന്നു (എഫെസ്യർ 2:21,22).

ദൈവത്തിന്റെ ദൃഷ്ടിയിൽ ഞാൻ നീതീകരിക്കപ്പെട്ടവനും, കുറ്റവിമുക്തനാക്കപ്പെട്ടവനും, നീതിമാനുമായിത്തീർന്നു, യേശുക്രിസ്തുവിലൂടെ എനിക്ക് ദൈവവുമായി സമാധാനമുണ്ട്. ഞാൻ ക്രിസ്തുവിലൂടെ ദൈവത്തോട് ശരിയായ ബന്ധത്തിലാണ് (റോമർ 5:1,2). ക്രിസ്തുമുഖാന്തിരം എനിക്കെതിരെ യാതൊരു ശിക്ഷാവിധിയുമില്ല. ഞാൻ ലജ്ജയോ കുറ്റബോധമോ, നിന്ദയോ കൂടാതെ നിർബാധം ധൈര്യത്തോടെ ദൈവവുമായുള്ള ബന്ധത്തിലായിരിക്കുന്നു (റോമർ 8:1). ക്രിസ്തുവിൽ എന്നെ ദൈവത്തിന്റെ നീതിയാക്കിയിരിക്കുന്നു. ഇത് എനിക്ക് ധൈര്യത്തോടും, ആത്മവിശ്വാസത്തോടുംകൂടെ അവന്റെ സന്നിധിയിലേക്കുള്ള പ്രവേശനവും നൽകുന്നു (2 കൊരിന്ത്യർ 5:21). ദൈവം ക്രിസ്തുവിൽ എന്നെ തിരഞ്ഞെടുത്തു, അവന്റെ ദൃഷ്ടിയിൽ ഞാൻ വിശുദ്ധനും കുറ്റമില്ലാത്തവനുമായിരിക്കുന്നു; അവന്റെ സ്നേഹത്താൽ ഞാൻ മൂടപ്പെട്ടിരിക്കുന്നു (എഫെസ്യർ 1:4). ക്രിസ്തുവിൽ, ഞാൻ ദൈവത്തോട് അടുപ്പിക്കപ്പെട്ടിരിക്കുന്നു, ആത്മാവിനാൽ എനിക്ക് പിതാവിലേക്ക് നേരിട്ട് പ്രവേശനമുണ്ട് (എഫെസ്യർ 2:13,18).

എന്റെ പഴയ പാപസ്വഭാവം ക്രിസ്തുവിനോടൊപ്പം ക്രൂശിക്കപ്പെട്ടുകയും, എന്റെ ജീവിതത്തിലുള്ള പാപത്തിന്റെ ശക്തി തകർക്കപ്പെട്ടുകയും, പാപത്തിന്റെ ബന്ധനത്തിൽ നിന്ന് ഞാൻ മോചനം പ്രാപിക്കുകയും ചെയ്തിരിക്കുന്നു. പാപത്തിന് ഇനി എന്നിൽ ആധിപത്യമില്ല (റോമർ 6:6,14). എന്നെ ക്രിസ്തുവിൽ അന്ധകാരത്തിന്റെ ശക്തികളിൽ നിന്ന് വിടുവിക്കുകയും യേശുക്രിസ്തുവിന്റെ രാജ്യത്തിലേക്ക് പ്രവേശിപ്പിക്കുകയും ചെയ്തിരിക്കുന്നു. പിശാചിന് എന്നിൽ

സ്ഥാനമോ, എന്റെമേൽ അവകാശമോ, അധികാരമോ ഇല്ല. എന്റെ ദേഹവും ദേഹിയും, ആത്മാവും ദൈവത്തിന്റെ സമ്പത്താകുന്നു. (കൊലൊസ്സ്യർ 1:13,14; 1 കൊരിന്ത്യർ 6:20). യേശുക്രിസ്തുവിന്റെ രക്തത്താൽ ഞാൻ വീണ്ടെടുക്കപ്പെട്ടിരിക്കുന്നു. ഞാൻ ദൈവം വിലയ്ക്കുവാങ്ങിയ സ്വത്താണ്. ഞാൻ മുഴുവനായും ദൈവത്തിന്റേതാണ് (എഫെസ്യർ 1:7). ക്രിസ്തുവിൽ, ഞാൻ പാപത്തിന്റെ അധീനതയിൽ നിന്ന് വിടുവിക്കപ്പെട്ടിരിക്കുന്നു. ഞാൻ ക്രിസ്തുവിനോടുകൂടെ മരിക്കുകയും, ഉയിർപ്പിക്കപ്പെടുകയും ചെയ്തിരിക്കുന്നു. പഴയ ജീവിതത്തിന്റെ ശക്തി തകർന്നിരിക്കുന്നു (കൊലൊസ്സ്യർ 2:11,12).

ഞാൻ ആത്മീയമായി യേശുവിനോട് ചേർന്നിരിക്കുന്നു. അവൻ മുന്തിരിവള്ളിയും ഞാൻ അവനോട് ചേർന്നിരിക്കുന്ന ഒരു ശിഖരവുമാകുന്നു. അവൻ എന്നിലും ഞാൻ അവനിലും ആകുന്നു. അവന്റെ ജീവൻ എന്നിലൂടെ ഒഴുകുകയും എന്നിലൂടെ വെളിപ്പാട്പ്പെടുകയും ചെയ്യുന്നു. എന്നിലൂടെ ഒഴുകുന്ന അവന്റെ ജീവന്റെ സ്വഭാവവും ശക്തിയും എന്നിൽ പ്രകടമാകുന്നു. അവന്റെ മഹത്വത്തിനായി ഞാൻ അധികം ഫലം പുറപ്പാട്പ്പെടുവിക്കുന്നു (1 കൊരിന്ത്യർ 6:17; യോഹന്നാൻ 15:1-7). അവനിൽ ഞാൻ പൂർണ്ണനായിരിക്കുകയും ദൈവത്തിന്റെ സർവ്വസമ്പൂർണതയാലും നിറഞ്ഞിരിക്കുകയും ചെയ്യുന്നു. അവൻ എന്നെ തന്നിൽത്തന്നെ പരിപൂർണ്ണനാക്കുന്നു (കൊലൊസ്സ്യർ 2:9,10). ഞാൻ യേശുവിലാണ്, യേശു നടന്നതുപോലെ ഞാൻ നടക്കുന്നു. ഞാൻ അവന്റെ സ്നേഹത്തിലും, കൃപയിലും, ശക്തിയിലും നടക്കുന്നു (1 യോഹന്നാൻ 2:6). യേശു ദൈവപുത്രനാണെന്ന് ഞാൻ ഏറ്റുപറയുന്നു, ഞാൻ ദൈവത്തിലും, ദൈവം എന്നിലും വസിക്കുന്നു. അവനുമായുള്ള ഐക്യത്തിൽ നിന്നാണ് ഞാൻ എന്റെ ജീവിതം നയിക്കുന്നത് (1 യോഹന്നാൻ 4:15).

എന്റെ വിവേകം കർത്താവായ യേശു തന്നെയാണ്. അവനിൽ ഞാൻ ദൈവത്തിന്റെ മുൻപിൽ നീതീകരിക്കപ്പെട്ടിരിക്കുന്നു. ഞാൻ വിശുദ്ധീകരിക്കപ്പെടുകയും ദൈവത്തിനായി വേർതിരിക്കപ്പെടുകയും, വിടുവിക്കപ്പെടുകയും ചെയ്തിരിക്കുന്നു (1 കൊരിന്ത്യർ 1:30). ക്രിസ്തുവിൽ, ഞാൻ അവന്റെ കൈപ്പണിയാകുന്നു; എനിക്ക് ചെയ്യുവാനായി അവൻ പദ്ധതിയിട്ട സൽപ്രവൃത്തികൾക്കായി എന്നെ സൃഷ്ടിച്ചിരിക്കുന്നു (എഫെസ്യർ 2:10).

എനിക്ക് ദൈവത്തിന്റെ അളവറ്റ കൃപയും, നീതിയുടെ ദാനവും ലഭിച്ചിരിക്കുന്നു; എന്റെ ജീവിതത്തെ ഞാൻ നിയന്ത്രിക്കുന്നു. യേശുക്രിസ്തുവിലൂടെ എനിക്ക് ജീവിതത്തിൽ ആധിപത്യമുണ്ട് (റോമർ 5:17). എല്ലാ സാഹചര്യങ്ങളിലും, അവസ്ഥകളിലും ക്രിസ്തുവിൽ ഉന്നത വിജയം പ്രാപിക്കുവാൻ ദൈവം എന്നെ എപ്പോഴും ഇടയാക്കുന്നു. ഇപ്പോൾ സാഹചര്യങ്ങൾ എങ്ങനെയാണെങ്കിലും, യേശുവിൽ ഞാൻ ജയാളിയായി പുറപ്പാട്ത്തുവരുന്നു (2 കൊരിന്ത്യർ 2:14). ദൈവത്തിൽനിന്നു ജനിച്ച ഞാൻ, ലോകത്തെയും അന്ധകാരത്തിന്റെ പ്രവൃത്തികളെയും ലോകത്തിലുള്ള തിന്മകളെയും കീഴടക്കുകയും ജയിക്കുകയും ചെയ്യുന്നു. ക്രിസ്തുവിൽ ഞാൻ ഒരു ജയാളിയാണ് (1 യോഹന്നാൻ 5:4). ദൈവം എന്നെ ഉയർത്തുകയും ക്രിസ്തുവിൽ സ്വർഗ്ഗീയ ഇടങ്ങളിൽ തന്റെ വലതുഭാഗത്ത് ഇരുത്തുകയും ചെയ്തു. എല്ലാ അന്ധകാരശക്തികളുടെയും, പിശാചിന്റെയും, ഭൂതങ്ങളുടെയും മേലുള്ള അധികാരസ്ഥാനത്താണ് ഞാൻ ഇരിക്കുന്നത് (എഫെസ്യർ 2:4-6).

ക്രിസ്തുവിൽ ഞാൻ സ്വർഗത്തിൽ നിന്നുള്ള സകല അനുഗ്രഹങ്ങളാലും, അനുഗ്രഹിക്കപ്പെട്ടിരിക്കുന്നു. ദൈവത്തിന്റെ സകല അനുഗ്രഹങ്ങളും എനിക്കുള്ളതാണ്. വിശ്വാസത്താൽ ഞാൻ അത് സ്വീകരിക്കുകയും അതിൽ നടക്കുകയും ചെയ്യുന്നു (എഫെസ്യർ 1:3). ഞാൻ അബ്രഹാമിന്റെ അനുഗ്രഹങ്ങൾ ക്രിസ്തുവിൽ അവകാശമാക്കിയിരിക്കുന്നു. ഞാൻ നീതീകരിക്കപ്പെട്ടിരിക്കുന്നു. ഞാൻ ദൈവത്തിന്റെ സുഹൃത്താകുന്നു. സകലത്തിലും ഞാൻ അനുഗ്രഹിക്കപ്പെട്ടിരിക്കുന്നു. ഞാൻ ലോകത്തിന് ഒരു അനുഗ്രഹമാകുവാൻ അനുഗ്രഹിക്കപ്പെട്ടിരിക്കുന്നു. എനിക്ക് എന്റെ ശത്രുക്കളുടെമേൽ വിജയമുണ്ട് (ഗലാത്യർ 3:29). അവനിലുള്ള ദൈവത്തിന്റെ എല്ലാ വാഗ്ദത്തങ്ങളും അതേ എന്നും ആമേൻ എന്നും ആകുന്നു. എന്റെ ജീവിതത്തിനായുള്ള അവന്റെ വാഗ്ദത്തങ്ങളുടെ പൂർത്തീകരണം എനിക്ക് ലഭിക്കുന്നു (2 കൊരിന്ത്യർ 1:20).

ക്രിസ്തുവിൽ ഞാൻ ആരാണോ അതാണ് യഥാർത്ഥ ഞാൻ!

# ഉള്ളടക്കം


1. വാക്കുകൾ രണ്ട് ലോകങ്ങളിലും പ്രാധാന്യമുള്ളതാണ് 1
2. ആധിപത്യം വാക്കുകളിലൂടെ പ്രയോഗിക്കുന്നു 3
3. അവന്റെ വചനമനുസരിച്ച് നിന്നെത്തന്നെ വിളിക്കുക 5
4. നിങ്ങളുടെ വാക്കുകൾ അനുഗ്രഹം പ്രവഹിപ്പിക്കുന്നു 7
5. നിങ്ങളെക്കുറിച്ച് മുൻകൂട്ടി എഴുതപ്പെട്ടിരിക്കുന്ന രേഖയാണ് ദൈവവചനം—അത് സംസാരിക്കൂ! 8
6. വചനം നിങ്ങളുടെ സമീപമുണ്ട്—അവന്റെ വചനം സംസാരിക്കുക 10
7. അവന്റെ വചനം നിങ്ങളുടെ വായിൽ സൂക്ഷിക്കുക 11
8. ദൈവത്തിന്റെ വാഗ്ദത്തങ്ങൾ നിലനിൽക്കുന്നു—ഞങ്ങളുടെ പ്രഖ്യാപനവും അങ്ങനെ തന്നെ 13
9. ദൈവവുമായുള്ള നിങ്ങളുടെ ഉടമ്പടി പ്രഖ്യാപിക്കുക 15
10. ദൈവസന്നിധിയിൽ സ്വീകാര്യമായ വാക്കുകൾ സംസാരിക്കുക 17
11. ദൈവം നിങ്ങൾക്ക് ആരാണെന്ന് എല്ലാ സാഹചര്യങ്ങളിലും പ്രസ്താവിക്കുക 19
12. ഭൗതിക ലോകം കർത്താവിന്റെ ശബ്ദത്തോട് പ്രതികരിക്കുന്നു 21
13. ഭൗതിക ലോകം അവന്റെ വചനത്താൽ ഉരുവാക്കപ്പെടുകയും രൂപപ്പെടുകയും ചെയ്തു 23
14. നിങ്ങളുടെ നാവിന് നിങ്ങൾക്ക് നല്ല ദിവസങ്ങളും ദീർഘായുസ്സും നൽകുവാൻ കഴിയും 25
15. അവന്റെ വചനം പ്രസ്താവിക്കുക എന്നത് അവന്റെ ഉടമ്പടി അവകാശപ്പെടലാണ് 27
16. ഞാൻ കർത്താവിനെക്കുറിച്ച് പറയും 29

17. ദൂതന്മാർ അവന്റെ വചനത്തിന്റെ ശബ്ദം ശ്രദ്ധിക്കുന്നു 32
18. കർത്താവിൽ വീണ്ടെടുക്കപ്പെട്ടവൻ അങ്ങനെ പറയട്ടെ 34
19. സന്തോഷത്തിന്റെയും രക്ഷയുടെയും ശബ്ദം നിലനിർത്തുക 36
20. നിങ്ങളുടെ ജീവിതത്തെ രൂപപ്പെടുത്തുന്ന ശക്തി നിങ്ങളുടെ ഹൃദയത്തിൽ നിന്ന് വരുന്നു 38
21. നീതിയുള്ള വാക്കുകൾ ജീവനും ശക്തിയും പുറപ്പാട്പ്പെടുവിക്കുന്നു 40
22. വാക്കുകൾക്ക് സൗഖ്യമാക്കുവാനും സമ്പൂർണമാക്കുവാനും കഴിയും 42
23. സന്തോഷകരമായ വാക്കുകളുടെ ശക്തി പുറപ്പാട്പ്പെടുവിക്കുക 44
24. നിങ്ങളുടെ ജീവിതം നിങ്ങളുടെ വാക്കുകളുടെ ഫലം കൊണ്ട് നിറയുന്നു 45
25. ജീവന്റെയും മരണത്തിന്റെയും ശക്തി നിങ്ങളുടെ വാക്കുകൾക്ക് ഉണ്ട് 47
26. നിങ്ങളുടെ വായിലെ അവന്റെ വചനങ്ങൾക്ക് രാജ്യങ്ങളെ ബാധിക്കാൻ കഴിയും 49
27. ഉണങ്ങിയ അസ്ഥികളോട് സംസാരിക്കുക, അവ ജീവിക്കും 50
28. നിങ്ങളുടെ വാക്കുകൾ സ്വർഗ്ഗത്തിൽ കേൾക്കുന്നു 52
29. ആത്മീയലോകത്തിൽ നിന്ന് വാക്കുകൾ ഭൗതികലോകത്തിലേക്ക് പകരുന്നു 53
30. ദുർബലൻ തന്നെത്താൻ വീരനായി മതിക്കട്ടെ 55
31. നിങ്ങളുടെ വാക്കുകളാൽ ദൈവത്തെ അധിക്ഷേപിക്കരുത് 57
32. "ഇത് എഴുതപ്പെട്ടിരിക്കുന്നു"—യേശു പ്രവർത്തിച്ചു എന്ന് പറയാൻ പഠിക്കുക 59

33. ഒരു വാക്ക് ഉപയോഗിച്ച് ആത്മാക്കളെ പുറപ്പാട്ത്താക്കുക 61
34. നിങ്ങൾ അവനെ ഭൂമിയിൽ ഏറ്റുപറയുമ്പോൾ, സ്വർഗ്ഗം നിങ്ങളെ പ്രസ്താവിക്കും. 63
35. ഹൃദയത്തിലുള്ളത് വാക്കുകളിലൂടെ ജീവിതത്തിലേക്ക് പുറപ്പാട്ത്തുവരുന്നു 65
36. നിങ്ങളുടെ വാക്കുകളാൽ നിങ്ങൾ നീതീകരിക്കപ്പെടുകയോ കുറ്റം വിധിക്കപ്പെടുകയോ ചെയ്യുന്നു 67
37. കെട്ടുവാനും അഴിക്കുവാനുമുള്ള സ്വർഗ്ഗീയ അധികാരം വാക്കുകൾ പുറപ്പാട്പ്പെടുവിക്കുന്നു 69
38. പർവ്വതത്തോട് സംസാരിക്കുക 71
39. നിങ്ങൾ ആഗ്രഹിക്കുന്ന ഫലം പ്രസ്താവിക്കുക 73
40. നിങ്ങൾ പ്രസ്താവിക്കുന്നത് സംഭവിക്കും എന്ന് വിശ്വസിക്കുക 75
41. പ്രാർത്ഥനയിൽ വിശ്വാസത്തിന്റെ വാക്കുകൾ സംസാരിക്കുക 77
42. അവന്റെ വചനത്തോട് യോജിക്കുക 79
43. രോഗങ്ങളോട് വിട്ടുപോകുവാൻ കല്പിക്കുക 81
44. കൊടുങ്കാറ്റിനോട് സംസാരിക്കുക 83
45. ആളുകളെ ബന്ധനങ്ങളിൽ നിന്ന് മോചിപ്പിച്ചതായി പ്രഖ്യാപിക്കുക 85
46. അഭിഷിക്ത വാക്കുകൾ ആത്മാവിന്റെ ജീവൻ വഹിക്കുന്നു 87
47. വിശ്വാസത്തിൽ കല്പിക്കുക 89
48. വചനം നിങ്ങളെ നിങ്ങളുടെ അവകാശത്തിലേക്കു കൊണ്ടുവരുന്നു 91
49. അത് എന്നോട് പറഞ്ഞതുപോലെതന്നെ

ആയിരിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു 93
50. ഇല്ലാത്തതിനെ ഉള്ളത് പോലെ വിളിക്കുക 95
51. അവന്റെ വാഗ്ദത്തമനുസരിച്ച് സംസാരിക്കുക 97
52. ആധിപത്യത്തിന്റെ വാക്കുകൾ സംസാരിക്കുക—
ജീവിതത്തിൽ വാഴുക 99
53. വിശ്വാസം ഇതുപോലെ സംസാരിക്കുന്നു 101
54. ഏറ്റുപറച്ചിൽ രക്ഷയിലേക്ക് നടത്തുന്നു 103
55. അവന്റെ എല്ലാ വാഗ്ദത്തങ്ങളോടും നിങ്ങൾ
അതെയെന്നും ആമേൻ എന്നും പ്രതിവചിക്കുക 105
56. ഞങ്ങൾ വിശ്വസിക്കുന്നു, അതിനാൽ
ഞങ്ങൾ സംസാരിക്കുന്നു 107
57. കൃപ ശുശ്രൂഷിക്കുവാനായി വാക്കുകൾ
ഉപയോഗിക്കുക 109
58. ആത്മാവിന്റെ വാൾ ഉപയോഗിക്കുക 110
59. പ്രവചന വചസ്സുകൾ ഉപയോഗിച്ച് ഒരു നല്ല
പോരാട്ടം പോരാടുക 112
60. ക്രിസ്തുവിൽ നിങ്ങളിലുള്ള എല്ലാ നല്ല കാര്യവും
അംഗീകരിക്കുക 113
61. അവന്റെ വചനത്തിന് നിങ്ങളുടെ ലോകത്തെ
താങ്ങുവാനും നിയന്ത്രിക്കുവാനും കഴിയും 115
62. നമ്മുടെ ഏറ്റുപറച്ചിലിന്റെ
മഹാപുരോഹിതനാണ് യേശു 117
63. നിങ്ങളുടെ ഏറ്റുപറച്ചിലിനെ മുറുകെ പിടിക്കുക 118
64. അവന്റെ വചനം ലോകത്തെ രൂപപ്പെടുത്തി 120
65. ദൈവം പറഞ്ഞിരിക്കുന്നു, അതിനാൽ നാം
ധൈര്യത്തോടെ പറയുന്നു 122
66. നിങ്ങളുടെ നാവിനെ നിയന്ത്രിയ്ക്കുക, നിങ്ങളുടെ
മുഴുമനുഷ്യനെയും നിയന്ത്രിക്കുക 124

67. നിങ്ങളുടെ വാക്കുകൾ നിങ്ങളുടെ ജീവിതത്തെ
നയിക്കുകയും, ഭരിക്കുകയും,
അനുഗ്രഹിക്കുകയും ചെയ്യുന്നു 126
68. സ്ഥിരതയോടെ വിശ്വാസം സംസാരിക്കുക 128
69. പിശാചിനോട് എതിർത്ത് നിൽക്കുക 130
70. അനുഗ്രഹത്തിന്റെ വാക്കുകൾ പുറപ്പാട്പ്പെടുവിക്കുക 131
71. വാക്കുകൾ നിങ്ങളുടെ വിശ്വാസത്തെ
വിജയത്തിനായി പുറപ്പാട്പ്പെടുവിക്കുന്നു 133
72. നാം ദൈവത്തിന്റേതാണ്, അതിനാൽ നാം
ദൈവത്തിൽ നിന്നുള്ളത് സംസാരിക്കുന്നു 134
73. കുഞ്ഞാടിന്റെ രക്തത്താലും നമ്മുടെ
സാക്ഷ്യവചനം നിമിത്തവും നാം ജയിക്കുന്നു 136

# ആമുഖം

യേശുവിലുള്ള എന്റെ വ്യക്തിപരമായ ആത്മീയ യാത്രയിലേക്ക് ഞാൻ തിരിഞ്ഞുനോക്കുമ്പോൾ, എന്റെ വിശ്വാസം സംസാരിക്കുക എന്നതാണ് എന്നെ ശക്തനാക്കുവാൻ സഹായിച്ച ചിട്ടകളിൽ അല്ലെങ്കിൽ പ്രവൃത്തികളിൽ ഒന്ന്. എന്റെ കൗമാരത്തിന്റെ ആദ്യ വർഷങ്ങൾ മുതൽക്ക് തന്നെ, ദൈവവുമായുള്ള എന്റെ ദൈനംദിന സമയത്തിന്റെ ഭാഗമായി, ഏകദേശം 30 മിനിറ്റോ അതിലധികമോ സമയം, എന്റെ ജീവിതത്തിനുമേലും എന്റെ ഇന്നിനുമേലും ഭാവിയുടെമേലും ദൈവവചനം പ്രസ്താവിക്കുന്നതിനു മാത്രമായി നീക്കിവയ്ക്കുമായിരുന്നു എന്നത് ഞാൻ ഓർക്കുന്നു. ആദ്യം മുതൽ അവസാനം വരെ എന്റെ ജീവിതത്തിന്റെ വിവിധ മേഖലകളിൽ ദൈവവചനം സംസാരിക്കുകയും, ക്രിസ്തുവിൽ ഞാൻ ആരാണെന്ന് പ്രഖ്യാപിക്കുകയും ചെയ്യുമായിരുന്നു. ഇത് എന്റെ വിശ്വാസത്തെ അനുദിനം വളർത്തി. ഈ രീതിയിൽ ചിന്തിക്കുക എന്നതും, ദൈവം പറയുന്നത് പറയുകയെന്നതും, എന്റെ വിശ്വാസം സംസാരിക്കുകയെന്നതും പിന്നീട് ഏകദേശം എല്ലാ സാഹചര്യങ്ങളിലും എന്റെ സ്വാഭാവിക പ്രതികരണമായി മാറി. ഇങ്ങനെ ചെയ്യുന്നത് എല്ലാ സാഹചര്യങ്ങൾക്കും നടുവിൽ ഉയർന്ന് വിജയത്തിലേക്ക് എത്തുവാൻ എന്നെ സഹായിച്ചു. അവന്റെ ശക്തവും അചഞ്ചലവുമായ വചനത്താൽ എന്റെ വിശ്വാസം സംസാരിച്ചുകൊണ്ടു അവസാനം വരെ ജീവിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. എന്നെ വളരെയധികം പരിപോഷിപ്പിച്ച ചില കാര്യങ്ങൾ നിങ്ങൾക്ക് പകരുന്നതിനായാണ് ഈ പുസ്തകം രൂപകൽപ്പന ചെയ്തിരിക്കുന്നത് -ദൈവത്തിലും അവന്റെ വചനത്തിലുമുള്ള നിങ്ങളുടെ വിശ്വാസം എപ്പോഴും സംസാരിക്കുക എന്ന ലളിതമായ രീതിയാണത്. **ഇത് നിങ്ങളുടെ ജീവിതരീതിയാക്കുക.**

ദൈവം എല്ലാ സൃഷ്ടികളെയും രൂപകൽപ്പന ചെയ്തു. താൻ സൃഷ്ടിച്ച ലോകങ്ങളെ നിയന്ത്രിക്കാനായി അവൻ നിയമങ്ങൾ സ്ഥാപിച്ചു. സ്വാഭാവിക ഭൗതികലോകത്തിലെ നിയമങ്ങൾ നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നു. ഈ നിയമങ്ങളിൽ പലതും ഭൗതികശാസ്ത്രത്തിലും, രസതന്ത്രത്തിലും, മറ്റ് മേഖലകളിലും നാം തെളിയിക്കുകയും നമ്മുടെ ഉപയോഗത്തിനായി അവയെ പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു. അതോടൊപ്പം തന്നെ, അനന്തരഫലങ്ങൾ വിനാശകരമാകുമെന്ന് അറിഞ്ഞുകൊണ്ട് ഈ നിയമങ്ങൾ ലംഘിക്കാതിരിക്കാൻ നാം ശ്രദ്ധിക്കുകയും ചെയ്യുന്നു. സമാനമായി, ആത്മീയവും ഭൗതികവുമായ തലങ്ങളിലുള്ള നമ്മുടെ ഇടപെടലുകളെ നിയന്ത്രിക്കുന്ന ആത്മീയ നിയമങ്ങളുമുണ്ട്. സ്വാഭാവികമായത് ആത്മീയമായ തിൽനിന്നുളവാകുന്നതിനാൽ, ഈ ആത്മീയ നിയമങ്ങൾ നമ്മുടെ സ്വാഭാവിക തലത്തെയും ബാധിക്കുന്നു. ഈ ആത്മീയ നിയമങ്ങളിൽ ചിലത് ദൈവവചനത്തിലൂടെ നമുക്ക് വെളിപ്പാടാക്കപ്പെട്ടിരിക്കുന്നു, അതിനാൽ നമുക്ക് അവ മനസ്സിലാക്കാനും അവയ്ക്കനുസരിച്ച് ജീവിക്കാനും കഴിയും.

തിരുവെഴുത്തുകളിലൂടെ വെളിപ്പാട്പ്പെട്ടിരിക്കുന്ന അനേക ആത്മീയ നിയമങ്ങൾ അല്ലെങ്കിൽ ആത്മീയ സത്യങ്ങളിലൂടെ ദൈവവചനത്തിന്റെ ശക്തിയെ കുറിച്ചും, നാം സംസാരിക്കുന്ന വാക്കുകളുടെ ശക്തിയെ കുറിച്ചും, വിശ്വാസത്താൽ നാം സംസാരിക്കുന്ന ദൈവവചനത്തിന്റെ ശക്തിയെ കുറിച്ചും, പരിശുദ്ധാത്മപ്രേരിതമായി നാം സംസാരിക്കുന്ന വാക്കുകളുടെ (പ്രവചന ശബ്ദങ്ങൾ) ശക്തിയെക്കുറിച്ചും നാം ഗ്രഹിക്കുന്നു. ദൈവവചനത്തിൽ ഉള്ളടങ്ങിയിരിക്കുന്ന ശക്തിയുണ്ട്. ലിഖിത രൂപത്തിൽ നമുക്ക് നൽകപ്പെട്ടിരിക്കുന്ന ദൈവവചനമാണ് വേദപുസ്തകം, അതിനാൽ അതിൽനിന്നു നമുക്ക് ഈ ശക്തി ലഭിക്കുന്നു. നമ്മുടെ വായിലെ വാക്കുകൾക്ക് നമ്മുടെ വ്യക്തിജീവിതങ്ങളെ ബാധിക്കുവാനുള്ള ശക്തിയുണ്ട്. ദൈവത്തിലും

അവന്റെ വചനത്തിലും ഉള്ള വിശ്വാസത്തിൽനിന്ന് സംസാരിക്കുന്ന വാക്കുകൾക്ക് ശക്തിയുണ്ട്. ദൈവത്തിലും അവന്റെ വചനത്തിലും ആണ് നമ്മുടെ വിശ്വാസം. നമ്മുടെ ഹൃദയങ്ങളിൽ ഉള്ള ദൈവവചനത്തിൽ നിന്നുരുവാകുന്ന വിശ്വാസത്താൽ സംസാരിക്കുന്ന വാക്കുകൾ പർവ്വതങ്ങളെ ചലിപ്പിക്കുകയും, കൊടുങ്കാറ്റുകളെ ശാന്തമാക്കുകയും, നമ്മുടെ ലോകത്തിൽ ദൈവത്തിന്റെ പ്രകൃത്യാതീതമായ അത്ഭുതപ്രവൃത്തികൾ ഉളവാക്കുകയും ചെയ്യുന്നു. പരിശുദ്ധാത്മപ്രേരിതമായി സംസാരിക്കുന്ന വാക്കുകൾക്കും ശക്തിയുണ്ട്. പരിശുദ്ധാത്മാവ്, അവന്റെ പദ്ധതികൾ നമ്മുടെ ലോകത്തിൽ സംസാരിക്കാൻ നമ്മെ പ്രചോദിപ്പിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നു. അവന്റെ കൽപ്പനകൾ നാം അനുസരിക്കുമ്പോൾ, നമ്മുടെ ഭൗതികലോകത്തിൽ ശക്തമായ കാര്യങ്ങൾ സംഭവിക്കുന്നു. നാം സംസാരിക്കുന്ന വാക്കുകളാലാണ് ഇവയൊക്കെയും സംഭവിക്കുന്നത്.

തിരുവെഴുത്തിലുടനീളം, ദൈവം തന്റെ ജനത്തെ തന്റെ വചനം സംസാരിക്കാൻ അഭ്യസിപ്പിക്കുന്നു. ഹൃദയങ്ങളിൽ വിശ്വസിച്ചുകൊണ്ടു നമ്മുടെ വായിൽ നിന്നും വാക്കുകളായി പുറപ്പാട്ത്തുവരുന്ന അവന്റെ വചനം, ദൈവത്തിന്റെ അദ്ഭുതകരമായ ശക്തി നമ്മുടെ സ്വാഭാവിക ലോകത്തിൽ പുറപ്പാട്പ്പെടുവിക്കുവാൻ കാരണമാകുന്നു. നമ്മുടെ വായിൽ നിന്നു വാക്കുകളായി പുറപ്പാട്പ്പെടുന്ന അവന്റെ വചനം ശത്രുവിനെതിരായ നമ്മുടെ ആയുധമാകുന്നു.

നമ്മുടെ ഇന്നിനുമേലും ഭാവിക്കുമേലും ദൈവവചനം സംസാരിക്കുന്നതിലൂടെ നമുക്ക് നമ്മുടെ ലോകത്തെ രൂപപ്പെടുത്തുവാൻ കഴിയും. വിശ്വാസം നിറഞ്ഞ വാക്കുകൾ എപ്പോഴും എല്ലാ സാഹചര്യങ്ങളിലും സംസാരിക്കാൻ നാം പഠിക്കണം. വിശ്വാസത്തോടെ സംസാരിക്കുക എന്നത് നമ്മുടെ ജീവിതത്തിലെ പർവ്വതസമാനമായതും ഭയാനകമായ കൊടുങ്കാറ്റുപോലുള്ളതുമായ പ്രശ്നങ്ങൾ ഇല്ല എന്ന് പറഞ്ഞ്

നിഷേധിക്കലല്ല. പകരം, നമ്മുടെ വഴിയിൽ പ്രതിബന്ധങ്ങളായി നിലനിൽക്കാനുള്ള ഈ പർവ്വതങ്ങളുടെ അവകാശത്തെ നിഷേധിച്ചുകൊണ്ട് അവയോടു വിശ്വാസം സംസാരിക്കുകയാണ് ചെയ്യുന്നത്. വിശ്വാസം കാറ്റിനോടും കൊടുങ്കാറ്റിനോടും സംസാരിക്കുകയും, നാശം വിതയ്ക്കാനുള്ള അവയുടെ അവകാശം ഇല്ലാതെയാക്കുകയും ചെയ്യുന്നു. പകരം, ദൈവം അയക്കുന്ന സമാധാനത്തിനും ശാന്തതയ്ക്കും വഴിയൊരുക്കുന്നു. വിശ്വാസം രോഗത്തോട് സംസാരിക്കുകയും, വിട്ടുപോകുവാൻ കൽപ്പിക്കുകയും, ദൈവത്തിൽ നിന്നു വരുന്ന സൗഖ്യത്തിനും സമ്പൂർണ്ണതക്കും വഴിയൊരുക്കുകയും ചെയ്യുന്നു.

ധാരളമാളുകൾ ആത്മാഭിമാനക്കുറവ്, ആത്മവിശ്വാസക്കുറവ്, ഭയം, ആശങ്ക, ഉത്കണ്ഠ, വിഷാദം, തുടങ്ങി അനേകം വൈകാരിക പ്രശ്നങ്ങളാലും ബന്ധനങ്ങളാലും പ്രയാസമനുഭവിക്കുന്നുണ്ട്. നമ്മുടെ ജീവിതത്തിൽ ഉദ്ദേശ്യപൂർവ്വം എല്ലാ സാഹചര്യങ്ങളിലും ദൈവവചനം സംസാരിക്കുന്ന ശീലം വൈകാരികമായി പൂർണ്ണ സ്വാതന്ത്ര്യത്തിനും സമ്പൂർണ്ണതയ്ക്കുമുള്ള മാർഗമാണ്. അത് പരിശീലിക്കുക. ഇത് സൗജന്യമാണ്! അതിന് ആകെവേണ്ടത് കുറച്ച് വിശ്വാസവും അച്ചടക്കവുമാണ്. നിങ്ങൾ ഇനി ഒരിക്കലും ഒരേപോലെ ആയിരിക്കുകയില്ല!

നമ്മുടെ വാക്കുകളുടെ പ്രാധാന്യം, ദൈവവചനം സംസാരിക്കുന്നതിന്റെ ശക്തി, വിശ്വാസം നിറഞ്ഞ വാക്കുകൾ സംസാരിക്കുന്നതിന്റെ ശക്തി, ആത്മാവിനാൽ പ്രേരിതമായി സംസാരിക്കുന്നതിന്റെ ശക്തി എന്നിവയെക്കുറിച്ച് ഉൾക്കാഴ്ച നൽകുന്ന പല പ്രധാന തിരുവെഴുത്തുകളും ചേർക്കുവാൻ ഞങ്ങൾ ശ്രമിച്ചിട്ടുണ്ട്. (ഈ നിരയിലേക്ക് ചേർക്കുവാൻ നിങ്ങൾ ആഗ്രഹിക്കുന്ന മറ്റ് തിരുവചന ഭാഗങ്ങൾ ഉണ്ടായിരിക്കാം. ദയവായി അത് ചെയ്യുക). പെട്ടന്ന് മനസിലാക്കാവുന്ന ചെറിയ അധ്യായങ്ങളായിട്ടാണ് ഈ പുസ്തകം തയാറാക്കിയിരിക്കുന്നത്. നിങ്ങളുടെ വ്യക്തിപരമായ പ്രാർഥനാസമയത്തിലോ, കുടുംബ

പ്രാർത്ഥനയ്ക്കോ അല്ലെങ്കിൽ നിങ്ങളുടെ ചെറിയ കൂട്ടായ്മകളിലോ ഈ പുസ്തകം ഒരു **പ്രതിദിനധ്യാനപുസ്തകം** പോലെ ഉപയോഗിക്കുക. വിശ്വാസത്തോടെ ദൈവവചനം നിങ്ങളുടെ ഇന്നിനുമേലും ഭാവിയുടെമേലും സംസാരിക്കുന്നതിന്റെ ശക്തിയെക്കുറിച്ച് നിങ്ങളെ ഓർമ്മിപ്പിക്കുന്നതിന് ഇത് ഇടയ്ക്കിടെ വായിക്കുക. നിങ്ങൾ നിങ്ങളുടെ വിശ്വാസം സംസാരിക്കുമ്പോൾ ദൈവവചനത്തിന്റെ ശക്തി നിങ്ങളുടെ ലോകത്തെ രൂപപ്പെടുത്തട്ടെ.

ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ!
ആശിഷ് റായ്ച്ചൂർ

# 1

# വാക്കുകൾ രണ്ട് ലോകങ്ങളിലും പ്രാധാന്യമുള്ളതാണ്

**ഉൽപത്തിത്തി 1:1-5**
**[1]ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു.**
**[2]ഭൂമി പാഴായും ശൂന്യമായും ഇരുന്നു; ആഴത്തിന്മീതെ ഇരുൾ ഉണ്ടായിരുന്നു. ദൈവത്തിന്റെ ആത്മാവ് വെള്ളത്തിന്മീതെ പരിവർത്തിച്ചു കൊണ്ടിരുന്നു.**
**[3]വെളിപ്പാട്ച്ചം ഉണ്ടാകട്ടെ എന്നു ദൈവം കല്പിച്ചു; വെളിപ്പാട്ച്ചം ഉണ്ടായി.**
**[4]വെളിപ്പാട്ച്ചം നല്ലത് എന്നു ദൈവം കണ്ടു; ദൈവം വെളിപ്പാട്ച്ചവും ഇരുളും തമ്മിൽ വേർപിരിച്ചു.**
**[5]ദൈവം വെളിപ്പാട്ച്ചത്തിനു പകൽ എന്നും ഇരുളിനു രാത്രി എന്നും പേരിട്ടു. സന്ധ്യയായി ഉഷസ്സുമായി, ഒന്നാം ദിവസം.**

ദൈവം സകലത്തിന്റെയും ശ്രേഷ്ഠനായ രൂപകർത്താവും, ശില്പിയും, സ്രഷ്ടാവുമാണ്. നാം സൃഷ്ടിയുടെ വിശാലതയിൽ നിന്ന് പലതും ഇപ്പോഴും കണ്ടെത്തുകയും മനസ്സിലാക്കാൻ ശ്രമിക്കുകയും ചെയ്യുതുകൊണ്ടിരിക്കുകയാണ്. ദൈവം അനന്തമാണ്, അവന്റെ സൃഷ്ടി പലവിധത്തിൽ അവന്റെ അനന്തതയെ പ്രസ്താവിക്കുന്നു. ദൈവത്തിന് സൃഷ്ടിപരമായ പ്രക്രിയ പലതരത്തിൽ ചെയ്യാമായിരുന്നു. ഒരുപക്ഷേ അവന് ചിന്തകൾ ഉണ്ടാകുകയും, ഈ ചിന്തകൾ ഭൗതിക ലോകത്തിൽ രൂപമെടുക്കാൻ അനുവദിക്കുകയും ചെയ്യാമായിരുന്നു. അല്ലെങ്കിൽ അവന് ദൂതൻമ്മാരുടെ സംഘത്തെ തന്റെ രൂപരേഖ അനുസരിച്ചു നമ്മുടെ ഈ ലോകത്തെ നിർമ്മിക്കുവാനും രൂപപ്പെടുത്താനും, പങ്കിട്ടു കൊടുക്കുവാനും നിയോഗിക്കാമായിരുന്നു. എന്നാൽ ദൈവം വാക്കുകളെ സൃഷ്ടിക്കായി ഉപയോഗിച്ചു. ദൈവം തന്റെ വചനത്താലാണ് സൃഷ്ടിനടത്തിയതെന്ന് വേദപുസ്തകം നമുക്ക് വെളിപ്പാട്പ്പെടുത്തുന്നു. *"ദൈവം പറഞ്ഞു...അങ്ങനെ സംഭവിച്ചു..."*

അവന്റെ വാക്കുകൾ അവന്റെ രൂപരേഖ വഹിക്കുകയും, അവന്റെ സൃഷ്ടിപരമായ ശക്തി അവന്റെ മനസ്സിലുള്ളത് യാഥാർഥ്യമാക്കുകയും ചെയ്തു. ഈ സത്യം തിരുവെഴുത്തുകളിൽ നമ്മോട് ആവർത്തനപുസ്തകംർത്തിക്കുന്നത് നാം കാണുന്നു.

ദൈവം തന്റെ വാക്കുകളിലൂടെ പ്രവർത്തിക്കുന്നു. അവൻ സംസാരിക്കുകയും, അവൻ സംസാരിക്കുന്നത് സംഭവിക്കുകയും ചെയ്യുന്നു. അതിനാൽ ഭൗതിക ലോകത്തിലെ എല്ലാം തന്നെ അവന്റെ വചനത്തിന് വിധേയമാണെന്നതോടൊപ്പം, അവന്റെ വചനത്തോട് പ്രതികരിക്കുകയും ചെയ്യുന്നു.

ദൈവം ആത്മാവാണ്; അവൻ വചനത്തെ ഭൗതിക ലോകത്തെ സൃഷ്ടിക്കുവാനായി ഉപയോഗിച്ചു. അതിനാൽ, വചനം ആത്മീയ ലോകത്തെയും ഭൗതിക ലോകത്തെയും ബന്ധിപ്പിക്കുന്നു. ആത്മമണ്ഡലത്തിൽ നിന്നുള്ള വാക്കുകളോട് ഭൗതികലോകം പ്രതികരിക്കുന്നു.

മനുഷ്യരെന്ന നിലയിൽ, നാം ദൈവത്തിന്റെ സ്വരൂപത്തിലാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നതെന്ന് വേദപുസ്തകം നമ്മെ പഠിപ്പിക്കുന്നു. നാം ഒരു ദേഹിയുള്ള (മനസ്സ്, ഇച്ഛ, വികാരങ്ങൾ) ശരീരത്തിൽ വസിക്കുന്ന ആത്മമനുഷ്യരാണ് (1 തെസ്സലൊനീക്യർ 5:23). നമ്മുടെ വാക്കുകൾ ആത്മീയവും ഭൗതികവുമായ രണ്ട് ലോകങ്ങളെയും ബന്ധിപ്പിക്കുന്നു. നമ്മുടെ വാക്കുകൾ നമ്മെ ദൈവവുമായി ബന്ധിപ്പിക്കുന്നു (അല്ലെങ്കിൽ മറ്റുചിലർ, ഉദാഹരണമായി പറഞ്ഞാൽ മന്ത്രവാദികൾ, അവരുടെ വാക്കുകൾ പൈശാചികശക്തികളുമായി ബന്ധിപ്പിക്കാൻ ഉപയോഗിക്കുന്നു). നമ്മുടെ വാക്കുകൾ നമ്മുടെ ഭൗതിക ലോകത്തെയും ബാധിക്കുന്നു. ദൈവം നമ്മിലൂടെ അവന്റെ വചനം സംസാരിക്കുമ്പോൾ, നമ്മിലൂടെ പുറപ്പാട്പ്പെടുന്ന അവന്റെ ശക്തി നമ്മുടെ ലോകത്തെ സ്വാധീനിക്കുന്നു!

# 2

# ആധിപത്യം വാക്കുകളിലൂടെ പ്രയോഗിക്കുന്നു

**ഉൽപത്തി 1:26-28**
**[26]അനന്തരം ദൈവം: നാം നമ്മുടെ സ്വരൂപത്തിൽ നമ്മുടെ സാദൃശ്യപ്രകാരം മനുഷ്യനെ ഉണ്ടാക്കുക; അവർ സമുദ്രത്തിലുള്ള മത്സ്യത്തിന്മേലും ആകാശത്തിലുള്ള പറവജാതിയിന്മേലും മൃഗങ്ങളിന്മേലും സർവഭൂമിയിന്മേലും ഭൂമിയിൽ ഇഴയുന്ന എല്ലാ ഇഴജാതിയിന്മേലും വാഴട്ടെ എന്നു കല്പിച്ചു.**
**[27]ഇങ്ങനെ ദൈവം തന്റെ സ്വരൂപത്തിൽ മനുഷ്യനെ സൃഷ്ടിച്ചു, ദൈവത്തിന്റെ സ്വരൂപത്തിൽ അവനെ സൃഷ്ടിച്ചു, ആണും പെണ്ണുമായി അവരെ സൃഷ്ടിച്ചു.**
**[28]ദൈവം അവരെ അനുഗ്രഹിച്ചു: നിങ്ങൾ സന്താനപുഷ്ടിയുള്ളവരായി പെരുകി ഭൂമിയിൽ നിറഞ്ഞ് അതിനെ അടക്കി സമുദ്രത്തിലെ മത്സ്യത്തിന്മേലും ആകാശത്തിലെ പറവജാതിയിന്മേലും സകല ഭൂചരജന്തുവിന്മേലും വാഴുവിൻ എന്ന് അവരോടു കല്പിച്ചു.**

**ഉൽപത്തി 2:19,20**
**[19]യഹോവയായ ദൈവം ഭൂമിയിലെ സകല മൃഗങ്ങളെയും ആകാശത്തിലെ എല്ലാ പറവകളെയും നിലത്തുനിന്നു നിർമ്മിച്ചിട്ടു മനുഷ്യൻ അവയ്ക്ക് എന്തു പേരിടുമെന്നു കാൺമാൻ അവന്റെ മുമ്പിൽ വരുത്തി; സകല ജീവജന്തുക്കൾക്കും മനുഷ്യൻ ഇട്ടത് അവയ്ക്ക് പേരായി;**
**[20]മനുഷ്യൻ എല്ലാ കന്നുകാലികൾക്കും ആകാശത്തിലെ പറവകൾക്കും എല്ലാ കാട്ടുമൃഗങ്ങൾക്കും പേരിട്ടു; എങ്കിലും മനുഷ്യനു തക്കതായൊരു തുണ കണ്ടുകിട്ടിയില്ല.**

ദൈവം മനുഷ്യനെയും സ്ത്രീയെയും സൃഷ്ടിക്കുകയും അവർക്ക് ഒരു ദൗത്യം നൽകുകയും ചെയ്തു. ഇത് നാം ഉൽപത്തിത്തി പുസ്തകത്തിലെ ആദ്യ രണ്ട് അധ്യായങ്ങളിൽ വായിക്കുന്നുണ്ട്; നാം ഇതിനെ ഉൽപത്തിത്തി ദൗത്യം എന്ന് വിളിക്കുകയും ചെയ്യുന്നു. ഭൂമിയിലെ സകല ജീവജാലങ്ങളുടെയും മേൽ മനുഷ്യന് ആധിപത്യം ഉണ്ട് എന്നത് ഉൽപത്തിത്തി ദൗത്യത്തിന്റെ ഭാഗമായിരുന്നു. ആധിപത്യം സ്ഥാപിക്കുക എന്നതിനർത്ഥം ഭരിക്കുക എന്നാണ്. ദൈവം ഓരോ ജീവിയെയും ആദാമിന്റെ അടുക്കൽ കൊണ്ടുവന്നത് അവനാൽ അവയ്ക്ക് പേര് നൽകുന്നതിന് വേണ്ടിയാണ് എന്നത് രസകരമാണ്. തങ്ങൾ ആരുടെ അധികാരത്തിൻ കീഴിൽ ആണ് എന്ന് എല്ലാ

ജീവജാലങ്ങൾക്കും മനസ്സിലാക്കാൻ കഴിഞ്ഞു എന്നുള്ളതാണ് അത്തരമൊരു പ്രവൃത്തിയുടെ അനന്തരഫലങ്ങളിലൊന്ന്. ദൈവം ആദാമിനെ ഭൂമിയുടെ ചുമതല ഏൽപ്പിച്ചു. അതിനാൽ ഭൂമിയിലെ എല്ലാ സൃഷ്ടികളും ആദാമിന്റെ ആധിപത്യത്തിൻ കീഴിലായിരുന്നു, ഒരു ചോദ്യവുമില്ല! ആദാമിന്റെ ആധിപത്യം അല്ലെങ്കിൽ അധികാരം ദൈവത്തിൽ നിന്നുതന്നെയാണ് വന്നത്. ആദാം ഓരോ ജീവികൾക്കും ഒരു പേര് നൽകിവിളിച്ചപ്പോൾ, അവൻ വാക്കുകളിലൂടെ ദൈവം അവന് നൽകിയ ആധിപത്യവും അധികാരവും ഈ ലോകത്തിനുമേൽ പ്രകടിപ്പിക്കുകയും പ്രയോഗിക്കുകയും ചെയ്തു. ഈ പ്രവൃത്തിയിൽ ദൈവം അവനെ പിന്തുണയ്ക്കുകയും ചെയ്തു.

ദൈവം ഉൽപത്തിത്തി ദൗത്യം പിൻവലിച്ചിട്ടില്ല. ആധിപത്യം കൈയ്യാളുവാനാണ് ദൈവം നമ്മെ രൂപകൽപ്പന ചെയ്യുകയും നിയോഗിക്കുകയും ചെയ്തിട്ടുള്ളത്. വാക്കുകളിലൂടെയാണ് ആധിപത്യം പ്രകടിപ്പിക്കുകയും പ്രയോഗിക്കുകയും ചെയ്യുന്നത്. നിങ്ങളുടെ വാക്കുകൾക്ക് ദൈവത്താൽ നൽകപ്പെട്ടിരിക്കുന്ന അധികാരം ഈ ലോകത്തിനുമേൽ പ്രയോഗിക്കുവാൻ കഴിയുമാറാകട്ടെ.

3

# അവന്റെ വചനമനുസരിച്ച് നിന്നെത്തന്നെ വിളിക്കുക

**ഉൽപത്തി 17:4,5,15,16**

**[4]എനിക്കു നിന്നോട് ഒരു നിയമമുണ്ട്; നീ ബഹുജാതികൾക്കു പിതാവാകും;**
**[5]ഇനി നിന്നെ അബ്രാം എന്നല്ല വിളിക്കേണ്ടത്; ഞാൻ നിന്നെ ബഹുജാതികൾക്കു പിതാവാക്കിയിരിക്കയാൽ നിന്റെ പേർ അബ്രാഹാം എന്നിരിക്കേണം.**
**[15]ദൈവം പിന്നെയും അബ്രാഹാമിനോട്: നിന്റെ ഭാര്യയായ സാറായിയെ സാറായി എന്നല്ല വിളിക്കേണ്ടത്; അവളുടെ പേർ സാറാ എന്ന് ഇരിക്കേണം.**
**[16]ഞാൻ അവളെ അനുഗ്രഹിച്ച് അവളിൽനിന്നു നിനക്ക് ഒരു മകനെ തരും; ഞാൻ അവളെ അനുഗ്രഹിക്കയും അവൾ ജാതികൾക്കു മാതാവായിത്തീരുകയും ജാതികളുടെ രാജാക്കന്മാർ അവളിൽനിന്ന് ഉദ്ഭവിക്കയും ചെയ്യും എന്ന് അരുളിച്ചെയ്തു.**

പുതിയ നിയമത്തിൽ അബ്രഹാമിനെ വിശേഷിപ്പിക്കുന്നത് വിശ്വാസത്തിന്റെ പിതാവ് എന്നാണ്. അബ്രാമും സാറായിയും ദൈവം നൽകിയ വാഗ്ദത്തങ്ങൾക്കനുസരിച്ച് സ്വയം അഭിസംബോധന ചെയ്തു തുടങ്ങുന്നതിനായി തങ്ങളുടെ പേരുകൾ മാറ്റുവാൻ നിർദേശിക്കേണ്ടത് ആവർത്തനപുസ്തകംശ്യമാണെന്ന് അവരോടിടപെടുമ്പോൾ ദൈവം കണ്ടെത്തി എന്ന് മനസ്സിലാക്കുന്നത് രസകരമാണ്.

"ഉന്നതനായ പിതാവ്" എന്നാണ് അബ്രാം എന്ന പേരിനർത്ഥം, എന്നാൽ അബ്രഹാം എന്ന പേരുകൊണ്ട് അർത്ഥമാക്കുന്നത് "ബഹുജാതികളുടെ പിതാവ്" എന്നാണ്.

സാറായി എന്നാൽ "രാജകീയം അല്ലെങ്കിൽ പ്രബല" എന്നാണ് അർത്ഥമാക്കുന്നത്, അതേസമയം സാറ എന്നാൽ "രാജ്ഞി അഥവാ തലമുറകളുടെ മാതാവ്" എന്നാണ് അർത്ഥം.

ഓരോ തവണയും അബ്രഹാം ആ പേര് സ്വയം വിളിക്കുമ്പോൾ, തന്റെ ജീവിതത്തിനുമേലുള്ള ദൈവത്തിന്റെ വാഗ്ദത്തം അവൻ പ്രസ്താവിക്കുകയായിരുന്നു. ദൈവം തന്നെക്കുറിച്ച് പറഞ്ഞതുപോലെ "ഞാൻ ബഹുജാതികളുടെ പിതാവാണ്" എന്ന് അവൻ

പറയുകയായിരുന്നു. ഓരോ പ്രാവശ്യവും സാറ സ്വയം അവളുടെ പേര് വിളിക്കുമ്പോൾ, അവൾ തന്റെ ജീവിതത്തിനുമേലുള്ള ദൈവത്തിന്റെ വാഗ്ദത്തം പ്രഖ്യാപിക്കുകയായിരുന്നു. ദൈവം എന്നെക്കുറിച്ച് സംസാരിച്ചിരിക്കുന്നതുപോലെ, "ഞാൻ ജനതകളുടെയും രാജാക്കന്മാരുടെയും പ്രഭുക്കൻമ്മാരുടെയും മാതാവാണ്" എന്ന് അവൾ സ്വയം പറയുകയായിരുന്നു. അവർക്ക് അപ്പോഴും ഒരു കുട്ടി ഉണ്ടായിരുന്നില്ല. എന്നാൽ ദൈവം പറഞ്ഞത് സത്യമാണെന്ന് അവർ പ്രസ്താവിക്കുകയായിരുന്നു. ദൈവത്തിന്റെ വാഗ്ദത്തമനുസരിച്ച് അവർ സ്വയം വിളിക്കാൻ തുടങ്ങിയപ്പോൾ തുടക്കത്തിൽ അത് വിഡ്ഢിത്തവും പരിഹാസ്യവുമായി തോന്നിയിരിക്കാം. എന്നാൽ ഈ വാഗ്ദത്തം നിറവേറപ്പെടുകയും അതോടൊപ്പം ദൈവം പറഞ്ഞതുപോലെ അവർ ആയിത്തീരുകയും ചെയ്തു.

ദൈവത്തിന്റെ വാഗ്ദത്തമനുസരിച്ച് അവർ സ്വയം വിളിച്ചതിനാൽ അവർ എന്തെങ്കിലും തെറ്റ് ചെയ്യുകയായിരുന്നോ? തീർച്ചയായും അല്ല! ദൈവം അവരോട് അങ്ങനെ ചെയ്യുവാൻ നിർദ്ദേശിച്ചു. റോമർർക്കെഴുതിയ ലേഖനം നാലാം അധ്യായത്തിൽ പൗലോസ് ഇത് കൂടുതൽ വ്യക്തമാക്കിയിട്ടുണ്ട്. തുടർന്ന് വരുന്ന ഭാഗങ്ങളിൽ അത് നമുക്ക് വിശദീകരിക്കാം. അബ്രഹാമിന്റെ വിശ്വാസത്തിന്റെ ചുവടുകൾ പിന്തുടരുവാനാണ് നമ്മോടു പറഞ്ഞിരിക്കുന്നത്.

യേശുക്രിസ്തുവിലുള്ളവരായ തന്റെ സകല ജനങ്ങൾക്കും ദൈവം വാഗ്ദത്തങ്ങൾ നൽകിയിട്ടുള്ള എഴുതപ്പെട്ട ദൈവവചനം നമുക്കുണ്ട്. ഈ വാഗ്ദത്തങ്ങൾ എല്ലാ ദൈവജനങ്ങൾക്കും ലഭ്യമാണ്. തന്റെ ജനത്തിനുവേണ്ടിയുള്ള അവകാശത്തിൽ പങ്കുകൊള്ളുവാൻ അവൻ നമ്മെ യോഗ്യരാക്കിയിരിക്കുന്നു (കൊലൊസ്സ്യർ 1:12). നിങ്ങളുടെ ജീവിതത്തിൽ ദൈവത്തിന്റെ വാഗ്ദത്തങ്ങളുടെ സത്യം പ്രഖ്യാപിക്കുക. ദൈവവചനമനുസരിച്ച് നിങ്ങളെത്തന്നെ വിളിക്കുക. ദൈവം ആരെന്നു പറയുന്നുവോ അതാണ് നിങ്ങൾ. നിങ്ങൾക്ക് എന്തു ചെയ്യാൻ കഴിയുമെന്ന് ദൈവം പറയുന്നുവോ അത് നിങ്ങൾക്ക് ചെയ്യാൻ കഴിയും. അവൻ വാഗ്ദത്തം ചെയ്തതെല്ലാം നിങ്ങൾ ആയിത്തീരും.

# 4

# നിങ്ങളുടെ വാക്കുകൾ അനുഗ്രഹം പ്രവഹിപ്പിക്കുന്നു

**സംഖ്യാപുസ്തകം 6:22-27**
**22യഹോവ പിന്നെയും മോശെയോട് അരുളിച്ചെയ്തത്:**
**23നീ അഹരോനോടും പുത്രന്മാരോടും പറയേണ്ടത്: നിങ്ങൾ യിസ്രായേൽമക്കളെ അനുഗ്രഹിച്ചു ചൊല്ലേണ്ടത് എന്തെന്നാൽ:**
**24യഹോവ നിന്നെ അനുഗ്രഹിച്ചു കാക്കുമാറാകട്ടെ;**
**25യഹോവ തിരുമുഖം നിന്റെമേൽ പ്രകാശിപ്പിച്ചു നിന്നോടു കൃപയുള്ളവനാകട്ടെ;**
**26യഹോവ തിരുമുഖം നിന്റെമേൽ ഉയർത്തി നിനക്കു സമാധാനം നല്കുമാറാകട്ടെ.**
**27ഇങ്ങനെ അവർ യിസ്രായേൽമക്കളുടെ മേൽ എന്റെ നാമം വയ്ക്കേണം; ഞാൻ അവരെ അനുഗ്രഹിക്കും.**

വാക്കുകൾ അനുഗ്രഹം പകരുവാനുള്ള വാഹനങ്ങളാണ്. ദൈവമാണ് ഇങ്ങനെ നിയോഗിച്ചിരിക്കുന്നത്. തന്റെ ജനത്തെ അനുഗ്രഹിക്കുന്നതിനായി, മഹാപുരോഹിതന് ദൈവം തന്റെ നാമം ദൈവജനത്തിനുമേൽ വയ്ച്ചുകൊണ്ടു എങ്ങനെയാണ് അവരെ അനുഗ്രഹിക്കേണ്ടതെന്ന് വ്യക്തമായ നിർദ്ദേശങ്ങൾ നൽകുന്നത് ഈ സന്ദർഭത്തിൽ നാം കാണുന്നു. മഹാപുരോഹിതൻ "അവരോട് പറയുകയും" അവരുടെമേൽ സംസാരിക്കുകയും കർത്താവിന്റെ നാമത്തിൽ അവരുടെമേൽ അനുഗ്രഹത്തിന്റെ വാക്കുകൾ പ്രഖ്യാപിക്കുകയും ചെയ്യും.

പഴയ ഉടമ്പടിയിലെ ദൈവജനം അനുഗ്രഹം നൽകിയിരുന്ന വഴിയിതാണ്. യാക്കോബിനുമേൽ അനുഗ്രഹത്തിന്റെ വാക്കുകൾ പറഞ്ഞു കൊണ്ടാണ് ഇസഹാക്ക് അവനെ അനുഗ്രഹിച്ചത് (ഉൽപത്തി 27:27-29). യാക്കോബ് തന്റെ പുത്രന്മാരെ അനുഗ്രഹിച്ചതും വാക്കുകളിലൂടെയാണ് (ഉൽപത്തി 48,49).

പുതിയ ഉടമ്പടിയിലെ പുരോഹിതന്മാർ എന്ന നിലയിൽ, കർത്താവിന്റെ നാമത്തിൽ അനുഗ്രത്തിന്റെ വാക്കുകൾ പറഞ്ഞുകൊണ്ട് നമ്മുടെ സ്വന്തം ജീവിതത്തിലും, നമ്മുടെ കുടുംബങ്ങളുടെ ജീവിതങ്ങളിലും, മറ്റുള്ളവരിലും അനുഗ്രഹമുളവാക്കുവാനുള്ള അവസരവും നമുക്കുണ്ട്. നിങ്ങളെക്കുറിച്ചും നിങ്ങളുടെ ഇന്നിനെയും ഭാവിയെയും കുറിച്ചും നിങ്ങൾ ഏതുതരത്തിലുള്ള വാക്കുകളാണ് സംസാരിക്കുന്നത്? നിങ്ങളുടെ കുടുംബത്തെയും അവരുടെ ഭാവിയെയും കുറിച്ച് നിങ്ങൾ ഏതുതരത്തിലുള്ള വാക്കുകളാണ് സംസാരിക്കുന്നത്? നിങ്ങളുടെ അനുഗ്രഹത്തിന്റെ വാക്കുകൾക്ക് അവരുടെമേൽ കർത്താവിന്റെ അനുഗ്രഹം പ്രവഹിപ്പിക്കാൻ കഴിയും.

## 5

# നിങ്ങളെക്കുറിച്ച് മുൻകൂട്ടി എഴുതപ്പെട്ടിരിക്കുന്ന രേഖയാണ് ദൈവവചനം—അത് സംസാരിക്കു!

**സംഖ്യാപുസ്തകം 13:30–33**

**[30]എന്നാൽ കാലേബ് മോശെയുടെ മുമ്പാകെ ജനത്തെ അമർത്തി: നാം ചെന്ന് അതു കൈവശമാക്കുക; അതു ജയിപ്പാൻ നമുക്കു കഴിയും എന്നു പറഞ്ഞു.**

**[31]എങ്കിലും അവനോടുകൂടെ പോയിരുന്ന പുരുഷന്മാർ: ആ ജനത്തിന്റെ നേരെ ചെല്ലുവാൻ നമുക്കു കഴികയില്ല; അവർ നമ്മിലും ബലവാന്മാർ ആകുന്നു എന്നു പറഞ്ഞു.**

**[32]തങ്ങൾ ഒറ്റുനോക്കിയ ദേശത്തെക്കുറിച്ച് അവർ യിസ്രായേൽമക്കളോടു ദുർവർത്തമാനമായി പറഞ്ഞതെന്തെന്നാൽ: ഞങ്ങൾ സഞ്ചരിച്ച് ഒറ്റുനോക്കിയ ദേശം നിവാസികളെ തിന്നുകളയുന്ന ദേശം ആകുന്നു; ഞങ്ങൾ അവിടെ കണ്ട ജനമൊക്കെയും അതികായന്മാർ;**

**[33]അവിടെ ഞങ്ങൾ മല്ലന്മാരുടെ സന്തതികളായ അനാക്യമല്ലന്മാരെയും കണ്ടു; ഞങ്ങൾക്കുതന്നെ ഞങ്ങൾ വെട്ടുക്കിളികളെപ്പോലെ തോന്നി; അവരുടെ കാഴ്ചയ്ക്കും ഞങ്ങൾ അങ്ങനെതന്നെ ആയിരുന്നു.**

**സംഖ്യാപുസ്തകം 14:11**

**യഹോവ മോശെയോട്: ഈ ജനം എത്രത്തോളം എന്നെ നിരസിക്കും? ഞാൻ അവരുടെ മദ്ധ്യേ ചെയ്തിട്ടുള്ള അടയാളങ്ങളൊക്കെയും കണ്ടിട്ടും അവർ എത്രത്തോളം എന്നെ വിശ്വസിക്കാതിരിക്കും?**

പന്ത്രണ്ടുപേരെ ദേശം ഒറ്റുനോക്കാനയച്ച സംഭവം നമുക്ക് സുപരിചിതമാണ്, യോശുവവയും കാലേബുമായിരുന്നു അവരിൽ രണ്ടുപേർ. യോശുവവയും കാലേബും മറ്റുള്ളവർകണ്ട അതേ മല്ലന്മാരെയാണ് കണ്ടത് എങ്കിലും, അവരുടെ അന്തിമ വിലയിരുത്തൽ ദൈവം ആരാണെന്നതിനെയും ദൈവം അവർക്ക് വാഗ്ദത്തം നൽകിയത് എന്താണെന്നതിനെയും അടിസ്ഥാനമാക്കിയായിരുന്നു. കാലേബ് പറഞ്ഞു, *"നമുക്ക് മറികടക്കുവാൻ കഴിയും."* 45 വർഷങ്ങൾക്ക് ശേഷം ഇതേ കാലേബ് പറഞ്ഞു, *"ഈ മല ഇപ്പോൾ എനിക്കു തരിക ... യഹോവ എന്നോടുകൂടെ ഉണ്ടെങ്കിൽ താൻ അരുളിച്ചെയ്തതുപോലെ ഞാൻ അവരെ ഓടിച്ചുകളയും"* (യോശുവ 14:12). അവൻ ദൈവത്തിന്റെ വാഗ്ദത്തം മുറുകെപിടിച്ചു; 45 വർഷങ്ങൾക്ക് ശേഷവും അവന്റെ വാക്കുകൾക്കു ഒരു മാറ്റവും വന്നിരുന്നില്ല!

മുൻകൂട്ടി എഴുതപ്പെട്ട ഫലവും, രേഖയും, അന്തിമഫലവുമാണ് ദൈവവചനം. ദൈവവചനമനുസരിച്ച് സംസാരിക്കുക. അതെ, തീർച്ചയായും, നമുക്ക് മല്ലന്മാരെ നേരിടേണ്ടതായി വരും, അവർ നമ്മെ ഭയപ്പെടുത്തുന്നവരുമായി കാണപ്പെടും. പോരാടുവാനായി യുദ്ധങ്ങൾ ഉണ്ടാകും. നമുക്ക് ലഭിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നത് സ്വന്തമാക്കാനുള്ള വഴി മല്ലന്മാരും യുദ്ധങ്ങളും ഇല്ലാത്തതല്ല. എന്നാൽ മല്ലന്മാരുടെ മുൻപിലും യുദ്ധങ്ങളുടെ മധ്യത്തിലും ദൈവം ആരാണെന്നും ദൈവം നിങ്ങൾക്ക് വാഗ്ദത്തം ചെയ്തതെന്താണെന്നും പ്രഖ്യാപിക്കുക. ദൈവത്തിൽ നിന്ന് ജനിച്ചവൻ ലോകത്തെ ജയിക്കുന്നതിനാൽ നിങ്ങൾക്ക് ജയിക്കാൻ കഴിയുമെന്ന് പ്രഖ്യാപിക്കുക (1 യോഹന്നാൻ 5:4). ദൈവം എപ്പോഴും നിങ്ങളെ ജയോത്സവമാക്കുമെന്ന് പ്രഖ്യാപിക്കുക (2 കൊരിന്ത്യർ 2:14). ദൈവം നിങ്ങളെ നാശകരമായ കുഴിയിൽനിന്നും കയറ്റുന്നു എന്നും, നിങ്ങളുടെ കാലുകളെ പാറമേൽ നിർത്തുന്നു എന്നും, വായിൽ പുതിയൊരു പാട്ട് തന്നു എന്നും പ്രഖ്യാപിക്കുക (സങ്കീർത്തനങ്ങൾ 40:1-4). നിങ്ങളുടെ സഹായം ആകാശത്തിന്റെയും ഭൂമിയുടെയും സ്രഷ്ടാവായ കർത്താവിൽ നിന്നാണ് വരുന്നതെന്നും, നിങ്ങളുടെ പരിപാലകൻ മയങ്ങുകയില്ല ഉറങ്ങുകയുമില്ല എന്നും പ്രഖ്യാപിക്കുക (സങ്കീർത്തനങ്ങൾ 121). നിങ്ങളുടെ ദൈവം ആരാണെന്നും അവൻ നിങ്ങൾക്ക് വാഗ്ദത്തം ചെയ്തിരിക്കുന്നതെന്താണെന്നും പ്രഖ്യാപിക്കുക. ഇത് നിങ്ങളുടെ മുൻകൂട്ടി എഴുതപ്പെട്ട ഭാവിയാണ്.

# 6

# വചനം നിങ്ങളുടെ സമീപമുണ്ട്—അവന്റെ വചനം സംസാരിക്കുക

**ആവർത്തനപുസ്തകം 30:11–14**
**[11]ഞാൻ ഇന്നു നിന്നോട് ആജ്ഞാപിക്കുന്ന ഈ കല്പന നിനക്ക് പ്രയാസമുള്ളതല്ല, ദൂരമായുള്ളതുമല്ല.**
**[12]ഞങ്ങൾ കേട്ട് അനുസരിക്കേണ്ടതിന് ആർ സ്വർഗത്തിൽ കയറി കൊണ്ടുവന്നു തരും എന്നു പറയത്തക്കവണ്ണം അതു സ്വർഗത്തിലല്ല;**
**[13]ഞങ്ങൾ കേട്ട് അനുസരിക്കേണ്ടതിന് ആർ സമുദ്രം കടന്ന് കൊണ്ടുവന്നു തരും എന്നു പറയത്തക്കവണ്ണം അത് സമുദ്രത്തിനക്കരെയുമല്ല;**
**[14]നീ അനുസരിപ്പാൻ തക്കവണ്ണം, വചനം നിനക്ക് ഏറ്റവും സമീപത്ത്, നിന്റെ വായിലും നിന്റെ ഹൃദയത്തിലുംതന്നെ ഇരിക്കുന്നു.**

തന്റെ ജനം തന്റെ വചനം വായിലും ഹൃദയത്തിലും സൂക്ഷിക്കണമെന്ന് ദൈവം ആഗ്രഹിച്ചു. അവർ അത് ചെയ്യുകയും അതനുസരിച്ച് ജീവിക്കുകയും ചെയ്യും എന്നതിനാലാണ് തന്റെ വചനം അവർ വായിലും ഹൃദയത്തിലും സൂക്ഷിക്കണമെന്ന് ദൈവം ആഗ്രഹിച്ചത്. ദൈവവചനം നമ്മുടെ ഹൃദയങ്ങളിലും വായിലും വസിക്കണം. അവന്റെ വചനം നമ്മുടെ ഹൃദയത്തിൽ നിറയണം. അവന്റെ വചനത്താൽ നമ്മുടെ ഹൃദയങ്ങളിൽ വിശ്വാസം ജനിക്കുന്നു. അവന്റെ വചനം നാം ഹൃദയത്തിൽ വിശ്വസിക്കുന്നു. അവന്റെ വചനം നമ്മുടെ വായിലും ഉണ്ടായിരിക്കണം. നാം ഇത് പറയുന്നു. നാം ഇത് സംസാരിക്കുന്നു. അവന്റെ വായിലെ വചനത്തെ നമ്മുടെ വായിലെ വചനമാകുവാൻ നാം അനുവദിക്കണം. അവന്റെ വചനം നിഗൂഢമോ നമുക്ക് അപ്രാപ്യമോ അല്ല. അവന്റെ വചനം നമ്മിലുണ്ട്—നമ്മുടെ ഹൃദയത്തിലും വായിലും ഉണ്ട്. ഇത്തരത്തിൽ നാം ജീവിക്കുമ്പോൾ, അവന്റെ വചനം നമ്മുടെ ജീവിതരീതിയായി മാറുന്നു. അവന്റെ വചനമനുസരിച്ച് നാം ജീവിക്കുകയും ചെയ്യും.

അവന്റെ വചനം നമ്മിൽ വസിക്കുന്നതിനും നമ്മിൽ ജഡമായിത്തീരുന്നതിനുമുള്ള ദൈവത്തിന്റെ മാർഗ്ഗമാണിത്. അവൻ നമുക്ക് ഈ രീതി നൽകി. തന്റെ വചനം നമുക്ക് നൽകിയിരിക്കുന്നുവെന്ന് അവൻ പറഞ്ഞു. നാം അവന്റെ വചനം നമ്മുടെ വായിലും (നമ്മുടെ സംസാരത്തിന്റെ ഭാഗം) ഹൃദയത്തിലും (ചിന്തയുടെയും വിശ്വാസത്തിന്റെയും ഭാഗം) സൂക്ഷിക്കുമ്പോൾ, അവന്റെ വചനം നമ്മുടെ ദൈനംദിന ജീവിതത്തിന്റെ ഭാഗമായി മാറും.

# 7
# അവന്റെ വചനം നിങ്ങളുടെ വായിൽ സൂക്ഷിക്കുക

**യോശുവവ 1:8**
**ഈ ന്യായപ്രമാണപുസ്തകത്തിലുള്ളത് നിന്റെ വായിൽനിന്നു നീങ്ങിപ്പോകരുത്; അതിൽ എഴുതിയിരിക്കുന്നതുപോലെ ഒക്കെയും പ്രമാണിച്ചു നടക്കേണ്ടതിന് നീ രാവും പകലും അതു ധ്യാനിച്ചുകൊണ്ടിരിക്കേണം; എന്നാൽ നിന്റെ പ്രവൃത്തി സാധിക്കും; നീ കൃതാർത്ഥനായും ഇരിക്കും.**

ദൈവജനത്തെ വാഗ്ദത്തനാട്ടിലേക്ക് നയിക്കുക എന്ന വലിയ ദൗത്യം യോശുവവക്കുണ്ടായിരുന്നു. അവന് മോശ നിന്നിടത്ത് നിന്നുകൊണ്ട് ദൈവജനത്തെ മുന്നോട്ട് നയിക്കുകയും ചെയ്യേണ്ടതുണ്ടായിരുന്നു. നിയമപുസ്തകത്തിലെ വാക്കുകൾ എപ്പോഴും തന്റെ സംസാരത്തിന്റെയും ചിന്തയുടെയും (ധ്യാനത്തിന്റെയും) ഭാഗമായി സൂക്ഷിക്കുക എന്നതാണ് ദൈവം അദ്ദേഹത്തിന് നൽകിയ നിർദ്ദേശങ്ങളിലൊന്ന്. ചുരുക്കിപ്പറഞ്ഞാൽ, ദൈവം യോശുവവയോട് ഇങ്ങനെ പറഞ്ഞു: *"നിയമത്തിന്റെ വാക്കുകൾ എപ്പോഴും നിന്റെ വായിൽ ഉണ്ടായിരിക്കട്ടെ. വചനം സംസാരിക്കുക. വചനം ധ്യാനിക്കുന്നത് തുടരുക. ഇതിനാൽ നിങ്ങൾ വചനം പറയുന്നത് ശ്രദ്ധാപൂർവ്വം ചെയ്യും. ഇത് നിങ്ങൾക്ക് സമൃദ്ധിയും നല്ല വിജയവും നൽകും."*

കാലം മാറി, പക്ഷേ ദൈവവചനത്തിനോ അവന്റെ വചനത്തിലെ ശക്തിക്കോ യാതൊരു കുറവും വന്നിട്ടില്ല. ദൈവവചനം യോശുവവക്കുവേണ്ടി അവന്റെ നാളിലും, സമയത്തും അവന്റെ ജീവിത ദൗത്യത്തിലും ചെയ്തത്, ദൈവവചനത്തിന് നമ്മുടെ നാളിലും, സമയത്തും, നമുക്കോരോരുത്തർക്കും ഉള്ള ദൗത്യങ്ങളിലും ചെയ്യുവാൻ കഴിയും. വേദപുസ്തകത്തിലെ വചനങ്ങൾ എപ്പോഴും നമ്മുടെ വായിൽ ഉണ്ടായിരിക്കുവാനും പകലും രാത്രിയും നമ്മുടെ ചിന്തകളിൽ (ധ്യാനത്തിൽ) നിറയുവാനും അനുവദിക്കുകയാണെങ്കിൽ, നാം അവന്റെ വചനമനുസരിച്ച് നടക്കും. അങ്ങിനെ നാം നമ്മുടെ വഴിയെ അഭിവൃദ്ധിപ്പെടുത്തുകയും നമ്മുടെ ചുമതലകളിൽ നല്ല വിജയം നേടുകയും ചെയ്യും.

യോശുവവ 1:8 ലെ തത്ത്വം നിങ്ങളുടെ ജീവിതത്തിൽ പ്രാവർത്തികമാക്കുക. അവന്റെ പുസ്തകത്തിലെ വചനങ്ങൾ നിങ്ങളുടെ വായിലെ വാക്കുകളായിരിക്കട്ടെ. ദൈവം പറയുന്നത് പറയുക. അവന്റെ വചനത്തിനനുസൃതമായി ധ്യാനിക്കുകയും ചിന്തിക്കുകയും ചെയ്യുക. അവന്റെ വചനത്തോട് ചേർന്നു ജീവിക്കുക. നിങ്ങളുടെ ചുമതലകളിൽ നിങ്ങൾക്ക് അഭിവൃദ്ധിയും നല്ല വിജയവും ഉണ്ടാകും.

8

# ദൈവത്തിന്റെ വാഗ്ദത്തങ്ങൾ നിലനിൽക്കുന്നു— ഞങ്ങളുടെ പ്രഖ്യാപനവും അങ്ങനെ തന്നെ

**യോശുവ 14:10-12**

**[10]മരുഭൂമിയിൽ സഞ്ചരിച്ച കാലത്ത് യഹോവ മോശെയോട് ഈ വാക്കു കല്പിച്ചതു മുതൽ ഈ നാല്പത്തഞ്ചു സംവത്സരത്തോളവും എന്നെ ഇതാ, താൻ അരുളിച്ചെയ്തിരുന്നതുപോലെ ജീവനോടെ വച്ചിരിക്കുന്നു; ഇപ്പോൾ എനിക്ക് എൺപത്തഞ്ചു വയസ്സായി.**
**[11]മോശെ എന്നെ അയച്ച നാളിലെപ്പോലെ ഇന്നും എനിക്ക് ആരോഗ്യം ഉണ്ട്; പടവെട്ടുവാനും പോകയും വരികയും ചെയ്‌വാനും എന്റെ ആരോഗ്യം അന്നത്തെപ്പോലെതന്നെ ഇന്നും ഇരിക്കുന്നു.**
**[12]ആകയാൽ യഹോവ അന്നു കല്പിച്ച ഈ മല ഇപ്പോൾ എനിക്കു തരിക; അനാക്യർ അവിടെ ഉണ്ടെന്നും പട്ടണങ്ങൾ വലിപ്പവും ഉറപ്പും ഉള്ളവ എന്നും നീ അന്നു കേട്ടിട്ടുണ്ടല്ലോ; യഹോവ എന്നോടുകൂടെ ഉണ്ടെങ്കിൽ താൻ അരുളിച്ചെയ്തതുപോലെ ഞാൻ അവരെ ഓടിച്ചുകളയും.**

45 വർഷങ്ങൾക്ക് ശേഷം, 85-ാമത്തെ വയസ്സിലും, ദൈവം വാഗ്ദത്തം ചെയ്തത് സ്വന്തമാക്കാനുള്ള തീക്ഷ്ണമായ ആഗ്രഹവും ഉൽസാഹവും കാലേബിൽ നിറഞ്ഞിരുന്നു. അപ്പോഴും അവിടെ ചില മല്ലന്മാർ യുദ്ധം ചെയ്യാനും കീഴടക്കാനും ഉണ്ടായിരുന്നു. എന്നാൽ അവൻ അതിനു തയ്യാറായിരുന്നു. 45 വർഷം മുമ്പ് താൻ ചെയ്ത അതേ രീതിയിൽ തന്നെ അവൻ അപ്പോഴും തന്റെ ദൈവത്തിലുള്ള ധൈര്യം പ്രഖ്യാപിച്ചു.

നിങ്ങളുടെ ജീവിതത്തിൽ എത്രത്തോളം ദൈവവചനം സത്യമാണെന്ന് നിങ്ങൾ പ്രഖ്യാപിക്കാൻ പോകുന്നു? കള്ളം പറയുവാൻ ദൈവം മനുഷ്യനല്ല എന്നതാണ് യാഥാർത്ഥ്യം. അവന്റെ വചനം സത്യമാണ്. അവന്റെ വചനം നിലനിൽക്കുന്നതാണ്. അവന്റെ വചനം ഒരിക്കലും മാറാത്തതാണ്. ദൈവം തന്റെ വചനത്തിൽ നിങ്ങളെ കുറിച്ച് വാഗ്ദത്തം ചെയ്തിരിക്കുന്നതും പ്രസ്താവിച്ചിരിക്കുന്നതും സത്യമാണ്. അത് എന്നന്നേക്കുമായി സ്വർഗത്തിൽ സ്ഥാപിതവും സ്ഥിരവുമാക്കിയിരിക്കുന്നു. നമ്മുടെ ദൈവം "ഞാൻ ആകുന്നവൻ"

ആണ്. അവൻ ഒരിക്കലും മാറുകയില്ല. അതിനാൽ നാമും നമ്മുടെ ദൈവത്തെ കുറിച്ചും അവൻ വാഗ്ദത്തം ചെയ്തിരിക്കുന്നതിനെ കുറിച്ചും പറയുന്നതിൽ മാറ്റം വരുത്തുന്നില്ല. നമ്മുടെ ദൈവം ആരാണെന്ന് നാം പ്രസ്താവിക്കുന്നത് തുടർന്ന് കൊണ്ടേയിരിക്കുന്നു. അവൻ ഇപ്പോഴും നമ്മുടെ രക്ഷകനും, വൈദ്യനും, വീണ്ടെടുപ്പുകാരനും, വിടുവിക്കുന്നവനും, ദായകനും, വഴി തുറക്കുന്നവനും, അത്ഭുതങ്ങൾ ചെയ്യുന്നവനും ആകുന്നു. അവൻ ഇപ്പോഴും നമ്മുടെ സ്വർഗ്ഗീയ പിതാവാണ്. ജീവിതത്തിന്റെ എല്ലാ മേഖലകളിലും അവൻ നമുക്ക് വാഗ്ദത്തം ചെയ്തിരിക്കുന്നത് നല്ലതും സത്യവുമാണെന്ന് ഞങ്ങൾ പ്രഖ്യാപിക്കുന്നു. ജീവിതത്തിന്റെ എല്ലാ സമയത്തും, എല്ലാ കാലങ്ങളിലും അത് നല്ലതും സത്യവുമായി നിലനിൽക്കും. അതിനാൽ, അവൻ വാഗ്ദത്തം ചെയ്തതിൽ നാം മുറുകെ പിടിക്കുന്നു.

കാലേബിന്റെ കാര്യത്തിലെന്നപോലെ, ദൈവം വാഗ്ദത്തം ചെയ്ത കാര്യങ്ങൾ പ്രാപിച്ചെടുക്കുവാൻ (സ്വന്തമാക്കുവാൻ) നിങ്ങൾക്ക് ഒരുപക്ഷേ കുറച്ച് സമയമെടുത്തേക്കാം. ഓർക്കുക, അവന്റെ വാഗ്ദത്തങ്ങൾ നിലനിൽക്കുന്നതാണ്. അവ കാലത്തിനനുസരിച്ച് മാറുന്നില്ല. നിങ്ങൾ അവന്റെ വാഗ്ദത്തങ്ങൾ പ്രസ്താവിക്കുന്നത് തുടർന്നുകൊണ്ടിരിക്കുക.

# 9
# ദൈവവുമായുള്ള നിങ്ങളുടെ ഉടമ്പടി പ്രഖ്യാപിക്കുക

**1 ശമൂവേൽ 17:26,36,45**

**[26]അപ്പോൾ ദാവീദ് തന്റെ അടുക്കൽ നില്ക്കുന്നവരോട്: ഈ ഫെലിസ്ത്യനെ കൊന്ന് യിസ്രായേലിൽനിന്നു നിന്ദയെ നീക്കിക്കളയുന്നവന് എന്തു കൊടുക്കും? ജീവനുള്ള ദൈവത്തിന്റെ സേനകളെ നിന്ദിപ്പാൻ ഈ അഗ്രചർമിയായ ഫെലിസ്ത്യൻ ആർ എന്നു പറഞ്ഞു.**

**[36]ഇങ്ങനെ അടിയൻ സിംഹത്തെയും കരടിയെയും കൊന്നു; ഈ അഗ്രചർമിയായ ഫെലിസ്ത്യൻ ജീവനുള്ള ദൈവത്തിന്റെ സൈന്യത്തെ നിന്ദിച്ചിരിക്കകൊണ്ട് അവനും അവയിൽ ഒന്നിനെപ്പോലെ ആകും.**

**[45]ദാവീദ് ഫെലിസ്ത്യനോടു പറഞ്ഞത്: നീ വാളും കുന്തവും വേലുമായി എന്റെ നേരേ വരുന്നു; ഞാനോ നീ നിന്ദിച്ചിട്ടുള്ള യിസ്രായേൽനിരകളുടെ ദൈവമായ സൈന്യങ്ങളുടെ യഹോവയുടെ നാമത്തിൽ നിന്റെ നേരേ വരുന്നു.**

ഗൊല്യാത്തിനെ നേരിടാനായി ദാവീദ് തയ്യാറെടുക്കുമ്പോൾ, തനിക്കറിയാവുന്ന ഒരു പ്രധാന സത്യം ഉണ്ടായിരുന്നു. ദാവീദ് പരിച്ഛേദന ഏറ്റവനാണ്, അതായത്, അവൻ ദൈവവുമായി ഒരു ഉടമ്പടി ചെയ്ത മനുഷ്യനായിരുന്നു. അവൻ ഗൊല്യാത്തിനെ സംബന്ധിച്ച് *"ഈ അഗ്രചർമ്മിയായ ഫെലിസ്ത്യൻ,"* അതായത് ദൈവവുമായുള്ള ഉടമ്പടിയില്ലാത്ത മനുഷ്യൻ എന്നാണ് പറഞ്ഞത്. ദാവീദ് ദൈവവുമായി ഉടമ്പടിയിലേർപ്പെട്ടിരുന്നതിനാൽ ജീവനുള്ള ദൈവം തന്റെ പക്ഷത്തുണ്ടെന്ന് അവനറിയാമായിരുന്നു. സ്വർഗ്ഗത്തിലെയും ഭൂമിലെയും സൈന്യങ്ങളുടെ ദൈവമായ സൈന്യങ്ങളുടെ കർത്താവ് ദാവീദിനോടുകൂടെ ഉണ്ടായിരുന്നു. ഇതാണ് എല്ലാ വ്യത്യാസങ്ങളും ഉണ്ടാക്കിയത്.

ദൈവവുമായുള്ള ഉടമ്പടിയുടെ ഉറപ്പിലാണ് ദാവീദ് ഗോലിയാത്തിനെ കാണാനായി ഓടിയത്. ദൈവം ആരാണെന്നും ദൈവം എന്താണ് ചെയ്തതെന്നും തന്നിലൂടെ അവൻ എന്തുചെയ്യുമെന്നും ദാവീദ് ധൈര്യത്തോടെ പ്രഖ്യാപിച്ചു. ദൈവവുമായി ഉടമ്പടിയിലുള്ള

ഒരു മനുഷ്യനായതിനാലാണ് ദാവീദിന് ധൈര്യത്തോടെ സംസാരിക്കാൻ കഴിഞ്ഞത്.

നിങ്ങൾ അഭിമുഖീകരിക്കുന്ന മല്ലന്മാർ എന്തൊക്കെയാണ്? ഒരു മല്ലനും ദൈവത്തിന് വലുതല്ല. ശൗലിന്റെ സൈന്യത്തിലെ വളരെ നന്നായി പരിശീലിപ്പിക്കപ്പെട്ട പടയാളികൾ തങ്ങളെതന്നെ ആ മല്ലനുമായി താരതമ്യം ചെയ്യുകയായിരുന്നു. അതിനാൽ, അവർ ഭയപ്പെട്ടു. അവർ യുദ്ധത്തിന് ഇറങ്ങിയില്ല. എന്നാൽ ദാവീദ് മല്ലനെ കണ്ടപ്പോൾ, അവൻ സൈന്യങ്ങളുടെ കർത്താവിന് തുല്യനല്ലെന്ന് തിരിച്ചറിഞ്ഞു. രോഗമോ, സാമ്പത്തിക പ്രശ്നങ്ങളോ, കടമോ, കുടുംബ പ്രശ്നങ്ങളോ, ജോലിസ്ഥലത്തെ പ്രശ്നങ്ങളോ, നിയമപോരാട്ടങ്ങളോ, തുടങ്ങി നിങ്ങൾ അഭിമുഖീകരിക്കുന്ന മല്ലന്മാർ എന്തുതന്നെയായാലും—ഓർക്കുക, നിങ്ങളുടെ മല്ലന്മാർ ദൈവത്തിന് തുല്യരല്ല. നിങ്ങൾ ദൈവവുമായി ഉടമ്പടിലേർപ്പെട്ടിട്ടുള്ള ഒരു വ്യക്തിയാണ്. ദൈവം നിങ്ങളുടെ പക്ഷത്താണ്. നിങ്ങൾ നിങ്ങളുടെ മല്ലന്മാരെ കീഴടക്കുമെന്ന് പ്രഖ്യാപിക്കുക. നിങ്ങളുടെ മല്ലന്മാർ പരാജയപ്പെട്ടു എന്നും, നിങ്ങൾ വിജയിച്ചിരിക്കുന്നു എന്നും പ്രഖ്യാപിക്കുക. യേശുക്രിസ്തുവിന്റെ നാമത്തിൽ വിജയം പ്രഖ്യാപിക്കുക. ദൈവം നിങ്ങളുടെ പക്ഷത്താണ്, അവൻ നിങ്ങൾക്കുവേണ്ടി പോരാടുന്നു.

# 10
# ദൈവസന്നിധിയിൽ സ്വീകാര്യമായ വാക്കുകൾ സംസാരിക്കുക

**സങ്കീർത്തനങ്ങൾ 19:14**
**എന്റെ പാറയും എന്റെ വീണ്ടെടുപ്പുകാരനുമായ യഹോവേ,**
**എന്റെ വായിലെ വാക്കുകളും എന്റെ ഹൃദയത്തിലെ ധ്യാനവും**
**നിനക്കു പ്രസാദമായിരിക്കുമാറാകട്ടെ.**

സങ്കീർത്തനങ്ങൾർത്തനം 19 ൽ, ദൈവത്തിന്റെ മഹത്വവും അവന്റെ വചനത്തിന്റെ വിശുദ്ധിയും പ്രഖ്യാപിച്ച ശേഷം, തന്റെ വായിലെ വാക്കുകൾ ദൈവത്തിന്റെ ദൃഷ്ടിയിൽ സ്വീകാര്യമായിരിക്കണമെന്ന് ദാവീദ് പ്രാർത്ഥിക്കുന്നു. എബ്രായർയ ഭാഷയിൽ "സ്വീകാര്യമായത്" എന്ന വാക്കിന്റെ അർത്ഥം "പ്രസാദകരം, ആനന്ദകരം, അനുകൂലം" എന്നിങ്ങനെയാണ്.

നാം സംസാരിക്കുന്ന വാക്കുകൾ നമുക്ക് തിരഞ്ഞെടുക്കാം. ദൈവത്തിന്റെ ദൃഷ്ടിയിൽ സ്വീകാര്യവും പ്രസാദകരവും ആനന്ദകരവുമായ വാക്കുകൾ സംസാരിക്കുവാനായി നമുക്ക് തിരഞ്ഞെടുക്കാം. നമ്മുടെ വാക്കുകൾ ശുദ്ധവും സമ്പൂർണ്ണവും ശരിയായതുമായ ദൈവവചനത്തോട് അനുരൂപമാക്കപ്പെടുമ്പോൾ, അവ തീർച്ചയായും ദൈവത്തിന്റെ ദൃഷ്ടിയിൽ സ്വീകാര്യവും പ്രസാദകരവും ആനന്ദകരവുമായിരിക്കും. അവന്റെ മഹത്വം പ്രസ്താവിക്കുന്ന വാക്കുകൾ നാം സംസാരിക്കുമ്പോൾ, നമ്മുടെ വാക്കുകൾ അവന്റെ ദൃഷ്ടിയിൽ പ്രസാദകരമാകുന്നു. നമ്മുടെ ദൈവത്തിന് ചെയ്യാൻ കഴിയുന്ന കാര്യങ്ങളെക്കുറിച്ച് നാം സംസാരിക്കുമ്പോൾ, നമ്മുടെ വാക്കുകൾ അവന്റെ ദൃഷ്ടിയിൽ ആനന്ദകരമാകുന്നു. നമ്മുടെ ദൈവത്തിന്റെ അത്ഭുതകരമായ സ്വഭാവത്തെയും, അവന്റെ സ്നേഹത്തെയും, കരുണയെയും, മനസ്സലിവിനെ കുറിച്ചും സംസാരിക്കുമ്പോൾ, നമ്മുടെ വാക്കുകൾ അവന്റെ ദൃഷ്ടിയിൽ സ്വീകാര്യമാകുന്നു.

വിശ്വാസം ദൈവത്തെ പ്രസാദിപ്പിക്കുന്നുവെന്ന് എബ്രായർയർ

11:6 നമ്മെ പഠിപ്പിക്കുന്നു. വിശ്വാസത്തിന്റെ വാക്കുകൾ സംസാരിക്കുക. ദൈവം ആരാണെന്നും അവൻ തന്റെ ജനത്തിനുവേണ്ടി എന്തുചെയ്യുന്നുവെന്നുമുള്ള നിങ്ങളുടെ വിശ്വാസം പ്രസ്താവിക്കുന്ന വാക്കുകൾ സംസാരിക്കുക. ദൈവത്തിലും അവന്റെ വചനത്തിലും നിങ്ങളുടെ ജീവിതത്തിൽ പ്രവർത്തിക്കുന്ന അവന്റെ ശക്തിയിലുമുള്ള നിങ്ങളുടെ വിശ്വാസം വെളിപ്പാടുവാക്കുന്ന വാക്കുകൾ സംസാരിക്കുക. വിശ്വാസം ദൈവത്തെ പ്രസാദിപ്പിക്കുന്നു. വിശ്വാസത്തിന്റെ വാക്കുകൾ ദൈവത്തിന് സ്വീകാര്യവും പ്രസാദകരവും ആനന്ദകരവുമാണ്.

എല്ലാ സാഹചര്യങ്ങളിലും, ദൈവത്തിന്റെ ദൃഷ്ടിയിൽ സ്വീകാര്യവും പ്രസാദകരവും ആനന്ദകരവുമായ വാക്കുകൾ സംസാരിക്കുക. ഹൃദയത്തിലെ വിശ്വാസത്തിൽ നിന്ന് വിശ്വാസത്തിന്റെ വാക്കുകൾ സംസാരിക്കുക.

11

# ദൈവം നിങ്ങൾക്ക് ആരാണെന്ന് എല്ലാ സാഹചര്യങ്ങളിലും പ്രസ്താവിക്കുക

**സങ്കീർത്തനങ്ങൾ 27:1-3**
**1യഹോവ എന്റെ വെളിച്ചവും എന്റെ രക്ഷയും ആകുന്നു;**
**ഞാൻ ആരെ ഭയപ്പെടും?**
**യഹോവ എന്റെ ജീവന്റെ ബലം;**
**ഞാൻ ആരെ പേടിക്കും?**
**2എന്റെ വൈരികളും ശത്രുക്കളുമായ ദുഷ്കർമ്മികൾ**
**എന്റെ മാംസം തിന്നുവാൻ എന്നോട് അടുക്കുമ്പോൾ ഇടറിവീഴും.**
**3ഒരു സൈന്യം എന്റെ നേരേ പാളയമിറങ്ങിയാലും**
**എന്റെ ഹൃദയം ഭയപ്പെടുകയില്ല;**
**എനിക്കു യുദ്ധം നേരിട്ടാലും ഞാൻ**
**നിർഭയമായിരിക്കും.**

പ്രതികൂല സാഹചര്യങ്ങളിൽ ദാവീദ് എന്താണ് പറയുന്നതെന്ന് പരിഗണിക്കുക. ശത്രുക്കളും വൈരികളും ഉണ്ടെന്ന് അവൻ തിരിച്ചറിയുന്നു. എങ്കിലും, തനിക്ക് ദൈവം ആരാണെന്ന് അവൻ പ്രഖ്യാപിക്കുന്നു - കർത്താവ് എന്റെ വെളിച്ചവും, എന്റെ രക്ഷയും, എന്റെ ജീവന്റെ ബലവുമാകുന്നു! തനിക്ക് ദൈവം ആരാണെന്നറിയാവുന്നതിനാൽ, *"ഞാൻ ആരെ ഭയപ്പെടും?"*, *"ഞാൻ ആരെ പേടിക്കും?"* *"എന്റെ ഹൃദയം ഭയപ്പെടരുത്"*, *"ഞാൻ നിർഭയനായിരിക്കും"* എന്നിങ്ങനെ ധീരമായ പ്രസ്താവനകൾ നടത്താൻ ദാവീദിന് കഴിയും. ദൈവം തന്നോടുകൂടെയുള്ളതിനാൽ ശത്രുക്കളുടെ തോൽവി അവൻ പരസ്യമായി പറയുകയും പ്രഖ്യാപിക്കുകയും ചെയ്യുന്നു.

ദാവീദിന്റെ മാതൃക പിന്തുടരുന്നത് ശരിയായിരിക്കുമോ? തീർച്ചയായും. എല്ലാ സാഹചര്യങ്ങളിലും, ദൈവം നമുക്ക് ആരാണെന്നതിൽ നാം ധൈര്യത്തോടെ ഉറച്ചു നിൽക്കണം. *"കർത്താവ് എന്റെ വെളിച്ചവും എന്റെ രക്ഷയും ആകുന്നു; ഞാൻ ആരെ ഭയപ്പെടും? കർത്താവു എന്റെ ജീവന്റെ ബലം; ഞാൻ*

*ആരെ പേടിക്കും?"* എന്ന് നമുക്കും പ്രഖ്യാപിക്കാം. പ്രതികൂല സാഹചര്യങ്ങളിൽ, ദൈവം നമ്മെ വിടുവിക്കുന്നവനാണെന്ന് നമുക്ക് പ്രഖ്യാപിക്കാം. രോഗങ്ങളുടെ നടുവിൽ, ദൈവം നമ്മുടെ സൗഖ്യദായകനാണെന്നു നമുക്ക് പ്രഖ്യാപിക്കാം. ദൈവം നമ്മുടെ ദാതാവാണെന്ന് ആവർത്തനപുസ്തകംശ്യങ്ങളുടെ നടുവിൽ നമുക്ക് പ്രഖ്യാപിക്കാം. ആശയറ്റ സമയങ്ങളിൽ, ദൈവം നമ്മുടെ വിലാപത്തെ നൃത്തമാക്കി മാറ്റുന്നുവെന്ന് പ്രഖ്യാപിക്കാം. ഒരു രാവോളം വിലപിച്ചാലും പ്രഭാതത്തിൽ സന്തോഷം വരുമെന്ന് നമുക്ക് പ്രഖ്യാപിക്കാം.

നാം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെ നാം നിഷേധിക്കുന്നില്ല. ശത്രുക്കളും വൈരികളും ഉണ്ട് എന്നത് നാം നിഷേധിക്കുന്നില്ല. എന്നാൽ, നാം അഭിമുഖീകരിക്കുന്നത് എന്തുതന്നെയാണെങ്കിലും ദൈവം ആരാണെന്നും, അവനിൽ നമുക്ക് എന്ത് ഉണ്ടെന്നും അവനിൽ നമുക്കുള്ള ആത്മവിശ്വാസവും നാം പ്രഖ്യാപിക്കുകയാണ്. ദൈവം നിങ്ങൾക്ക് ആരാണെന്ന് എല്ലാ സാഹചര്യങ്ങളിലും പ്രഖ്യാപിക്കുക. അവനിൽ നിങ്ങൾക്ക് എന്തുണ്ടെന്ന് എല്ലാ സാഹചര്യങ്ങളിലും പ്രഖ്യാപിക്കുക. അവൻ നിമിത്തമുള്ള നിങ്ങളുടെ ധൈര്യവും, ആത്മവിശ്വാസവും, സന്തോഷവും, വിജയവും, ജയവും എല്ലാ സാഹചര്യങ്ങളിലും പ്രഖ്യാപിക്കുക. ദാവീദ് അങ്ങനെ ചെയ്തു. നിങ്ങൾക്കും കഴിയും!

## 12

# ഭൗതിക ലോകം കർത്താവിന്റെ ശബ്ദത്തോട് പ്രതികരിക്കുന്നു

**സങ്കീർത്തനങ്ങൾ 29:3-9**
**3യഹോവയുടെ ശബ്ദം വെള്ളത്തിന്മീതെ മുഴങ്ങുന്നു;**
**പെരുവെള്ളത്തിന്മീതെ യഹോവ,**
**മഹത്ത്വത്തിന്റെ ദൈവം തന്നെ, ഇടിമുഴക്കുന്നു.**
**4യഹോവയുടെ ശബ്ദം ശക്തിയോടെ മുഴങ്ങുന്നു;**
**യഹോവയുടെ ശബ്ദം മഹിമയോടെ മുഴങ്ങുന്നു.**
**5യഹോവയുടെ ശബ്ദം ദേവദാരുക്കളെ തകർക്കുന്നു;**
**യഹോവ ലെബാനോനിലെ ദേവദാരുക്കളെ തകർക്കുന്നു.**
**6അവൻ അവയെ കാളക്കുട്ടിയെപ്പോലെയും**
**ലെബാനോനെയും സിര്യോനെയും**
**കാട്ടുപോത്തിൻകുട്ടിയെപ്പോലെയും തുള്ളിക്കുന്നു.**
**7യഹോവയുടെ ശബ്ദം അഗ്നിജ്വാലകളെ ചിന്നിക്കുന്നു.**
**8യഹോവയുടെ ശബ്ദം മരുഭൂമിയെ നടുക്കുന്നു;**
**യഹോവ കാദേശ്മരുവിനെ നടുക്കുന്നു.**
**9യഹോവയുടെ ശബ്ദം മാൻപേടകളെ പ്രസവിക്കുമാറാക്കുന്നു;**
**അതു വനങ്ങളെ തോലുരിക്കുന്നു;**
**അവന്റെ മന്ദിരത്തിൽ സകലവും മഹത്ത്വം എന്നു ചൊല്ലുന്നു.**

ഈ സങ്കീർത്തനങ്ങൾർത്തനത്തിൽ ദാവീദ് ദൈവത്തിന്റെ മഹത്വം പ്രഖ്യാപിക്കുമ്പോൾ കർത്താവിന്റെ ശബ്ദത്തിന്റെ മഹത്വവും ശക്തിയും പ്രഖ്യാപിക്കുകയാണ്. കർത്താവിന്റെ ശബ്ദം കർത്താവിന്റെ വചനത്തിലൂടെ പുറപ്പാട്ത്തുവരുന്നു. താൻ സംസാരിക്കുന്ന വാക്കുകളിലൂടെ ദൈവം തന്റെ ശബ്ദം പുറപ്പാട്പ്പെടുവിക്കുന്നു. ഭൗതിക ലോകത്തിലെ സകലതും കർത്താവിന്റെ ശബ്ദത്തോട്, അതായത് കർത്താവിന്റെ വചനത്തോട് പ്രതികരിക്കുന്നുവെന്ന് ഈ വേദഭാഗം ഭാഗം ഒരിക്കൽ കൂടി നമുക്ക് വെളിപ്പാട്പ്പെടുത്തുന്നു. ദൈവവചനം (ശബ്ദം) വെള്ളത്തിന് മുകളിലൂടെ പരിവർത്തിക്കുക എന്നാൽ ദൈവം വെള്ളത്തിന് മുകളിലൂടെ പരിവർത്തിക്കുക എന്നതാണ്. കർത്താവിന്റെ വചനം (ശബ്ദം) അവന്റെ ശക്തിയുടെയും മഹത്വത്തിന്റെയും

പ്രകടനമാണ്. ജീവനുള്ളതും ഇല്ലാത്തതുമായ എല്ലാ സൃഷ്ടികളും, കർത്താവിന്റെ വചനത്തോട് (ശബ്ദം) പ്രതികരിക്കുന്നു.

തിരുവെഴുത്തുകളിൽ പല പ്രാവശ്യവും, പരിശുദ്ധാത്മാവ് ജനങ്ങളിലൂടെ പ്രവർത്തിക്കുമ്പോൾ, കർത്താവിന്റെ ശബ്ദം മനുഷ്യരുടെ ശബ്ദത്തിലൂടെ പുറപ്പാട്പ്പെടുവിച്ചിട്ടുള്ളതായി കാണാം. പരിശുദ്ധാത്മപ്രേരിതരായി അവർ സംസാരിച്ചപ്പോൾ കർത്താവിന്റെ വചനം (ശബ്ദം) അവരിലൂടെ പുറപ്പാട്ത്തുവന്നു. കർത്താവിന്റെ വചനം (ശബ്ദം) അവരോടൊപ്പമുണ്ടെന്നാണ് അവരെക്കുറിച്ച് പറയപ്പെട്ടത്. കർത്താവിന്റെ ശബ്ദം (വചനം) പരിശുദ്ധാത്മാവിന്റെ അഭിഷേകത്താൽ മനുഷ്യരുടെ ശബ്ദത്തിലൂടെ (വചനം) പുറപ്പാട്ത്തുവന്നപ്പോൾ, അത്ഭുതങ്ങൾ സംഭവിച്ചു. പാറയിൽ നിന്ന് വെള്ളം പുറപ്പാട്പ്പെട്ടു, കടലുകളും നദികളും പിളർന്നു, സൂര്യൻ നിശ്ചലമായി നിന്നു, സൂര്യൻ പത്ത് ഡിഗ്രി പിന്നോട്ട് തിരിഞ്ഞു, എണ്ണയും മാവും വർദ്ധിച്ചു, ഒരു കോടാലി വെള്ളത്തിൽനിന്ന് പൊങ്ങി വന്നു, എന്നിങ്ങനെ അനേകം അത്ഭുതങ്ങൾ സംഭവിച്ചു.

കർത്താവിന്റെ വചനം വിശ്വാസത്താൽ സംസാരിക്കാനുള്ള വിശേഷാവകാശം വിശ്വാസികൾ എന്ന നിലയിൽ നമുക്കുണ്ട്. ദൈവം മുന്നമേ പറഞ്ഞ കാര്യങ്ങൾ നാം സ്വീകരിക്കുകയും, ആ വാക്ക് വിശ്വസിക്കുകയും, ഇന്ന് അത് സംസാരിക്കുകയും ചെയ്യുന്നു. ദൈവാത്മാവ് നമ്മുടെമേൽ വ്യാപരിക്കുമ്പോൾ, പഴയ കാലങ്ങളിലെന്നപോലെ, ആത്മാവിനാൽ പ്രേരിതമായി നാം ഒരു വാക്ക് സംസാരിക്കുന്ന ചില സമയങ്ങളുണ്ട്. നാം ആ വാക്ക് സംസാരിക്കുമ്പോൾ, കർത്താവിന്റെ ശബ്ദം (വചനം) നമ്മുടെ ശബ്ദത്തിലൂടെ (വാക്കുകളിലൂടെ) പുറപ്പാട്ത്തുവരുന്നു. ഭൗതിക ലോകം കർത്താവിന്റെ ശബ്ദത്തോട് പ്രതികരിക്കുന്നു. രണ്ടും ചെയ്യാൻ പഠിക്കുക. നിങ്ങളുടെ ഹൃദയത്തിൽ വിശ്വസിച്ചുകൊണ്ട് ദൈവവചനം സംസാരിക്കുക. പരിശുദ്ധാത്മാവ് പ്രേരിപ്പിക്കുന്നതുപോലെ കർത്താവിന്റെ ശബ്ദം സംസാരിക്കുക.

## 13

# ഭൗതിക ലോകം അവന്റെ വചനത്താൽ ഉരുവാക്കപ്പെടുകയും രൂപപ്പെടുകയും ചെയ്തു

**സങ്കീർത്തനങ്ങൾ 33:6,9**
**6യഹോവയുടെ വചനത്താൽ ആകാശവും**
**അവന്റെ വായിലെ ശ്വാസത്താൽ അതിലെ സകല സൈന്യവും ഉളവായി;**
**9അവൻ അരുളിച്ചെയ്തു; അങ്ങനെ സംഭവിച്ചു;**
**അവൻ കല്പിച്ചു; അങ്ങനെ സ്ഥാപിതമായി.**

ദൈവം തന്റെ വചനത്താൽ സകലതും സൃഷ്ടിച്ചു എന്നതാണ് തിരുവെഴുത്തിലുടനീളം നമുക്കു മുന്നിൽ വെളിപ്പാടാകുന്ന ഒരു സത്യം. അവൻ സംസാരിച്ചു. അവൻ കൽപ്പിച്ചു. അവൻ തന്റെ വായിൽ നിന്ന് ജീവശ്വാസമൂതി. അവൻ വചനങ്ങൾ പുറപ്പാട്പ്പെടുവിച്ചു. അവൻ ദൃശ്യമായ ഈ ഭൗതികലോകം ഉണ്ടാകുവാൻ പറഞ്ഞു. ഇത് നമ്മൾ മനസ്സിലാക്കേണ്ടത് പ്രധാനമാണ്.

സ്വാഭാവികവും ദൃശ്യവും ഭൗതികവുമായ ഈ ലോകത്തിലെ സകലതും ദൈവവചനത്തിന് അധീനമാണ്.

ദൈവവചനം ഇപ്പോഴും സൃഷ്ടിനടത്തുന്നുണ്ട്. നമ്മുടെ "ലോകത്തിൽ" (നമ്മുടെ ജീവിതം, നമ്മുടെ ദൈനംദിന ജീവിത മേഖലകളിൽ) ഇല്ലാത്തത് സൃഷ്ടിക്കുവാൻ ദൈവവചനത്തിന് കഴിയും. ദൈവവചനത്തിന്റെ ശക്തി നമ്മുടെ ലോകത്തിലേക്ക് എങ്ങനെ പുറപ്പാട്പ്പെടുവിക്കാമെന്ന് നാം പഠിക്കുകയാണെങ്കിൽ ദൈവം വാഗ്ദത്തം ചെയ്തത് നമുക്കു ലഭിക്കും.

ദൈവവചനം വ്യത്യാസം വരുത്തുകയും രൂപാന്തരപ്പെടുത്തുകയും ചെയ്യുന്നു. ദൈവവചനത്തിന് നമ്മുടെ ലോകത്തിലെ (നമ്മുടെ ജീവിതം, നമ്മുടെ ദൈനംദിന ജീവിത മേഖലകൾ) കാര്യങ്ങളെ മാറ്റുവാനും രൂപാന്തരപ്പെടുത്തുവാനും, ദൈവം നമുക്കായി വാഗ്ദത്തം ചെയ്തിരിക്കുന്നതിലേക്ക് അവയെ അനുരൂപപ്പെടുത്തുവാനും കഴിയും. എന്നാൽ ദൈവവചനത്തിന്റെ ശക്തി നമ്മുടെ ലോകത്തിലേക്ക് പുറപ്പാട്പ്പെടുവിക്കാൻ നാം പഠിക്കണം.

തിരുവെഴുത്തുകളിലുടനീളം, നമ്മുടെ ലോകത്തിൽ ദൈവത്തിന്റെ വചനത്തിന്റെ ശക്തി ഉളവാക്കുന്നതിന് കാരണമാകുന്നതിനായി അവൻ വച്ചിട്ടുള്ള പ്രധാന വസ്തുതകളിൽ ഒന്ന് വിശ്വാസത്തോടെ നാം അവന്റെ വചനം സംസാരിക്കുക എന്നതാണ്. നാം അവന്റെ വചനം വിശ്വസിക്കുകയും നമ്മുടെ ലോകത്തിലേക്ക് അവന്റെ വചനം സംസാരിക്കുകയും ചെയ്യുമ്പോൾ—നമ്മുടെ അവസ്ഥകളിലും, സാഹചര്യങ്ങളിലും, മനസ്സിലും, ശരീരത്തിലും, സാമ്പത്തികത്തിലും, കുടുംബത്തിലും, തൊഴിൽ മേഖലകളിലും—തുടങ്ങി എല്ലായിടങ്ങളിലും അവന്റെ വചനത്തിന്റെ ശക്തി പുറപ്പാട്പ്പെട്ടുവിക്കപ്പെടുന്നു. നമ്മുടെ ലോകത്തിലുള്ള സകലതും അവന്റെ വചനത്തിന് വിധേയമാണ്, അവയെയെല്ലാം വചനത്തിന് അനുസൃതമായി കൊണ്ടുവരപ്പെടുകയും ചെയ്യുന്നു. നിങ്ങളുടെ ലോകം അവന്റെ വചനത്താൽ രൂപവും ആകൃതിയും ധരിക്കട്ടെ.

## 14

# നിങ്ങളുടെ നാവിന് നിങ്ങൾക്ക് നല്ല ദിവസങ്ങളും ദീർഘായുസ്സും നൽകുവാൻ കഴിയും

**സങ്കീർത്തനങ്ങൾ 34:12-14**
**[12]ജീവനെ ആഗ്രഹിക്കയും നന്മ**
**കാണേണ്ടതിനു ദീർഘായുസ്സ് ഇച്ഛിക്കയും ചെയ്യുന്നവൻ ആർ?**
**[13]ദോഷം ചെയ്യാതെ നിന്റെ നാവിനെയും വ്യാജം പറയാതെ നിന്റെ അധരത്തെയും കാത്തുകൊൾക;**
**[14]ദോഷം വിട്ടകന്നു ഗുണം ചെയ്ക;**
**സമാധാനം അന്വേഷിച്ചു പിന്തുടരുക.**

നമ്മുടെ വാക്കുകൾ നമ്മുടെ ദീർഘായുസ്സിനെയും ജീവിതത്തിന്റെ ഉത്കൃഷ്ടതയെയും ബാധിക്കുമെന്ന് തിരുവെഴുത്തുകൾ ഇവിടെ നമ്മെ പഠിപ്പിക്കുന്നു. നല്ലതും ദീർഘായുസ്സുള്ളതുമായ ജീവിതം ആസ്വദിക്കുന്നതിനായി ദുഷിച്ചതും, മലിനവും, അശുദ്ധവും, ക്രൂരവുമായ കാര്യങ്ങൾ സംസാരിക്കുന്നതിൽ നിന്ന് നമ്മെത്തന്നെ സൂക്ഷിക്കുക എന്നതാണ് ഈ വേദഭാഗത്തു ദാവീദ് ആദ്യം ചൂണ്ടിക്കാണിക്കുന്ന കാര്യം. കള്ളവും വ്യാജവും സംസാരിക്കുന്നത് ഒഴിവാക്കുക. നാവിനെ മെരുക്കുക. ശരിയായ വാക്കുകൾ സംസാരിക്കുക. സത്യത്തിന്റെ വാക്കുകൾ സംസാരിക്കുക. ജീവന്റെ വാക്കുകൾ സംസാരിക്കുക. അതാണ് ആദ്യത്തെ കാര്യം. തിന്മ ചെയ്യുന്നതിൽ നിന്ന് അകന്നു നിൽക്കുക. പകരം, നന്മ ചെയ്യുകയും, സമാധാനം പിന്തുടരുകയും ചെയ്യുക.

നമ്മുടെ വാക്കുകൾ നമ്മുടെ ലോകത്തെ ബാധിക്കുന്നു. അവ നന്മക്കും, ജീവിതത്തിനും, അനുഗ്രഹത്തിനും കാരണമാകാം അല്ലെങ്കിൽ തിന്മക്കും, മരണത്തിനും, ശാപത്തിനും കാരണമാകാം. നമ്മുടെ വാക്കുകൾ വളരെ നിസ്സാരമാണെന്ന് തോന്നാമെങ്കിലും പലതരത്തിൽ, അവ നമ്മുടെ ജീവിതാനുഭവങ്ങളുടെ അടിസ്ഥാനക്കല്ലുകളാണ്. നമ്മൾ വിതയ്ക്കുന്ന വിത്തുകൾ പോലെയാണ് അവ, ഒരു ദിവസം നമ്മുടെ ജീവിതത്തിൽ അവയുടെ സ്വന്തം

സ്വഭാവത്തിനനുസൃതമായി ഫലം പുറപ്പാട്പ്പെടുവിക്കും. നമ്മുടെ ജീവിതത്തിൽ ഒരു പ്രധാന പങ്ക് വഹിക്കാൻ ദൈവം നമ്മുടെ വാക്കുകൾ രൂപകൽപ്പന ചെയ്തു. നിങ്ങളുടെ വാക്കുകൾ നിസ്സാരമായി കാണരുത്. അവയെ ശ്രദ്ധാപൂർവം കൈകാര്യം ചെയ്യുക. നിങ്ങളുടെ ജീവിതം വാക്കുകളാലാണ് രൂപപ്പെടുന്നത് എന്നതിനാൽ നിങ്ങളുടെ വാക്കുകൾ ശ്രദ്ധാപൂർവ്വം തിരഞ്ഞെടുക്കുക.

നാം ദൈവവചനം മാത്രം സംസാരിച്ചാൽ നമ്മുടെ വാക്കുകൾ എത്ര ശക്തമായിരിക്കും! നമ്മുടെ ജീവിതത്തിൽ നാം സംസാരിക്കുകയും പ്രസ്താവിക്കുകയും ചെയ്യുന്നത് ദൈവവചനം മാത്രമാണെങ്കിൽ നമ്മുടെ ജീവിതം എത്ര അനുഗ്രഹിക്കപ്പെട്ടതായിരിക്കും! ദൈവത്തിന്റെ സ്വന്തം വചനത്തിൽ നിന്നുരുവാകുന്ന വാക്കുകൾ നമ്മുടെ ജീവിതം പണിയപ്പെടുന്ന അടിസ്ഥാനക്കല്ലുകളാകട്ടെ. ദൈവത്തിന്റെ സ്വന്തം വചനത്തിൽ നിന്നുരുവാകുന്ന വാക്കുകൾ നമ്മുടെ ജീവിതത്തിൽ വിതയ്ക്കപ്പെടുന്ന വിത്തുകളായി മാറട്ടെ, അതിൽ നിന്നാണ് വരുവാനുള്ള ദിവസങ്ങളിൽ നമുക്ക് ഫലം ലഭിക്കുന്നത്. നിങ്ങളുടെ നാവ് നിങ്ങൾക്ക് നല്ല ദിനങ്ങളും ദീർഘായുസ്സും നൽകട്ടെ. അവന്റെ വചനം സംസാരിക്കുക.

15

# അവന്റെ വചനം പ്രസ്താവിക്കുക എന്നത് അവന്റെ ഉടമ്പടി അവകാശപ്പെടലാണ്

**സങ്കീർത്തനങ്ങൾ 50:14–17**
**[14]ദൈവത്തിനു സ്തോത്രയാഗം അർപ്പിക്ക;**
**അത്യുന്നതനു നിന്റെ നേർച്ചകളെ കഴിക്ക.**
**[15]കഷ്ടകാലത്ത് എന്നെ വിളിച്ചപേക്ഷിക്ക;**
**ഞാൻ നിന്നെ വിടുവിക്കയും നീ എന്നെ മഹത്ത്വപ്പെടുത്തുകയും ചെയ്യും.**
**[16]എന്നാൽ ദുഷ്ടനോടു ദൈവം അരുളിച്ചെയ്യുന്നു:**
**നീ എന്റെ ചട്ടങ്ങളെ അറിയിപ്പാനും**
**എന്റെ നിയമത്തെ നിന്റെ വായിൽ എടുപ്പാനും നിനക്കെന്തു കാര്യം?**
**[17]നീ ശാസനയെ വെറുത്ത്**
**എന്റെ വചനങ്ങളെ നിന്റെ പുറപ്പാട്കിൽ എറിഞ്ഞുകളയുന്നുവല്ലോ.**

നിങ്ങളുടെ വായ് കൊണ്ട് ദൈവവചനം സംസാരിക്കുക എന്നാൽ അവന്റെ ഉടമ്പടി നിങ്ങളുടെ വായിൽ വഹിക്കുകയാണ്, അതായത്, അവന്റെ ഉടമ്പടിയെയോ വാഗ്ദത്തങ്ങളേയോ ചോദിക്കുകയും അവകാശപ്പെടുകയും ചെയ്യുക എന്നതാണ്. ഭക്തികെട്ടവർ അവന്റെ വചനത്തെ തുച്ഛീകരിക്കുന്നതിനാൽ ദൈവം അവരെ ഭത്സിക്കുന്നു. അവർ ദൈവവചനത്തെ മാനിക്കുന്നില്ല. അവർ അവന്റെ വചനത്തെ വിലയില്ലാത്തതായി തള്ളിക്കളയുന്നു. അതിനാൽ, ദൈവവചനത്തെ അവഗണിക്കുന്ന ഈ ജനങ്ങൾക്ക് അവന്റെ വചനം സംസാരിക്കുവാനും അവന്റെ ഉടമ്പടിയുടെ നേട്ടങ്ങൾ അവകാശപ്പെടുവാനും അവകാശമില്ല.

എന്നാൽ, അവന്റെ വചനം വിശ്വസിക്കുകയും മാനിക്കുകയും ചെയ്യുന്ന നാം അവന്റെ വചനം പ്രസ്താവിക്കുമ്പോൾ, അവനുമായി നമുക്കുള്ള ഉടമ്പടി അവകാശപ്പെടുന്നതായി ദൈവം കാണുന്നു. അവന്റെ വചനം പ്രസ്താവിച്ചുകൊണ്ട് നാം അവന്റെ ഉടമ്പടി നമ്മുടെ വായിൽ വഹിക്കുമ്പോൾ, നമ്മോടുള്ള ദൈവത്തിന്റെ ഉടമ്പടിയുടെ അനുഗ്രഹങ്ങൾ നാം അവകാശപ്പെടുകയാണ്.

ദൈവം യഹോവയാണ്, ഉടമ്പടി പാലിക്കുകയും വാഗ്ദത്തങ്ങൾ നിറവേറ്റുകയും ചെയ്യുന്ന ശാശ്വതവാനും സ്വയംഭൂവായവനും

മാറ്റമില്ലാത്തതുമായ ദൈവം. അവൻ ഒരിക്കലും തന്റെ ഉടമ്പടി ലംഘിക്കുകയോ താൻ പറഞ്ഞ വാക്കുകൾ മാറ്റുകയോ ചെയ്യുകയില്ല. നാം തന്റെ പുത്രനായ യേശുക്രിസ്തു മുഖാന്തരം സർവ്വശക്തനായ ദൈവവുമായി ഒരു രക്ത ഉടമ്പടിയിലാണ്. നമ്മോടുള്ള അവന്റെ രക്ത ഉടമ്പടിയിലൂടെ, അവൻ തന്നെത്തന്നെ മുഴുവനായും നമുക്ക് ലഭ്യമാക്കിയിരിക്കുന്നു. അവന്റെ ഉടമ്പടി നാമങ്ങളിലൂടെ നാം ഇതിൽ ചിലത് മനസ്സിലാക്കുന്നു. നിങ്ങളുടെ ഉടമ്പടി അനുഗ്രഹങ്ങൾ അറിയുക. ഏത് സാഹചര്യങ്ങളിലും അവന്റെ വചനം പ്രസ്താവിക്കുക. നിങ്ങളുടെ ഉടമ്പടി അനുഗ്രഹങ്ങൾ അവകാശപ്പെടുകയും അതിൽ നടക്കുകയും ചെയ്യുക.

# 16
# ഞാൻ കർത്താവിനെക്കുറിച്ച് പറയും

**സങ്കീർത്തനങ്ങൾ 91:1,2**
**[1]അത്യുന്നതന്റെ മറവിൽ വസിക്കയും സർവശക്തന്റെ**
**നിഴലിൻകീഴിൽ പാർക്കയും ചെയ്യുന്നവൻ**
**[2]യഹോവയെക്കുറിച്ച്: അവൻ എന്റെ സങ്കേതവും കോട്ടയും**
**ഞാൻ ആശ്രയിക്കുന്ന എന്റെ ദൈവവും എന്നു പറയുന്നു.**

കർത്താവിനെക്കുറിച്ച് നിങ്ങൾ എന്തു പറയും? ദൈവം തന്റെ സങ്കേതവും കോട്ടയുമാണെന്നാണ് സങ്കീർത്തനങ്ങൾർത്തനക്കാരൻ കർത്താവിനെക്കുറിച്ച് പറഞ്ഞത്. തന്നെ സംരക്ഷിക്കുവാൻ തന്റെ വിശ്വാസവും, അവലംബവും, ആത്മവിശ്വാസവും, ആശ്രയവും അവൻ കർത്താവിൽ അർപ്പിക്കുകയായിരുന്നു.

കർത്താവിനെക്കുറിച്ച് നിങ്ങൾ എന്തു പറയും?

- അവൻ എന്റെ രക്ഷകനാണെന്ന് ഞാൻ കർത്താവിനെക്കുറിച്ച് പറയും. എന്റെ എല്ലാ പാപങ്ങളിൽനിന്നും അവൻ എന്നെ രക്ഷിച്ചിരിക്കുന്നു. അവൻ എന്റെ ജീവിതത്തിൽ പാപത്തിന്റെ ശക്തി തകർത്തു. പാപത്തിന്റെ ആധിപത്യത്തിൽ നിന്ന് ഞാൻ സ്വതന്ത്രനാണ്.
- അവൻ എന്റെ സ്വർഗ്ഗീയ പിതാവാണെന്ന് ഞാൻ കർത്താവിനെക്കുറിച്ച് പറയും. അവന്റെ സ്വന്തമെന്ന നിലയിൽ അവൻ എന്നെ പരിപാലിക്കുന്നു. അവന്റെ സ്നേഹം ഒരിക്കലും അവസാനിക്കുകയോ, പരാജയപ്പെടുകയോ ചെയ്യുന്നില്ല. അവന്റെ സ്വന്തമായി അവൻ എന്നെ സ്വീകരിച്ചിരിക്കുന്നു.
- ഞാൻ കർത്താവിനെക്കുറിച്ച് അവൻ എന്നെ സൗഖ്യമാക്കുന്നവനും, വിടുവിക്കുന്നവനുമാകുന്നു എന്ന് പറയും. അവൻ എന്റെ എല്ലാ രോഗങ്ങളും സൗഖ്യമാക്കുന്നു. എന്റെ എല്ലാ കഷ്ടതകളിൽ നിന്നും പ്രതികൂലങ്ങളിൽ നിന്നും അവൻ എന്നെ വിടുവിക്കുന്നു.
- അവൻ എന്റെ വീണ്ടെടുപ്പുകാരനാണെന്ന് ഞാൻ കർത്താവിനെക്കുറിച്ച് പറയും. അവൻ എന്നെ അന്ധകാരത്തിന്റെ

ശക്തികളിൽ നിന്ന് വിടുവിച്ച് തന്റെ സ്വന്തം രാജ്യത്തിലേക്ക് മാറ്റി. തന്റെ പുത്രനായ യേശുക്രിസ്തുവിന്റെ രക്തത്താൽ ഞാൻ വീണ്ടെടുക്കപ്പെട്ടു.

- അവൻ എന്റെ നീതിയാണ് എന്ന് ഞാൻ കർത്താവിനെക്കുറിച്ച് പറയും. കുറ്റബോധമോ, നാണക്കേടോ, അപകർഷതാബോധമോ, നിന്ദയോ കൂടാതെ ഞാൻ അവന്റെ നീതിയെ ധരിച്ചുകൊണ്ടുനിൽക്കുന്നു. ഞാൻ വിശുദ്ധനും അവന്റെ മുമ്പാകെ കുറ്റമില്ലാത്തവനുമാണ് .
- അവൻ എന്റെ ദായകനാണെന്ന് ഞാൻ കർത്താവിനെക്കുറിച്ച് പറയും. അവൻ തന്റെ ധനത്തിനൊത്തവണ്ണം എന്റെ എല്ലാ ആവർത്തനപുസ്തകംശ്യങ്ങളും നിറവേറ്റുന്നു. അവൻ എന്നിലെ ഒരു നന്മയും മുടക്കുകയില്ല; എന്നിൽ സകല കൃപയും പെരുകുമാറാക്കുന്നു.
- അവൻ തനിക്കായി എന്നെ വേർതിരിച്ച് ശുദ്ധികരിക്കുന്നവന്നാണെന്നു ഞാൻ കർത്താവിനെക്കുറിച്ച് ഞാൻ പറയും. അവൻ പരിശുദ്ധനായിരിക്കുന്നതുപോലെ ഞാനും വിശുദ്ധനാണ്. അവന്റെ സ്വന്തം വിളിക്കപ്പെട്ട ജനത്തിന്റെ ഭാഗമാകുവാൻ അവൻ എന്നെ ശുദ്ധീകരിച്ചിരിക്കുന്നു.
- അവൻ എന്നെ നയിക്കുകയും, എന്റെ ആവർത്തനപുസ്തകംശ്യങ്ങൾ നൽകുകയും, സംരക്ഷിക്കുകയും, വഴികാട്ടുകയും, വീണ്ടെടുക്കുകയും ചെയ്യുന്ന എന്റെ ഇടയനാണ് എന്ന് ഞാൻ കർത്താവിനെക്കുറിച്ച് പറയും. അവൻ എന്റെ ശത്രുക്കളുടെ മുൻപാകെ അവൻ എനിക്കായി ഒരു മേശ ഒരുക്കുന്നു!
- അവൻ എന്നെ വഴിനടത്തുകയും എന്റെ കാലടികളെ നയിക്കുകയും ചെയ്യുന്ന എന്റെ ഉപദേഷ്ടാവ് ആകുന്നു എന്ന് ഞാൻ കർത്താവിനെക്കുറിച്ച് പറയും. എന്റെ കാലടികളെ കർത്താവ് ക്രമീകരിച്ചിരിക്കുന്നു, ഞാൻ വീണാലും അവൻ എന്നെ താങ്ങി നിർത്തുന്നു.
- അവൻ എന്റെ സഹായിയാണെന്ന് ഞാൻ കർത്താവിനെക്കുറിച്ച് പറയും. എന്റെ സഹായം ആകാശത്തെയും ഭൂമിയെയും സൃഷ്ടിച്ചവനിൽ നിന്നാണ് വരുന്നത്. അവൻ എന്നെ നിരാശപ്പെടുത്തുകയില്ല.
- ഞാൻ കർത്താവിനെക്കുറിച്ച് അവൻ എന്റെ നീതിമാനായ ന്യായാധിപനും എന്നെ കുറ്റവിമുക്തനാക്കുന്നവനുമാണെന്ന്

പറയും. ഞാൻ എന്റെ കാര്യങ്ങൾ അവന്റെ മുമ്പാകെ വയ്ക്കുന്നു. ഞാൻ ആർക്കും തിന്മയ്ക്കു പകരം തിന്മ ചെയ്യുകയില്ല. ഞാൻ തിന്മയെ നന്മകൊണ്ട് ജയിക്കുന്നു. എന്റെ ദൈവം എനിക്കായ് ന്യായം ചെയ്യുന്നു.

- അവന്റെ നാമത്തിൽ ഞാൻ വിജയിച്ചിരിക്കുന്നതിനാൽ, ഞാൻ കർത്താവിനെക്കുറിച്ചു അവൻ എന്റെ ജയക്കൊടിയാണ് എന്ന് പറയും. എല്ലാ സാഹചര്യങ്ങളിലും അവൻ എന്നെ ജയോത്സവമാക്കുന്നു. അവൻ എനിക്ക് വിജയം നൽകുന്നതിനാൽ അവനിലൂടെ ഞാൻ നിർഭയനായിരിക്കുന്നു.
- അവൻ എന്റെ സമാധാനം ആകുന്നു എന്ന് ഞാൻ യഹോവയെക്കുറിച്ചു പറയും. അവൻ എന്റെ ജീവിതത്തെ തികഞ്ഞ സ്വസ്ഥതയാലും, സമാധാനത്താലും, പൂർണ സൗഖ്യത്താലും നിറയ്ക്കുന്നു.
- ഞാൻ കർത്താവിനെക്കുറിച്ച്, അവൻ എന്റെ പരിപാലകനാണെന്ന് പറയും. ഒരു അനര്ത്ഥവും എന്നെ ബാധിക്കുകയില്ല. എന്നെ കാക്കുന്നവൻ ഒരിക്കലും മയങ്ങുന്നില്ല. അവന്റെ ദൂതന്മാർ എന്നെ പരിപാലിക്കാൻ നിയോഗിക്കപ്പെട്ടിരിക്കുന്നു.
- ഞാൻ കർത്താവിനെക്കുറിച്ച് അവൻ എന്നെ ശക്തിപ്പെടുത്തുന്നവനാണ് എന്ന് പറയും. അവനാണ് എന്റെ ജീവിതത്തിന്റെ ശക്തി. ഞാൻ അവനെ കാത്തിരിക്കുമ്പോൾ, കഴുകനെപ്പോലെ ചിറകടിച്ചുയരുവാൻ അവൻ എന്നെ ശക്തനാക്കുന്നു.
- അവൻ എനിക്ക് പ്രതിഫലം നൽകുന്നവനാണെന്ന് ഞാൻ കർത്താവിനെക്കുറിച്ച് പറയും. എന്റെ ദൈവം അവന്റെ നാമത്തിൽ ഞാൻ ചെയ്ത സ്നേഹപ്രവൃത്തികൾ മറക്കുന്നില്ല. അവനാണ് എനിക്ക് പ്രതിഫലം നൽകുന്നതും, എന്നെ വർദ്ധിപ്പിക്കുന്നതും, ഫലം കായ്പ്പിക്കുന്നതും.

ഇതിലേക്ക് നിങ്ങളുടേതായി കൂടുതൽ ചേർക്കുക. കർത്താവിനെക്കുറിച്ച് നിങ്ങൾ എന്തു പറയും?

# 17
# ദൂതന്മാർ അവന്റെ വചനത്തിന്റെ ശബ്ദം ശ്രദ്ധിക്കുന്നു

**സങ്കീർത്തനങ്ങൾ 103:20,21**
**20 അവന്റെ വചനത്തിന്റെ ശബ്ദം കേട്ട്**
**അവന്റെ ആജ്ഞ അനുസരിക്കുന്ന വീരന്മാരായി**
**അവന്റെ ദൂതന്മാരായുള്ളോരേ, യഹോവയെ വാഴ്ത്തുവിൻ.**
**21 അവന്റെ ഇഷ്ടം ചെയ്യുന്ന ശുശ്രൂഷക്കാരായി**
**അവന്റെ സകല സൈന്യങ്ങളുമായുള്ളോരേ,**
**യഹോവയെ വാഴ്ത്തുവിൻ;**

ദൈവത്തിന്റെ ദൂതന്മാർ ബലമേറിയവരും ശക്തരുമാണ്. അവർ അവന്റെ വചനം പ്രവർത്തിക്കുന്നു. അവർ അവന്റെ വചനത്തിന്റെ ശബ്ദം ശ്രദ്ധിക്കുകയും ദൈവവചനം പ്രഖ്യാപിക്കുന്നത് നടപ്പിലാക്കുകയും ചെയ്യുന്നു.

ഈ രണ്ട് വാക്യങ്ങളിൽ നിന്ന് പൂർണമായി തെളിയിക്കാൻ കഴിയില്ലെങ്കിലും, ദൂതൻമ്മാരെയും അവരുടെ പ്രവൃത്തികളെയും കുറിച്ച് തിരുവെഴുത്തുകളിലൂടെ നമുക്കറിയാവുന്ന കാര്യങ്ങളുടെ സാരാംശത്തിന്റെ അടിസ്ഥാനത്തിൽ നം ഇവിടെ ഒരു അനുമാനത്തിൽ എത്തിച്ചേരുന്നു. ദൈവം പറഞ്ഞത് നമ്മുടേതാണെന്ന് പ്രസ്താവിക്കുന്ന വചനം നാം സംസാരിക്കുമ്പോൾ, നാം പ്രഖ്യാപിക്കുന്ന അവന്റെ വചനത്തിന്റെ ശബ്ദം ദൂതന്മാർ കേൾക്കുകയും, ദൈവവചനമനുസരിച്ച്, രക്ഷയുടെ അവകാശികളായ നമുക്ക് അവർ ശുശ്രൂഷ ചെയ്യുകയും ചെയ്യുന്നു. ഇത് നാം ഉണ്ടാക്കുന്ന സാധുവായ ഒരു അനുമാനം മാത്രമാണ്.

രക്ഷയുടെ അവകാശികളായ നമ്മെ ശുശ്രൂഷിക്കുവാൻ ദൂതന്മാരെ അയച്ചിരിക്കുന്നു (എബ്രായർ 1:14). അവന്റെ വിശുദ്ധന്മാരായ നമുക്കുവേണ്ടി ദൈവം പ്രഖ്യാപിച്ചത് അവർ നമുക്കു നൽകുന്നു. അവന്റെ ജനമായ നമുക്കായി ദൈവം ചെയ്യാൻ ആഗ്രഹിക്കുന്നത് ദൂതൻമ്മാർ ചെയ്യുന്നു. ദാനീയേൽയേലിന്റെയും (ദാനീയേൽ 10)

ആദിമ സഭയുടെയും അനുഭവങ്ങളിൽ കാണുന്നതുപോലെ (അപ്പൊ. പ്രവൃത്തികൾ 12:5-7) നാം ഏർപ്പെടുന്ന ആത്മീയപ്രവൃത്തികൾ നമുക്കു വേണ്ടി പ്രവർത്തിക്കുവാൻ ദൂതന്മാരെ സ്വാഗതം ചെയ്യുന്നതായി നമുക്ക് അനുമാനിക്കാം. പ്രാർത്ഥന അത്തരത്തിലുള്ള ഒന്നാണ്. നമ്മുടെ ആരാധനയും, കൊടുക്കലും, ദൈവത്തോടുള്ള നമ്മുടെ അനുസരണവും നമുക്കുവേണ്ടി പ്രവർത്തിക്കാൻ ദൂതന്മാരെ പ്രേരിപ്പിക്കുന്നു എന്ന് പറയുന്നത് വിശ്വസനീയമാണ്. ദൂതന്മാർ ദൈവവചനത്തിന് ചെവിചായ്ക്കുകയും അവന്റെ വചനം നിവർത്തിക്കുകയും ചെയ്യുന്നുവെന്ന് നമുക്കറിയാവുന്നതിനാൽ, ദൈവവചനത്തിലും അവന്റെ വാഗ്ദത്തത്തിലും ഉള്ള നമ്മുടെ വിശ്വാസം പ്രസ്താവിക്കുമ്പോൾ, അതും നമുക്കു വേണ്ടി പ്രവർത്തിക്കുവാൻ ദൂതന്മാരെ പ്രേരിപ്പിക്കുമെന്ന അനുമാനവും സുരക്ഷിതമാണ്. വചനത്തിന് വിരുദ്ധമായ ഒരു കാര്യത്തിലും ദൂതന്മാർ ഏർപ്പെടുകയില്ല. അതുകൊണ്ട്, നാം ദൈവവചനത്തിന് വിരുദ്ധമായി സംസാരിച്ചാൽ, അതിനനുസരിച്ച് ദൂതന്മാർ പ്രവർത്തിക്കുകയില്ല.

നിങ്ങളുടെ ജീവിതത്തിൽ ദൈവവചനം നിറവേറുമെന്ന പ്രതീക്ഷയിലാണ് നിങ്ങൾ ആയിരിക്കുന്നതെന്ന് ദൂതൻമ്മാരെ അറിയിക്കുക. വചനം സംസാരിക്കുക. ഏത് സാഹചര്യത്തിലും, മനഃപൂർവ്വം അവന്റെ വചനം പ്രഖ്യാപിക്കുക. ആവർത്തനപുസ്തകംശ്യത്തിന്റെ സമയത്ത് "എന്റെ ദൈവം യേശുക്രിസ്തുവിലൂടെ തന്റെ മഹിമാധനത്തിനൊത്തവണ്ണം എന്റെ എല്ലാ ആവർത്തനപുസ്തകംശ്യങ്ങളും നിറവേറ്റുന്നു" എന്ന് പ്രഖ്യാപിക്കുക. ആശയക്കുഴപ്പത്തിന്റെ സാഹചര്യത്തിൽ, "പൂർണ്ണമായ സമാധാനവും നല്ല അറിവും സഹകരണവും ഈ സഹചര്യത്തിലേക്ക് വരുവാൻ ഞാൻ കൽപ്പിക്കുന്നു, എന്റെ ദൈവം സമാധാനത്തിന്റെ ദൈവമാണ്, ആശയക്കുഴപ്പത്തിന്റെയല്ല" എന്ന് പ്രഖ്യാപിക്കുക. നിങ്ങളുടെ ശബ്ദത്തിലൂടെ പുറപ്പാട്പ്പെടുന്ന അവന്റെ വചനത്തിന്റെ ശബ്ദം ദൂതന്മാർ കേൾക്കുവാനും അതിൻമേൽ പ്രവർത്തിക്കുവാനും അനുവദിക്കുക.

# 18
# കർത്താവിൽ വീണ്ടെടുക്കപ്പെട്ടവൻ അങ്ങനെ പറയട്ടെ

**സങ്കീർത്തനങ്ങൾ 107:2**
**യഹോവ വൈരിയുടെ കൈയിൽനിന്നു വീണ്ടെടുക്കയും**
**കിഴക്കും പടിഞ്ഞാറും വടക്കും കടലിലും ഉള്ള**

നാം കർത്താവിന്റെ വീണ്ടെടുക്കപ്പെട്ടവരാണ്, നാം അങ്ങനെ പറയണം!

ഒരു തടവുകാരൻ ജയിൽ മോചിതനായ ശേഷം തന്നെ ഒരു തടവുകാരൻ എന്ന് സ്വയം വിളിച്ച് നടക്കാറില്ല. താൻ ഒരു സ്വതന്ത്ര മനുഷ്യനാണെന്ന് അവൻ ധൈര്യത്തോടും അഭിമാനത്തോടുംകൂടെ വിളിച്ചുപറയുന്നു! അവൻ ഒരു തടവുകാരനായിരുന്നു. അത് കഴിഞ്ഞ കാലത്താണ്. ഇപ്പോൾ അവൻ ആരാണ് എന്നതാണ് ഏറ്റവും പ്രധാനം! അവൻ ഒരു സ്വതന്ത്ര മനുഷ്യനാണ്. അവന്റെ സ്വാതന്ത്ര്യത്തിന്റെ മുഴുവൻ അവകാശങ്ങളും അവന് പ്രയോഗിക്കാം.

വിശ്വാസികൾ എന്ന നിലയിൽ, നമ്മെ ഇരുട്ടിന്റെ അധികാരത്തിൽ നിന്ന് വിടുവിക്കുകയും യേശുക്രിസ്തുവിന്റെ രാജ്യത്തിലേക്ക് മാറ്റുകയും ചെയ്തിരിക്കുന്നു. വിശുദ്ധന്മാരായ തന്റെ ജനങ്ങൾക്ക് ദൈവം നൽകിയ അവകാശത്തിൽ പങ്കാളികളാകാൻ നാം യോഗ്യരാണ്. യേശുക്രിസ്തുവിന്റെ വിലയേറിയ രക്തത്താൽ നാം വീണ്ടെടുക്കപ്പെട്ടിരിക്കുന്നു (കൊലൊസ്സ്യർ 1:12-14). വീണ്ടെടുക്കുക എന്നതുകൊണ്ട് അർത്ഥമാക്കുന്നത് "തിരികെ വാങ്ങുക", ബന്ധനത്തിൽ നിന്നും വിടുവിക്കുക, മഹത്വത്തിന്റെ യഥാർത്ഥ അവസ്ഥയിലേക്ക് പുനഃസ്ഥാപിക്കുക എന്നൊക്കെയാണ്. കർത്താവിന്റെ വീണ്ടെടുക്കപ്പെട്ടവരാണ് നാം. പിശാചിന് ഇനി നമ്മുടെ മേൽ അവകാശമോ, ആധിപത്യമോ, അധികാരമോയില്ല. ദൈവം വിലയ്ക്കു വാങ്ങിയ സ്വത്താണ് നാം (1 കൊരിന്ത്യർ 6:20).

- ഞാൻ കർത്താവിന്റെ വീണ്ടെടുക്കപ്പെട്ടവനാണ്, ഞാൻ അങ്ങനെ പറയുന്നു!

- പിശാചിന്റെയും അവന്റെ എല്ലാ ഭൃതങ്ങളുടെയും അധികാരത്തിൽ നിന്നും ഞാൻ വീണ്ടെടുക്കപ്പെട്ടിരിക്കുന്നു (കൊലൊസ്സ്യർ 1:13). അന്ധകാരത്തിന്റെ ശക്തികൾക്ക് എന്റെ മേൽ അവകാശമോ അധികാരമോയില്ല.
- ഞാൻ പാപത്തിന്റെ അധീനതയിൽ നിന്ന് വീണ്ടെടുക്കപ്പെട്ടിരിക്കുന്നു (റോമർ 6:6,14). പാപത്തിന് എന്റെമേൽ ആധിപത്യമുണ്ടാകുകയില്ല.
- ന്യായപ്രമാണത്തിലെ ശാപത്തിൽ നിന്ന് ഞാൻ വീണ്ടെടുക്കപ്പെട്ടിരിക്കുന്നു (ഗലാത്യർ 3:13). ഞാൻ ഇപ്പോൾ അബ്രഹാമിന്റെ അനുഗ്രഹത്തിൻ കീഴിൽ നടക്കുന്നു.
- ഇന്നത്തെ ഈ ദുഷ്ടലോകത്തിൽ നിന്ന് ഞാൻ വീണ്ടെടുക്കപ്പെട്ടിരിക്കുന്നു (ഗലാത്യർ 1:4). ഈ കാലഘട്ടത്തിലെ വഴികൾക്കോ, സ്വാധീനത്തിനോ, ദുഷ്ടതക്കോ എന്റെ മേൽ അധികാരമില്ല.
- എല്ലാ പാപപ്രവൃത്തികളിൽ നിന്നും ഞാൻ വീണ്ടെടുക്കപ്പെട്ടിരിക്കുന്നു (തീത്തൊസിന് 2:14). മുൻകാലങ്ങളിലെ പാപപൂർണ്ണമായ ജീവിതരീതികൾക്ക് എന്റെ മേൽ അധികാരമില്ല. അവന്റേതാകുവാനും നീതിപ്രവൃത്തികൾക്കുമായി ഞാൻ ശുദ്ധീകരിക്കപ്പെട്ടിരിക്കുന്നു.
- മുൻ തലമുറകളുടെ ലക്ഷ്യമില്ലാത്തതും പാപപൂർണ്ണവുമായ ജീവിതരീതികളിൽ നിന്ന് ഞാൻ വീണ്ടെടുക്കപ്പെട്ടിരിക്കുന്നു (1 പത്രൊസ് 1:18,19). പുതിയൊരു ജീവിതത്തിൽ നടക്കുന്ന ഒരു പുതിയ സൃഷ്ടിയാണ് ഞാൻ.
- കുഞ്ഞാടിന്റെ രക്തത്താൽ ഞാൻ വീണ്ടെടുക്കപ്പെടുകയും ശത്രുവിനെ ജയിക്കുകയും ചെയ്യുന്നു (വെളിപ്പാട് 12:11). പിശാചും അവന്റെ ദൂതൻമ്മാരും എന്റെ കാൽക്കീഴിൽ ചതഞ്ഞ് കിടക്കുന്നു (ലൂക്കൊസ് 10:19; റോമർ 16:20).
- ഞാൻ കർത്താവിന്റെ വീണ്ടെടുക്കപ്പെട്ടവനാണ്, ഞാൻ അങ്ങനെ പറയുന്നു!

# 19
# സന്തോഷത്തിന്റെയും രക്ഷയുടെയും ശബ്ദം നിലനിർത്തുക

**സങ്കീർത്തനങ്ങൾ 118:15-17**
**[15]ഉല്ലാസത്തിന്റെയും ജയത്തിന്റെയും ഘോഷം നീതിമാന്മാരുടെ കൂടാരങ്ങളിൽ ഉണ്ട്;**
**യഹോവയുടെ വലംകൈ വീര്യം പ്രവർത്തിക്കുന്നു.**
**[16]യഹോവയുടെ വലംകൈ ഉയർന്നിരിക്കുന്നു;**
**യഹോവയുടെ വലംകൈ വീര്യം പ്രവർത്തിക്കുന്നു.**
**[17]ഞാൻ മരിക്കയില്ല; ഞാൻ ജീവനോടെയിരുന്നു**
**യഹോവയുടെ പ്രവൃത്തികളെ വർണിക്കും.**

നീതിമാന്മാരുടെ ഭവനങ്ങളിൽ ഉല്ലാസത്തിന്റെയും രക്ഷയുടെയും ഘോഷമുണ്ട്. "രക്ഷ" എന്ന വാക്കിനു ഹീബ്രുവിൽ 'യേശൂവാ' (yeshuah) എന്നാണ് (ഗ്രീക്ക് ഭാഷയിലെ *'സോസോ'* എന്ന പദം പോലെ); രക്ഷ, സുരക്ഷ, വിടുതൽ, വിജയം, സമൃദ്ധി, ആരോഗ്യം, സഹായം, ക്ഷേമം, സൗഖ്യം, സമ്പൂർണ്ണത തുടങ്ങി വിശാലമായ അർഥങ്ങൾ ഉൾക്കൊള്ളുന്ന ഒരു പദമാണിത്.

ഈ ലോകത്തിന്റെ വെല്ലുവിളികൾ ഓരോ ഭവനത്തിലേക്കും ഒരു തരത്തിൽ അല്ലെങ്കിൽ മറ്റൊരു തരത്തിൽ പ്രവേശിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. നീതിമാന്മാരുടെ ഭവനങ്ങൾ വെല്ലുവിളികളും ജീവിതത്തിന്റെ കൊടുങ്കാറ്റുകളും അഭിമുഖീകരിക്കേണ്ടിവരുന്നു. എന്നിരുന്നാലും, *"കർത്താവിന്റെ വലംകൈ"* നീതിമാന്മാർക്കുവേണ്ടി വീര്യം പ്രവർത്തിക്കുന്നു. *"കർത്താവിന്റെ വലംകൈ"* എന്നത് ദൈവത്തിന്റെ ശക്തിയാകുന്നു, അത് എല്ലായ്പ്പോഴും വിജയിക്കുന്നതും മറ്റെന്തിനേക്കാളും ശക്തവുമാണ്. അതിനാൽ, നീതിമാന്മാർക്ക് അവരുടെ ഭവനങ്ങളിൽ ഉല്ലാസത്തിന്റെയും, വിജയത്തിന്റെയും, ആഘോഷത്തിന്റെയും, രക്ഷയുടെയും ഘോഷങ്ങൾ ഉണ്ട്. അതുകൊണ്ട്, *"ഞാൻ മരിക്കുകയില്ല, ജീവനോടെയിരുന്നു കർത്താവിന്റെ പ്രവൃത്തികളെ വർണിക്കും"* എന്ന് നമുക്ക് പറയുവാൻ കഴിയും.

ചില വെല്ലുവിളികളിലൂടെ കടന്നുപോകുമ്പോൾ നാം എന്താണ് ചെയ്യുന്നത്? നാം നമ്മുടെ ശബ്ദം മാറ്റുന്നുണ്ടോ? ഇല്ല! നമ്മുടെ ഭവനങ്ങളിൽ സന്തോഷത്തിന്റെയും രക്ഷയുടെയും ശബ്ദം നാം നിലനിർത്തുന്നു. നമ്മുടെ ദൈവം ശക്തനാണെന്ന് നാം പ്രഖ്യാപിക്കുന്നത് തുടർന്നുകൊണ്ടിരിക്കുന്നു. നമ്മുടെ ദൈവം നമ്മെ രക്ഷിക്കുകയും, സൂക്ഷിക്കുകയും, പരിപാലിക്കുകയും, സൗഖ്യമാക്കുകയും, വിടുവിക്കുകയും, അഭിവൃദ്ധിപ്പെടുത്തുകയും, ജയം നൽകുകയും ചെയ്യുന്നതിനാൽ നാം രക്ഷയുടെ ശബ്ദം നിലനിർത്തുന്നു! കർത്താവിന്റെ വലങ്കരം എല്ലാ കാലത്തും ശക്തവും ജയം നൽകുന്നതുമാണ്. നിങ്ങളുടെ ഭവനത്തിൽ സന്തോഷത്തിന്റെയും രക്ഷയുടെയും ഘോഷം മുഴങ്ങട്ടെ. എല്ലാ കാലത്തും സന്തോഷത്തിന്റെയും രക്ഷയുടെയും ശബ്ദം നിലനിർത്തുക.

# 20

# നിങ്ങളുടെ ജീവിതത്തെ രൂപപ്പെടുത്തുന്ന ശക്തി നിങ്ങളുടെ ഹൃദയത്തിൽ നിന്ന് വരുന്നു

**സദൃശവാക്യങ്ങൾ 4:20-23**
**20മകനേ, എന്റെ വചനങ്ങൾക്കു ശ്രദ്ധ തരിക;**
**എന്റെ മൊഴികൾക്കു നിന്റെ ചെവി ചായിക്ക.**
**21അവ നിന്റെ ദൃഷ്ടിയിൽനിന്നു മാറിപ്പോകരുത്;**
**നിന്റെ ഹൃദയത്തിന്റെ നടുവിൽ അവയെ സൂക്ഷിച്ചുവയ്ക്കുക.**
**22അവയെ കിട്ടുന്നവർക്ക് അവ ജീവനും**
**അവരുടെ സർവദേഹത്തിനും സൗഖ്യവും ആകുന്നു.**
**23സകല ജാഗ്രതയോടുംകൂടെ നിന്റെ ഹൃദയത്തെ കാത്തുകൊൾക;**
**ജീവന്റെ ഉദ്ഭവം അതിൽനിന്നല്ലോ ആകുന്നത്.**

നമ്മുടെ ഹൃദയങ്ങളെ ദൈവവചനത്താൽ നിറയ്ക്കുക എന്നതാണ് ഇവിടെയുള്ള നിർദ്ദേശം. നാം അവന്റെ വചനത്തിൽ അതീവ ശ്രദ്ധ കൊടുക്കുകയും, അതിലേക്ക് ചായുകയും, അവന്റെ വചനം കേൾക്കുകയും അവന്റെ വചനത്തിൽ ശ്രദ്ധയൂന്നുകയും ചെയ്യുമ്പോൾ അവന്റെ വചനം നമ്മുടെ അകമനുഷ്യനിൽ ഉണ്ടായിരിക്കും. അപ്പോൾ അവന്റെ വചനം നമുക്ക് ജീവനും, ആരോഗ്യവും സമ്പൂർണ്ണതയും നൽകി അനുഗ്രഹിക്കുന്നു. നമ്മുടെ ഹൃദയങ്ങളെ കാത്തുകൊള്ളുവാൻ അവൻ നമ്മോട് നിർദ്ദേശിക്കുന്നു. വചനത്തിന് വിരുദ്ധമായ യാതൊന്നും നമ്മുടെ ഹൃദയങ്ങളിൽ പ്രവേശിക്കാൻ നാം അനുവദിക്കരുത്. നാം നമ്മുടെ ഹൃദയങ്ങളെ സംരക്ഷിക്കുകയും, ഫലത്തിൽ, നാം അവിടെ നിക്ഷേപിച്ചിരിക്കുന്ന വചനത്തെ സംരക്ഷിക്കുകയും വേണം.

നമ്മുടെ അകമനുഷ്യനായ ഹൃദയം വളരെ പ്രധാനപ്പെട്ടതാണ്. നമ്മുടെ ജീവിതത്തെ രൂപപ്പെടുത്തുന്ന ശക്തികൾ നമ്മുടെ ഹൃദയത്തിൽ നിന്നാണ് വരുന്നത്. നാം സംസാരിക്കുന്ന വാക്കുകളാണ് നമ്മുടെ ഹൃദയത്തിലുള്ളത് നമ്മുടെ ജീവിതത്തിലേക്ക് പുറപ്പാട്പ്പെടുവിക്കുന്ന മാർഗ്ഗങ്ങളിലൊന്ന്. നമ്മുടെ അകമനുഷ്യനിൽ നിന്ന് വരുന്ന നമ്മുടെ ജീവിതത്തെ രൂപപ്പെടുത്തുന്ന ശക്തികൾ നാം സംസാരിക്കുന്ന വാക്കുകളിലൂടെ പുറപ്പാട്ത്തുവരുന്നു.

നമ്മുടെ ഹൃദയം അവന്റെ വചനത്താൽ നിറഞ്ഞതാണെങ്കിൽ, നാം സംസാരിക്കുന്ന വാക്കുകൾ അവന്റെ വചനത്തോട് യോജിക്കുന്നതായിരിക്കും. നാം അവന്റെ വചനം സംസാരിക്കുന്നു. നമ്മുടെ ജീവിതത്തെ രൂപപ്പെടുത്തുന്ന ശക്തികൾ അവന്റെ വചനത്തിൽ നിന്നാണ് വരുന്നത്. ദൈവവചനത്തിന്റെ ഈ ശക്തി നമ്മുടെ ജീവിതത്തിൽ പ്രവർത്തിക്കുവാനും, നമ്മുടെ ജീവിതത്തിന്റെ എല്ലാ മേഖലകളെയും നമ്മുടെ ഇന്നിനെയും, ഭാവിയെയും സ്വാധീനിക്കുവാനുമായി പുറപ്പാട്പ്പെടുവിക്കുന്നു.

ദൈവവചനത്താൽ നിങ്ങളുടെ ഹൃദയം നിറയ്ക്കുക. അവന്റെ വചനം സംസാരിക്കുക. നിങ്ങളുടെ ജീവിതത്തെ രൂപപ്പെടുത്തുന്ന ശക്തികൾ നിങ്ങളിലുള്ള ദൈവവചനത്തിൽ നിന്ന് പുറപ്പാട്പ്പെടട്ടെ.

# 21

# നീതിയുള്ള വാക്കുകൾ ജീവനും ശക്തിയും പുറപ്പാട്പ്പെടുവിക്കുന്നു

**സദൃശവാക്യങ്ങൾ 10:11,20,21,31,32**
**[11]നീതിമാന്റെ വായ് ജീവന്റെ ഉറവാകുന്നു.**
**എന്നാൽ ദുഷ്ടന്മാരുടെ വായ് സാഹസം മൂടുന്നു.**
**[20]നീതിമാന്റെ നാവ് മേത്തരമായ വെള്ളി;**
**ദുഷ്ടന്മാരുടെ ഹൃദയമോ നിസ്സാരം.**
**[21]നീതിമാന്റെ അധരങ്ങൾ പലരെയും പോഷിപ്പിക്കും;**
**ഭോഷന്മാരോ ബുദ്ധിഹീനതയാൽ മരിക്കുന്നു.**
**[31]നീതിമാന്റെ വായ് ജ്ഞാനം മുളപ്പിക്കുന്നു;**
**വക്രതയുള്ള നാവോ ഛേദിക്കപ്പെടും.**
**[32]നീതിമാന്റെ അധരങ്ങൾ പ്രസാദകരമായത് അറിയുന്നു;**
**ദുഷ്ടന്മാരുടെ വായോ വക്രതയുള്ളതാകുന്നു.**

നീതിമാന്മാരുടെയും ദുഷ്ടന്മാരുടെയും വാക്കുകൾ തമ്മിലുള്ള വ്യത്യാസം ഈ വാക്യങ്ങളിൽ നാം കാണുന്നു. നീതിമാന്മാരുടെ വാക്കുകൾ "ജീവന്റെ ഉറവ" ആകുന്നു. ഈ വാക്കുകൾ ജീവനും, പൂർണ്ണതയും, ക്ഷേമവും, കൂടാതെ "ജീവിതവുമായി" ബന്ധപ്പെട്ടിരിക്കുന്ന നമുക്കറിയാവുന്ന സകല കാര്യങ്ങളും നൽകുന്നു. നീതിമാന്മാരുടെ വാക്കുകൾ "മേൽത്തരമായ വെള്ളി" പോലെയാണ് "-വളരെ ശുദ്ധവും വിലയേറിയതും അമൂല്യവും" എന്നാണ് ഇതുകൊണ്ടർത്ഥമാക്കുന്നത്. നീതിമാന്മാരുടെ വാക്കുകൾ *"അനേകരെ പോഷിപ്പിക്കുന്നു."* അവ അനേകർക്ക് പോഷണവും, ബലവും, ജീവനും, സഹായവും, അനുഗ്രഹവും നൽകുന്നു. ജ്ഞാനവും സ്വീകാര്യതയും (ആനന്ദകരം) നീതിമാന്മാരുടെ വാക്കുകളുടെ രണ്ട് അധിക സവിശേഷതയാണ്.

മറ്റുള്ളവർക്ക് ജീവനും അനുഗ്രഹവും ശുശ്രൂഷിക്കുവാൻ വാക്കുകൾക്ക് കഴിയും. നാം പുറപ്പാട്ത്തുവിടുന്ന വാക്കുകൾ ചിലർക്ക് ജീവന്റെ ഉറവകൾ ആയിരിക്കും. നമ്മുടെ വാക്കുകൾ ആരെങ്കിലും അന്വേഷിക്കുന്ന മേൽത്തരം വെള്ളിയും, മറ്റുള്ളവർക്ക് പോഷണത്തിന്റെയും ശക്തിയുടെയും ഉറവിടവുമായിരിക്കും.

ദൈവവചനത്തോടനുരൂപപ്പെട്ട് സംസാരിക്കുക എന്നതാണ് നിങ്ങളുടെ വാക്കുകൾ ശരിയാണെന്ന് (നീതിയുള്ള വാക്കുകൾ) ഉറപ്പാക്കാനുള്ള ഒരു കൃത്യമായ മാർഗം. നാം അങ്ങനെ ചെയ്യുകയാണെങ്കിൽ, നമ്മുടെ വാക്കുകൾ ജ്ഞാനത്തിന്റെ വാക്കുകളും മറ്റുള്ളവർക്ക് സന്തോഷവും സ്വാതന്ത്ര്യവും വിടുതലും നൽകുന്നവയുമായിരിക്കും. നീതിയുള്ള വാക്കുകൾ സംസാരിക്കുവാൻ തിരഞ്ഞെടുക്കുക. ദൈവവചനത്തോട് അനുരൂപമായി സംസാരിക്കുക.

# 22

# വാക്കുകൾക്ക് സൗഖ്യമാക്കുവാനും സമ്പൂർണമാക്കുവാനും കഴിയും

**സദൃശവാക്യങ്ങൾ 12:18**
**വാളുകൊണ്ടു കുത്തുംപോലെ മൂർച്ചയായി സംസാരിക്കുന്നവർ ഉണ്ട്;**
**ജ്ഞാനികളുടെ നാവോ സുഖപ്രദം.**

**സദൃശവാക്യങ്ങൾ 15:4**
**നാവിന്റെ ശാന്തത ജീവവൃക്ഷം;**
**അതിന്റെ വക്രതയോ മനോവ്യസനം.**

ജ്ഞാനികളുടെ നാവ് ആരോഗ്യം പ്രദാനം ചെയ്യുന്നു എന്ന് സദൃശവാക്യങ്ങൾ 12:18-ലൂടെ നാം മനസ്സിലാക്കുന്നു. "ആരോഗ്യം" എന്ന വാക്കിന് തുല്ല്യമായ ഹീബ്രു ഭാഷയിലെ *'മാർപെ'* എന്ന പദത്തിന് "രോഗശാന്തി, മരുന്ന്, പ്രതിവിധി, സൗഖ്യം, വിടുതൽ, സുബോധം, പൂർണ്ണത" എന്നൊക്കെയാണ് അർത്ഥം. വാക്കുകൾ കൃത്യമായും ജ്ഞാനത്തോടെയും ഉപയോഗിക്കുകയാണെങ്കിൽ അവയ്ക്ക് നിങ്ങൾക്കും നിങ്ങളെ കേൾക്കുന്നവർക്കും സൗഖ്യവും സമ്പൂർണ്ണതയും നൽകുവാൻ കഴിയും.

*"മാർപെ"* എന്ന അതേ പദം സദൃശവാക്യങ്ങൾ 15:4-ൽ വീണ്ടും ഉപയോഗിച്ചിട്ടുണ്ട്, അവിടെ ഈ വാക്ക് "ആരോഗ്യദായിയായ" എന്ന് വിവർത്തനം ചെയ്തിരിക്കുന്നു. ആരോഗ്യദായിയായ വാക്കുകൾ സംസാരിക്കുന്ന നാവ്—അക്ഷരാർത്ഥത്തിൽ സൗഖ്യത്തിന്റെയും വിടുതലിന്റെയും വാക്കുകൾ—ഒരു ജീവവൃക്ഷമാണ്. വെളിപ്പാട് 22:1,2-ൽ നാം ജീവവൃക്ഷത്തെ കുറിച്ച് വായിക്കുന്നു— *"വീഥിയുടെ നടുവിൽ ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനത്തിൽനിന്നു പുറപ്പാട്പ്പെടുന്നതായി പളുങ്കുപോലെ ശുഭ്രമായ ജീവജലനദിയും അവൻ എന്നെ കാണിച്ചു. നദിക്ക് ഇക്കരെയും അക്കരെയും ജീവവൃക്ഷം ഉണ്ട്; അതു പന്ത്രണ്ടു വിധം ഫലം കായ്ച്ചു മാസംതോറും അതതു ഫലം കൊടുക്കുന്നു; വൃക്ഷത്തിന്റെ ഇല ജാതികളുടെ രോഗശാന്തിക്ക് ഉതകുന്നു."* ജീവവൃക്ഷത്തിന്റെ

ഇലകൾ രോഗസൗഖ്യം നൽകി. സൗഖ്യം, പൂർണ്ണത, വിടുതൽ, സുബോധം എന്നിവയുടെ വാക്കുകൾ സംസാരിക്കുമ്പോൾ, നമുക്കും നാം സംസാരിക്കുന്നവർക്കും സൗഖ്യം നൽകാൻ സാധിക്കും.

വാക്കുകൾക്ക് സൗഖ്യമാക്കുവാനും സമ്പൂർണ്ണമാക്കാനും കഴിയും. തന്റെ വചനം ജീവനും (പുതുക്കവും, ബലവും) നമ്മുടെ സർവ്വദേഹത്തിനും ആരോഗ്യവും (*'മാർപെ'*) ആകുന്നു എന്ന് ദൈവം പറയുന്നു (സദൃശവാക്യങ്ങൾ 4:22). ജനങ്ങൾ ദൈവത്തോട് നിലവിളിച്ചപ്പോൾ, അവൻ തന്റെ വചനം അയച്ച് അവരെ സൗഖ്യമാക്കി (*'റാഫ'* സൗഖ്യമാക്കുക, സമ്പൂർണ്ണമാക്കുക) (സങ്കീർത്തനങ്ങൾ 107:20). ദൈവവചനത്തിന് സൗഖ്യമാക്കുവാനും മുഴുവ്യക്തിയെയും സമ്പൂർണ്ണനാക്കുവാനുമുള്ള ശക്തിയുണ്ട്. അതിനാൽ, ദൈവവചനം സംസാരിക്കുക, അവന്റെ വചനത്തിന്റെ സൗഖ്യമാക്കുന്ന ശക്തി നിങ്ങളുടെ വായിലെ വാക്കുകളിലൂടെ പുറപ്പാടപ്പെടട്ടെ. സൗഖ്യം പ്രദാനം ചെയ്യുന്ന, നല്ല ഔഷധങ്ങളായ, ജീവന്റെ വൃക്ഷം പോലുള്ള വാക്കുകൾ നിങ്ങളുടെ വായിലൂടെ പുറപ്പാടുത്തുവരട്ടെ. ദൈവത്തിന്റെ സൗഖ്യത്തിന്റെ വചനം സംസാരിക്കുന്നതിലൂടെ നിങ്ങൾക്കും നിങ്ങളുടെ ചുറ്റുമുള്ളവർക്കും ആരോഗ്യവും പൂർണ്ണതയും പ്രദാനം ചെയ്യുന്നതിന് നിങ്ങളുടെ വാക്കുകൾ ഉപയോഗിക്കുക.

# 23

# സന്തോഷകരമായ വാക്കുകളുടെ ശക്തി പുറപ്പാട്പ്പെടുവിക്കുക

**സദൃശവാക്യങ്ങൾ 16:21,24**
**[21]ജ്ഞാനഹൃദയൻ വിവേകി എന്നു വിളിക്കപ്പെടും;**
**അധരമാധുര്യം വിദ്യയെ വർധിപ്പിക്കുന്നു.**
**[24]ഇമ്പമുള്ള വാക്ക് തേൻകട്ടയാകുന്നു;**
**മനസ്സിനു മധുരവും അസ്ഥികൾക്കു ഔഷധവും തന്നെ;**

ഏത് നിശ്ചിത സാഹചര്യത്തിലും നാം സംസാരിക്കുന്ന വാക്കുകൾ നമുക്ക് തിരഞ്ഞെടുക്കുവാൻ കഴിയും. ദയയോടുകൂടിയതും, സൗമ്യവും, പ്രസന്നവും, സമ്പന്നവും, അഭിവൃദ്ധിപ്പെടുത്തുന്നതും, പ്രചോദനപ്രദവുമായ വാക്കുകൾക്ക് ശക്തമായ സ്വാധീനശക്തിയുണ്ട്. സൗമ്യതയോടും ദയയോടുംകൂടെ സംസാരിക്കുന്ന വാക്കുകൾ അറിവ് വർദ്ധിപ്പിക്കുന്നു. അവ ആളുകളെ കൂടുതൽ പ്രബോധനം കൈക്കൊള്ളുന്നവരാക്കുന്നു, അവ കൂടുതൽ വിശ്വാസമുളവാക്കുന്നതും ബോധ്യപ്പെടുത്തുന്നതുമാണ്. ദയവുള്ളതും ഹൃദ്യവും സമ്പുഷ്ടവുമായ വാക്കുകൾ ആന്തരിക മനുഷ്യന് ശക്തിയും മുഴുവ്യക്തിക്കും ആരോഗ്യവും കൊണ്ടുവരുന്നു. ആത്മാർത്ഥതയില്ലാത്തതും, പിന്നിൽ യാഥാർത്ഥ്യമൊന്നുമില്ലാതെ ഒരാളെ സന്തോഷിപ്പിക്കാൻ ഉദ്ദേശിച്ചുള്ളതുമായ കപടമായ വാക്കുകളായ മുഖസ്തുതിയെക്കുറിച്ചല്ല നാം സംസാരിക്കുന്നത്. ശ്രദ്ധയോടും ദയയോടും സൗമ്യതയോടുംകൂടെ സംസാരിക്കുന്ന കലർപ്പില്ലാത്തതും സത്യസന്ധവുമായ വാക്കുകളെക്കുറിച്ചാണ് നാം സൂചിപ്പിക്കുന്നത്.

ദൈവത്തിന്റെ ശക്തമായ വചനം നമ്മുടെ സംസാരത്തിന്റെ ഭാഗമായി ഉൾപ്പെടുത്തുമ്പോൾ, നമ്മുടെ വാക്കുകളിലൂടെ വിശ്വാസവും, പ്രത്യാശയും, ശക്തിയും, ധൈര്യവും, സൗഖ്യവും, ജ്ഞാനവും, ആലോചനയും ശുശ്രൂഷിക്കുവാൻ കഴിയും. മധുരമായി സംസാരിക്കുക. ഹൃദ്യമായി സംസാരിക്കുക. മറ്റുള്ളവരെ പണിയുന്ന വാക്കുകൾ സംസാരിക്കുക. ആളുകളെ സമ്പുഷ്ടമാക്കുകയും സൗഖ്യമാക്കുകയും ചെയ്യുന്ന വാക്കുകൾ സംസാരിക്കുക. ദൈവത്തെക്കുറിച്ച്, അവന് എന്തുചെയ്യാൻ കഴിയും, അവൻ എന്തു വാഗ്ദത്തം ചെയ്തിരിക്കുന്നു എന്ന് നിങ്ങൾ സംസാരിക്കുമ്പോൾ അവനെ മറ്റുള്ളവരിലേക്ക് ശുശ്രൂഷിക്കുക. മനോഹരമായ വാക്കുകളുടെ ശക്തി പുറപ്പാട്പ്പെടുവിക്കുക.

## 24
# നിങ്ങളുടെ ജീവിതം നിങ്ങളുടെ വാക്കുകളുടെ ഫലം കൊണ്ട് നിറയുന്നു

**സദൃശവാക്യങ്ങൾ 12:14**
**തന്റെ വായുടെ ഫലത്താൽ മനുഷ്യൻ നന്മ അനുഭവിച്ചു തൃപ്തനാകും;**
**തന്റെ കൈകളുടെ പ്രവൃത്തിക്കു തക്കവണ്ണം അവനു കിട്ടും.**

**സദൃശവാക്യങ്ങൾ 18:20**
**വായുടെ ഫലത്താൽ മനുഷ്യന്റെ ഉദരം നിറയും;**
**അധരങ്ങളുടെ വിളവുകൊണ്ട് അവനു തൃപ്തിവരും;**

നമ്മുടെ വാക്കുകൾ നമ്മുടെ ജീവിതത്തെ എല്ലാ രീതിയിലും ബാധിക്കുന്നു അവ നമ്മുടെ അകമനുഷ്യനെ ബാധിക്കുന്നു. ഒരു മനുഷ്യന്റെ ഉദരം അവന്റെ അകമനുഷ്യനെ സൂചിപ്പിക്കുന്നു. ആഹാരം ഉദരത്തിൽ ചെയ്യുന്നതുപോലെ നമ്മുടെ അകമനുഷ്യനെ നന്മയാൽ നിറയ്ക്കുവാനും, സംതൃപ്തനാക്കുവാനും പോഷിപ്പിക്കുവാനും, അനുഗ്രഹിക്കുവാനും വാക്കുകൾക്ക് കഴിയും. നമ്മുടെ വാക്കുകൾ നമ്മുടെ ജീവിതത്തിൽ നമുക്ക് എന്ത് സംഭവിക്കുന്നു എന്നതിനെ സ്വാധീനിക്കുന്നുണ്ട്. നാം സംസാരിക്കുന്ന വാക്കുകളുടെ പരിണതഫലത്താൽ നമ്മുടെ ജീവിതം നിറയുന്നു. കാലാകാലങ്ങളായി നാം സംസാരിച്ചു കൊണ്ടിരിക്കുന്ന നമ്മുടെ വാക്കുകളുടെ അനന്തരഫലങ്ങൾക്കൊപ്പം നാം ജീവിക്കുന്നു.

നിങ്ങളുടെ അകമനുഷ്യൻ എന്തെല്ലാം നിറഞ്ഞതായിരിക്കാനാണ് നിങ്ങൾ ആഗ്രഹിക്കുന്നത്? ആത്മവിശ്വാസം, ധൈര്യം, വിശ്വാസം, പ്രത്യാശ, നീതി, സമാധാനം, സന്തോഷം, ശാന്തത, ജ്ഞാനം, ശക്തി തുടങ്ങി ദൈവത്തിന്റെ പുത്രന്മാരും പുത്രിമാരും എന്ന നിലയിൽ നമുക്ക് ലഭ്യമായ എല്ലാ നല്ല കാര്യങ്ങളും കൊണ്ട് നിറയ്ക്കുന്നതെങ്ങനെയാണ്? തീർച്ചയായും! അതിന് ദൈവത്തിന്റെ വചനത്തിന്റെയും ആത്മാവിന്റെയും ശക്തിയാൽ ദൈവത്തിൽ നിന്നുള്ള അത്തരം ഗുണങ്ങളാൽ നമ്മെ നിറയ്ക്കുന്ന വാക്കുകൾ നാം സംസാരിക്കേണ്ടതുണ്ട്. ദൈവവചനം സംസാരിക്കുക.

ക്രിസ്തുവിൽ നിങ്ങൾക്ക് എന്താണുള്ളതെന്ന് പ്രഖ്യാപിക്കുക. നിങ്ങൾ അവന്റെ രാജ്യത്തിന്റെ ഭാഗമാണെന്നും അതിനാൽ നിങ്ങൾക്ക് നീതിയും സമാധാനവും പരിശുദ്ധാത്മാവിൽ നിന്നുള്ള സന്തോഷവും ഉണ്ടെന്നും പ്രഖ്യാപിക്കുക. ലോകത്തിന് നൽകാൻ കഴിയാത്തതും, സകല ബുദ്ധിയേയും കവിയുന്നതും, നിങ്ങളുടെ ഹൃദയത്തെയും മനസ്സിനെയും കാത്തുസൂക്ഷിക്കുന്നതുമായ യേശു നൽകുന്ന സമാധാനം നിങ്ങൾക്കുണ്ടെന്ന് പ്രഖ്യാപിക്കുക. നിങ്ങൾക്ക് ശക്തിയും സ്നേഹവും സുബോധവുമുണ്ടെന്ന് പ്രഖ്യാപിക്കുക. കർത്താവ് നിങ്ങളുടെ ആശ്രയമാണെന്ന് പ്രഖ്യാപിക്കുക. നിങ്ങൾ സിംഹത്തെപ്പോലെ നിർഭയനാണ്. എവിടെ പോയാലും കർത്താവ് നിങ്ങളോടുകൂടെയുള്ളതിനാൽ നിങ്ങൾ ശക്തനും ധൈര്യശാലിയുമാണ്. നിങ്ങളുടെ അകമനുഷ്യനെ നന്മയാൽ പണിയുന്ന വാക്കുകൾ സംസാരിക്കുക.

നിങ്ങളുടെ ജീവിതാനുഭവങ്ങൾ എന്തെല്ലാം നിറഞ്ഞതായിരിക്കാനാണ് നിങ്ങൾ ആഗ്രഹിക്കുന്നത്? നിങ്ങളുടെ ഇന്നും ഭാവിയും എന്തെല്ലാം നിറഞ്ഞതായിരിക്കാനാണ് നിങ്ങൾ ആഗ്രഹിക്കുന്നത്? നിങ്ങളുടെ ജീവിതത്തിനുമേലും ഇന്നിനുമേലും ഭാവിയുടെമേലും ദൈവത്തിന്റെ വാഗ്ദത്തങ്ങൾ സംസാരിക്കുക. നിങ്ങൾ പറയുന്ന വാക്കുകളുടെ ഫലം കൊണ്ട് നിങ്ങളുടെ ജീവിതം നിറയപ്പെട്ടും.

## 25

# ജീവന്റെയും മരണത്തിന്റെയും ശക്തി നിങ്ങളുടെ വാക്കുകൾക്ക് ഉണ്ട്

**സദൃശവാക്യങ്ങൾ 18:21**
**മരണവും ജീവനും നാവിന്റെ അധികാരത്തിൽ ഇരിക്കുന്നു;**
**അതിൽ ഇഷ്ടപ്പെടുന്നവർ അതിന്റെ ഫലം അനുഭവിക്കും.**

ദൈവം ജീവനും മരണവും നാവിന്റെ അധികാരത്തിൻകീഴിൽ, അതായത് നാം സംസാരിക്കുന്ന വാക്കുകളിൽ, ആക്കിയിരിക്കുന്നു. ജീവനോ മരണമോ കൊണ്ടുവരുവാൻ നമ്മുടെ വാക്കുകൾക്ക് കഴിയും. നമ്മുടെ വാക്കുകളുടെ അനന്തരഫലങ്ങൾ സ്വീകരിക്കാൻ നാം തയ്യാറാകണം. നമ്മുടെ വാക്കുകളുടെ ഫലം കൊണ്ട് നാം ജീവിക്കേണ്ടതായി വരും.

"മരണം" എന്നത് "ശാരീരികമായി മരിക്കുന്നതിനെ" ആണ് സൂചിപ്പിക്കുന്നത്; കൂടാതെ മഹാമാരി, രോഗം, നാശം എന്നിവയെ സൂചിപ്പിക്കുന്നതിനും ഈ പദം ആലങ്കാരികമായി ഉപയോഗിക്കാറുണ്ട്. ജീവൻ എന്നത് പുതുമയും ശക്തിയുമുൾപ്പെടെ ജീവിച്ചിരിക്കുന്നതുമായി പ്രചോദനാത്മകമായ രീതിയിൽ ബന്ധപ്പെട്ട സകലത്തെയും സൂചിപ്പിക്കുന്നു.

നാം സംസാരിക്കുന്ന വാക്കുകൾക്ക് നമ്മെ നശിപ്പിക്കുവാനും അനുഗ്രഹിക്കുവാനും കഴിയും. ജീവനും ബലവും പകർന്നുകൊണ്ട് നമ്മെ ശക്തിപ്പെടുത്തുവാനും അല്ലെങ്കിൽ നമ്മുടെ ജീവിതത്തെ കീറിക്കളഞ്ഞുകൊണ്ട് നമ്മെ ദുർബലരും നിർദ്ധനരുമാക്കുവാനും നാം സംസാരിക്കുന്ന വാക്കുകൾക്ക് കഴിയും. നമ്മുടെ മേൽ അത്തരം നിയന്ത്രണവും സ്വാധീനവും ചെലുത്തുന്നതിനാണ് ദൈവം നമ്മുടെ വാക്കുകൾ രൂപകൽപ്പന ചെയ്തിരിക്കുന്നത്. നിങ്ങൾ പറയുന്നതിന് നിങ്ങളെ പണിയുവാനോ തകർക്കുവാനോ കഴിയും.

അതിനാൽ നാം നമുക്കും മറ്റുള്ളവർക്കും ജീവനും അനുഗ്രഹവും നൽകുന്ന വാക്കുകൾ സംസാരിക്കാൻ തിരഞ്ഞെടുക്കണം.

ദൈവവചനം മാത്രം സംസാരിക്കുന്നതിനേക്കാൾ നല്ലതായി മറ്റൊന്നുമില്ല. നിങ്ങളുടെ ജീവിതത്തിനുമേൽ ദൈവത്തിന്റെ വാഗ്ദത്തങ്ങൾ സംസാരിക്കുക. ക്രിസ്തുവിൽ ഒരു പുതിയ സൃഷ്ടി എന്ന നിലയിൽ ദൈവം നിങ്ങളെക്കുറിച്ച് പ്രസ്താവിച്ചത് സംസാരിക്കുക. അവന്റെ വചനപ്രകാരം നിങ്ങളുടെ ജീവിതത്തിൽ അനുഗ്രഹം, അഭിവൃദ്ധി, വിജയം, സമൃദ്ധി, നന്മ എന്നിവ സംസാരിക്കുക. നിങ്ങൾ അനേകർക്ക് ഒരു അനുഗ്രഹമായിരിക്കുമെന്ന് പ്രഖ്യാപിക്കുക. ഒരു അനുഗ്രഹമാകുവാൻ നിങ്ങൾ അനുഗ്രഹിക്കപ്പെട്ടവനാണെന്ന് പ്രഖ്യാപിക്കുക. നിങ്ങൾക്കായുള്ള ദൈവത്തിന്റെ എല്ലാ ഉദ്ദേശ്യങ്ങളും ചുമതലകളും നിങ്ങൾ നിറവേറ്റുമെന്ന് പ്രഖ്യാപിക്കുക. നിങ്ങളുടെ ജീവിതത്തിലൂടെ ദൈവം മഹത്വീകരിക്കപ്പെടുമെന്ന് പ്രഖ്യാപിക്കുക. നിങ്ങളുടെ വാക്കുകൾ നിങ്ങളുടെ ഇന്നിന്റെയും ഭാവിയുടെയുംമേൽ ജീവനും അനുഗ്രഹവും പുറപ്പാട്പ്പെടുവിക്കുന്നതിനായി ഉപയോഗിക്കുക.

## 26

# നിങ്ങളുടെ വായിലെ അവന്റെ വചനങ്ങൾക്ക് രാജ്യങ്ങളെ ബാധിക്കാൻ കഴിയും

**യിരെമ്യാവ് 1:9,10**

**[9]പിന്നെ യഹോവ കൈ നീട്ടി എന്റെ വായെ തൊട്ടു: ഞാൻ എന്റെ വചനങ്ങളെ നിന്റെ വായിൽ തന്നിരിക്കുന്നു;**

**[10]നോക്കുക; നിർമ്മൂലമാക്കുവാനും പൊളിപ്പാനും നശിപ്പിപ്പാനും ഇടിച്ചുകളവാനും പണിവാനും നടുവാനുംവേണ്ടി ഞാൻ നിന്നെ ഇന്നു ജാതികളുടെ മേലും രാജ്യങ്ങളുടെ മേലും ആക്കിവച്ചിരിക്കുന്നു എന്നു യഹോവ എന്നോടു കല്പിച്ചു.**

പ്രവാചക വചനത്തിന്റെ ശക്തിയെക്കുറിച്ച് ഈ രണ്ട് വാക്യങ്ങളിൽ നാം കാണുന്നു. ദൈവം തന്റെ വായിൽ കൊടുത്ത വാക്കുകൾ യിരെമ്യാവ് ജാതികൾക്കും രാജ്യങ്ങൾക്കുംമേൽ സംസാരിക്കുമ്പോൾ, അവ നിർമ്മൂലമാക്കപ്പെടുകയും, പൊളിക്കപ്പെടുകയും, നശിപ്പിക്കപ്പെടുകയും, ഇടിച്ചുകളയപ്പെടുകയും ചെയ്യും. ദൈവം അവനു നൽകിയ വാക്കുകൾ യിരെമ്യാവ് സംസാരിച്ചതുപോലെ, ദൈവം ഇടിച്ചുകളയുവാൻ ആഗ്രഹിച്ച ജാതികളെയും രാജ്യങ്ങളെയും അവൻ പിളർക്കുകയും തകർക്കുകയും ചെയ്യും. യിരെമ്യാവ് പ്രവാചക വചനത്തിലൂടെ പറഞ്ഞതുപോലെ, ജാതികളും രാജ്യങ്ങളും പണിയപ്പെടുകയും സ്ഥാപിക്കപ്പെടുകയും ഉയർത്തപ്പെടുകയും ചെയ്യും.

പരിശുദ്ധാത്മപ്രേരിതമായി വ്യക്തികളിലൂടെ പുറപ്പാട്പ്പെടുവിക്കുന്ന ഒരു വചനമാണ് പ്രവാചക വചനം. ദൈവജനങ്ങളുടെ ജീവിതത്തിൽ പരിശുദ്ധാത്മാവ് ഇപ്പോഴും പ്രവർത്തിക്കുന്നു. അവൻ ഇപ്പോഴും പ്രവചിക്കുന്നതിനും, പരിശുദ്ധാത്മപ്രേരിതമായ വചനങ്ങൾ പുറപ്പാട്പ്പെടുവിക്കുന്നതിനും, അല്ലെങ്കിൽ രാജ്യങ്ങൾക്കും ജാതികൾക്കുംമേൽ പ്രവചന ശബ്ദങ്ങൾ പുറപ്പാട്പ്പെടുവിക്കുന്നതിനും നമ്മെ പ്രേരിപ്പിക്കുന്നു. ദൈവം അവന്റെ വചനങ്ങൾ നമ്മുടെ വായിൽ വയ്ക്കുകയും നാം അവ സംസാരിക്കുകയും ചെയ്യുമ്പോൾ, ജാതിയുടെയും രാജ്യങ്ങളുടെയുംമേൽ നിലനിൽക്കുന്ന സാഹചര്യങ്ങളെ (ആത്മീയം, സാമൂഹികം സാമ്പത്തികം തുടങ്ങിയവ) നാം സ്വാധീനിക്കുന്നു. നമ്മുടെ വായിലൂടെ പുറപ്പാട്ത്തുവരുന്ന അവന്റെ വാക്കുകൾക്ക് ജാതികളെ ബാധിക്കുവാൻ കഴിയും. ദൈവം തന്റെ വചനം നിവർത്തിയാക്കേണ്ടതിനായി ജാഗരിക്കുന്നു (യിരെമ്യാവ് 1:12).

# 27

# ഉണങ്ങിയ അസ്ഥികളോട് സംസാരിക്കുക, അവ ജീവിക്കും

**യെഹെസ്കേൽ 37:1-7**

**[1]യഹോവയുടെ കൈ എന്റെമേൽ വന്നു യഹോവയുടെ ആത്മാവിൽ എന്നെ പുറപ്പാട്പ്പെടുവിച്ചു താഴ്വരയുടെ നടുവിൽ നിറുത്തി; അത് അസ്ഥികൾകൊണ്ടു നിറഞ്ഞിരുന്നു.**
**[2]അവൻ എന്നെ അവയുടെ ഇടയിൽക്കൂടി ചുറ്റിച്ചുറ്റി നടക്കുമാറാക്കി; അവ താഴ്വരയുടെ പരപ്പിൽ എത്രയും അധികമായിരുന്നു; അവ ഏറ്റവും ഉണങ്ങിയുമിരുന്നു.**
**[3]അവൻ എന്നോട്: മനുഷ്യപുത്രാ, ഈ അസ്ഥികൾ ജീവിക്കുമോ എന്നു ചോദിച്ചു; അതിനു ഞാൻ: യഹോവയായ കർത്താവേ, നീ അറിയുന്നു എന്ന് ഉത്തരം പറഞ്ഞു.**
**[4]അവൻ എന്നോടു കല്പിച്ചത്: നീ ഈ അസ്ഥികളെക്കുറിച്ചു പ്രവചിച്ച് അവയോടു പറയേണ്ടത്: ഉണങ്ങിയ അസ്ഥികളേ, യഹോവയുടെ വചനം കേൾപ്പിൻ!**
**[5]യഹോവയായ കർത്താവ് ഈ അസ്ഥികളോട് ഇപ്രകാരം അരുളിച്ചെയ്യുന്നു: നിങ്ങൾ ജീവിക്കേണ്ടതിനു ഞാൻ നിങ്ങളിൽ ശ്വാസം വരുത്തും.**
**[6]ഞാൻ നിങ്ങളുടെമേൽ ഞരമ്പുവച്ചു മാംസം പിടിപ്പിച്ചു നിങ്ങളെ ത്വക്കുകൊണ്ടു പൊതിഞ്ഞു നിങ്ങൾ ജീവിക്കേണ്ടതിനു നിങ്ങളിൽ ശ്വാസം വരുത്തും; ഞാൻ യഹോവ എന്നു നിങ്ങൾ അറിയും.**
**[7]എന്നോടു കല്പിച്ചതുപോലെ ഞാൻ പ്രവചിച്ചു; ഞാൻ പ്രവചിച്ചുകൊണ്ടിരിക്കുമ്പോൾ ഒരു മുഴക്കം കേട്ടു; ഉടനെ ഒരു ഭൂകമ്പം ഉണ്ടായി, അസ്ഥി അസ്ഥിയോടു വന്നുചേർന്നു.**

ഈ വേദഭാഗം യെഹെസ്കേലിന്റെ പ്രവാചക അനുഭവത്തിന്റെ ഒരു ഭാഗം വെളിപ്പാട്പ്പെടുത്തുന്നു. ഈ ഉണങ്ങിയ അസ്ഥികൾ സ്വന്തം നാട്ടിൽ നിന്ന് ചിതറിപ്പോയി, പ്രത്യാശ നഷ്ടപ്പെട്ടവരായ ഇസ്രായേൽ ജനതയുടെ ചിത്രമായിരുന്നു (യെഹെ 37:11,12). ഈ ഉണങ്ങിയ അസ്ഥികളോട് പ്രവചന വചനം (ദൈവം നൽകിയ വാക്കുകൾ) സംസാരിക്കാൻ യെഹെസ്കേലിനെ ദൈവം ഇടയാക്കി. അസ്ഥികൾ കൂടിച്ചേർന്നു, അവയ്ക്കുമുകളിൽ മാംസം രൂപപ്പെട്ടു, അവർ ജീവിച്ചു ഏറ്റവും വലിയ സൈന്യമായി നിവർന്നുനിന്നു. (യെഹെ 37:10). ഒരു ജനതയുടെ മുഴുവൻ ഭാവിയെയും പ്രവചന ശബ്ദം സ്വാധീനിച്ചു. ദൈവഹിതം നിറവേറ്റുന്നതിനായി ദൈവത്തിന്റെ ശക്തി ലോകത്തിലേക്ക് സ്വതന്ത്രമാക്കുവാനുള്ള ഒരു വാഹനമായിരുന്നു പ്രവാചക വചനം.

ഇന്നും, പരിശുദ്ധാത്മാവ് നമ്മെ പ്രചോദിപ്പിക്കുകയും പ്രവചനാത്മകമായി സംസാരിക്കാൻ വാക്കുകൾ നൽകുകയും ചെയ്യുന്നു. ഇത് നമ്മുടെ സ്വന്തം ജീവിതത്തിലോ, മറ്റുള്ളവരിലോ; നഗരങ്ങൾ, പ്രദേശങ്ങൾ, രാജ്യങ്ങൾ എന്നിവയുടെമേലോ ആകാം. അവൻ നമ്മെ സംസാരിക്കുവാൻ പ്രേരിപ്പിക്കുന്ന വാക്കുകൾ നാം സംസാരിക്കുമ്പോൾ, ഉണങ്ങിയ അസ്ഥികൾ ജീവിക്കുന്നു! മരിച്ചത് ജീവിതത്തിലേക്ക് മടങ്ങി വരുന്നു! ജനങ്ങളും രാജ്യങ്ങളും പ്രത്യാശയോടും ജീവനോടുംകൂടെ എഴുന്നേൽക്കുന്നു. ഓർക്കുക, പരിശുദ്ധാത്മാവ് നിങ്ങളെ പ്രേരിപ്പിക്കുമ്പോൾ, ഉണങ്ങിയ അസ്ഥികളോട് സംസാരിക്കുക, അവ ജീവിക്കും!

# 28
# നിങ്ങളുടെ വാക്കുകൾ സ്വർഗ്ഗത്തിൽ കേൾക്കുന്നു

**ദാനീയേൽ 10:12**
**അവൻ എന്നോടു പറഞ്ഞത്: ദാനീയേൽയേലേ, ഭയപ്പെടേണ്ടാ; നീ തിരിച്ചറിയേണ്ടതിനും നിന്റെ ദൈവത്തിന്റെ മുമ്പാകെ നിന്നെത്തന്നെ താഴ്ത്തേണ്ടതിനും മനസ്സുവച്ച ആദ്യദിവസംമുതൽ നിന്റെ വാക്ക് കേട്ടിരിക്കുന്നു; നിന്റെ വാക്ക് ഹേതുവായി തന്നെ ഞാൻ വന്നിരിക്കുന്നു.**

നാം ഇവിടെ ഭൂമിയിൽ സംസാരിക്കുന്ന വാക്കുകൾ സ്വർഗ്ഗത്തിൽ കേൾക്കുന്നു. നാം സംസാരിക്കുന്ന വാക്കുകൾക്കുള്ള മറുപടിയായി ദൈവം ദൂതന്മാരെ അയക്കുന്നു.

നാം പ്രാർത്ഥനയിൽ വാക്കുകൾ സംസാരിക്കുന്നു. നമ്മുടെ വിശ്വാസം പ്രാവർത്തികമാക്കുവാൻ നാം വാക്കുകൾ സംസാരിക്കുന്നു. അന്ധകാരത്തിന്റെ ശക്തികൾക്കെതിരായ പോരാട്ടത്തിൽ നാം വീശുന്ന ആത്മാവിന്റെ വാളുകളായി വാക്കുകൾ സംസാരിക്കുന്നു. ജനങ്ങളെ അനുഗ്രഹിക്കുവാനായി നാം വാക്കുകൾ സംസാരിക്കുന്നു. മറ്റുള്ളവരിൽ രോഗസൗഖ്യവും, വിടുതലും, അത്ഭുതങ്ങളും ശുശ്രൂഷിക്കുവാൻ നാം വാക്കുകൾ സംസാരിക്കുന്നു. പർവ്വതങ്ങളെ (നമ്മുടെ ജീവിതത്തിലെ പ്രതിബന്ധങ്ങൾ) ചലിപ്പിക്കുവാനും കൊടുങ്കാറ്റുകളെ ശാന്തമാക്കുവാനും നാം വാക്കുകൾ സംസാരിക്കുന്നു. ഭൂമിയിൽ നമ്മുടെ അധികാരം പ്രയോഗിച്ചുകൊണ്ട് (അന്ധകാര ശക്തികളെ) കെട്ടുവാനും അഴിക്കാനും നാം വാക്കുകൾ സംസാരിക്കുന്നു. നമ്മുടെ വാക്കുകൾ സ്വർഗ്ഗത്തിൽ കേൾക്കുന്നു! നമ്മുടെ വാക്കുകൾക്ക് ഉത്തരമായി ദൂതന്മാരെ അയച്ചിരിക്കുന്നു.

നിങ്ങളുടെ വാക്കുകൾ സ്വർഗ്ഗത്തിൽ കേൾക്കുന്നു എന്നറിയുമ്പോൾ നിങ്ങൾ എന്ത് വാക്കുകൾ സംസാരിക്കും? സ്വർഗ്ഗത്തിൽ ദൈവവചനമാണ് നിലനിൽക്കുന്നത്. *"യഹോവേ, നിന്റെ വചനം സ്വർഗ്ഗത്തിൽ എന്നേക്കും സ്ഥിരമായിരിക്കുന്നു"* (സങ്കീർത്തനങ്ങൾ 119:89). പ്രാർത്ഥനയിലും, വിശ്വാസത്തിലും, പോരാട്ടത്തിലും, ശുശ്രൂഷയിലും, അധികാരം പ്രയോഗിക്കുന്നതിലും തുടങ്ങി എല്ലാ സാഹചര്യങ്ങളിലും നാം സംസാരിക്കുന്ന വാക്കുകൾ സ്വർഗ്ഗത്തിൽ ഇതിനകം സ്ഥാപിതമായിരിക്കുന്ന ദൈവവചനവുമായി ചേരുന്ന വാക്കുകളായിരിക്കണം. ഓർക്കുക, നിങ്ങളുടെ വാക്കുകൾ സ്വർഗ്ഗത്തിൽ കേൾക്കുന്നു. എപ്പോഴും സ്വർഗ്ഗത്തോട് ചേർന്ന് സംസാരിക്കുക, സ്വർഗ്ഗം നിങ്ങൾക്കുവേണ്ടി പ്രവർത്തിക്കും.

## 29

# ആത്മീയലോകത്തിൽ നിന്ന് വാക്കുകൾ ഭൗതികലോകത്തിലേക്ക് പകരുന്നു

**ദാനീയേൽ 10:17-19**

**[17]അടിയനു യജമാനനോടു സംസാരിപ്പാൻ എങ്ങനെ കഴിയും? എനിക്കു പെട്ടെന്നു ശക്തിയില്ലാതായി ശ്വാസം ശേഷിച്ചിരിപ്പില്ല എന്നു പറഞ്ഞു.**

**[18]അപ്പോൾ മനുഷ്യസാദൃശ്യത്തിലുള്ളവൻ പിന്നെയും വന്ന് എന്നെ തൊട്ടു ബലപ്പെടുത്തി:**

**[19]ഏറ്റവും പ്രിയപുരുഷാ, ഭയപ്പെടേണ്ടാ; നിനക്കു സമാധാനം! ബലപ്പെട്ടിരിക്ക, ബലപ്പെട്ടിരിക്ക എന്നു പറഞ്ഞു; അവൻ എന്നോടു സംസാരിച്ചപ്പോൾ ഞാൻ ബലപ്പെട്ടു: യജമാനനേ, സംസാരിക്കേണമേ; നീ എന്നെ ബലപ്പെടുത്തിയിരിക്കുന്നുവല്ലോ എന്നു പറഞ്ഞു.**

ദാനീയേൽയേലിന് ഈ ദൂതന്റെ സന്ദർശനം ഉണ്ടായപ്പോൾ, അവൻ പരവശനും, ക്ഷീണിതനും ബലഹീനനുമായതോടൊപ്പം ഒരുപക്ഷേ ഭയവും തോന്നി. ദൂതൻ അവനെ തൊട്ടിട്ട്, *"ഭയപ്പെടേണ്ട, നിനക്കു സമാധാനം, ബലപ്പെട്ടിരിക്കുക"* എന്ന വാക്കുകൾ അവനോട് സംസാരിക്കുകയും ചെയ്തു. ദാനീയേൽ ബലപ്പെട്ടു. ദൂതൻ ദാനീയേൽയേലിനോട് സംസാരിച്ച വാക്കുകൾ അവന് സമാധാനവും ശക്തിയും പകർന്നു. വാക്കുകൾ ആത്മീയലോകത്തെയും ഭൗതികലോകത്തെയും ബന്ധിപ്പിക്കുന്നു. വാക്കുകൾ ആത്മീയലോകത്തിൽ നിന്ന് ഭൗതികലോകത്തിലേക്ക് കൈമാറ്റം ചെയ്യപ്പെടുന്നു.

മനുഷ്യൻ എന്ന നിലയിൽ, ആത്മീകവും ഭൗതികവുമായ തലങ്ങളിൽ പ്രവർത്തിക്കുവാൻ കഴിയുന്ന തരത്തിലാണ് ദൈവം നമ്മെ രൂപകൽപ്പന ചെയ്തിരിക്കുന്നത്. വിശ്വാസികൾ എന്ന നിലയിൽ ആത്മീയലോകത്ത് യേശുക്രിസ്തുവിൽ ദൈവത്തിന്റെ വലതുഭാഗത്ത് നമുക്ക് ഇരിപ്പിടമുണ്ട്. നാം ക്രിസ്തുവിലാണ്. നാം ദൈവത്തിന്റെ അവകാശികളും യേശുവിനോടൊപ്പം കൂട്ടവകാശികളുമാണ്. ഇതാണ് ആത്മീയലോകത്തെ നാം. ആത്മീയലോകത്ത് ദൈവം നമുക്ക് നൽകിയിരിക്കുന്നതിൽ നിന്നും എടുത്ത് ഭൗതികലോകത്ത് മറ്റൊരാൾക്ക് പകരുവാൻ നമ്മുടെ വാക്കുകൾ നമ്മെ പ്രാപ്തരാക്കുന്നു.

ഉദാഹരണമായി, നാം രോഗികളോട് ശുശ്രൂഷിക്കുകയും രോഗസൗഖ്യം കൽപ്പിക്കുകയും ചെയ്യുമ്പോൾ, പ്രകൃത്യാതീതമായ സൗഖ്യം കൊണ്ടുവരാൻ കഴിയുന്ന എന്തെങ്കിലും സ്വാഭാവികമായി നമുക്കുണ്ടോ? തീർച്ചയായും ഒന്നുമില്ല. നാം യേശുക്രിസ്തുവിന്റെ പൂർത്തിയായ വേല ഏറ്റെടുക്കുകയും, ആത്മീയ ലോകത്തിൽ നമ്മുടേതായ അഭിഷേകവും അധികാരവും പ്രാപിക്കുകയും, അത് ആ വ്യക്തിക്ക് അയാളുടെ ഭൗതിക ശരീരത്തിന്റെ സൗഖ്യത്തിനായി പകരുകയും ചെയ്യുന്നു. നമ്മുടെ വാക്കുകൾ ആത്മീയലോകത്തെ ഭൗതികലോകവുമായി ബന്ധിപ്പിക്കുന്നു. നാം ദൈവവചനത്തെ അടിസ്ഥാനമാക്കി സംസാരിക്കുമ്പോൾ, ആത്മീയലോകത്തിൽ നമുക്കുള്ളത് സ്വീകരിച്ച് അത് ഭൗതികലോകത്തിലേക്ക് പകരുവാൻ കഴിയും. അവന്റെ രാജ്യം വരുന്നതും അവന്റെ ഇഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകുന്നതും കാണുവാൻ നാം ഇവിടെയുണ്ട്. ഇത് ചെയ്യുന്നതിനുള്ള ഒരു മാർഗം, നാം അവന്റെ വചനത്തോട് ചേർന്ന് സംസാരിക്കുക എന്നതാണ്, അങ്ങനെ ആത്മീയമായി അവൻ നമുക്ക് നൽകിയത് നാം ഇവിടെ ഭൗതികലോകത്തേക്ക് പകരുന്നു.

# 30

# ദുർബലൻ തന്നെത്താൻ വീരനായി മതിക്കട്ടെ

**യോവേ 3:9,10**

**[9]ഇതു ജാതികളുടെ ഇടയിൽ വിളിച്ചുപറവിൻ! വിശുദ്ധയുദ്ധത്തിന് ഒരുങ്ങിക്കൊൾവിൻ! വീരന്മാരെ ഉദ്യോഗിപ്പിപ്പിൻ! സകലയോദ്ധാക്കളും അടുത്തുവന്നു പുറപ്പാട്പ്പെടട്ടെ. [10]നിങ്ങളുടെ കൊഴുക്കളെ വാളുകളായും വാക്കത്തികളെ കുന്തങ്ങളായും അടിപ്പിൻ! ദുർബലൻ തന്നെത്താൻ വീരനായി മതിക്കട്ടെ.**

യോവേൽ അധ്യായം 3 യെഹോശാഫാത്തിന്റെ താഴ്‌വരയിലെ ഹർമ്മഗെദ്ദോൻ യുദ്ധത്തെയും കർത്താവിന്റെ ദിവസത്തെയും കുറിച്ചുള്ള ഒരു പ്രവചനമാണ്. രാജ്യങ്ങളെ യുദ്ധത്തിനായി അണിനിരത്തുന്നു. സമാധാനപരമായ ഉപകരണങ്ങൾ (കൊഴുക്കളും വാക്കത്തികളും) പോലും യുദ്ധായുധങ്ങളായി (വാളുകളും കുന്തങ്ങളും) മാറ്റപ്പെട്ടതായി യോവേൽ വിവരിക്കുന്നു. ഈ സാഹചര്യത്തിലാണ് രസകരമായ ഒരു പ്രസ്താവന—*"ദുർബലൻ തന്നെത്താൻ വീരനായി മതിക്കട്ടെ".* ദുർബലർ "ഞാൻ ദുർബലനാണ്" എന്ന് പറയാൻ പാടില്ലായിരുന്നു. "ഞാൻ ശക്തനാണ്" എന്ന് ദുർബലർ പറയേണ്ടിയിരുന്നു. "ഞാൻ ശക്തനാണ്" എന്ന് പറയുന്നതിലൂടെ ബലഹീനർക്ക് ശക്തനാകുവാനും യുദ്ധത്തിലേക്ക് നീങ്ങുവാനും കഴിയും എന്നതാണ് ഇവിടത്തെ സൂചന.

ദൈവം തന്റെ വചനത്തിൽ നമുക്കുവേണ്ടി പ്രഖ്യാപിച്ചത് ഇപ്പോൾ നമുക്കു അതുപോലെ തോന്നുന്നില്ലെങ്കിലും അത് അങ്ങനെ തന്നെ ആണ് എന്ന രീതിയിൽ സ്ഥിരീകരിക്കുന്നത് ശരിയായിരിക്കുമോ?

പാപത്താൽ ഞെരുങ്ങുന്നവർ "പാപത്തിന് എന്റെ മേൽ ആധിപത്യം ഇല്ല" എന്ന് പറയുന്നത് ശരിയാകുമോ, അങ്ങനെ അവർക്ക് പാപത്തിന്മേൽ ജയം പ്രാപിച്ച് നടക്കുവാൻ കഴിയുമോ? തീർച്ചയായും കഴിയും!

പാപവും പ്രലോഭനവും നേരിടുന്നവർ (അതായത് നാമെല്ലാവരും), "എന്റെ പഴയ പാപസ്വഭാവം ക്രിസ്തുവിനോടൊപ്പം ക്രൂശിക്കപ്പെട്ടിരിക്കുന്നു, എന്റെ ജീവിതത്തിനുമേലുള്ള പാപത്തിന്റെ ശക്തി തകർന്നിരിക്കുന്നു എന്ന് പറയട്ടെ. പാപം എന്റെ മേൽ

ആധിപത്യം സ്ഥാപിക്കുകയില്ല."

"യേശുവിന്റെ അടിപ്പിണരുകളാൽ ഞാൻ സൗഖ്യം പ്രാപിച്ചിരിക്കുന്നു" എന്ന് രോഗികൾ പറയുന്നത് ശരിയായായാണോ? തീർച്ചയായും ആണ്!

"യേശു എന്റെ രോഗങ്ങളെ വഹിച്ചുവെന്നും, എന്റെ വേദനകളെ ചുമന്നുവെന്നും, അവന്റെ അടിപ്പിണരുകളാൽ ഞാൻ സൗഖ്യം പ്രാപിച്ചിരിക്കുന്നു" എന്നും രോഗികൾ പറയട്ടെ.

ആവർത്തനപുസ്തകംശ്യത്തിലിരിക്കുന്നവർ അവരുടെ ആവർത്തനപുസ്തകംശ്യങ്ങൾ നിറവേറ്റുന്നതിനായി "എന്റെ ദൈവം എന്റെ എല്ലാ ആവർത്തനപുസ്തകംശ്യങ്ങൾക്കും നൽകുന്നു" എന്ന് പറയുന്നത് ശരിയാണോ? തീർച്ചയായും!

ആവർത്തനപുസ്തകംശ്യത്തിലിരിക്കുന്നവർ ഇങ്ങനെ പറയട്ടെ, "കർത്താവ് എന്റെ ഇടയനാകുന്നു; എനിക്ക് മുട്ടുണ്ടാകുകയില്ല. എന്റെ ദൈവം എന്റെ ബുദ്ധിമുട്ടൊക്കെയും മഹത്വത്തോടെ തന്റെ ധനത്തിന്നൊത്തവണ്ണം ക്രിസ്തുയേശുവിൽ പൂർണ്ണമായി തീർത്തുതരും."

ബലമില്ലയെന്ന് തോന്നുന്നവർ, ആത്മാവിന്റെ ശക്തിയിൽ നടക്കുന്നതിനായി, "പരിശുദ്ധാത്മാവ് എന്റെ മേൽ വന്നിരിക്കുന്നതിനാൽ ഞാൻ യാഥാർത്ഥമായും ശക്തിയാൽ നിറഞ്ഞിരിക്കുന്നു" എന്ന് പറയുന്നതു ശരിയായിരിക്കുമോ? തീർച്ചയായും!

"പരിശുദ്ധാത്മാവ് എന്റെ മേൽ വന്നതിനുശേഷം എനിക്ക് ശക്തി ലഭിക്കുകയും, ദരിദ്രന്മാരോടു സുവിശേഷം അറിയിക്കുവാനും ഹൃദയം തകർന്നവരെ സൗഖ്യമാക്കുവാനും ബന്ധനത്തിലിരിക്കുന്നവർക്ക് വിടുതൽ പ്രഖ്യാപിക്കുവാനും ഞാൻ അഭിഷേകം ചെയ്യപ്പെട്ടിരിക്കുന്നു" എന്ന് നമുക്ക് പറയാം.

നിങ്ങൾക്ക് നേർവിപരീതമായി തോന്നിയാൽപോലും ദൈവവചനം നിങ്ങളെക്കുറിച്ച് പറയുന്നത് ഉറപ്പിക്കുക. ദൈവവചനം സത്യമാണ്. വസ്തുതകൾ മാറാം. ദൈവത്തിന്റെ സത്യം ശാശ്വതമാണ്, അത് മാറുകയില്ല. നിങ്ങൾ അഭിമുഖീകരിക്കുന്ന കാര്യങ്ങളുടെ വസ്തുതകൾ ദൈവവചനത്തിന്റെ സത്യത്തിനോട് ചേർന്ന് മാറ്റുവാൻ കഴിയും. "ഞാൻ ശക്തനാണ്" എന്ന് ദുർബലർ പറയട്ടെ, അങ്ങനെ ശക്തനാകുക.

# 31
# നിങ്ങളുടെ വാക്കുകളാൽ ദൈവത്തെ അധിക്ഷേപിക്കരുത്

**മലാഖി 3:13–16**

**[13]നിങ്ങളുടെ വാക്കുകൾ എന്റെ നേരേ അതികഠിനമായിരിക്കുന്നു എന്നു യഹോവ അരുളിച്ചെയ്യുന്നു. എന്നാൽ നിങ്ങൾ: ഞങ്ങൾ നിന്റെ നേരേ എന്തു സംസാരിക്കുന്നു എന്നു ചോദിക്കുന്നു.**
**[14]യഹോവയെ ശുശ്രൂഷ ചെയ്യുന്നതു വ്യർത്ഥം; ഞങ്ങൾ അവന്റെ കാര്യം നോക്കുന്നതിനാലും സൈന്യങ്ങളുടെ യഹോവയുടെ മുമ്പാകെ കറുപ്പുടുത്തു നടന്നതിനാലും എന്തു പ്രയോജനമുള്ളൂ?**
**[15]ആകയാൽ ഞങ്ങൾ അഹങ്കാരികളെ ഭാഗ്യവാന്മാർ എന്നു പറയുന്നു; ദുഷ്പ്രവൃത്തിക്കാർ അഭ്യുദയം പ്രാപിക്കുന്നു; ദൈവത്തെ പരീക്ഷിക്കുന്നവർ ശിക്ഷ ഒഴിഞ്ഞുപോകുന്നു എന്നു നിങ്ങൾ പറയുന്നു.**
**[16]യഹോവാഭക്തന്മാർ അന്നു തമ്മിൽ തമ്മിൽ സംസാരിച്ചു; യഹോവ ശ്രദ്ധവച്ചു കേട്ടു; യഹോവാഭക്തന്മാർക്കും അവന്റെ നാമത്തെ സ്മരിക്കുന്നവർക്കുംവേണ്ടി അവന്റെ സന്നിധിയിൽ ഒരു സ്മരണപുസ്തകം എഴുതിവച്ചിരിക്കുന്നു.**

തന്റെ ജനം സംസാരിച്ചു ദൈവം കേട്ട വാക്കുകളാലും അവർ പറഞ്ഞ കാര്യങ്ങളാലും അവൻ മുറിവേൽക്കുകയും വേദനിക്കുകയും ചെയ്യുന്നതായി സങ്കൽപ്പിക്കുക. ദൈവം നമ്മുടെ വാക്കുകൾ കേൾക്കുന്നു. ദൈവഭക്തിയോടെ സംസാരിക്കുകയും അവന്റെ നാമം ധ്യാനിക്കുകയും ചെയ്യുന്നവരെ രേഖപ്പെടുത്തുന്നതിനായി ഒരു സ്മരണപുസ്തകം എഴുതിയിരിക്കുന്നുവെന്ന് 16-ാം വാക്യം നമ്മെ അറിയിക്കുന്നു.

ദൈവം നാം പറയുന്ന വാക്കുകൾ കേൾക്കുന്നു. നിങ്ങൾ സംസാരിക്കുന്നത് കേൾക്കുമ്പോൾ ദൈവത്തിന് എങ്ങനെ തോന്നണമെന്നാണ് നിങ്ങൾ ആഗ്രഹിക്കുന്നത്? തീർച്ചയായും, നമ്മുടെ വാക്കുകളാൽ ദൈവത്തെ മുറിവേൽപ്പിക്കുവാനോ വേദനിപ്പിക്കാനോ നാം ആഗ്രഹിക്കുന്നില്ല.

നാം സംസാരിക്കുന്നത് നമ്മുടെ ദൈവത്തെ മഹത്വപ്പെടുത്തുകയും, വലുതാക്കുകയും, അവന്റെ ഹൃദയത്തെ പ്രസാദിപ്പിക്കുകയും ചെയ്യുന്ന

എന്ന് നമുക്ക് എങ്ങനെ ഉറപ്പാക്കാം? നാം അവന്റെ വചനത്തോട് ചേർന്ന കാര്യങ്ങൾ സംസാരിക്കുമ്പോൾ, അത് അവന്റെ ദൃഷ്ടിയിൽ ശരിയാകുന്നു.

നിങ്ങളുടെ വാക്കുകൾ ദൈവത്തെ മുറിവേൽപ്പിക്കാൻ അനുവദിക്കരുത്. ദൈവം പറഞ്ഞത് പറയുക. എല്ലാ സാഹചര്യങ്ങളിലും അവന്റെ വചനം സംസാരിക്കുക. എല്ലാ സാഹചര്യങ്ങളിലും നിങ്ങൾ അവനെയും അവന്റെ വചനത്തെയും ബഹുമാനിക്കുന്നുവെന്ന് അവനെ അറിയിക്കുക.

# 32

# "ഇത് എഴുതപ്പെട്ടിരിക്കുന്നു"—യേശു പ്രവർത്തിച്ചു എന്ന് പറയാൻ പഠിക്കുക

**മത്തായിയി 4:1-4**

**[1]അനന്തരം പിശാചിനാൽ പരീക്ഷിക്കപ്പെടുവാൻ യേശുവിനെ ആത്മാവ് മരുഭൂമിയിലേക്കു നടത്തി.**

**[2]അവൻ നാല്പതു പകലും നാല്പതു രാവും ഉപവസിച്ചശേഷം അവനു വിശന്നു.**

**[3]അപ്പോൾ പരീക്ഷകൻ അടുത്തു വന്ന്: നീ ദൈവപുത്രൻ എങ്കിൽ ഈ കല്ല് അപ്പമായിത്തീരുവാൻ കല്പിക്ക എന്നു പറഞ്ഞു.**

**[4]അതിന് അവൻ: "മനുഷ്യൻ അപ്പംകൊണ്ടു മാത്രമല്ല, ദൈവത്തിന്റെ വായിൽകൂടി വരുന്ന സകല വചനംകൊണ്ടും ജീവിക്കുന്നു" എന്ന് എഴുതിയിരിക്കുന്നു എന്ന് ഉത്തരം പറഞ്ഞു.**

എല്ലാ കാര്യങ്ങളിലും നാം അനുകരിക്കുകയും പിന്തുടരുകയും ചെയ്യുന്ന നമ്മുടെ ഉത്തമ മാതൃകയാണ് കർത്താവായ യേശു. മരുഭൂമിയിൽ യേശു നേരിട്ട മൂന്ന് പരീക്ഷകൾ നാം നമുക്കായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇവ മാത്രമായിരുന്നില്ല അവൻ നേരിട്ട പ്രലോഭനങ്ങൾ. അവൻ നമ്മെപ്പോലെ തന്നെ എല്ലാവിധത്തിലും (എല്ലാ മേഖലകളിലും, എല്ലാ വഴികളിലും) പരീക്ഷിക്കപ്പെട്ടു, അവൻ പാപമില്ലാത്തവനായിരുന്നു (എബ്രായർ 4:15). ഈ പ്രലോഭനങ്ങളെല്ലാം നാം രേഖപ്പെടുത്തിയിട്ടില്ല. എങ്കിലും, മത്തായിയി 4-ൽ രേഖപ്പെടുത്തിയിരിക്കുന്ന മൂന്ന് പ്രലോഭനങ്ങളിൽ, ഓരോ തവണയും കർത്താവായ യേശു വചനം പറഞ്ഞുകൊണ്ട് അവയോട് പ്രതികരിച്ചത് നാം കാണുന്നു. ഓരോ പ്രാവശ്യവും "അത് എഴുതിയിരിക്കുന്നു" എന്ന് അവൻ പറഞ്ഞു. അതിനാൽ, അവൻ എല്ലാ പ്രലോഭനങ്ങളെയും ഇതേ രീതിയിൽ വചനം സംസാരിക്കുന്നതിലൂടെ നേരിട്ടുവെന്ന് നമുക്ക് ഉറപ്പിക്കാം.

എല്ലാ പ്രലോഭനങ്ങളിലും, എല്ലാ സാഹചര്യങ്ങളിലും, "ഇത് എഴുതിയിരിക്കുന്നു" എന്ന് പറയുവാൻ പഠിക്കുക. ദൈവം സംസാരിച്ചത് സംസാരിക്കുക. നിങ്ങളെ വെല്ലുവിളിക്കുന്ന പ്രലോഭനങ്ങളെയും സാഹചര്യങ്ങളെയും മറികടക്കാൻ വചനം

സംസാരിക്കുക. ഒരു പ്രലോഭനത്തെ നേരിടുമ്പോൾ "എന്റെ ശരീരം എന്നിൽ വസിക്കുന്ന പരിശുദ്ധാത്മാവിന്റെ ആലയമാണ് എന്ന് എഴുതിയിരിക്കുന്നുവെന്ന് പറയുക. പാപം എന്നിൽ കർതൃത്വം നടത്തുകയില്ലയെന്നും ഞാൻ എന്റെ ശരീരത്തെ നീതിയുടെ ആയുധങ്ങളായി സമർപ്പിരിക്കുന്നുവെന്നും എഴുതിയിരിക്കുന്നു." മറികടക്കാൻ കഴിയുകയില്ല എന്ന് തോന്നിക്കുന്ന വെല്ലുവിളികൾ നേരിടുന്ന ഒരു സാഹചര്യത്തെ അഭിമുഖീകരിക്കുമ്പോൾ, "ഞാൻ ദൈവത്തിൽ നിന്നു ജനിച്ചിരിക്കുവെന്നും, ഞാൻ ഈ ലോകത്തെ ജയിക്കുന്നുവെന്നും എഴുതിയിരിക്കുന്നതായി" പറയുക. ലോകത്തെ ജയിച്ച ജയമോ എന്റെ വിശ്വാസം തന്നെ. ദൈവം എപ്പോഴും എന്നെ ജയാളിയാക്കുന്നു. ഈ സാഹചര്യത്തിലും ഞാൻ ജയോത്സവമായി നടക്കും" എന്നും എഴുതിയിരിക്കുന്നു എന്ന് പറയുക. "അത് എഴുതിയിരിക്കുന്നു" എന്ന് പറയാൻ പഠിക്കുക. യേശു അങ്ങനെ ചെയ്തു. എല്ലാ സാഹചര്യങ്ങളിലും ദൈവവചനം സംസാരിക്കുക.

## 33

# ഒരു വാക്ക് ഉപയോഗിച്ച് ആത്മാക്കളെ പുറപ്പാട്ത്താക്കുക

**മത്തായിയി 8:16**
**വൈകുന്നേരം ആയപ്പോൾ പല ഭൂതഗ്രസ്തരെയും അവന്റെ അടുക്കൽ കൊണ്ടുവന്നു; അവൻ വാക്കുകൊണ്ടു ദുരാത്മാക്കളെ പുറപ്പാട്ത്താക്കി സകല ദീനക്കാർക്കും സൗഖ്യം വരുത്തി.**

സുവിശേഷങ്ങളിലൂടെ നാം യേശുവിന്റെ ശുശ്രൂഷ പിന്തുടരുമ്പോൾ, അവൻ ദുരാത്മാക്കളെ എങ്ങനെ കൈകാര്യം ചെയ്തുവെന്ന് പഠിക്കാം. അവൻ കൽപ്പനയുടെ ഒരു വാക്ക് പറഞ്ഞുകൊണ്ട് ദുരാത്മാക്കളുടെ മേൽ അധികാരവും ആധിപത്യവും പ്രയോഗിച്ചു. ഒരു വാക്കുകൊണ്ട് അവൻ ആത്മാക്കളെ പുറപ്പാട്ത്താക്കിയതായി മത്തായിയി ഇവിടെ രേഖപ്പെടുത്തുന്നു. അവൻ കൽപ്പനയുടെ ഒരു വാക്കു മാത്രം സംസാരിച്ചു.

നമുക്ക് യേശുവിന്റെ മാതൃക അനുകരിക്കാം. നമ്മുടെ വാക്കുകൾ ക്രിസ്തുവിൽ നമുക്കു നൽകപ്പെട്ടിരിക്കുന്ന അധികാരത്തിന്റെയും ആധിപത്യത്തിന്റെയും ഒരു പ്രകടനമാണ്. അവന്റെ നാമം ഉപയോഗിക്കാനുള്ള അവകാശത്തിലൂടെ നമ്മെ ഏൽപ്പിച്ചിരിക്കുന്ന അധികാരം നാം വഹിക്കുന്നു. നാം അവന്റെ അധികാരത്തിൽ നടക്കുന്നു. അധികാരത്തിന്റെ വാക്കുകൾ പറഞ്ഞുകൊണ്ടാണ് പൈശാചിക ശക്തികളെ നാം നേരിടുന്നത് . കൽപ്പനയുടെ ഒരു വാക്കിനാൽ നാം ആത്മാക്കളെ പുറപ്പാട്ത്താക്കുന്നു.

അധികാരത്തിന്റെ വാക്കുകൾ സംസാരിക്കാൻ പഠിക്കുക. നിങ്ങൾ ഇത് നിങ്ങൾക്കായും മറ്റുള്ളവരെ ശുശ്രൂഷിക്കുമ്പോഴും ചെയ്യുക. ഭയത്തിന്റെ ചിന്തകളെ നേരിടുമ്പോൾ, "യേശുവിന്റെ നാമത്തിൽ, ഭയത്തിന്റെ ആത്മാവിനോട് വിട്ടുപോകുവാൻ ഞാൻ കൽപ്പിക്കുന്നു. ഭയത്തിന്റെ ചിന്തകളെ യേശുവിന്റെ നാമത്തിൽ ഞാൻ തള്ളിക്കളയുന്നു" എന്ന് പറയുവാൻ പഠിക്കുക. സാധാരണയായി നിങ്ങളിൽ ഏതവസ്ഥക്കാണോ ആത്മാവ് കാരണമാകുന്നത് ആ

പേരുകൊണ്ട് നിങ്ങൾ അതിനെ വിളിക്കും. അസാധാരണമായതോ വിശദീകരിക്കാനാകാത്തതോ ആയ ഒരു "കാര്യം" ആശയക്കുഴപ്പം ഉണ്ടാക്കുന്നതായി നിങ്ങൾക്ക് തോന്നുന്നുവെങ്കിൽ, ആ ആശയക്കുഴപ്പത്തിന്മേൽ അധികാരമെടുക്കുക. "ഈ സാഹചര്യത്തിൽ പ്രവർത്തിക്കുന്ന ആശയക്കുഴപ്പത്തിന്റെ ആത്മാക്കളുടെ മേൽ യേശുവിന്റെ നാമത്തിൽ ഞാൻ അധികാരം എടുക്കുന്നു. ഞാൻ അവയുടെ പ്രവൃത്തിയെ ബന്ധിക്കുന്നു. യേശുവിന്റെ നാമത്തിൽ വിട്ടുപോകുവാൻ ഞാൻ അവയോട് കൽപ്പിക്കുന്നു" എന്ന് പറയുവാൻ പഠിക്കുക. നിങ്ങൾ രോഗിയായ ഒരാളെ ശുശ്രൂഷിക്കുകയും, അയാളുടെ ഈ അവസ്ഥ ഒരു ദുരാത്മാവ് മൂലമാണെന്ന് നിങ്ങളറിയുകയും ചെയ്യുന്നുവെങ്കിൽ, "യേശുവിന്റെ നാമത്തിൽ, ഈ രോഗത്തിന്റെ ആത്മാവിനുമേൽ ഞാൻ അധികാരം എടുക്കുകയും ഇപ്പോൾ വിട്ടുപോകാൻ കൽപ്പിക്കുകയും ചെയ്യുന്നു"എന്ന് പറയുക.

കൽപ്പനയുടെ ഒരു വാക്കിനാൽ ദുരാത്മാക്കളെ പുറപ്പാട്ത്താക്കുക. യേശു അങ്ങനെ ചെയ്തു, നാമും അങ്ങനെ തന്നെ ചെയ്യണം.

# 34

# നിങ്ങൾ അവനെ ഭൂമിയിൽ ഏറ്റുപറയുമ്പോൾ, സ്വർഗ്ഗം നിങ്ങളെ പ്രസ്താവിക്കും

**മത്തായിയി 10:32,33**

**[32]മനുഷ്യരുടെ മുമ്പിൽ എന്നെ ഏറ്റുപറയുന്ന ഏവനെയും സ്വർഗസ്ഥനായ എന്റെ പിതാവിൻമുമ്പിൽ ഞാനും ഏറ്റുപറയും.**

**[33]മനുഷ്യരുടെ മുമ്പിൽ എന്നെ തള്ളിപ്പറയുന്നവനെയോ എന്റെ പിതാവിൻമുമ്പിൽ ഞാനും തള്ളിപ്പറയും.**

യേശുവിന്റെ വാക്കുകൾ വളരെ വ്യക്തമാണ്. നാം മനുഷ്യരുടെ മുമ്പിൽ അവനെ ഏറ്റുപറഞ്ഞാൽ, അവൻ നമ്മെ സ്വർഗ്ഗസ്ഥനായ പിതാവിന്റെ മുമ്പാകെ ഏറ്റുപറയും.

"ഏറ്റുപറയുക" എന്ന വാക്ക് ഗ്രീക്കിൽ *'ഹോമോളോഗിയ'* എന്നാണ്; അത് *'ഹോമോ'* ("അത് പോലെ") *'ലോഗോസ്'* ("പറഞ്ഞത്") എന്നീ രണ്ടു ഗ്രീക്ക് പദങ്ങൾ ചേർന്ന ഒരു സംയുക്തപദമാണ്. അതിനാൽ, "ഏറ്റുപറയുക" എന്നതിനർത്ഥം "ഒരേ കാര്യം പറയുക, സമ്മതിക്കുക, യോജിക്കുക, അംഗീകരിക്കുക, ഏറ്റുപറയുക, ഊന്നിപ്പറയുക" എന്നൊക്കെയാണ്.

"ഏറ്റുപറയുക" എന്നാൽ "മറ്റൊരു വ്യക്തി പറയുന്ന അതേ കാര്യം പറയുക" എന്നതാണ്. അവന്റെ വചനത്തിലൂടെ ദൈവം പറഞ്ഞ കാര്യങ്ങളെ അംഗീകരിക്കലാണ് വേദപുസ്തകപരമായ ഏറ്റുപറയൽ. ഇത് ദൈവം പറഞ്ഞ അതേ കാര്യം തന്നെ പറയുന്നതാണ്. അവൻ പറഞ്ഞത് നാം പറയുന്നു. നിങ്ങൾക്ക് ദൈവവചനത്തിന് വിരുദ്ധമായ നിങ്ങളുടെ സ്വന്തം കാര്യം പറയുകയും അതിനെ ഏറ്റുപറയൽ എന്ന് വിളിക്കുകയും ചെയ്യാൻ കഴിയുകയില്ല.

യേശു, അവനെക്കുറിച്ച് താൻ ആരാണെന്ന് പറഞ്ഞത് നാം ഏറ്റുപറയണം. യേശുവിനെക്കുറിച്ചുള്ള നമ്മുടെ ഏറ്റുപറച്ചിൽ അവൻ തന്നെക്കുറിച്ച് പറഞ്ഞതിനോട് യോജിക്കണം. ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു (മശിഹാ) ആണ് യേശു. അവൻ

വഴിയും സത്യവും ജീവനുമാകുന്നു; അവൻ മുഖാന്തരമല്ലാതെ ആരും പിതാവിന്റെ അടുക്കൽ എത്തുന്നില്ല. നാം യേശുവിനെ ഏറ്റുപറയുമ്പോൾ, അതായത് മനുഷ്യരുടെ മുമ്പിൽ അവൻ തന്നെക്കുറിച്ച് പറഞ്ഞ അതേ കാര്യം പറയുമ്പോൾ, അവൻ നമ്മെ സ്വർഗ്ഗസ്ഥനായ പിതാവിന്റെ മുമ്പാകെ ഏറ്റുപറയും (അവനുമായുള്ള ബന്ധത്തിൽ നാം നമ്മെക്കുറിച്ച് പറയുന്നതിനോട് യോജിക്കുന്നു). "ഞാൻ യേശുവിന്റെ രക്തത്താൽ കഴുകപ്പെട്ടുകയും, പാപത്തിൽ നിന്ന് രക്ഷിക്കപ്പെട്ടുകയും, ദൈവരാജ്യത്തിലേക്ക് ചേർക്കപ്പെട്ടുകയും ചെയ്ത ഒരു ദൈവപൈതലാണ്" എന്ന് അപ്പോൾ നിങ്ങൾക്ക് പറയാം. ഇങ്ങനെ സ്വർഗ്ഗത്തിലെ പിതാവിന്റെ മുമ്പാകെ യേശു നിങ്ങളെ കുറിച്ച് ഏറ്റുപറയും!

യേശുവിനെക്കുറിച്ച്, അവൻ തന്നെക്കുറിച്ച് പറഞ്ഞതും ദൈവവചനം അവനെക്കുറിച്ച് വെളിപ്പാട്പ്പെടുത്തുന്നതും എന്താണെന്ന് പറയുക. അവൻ രക്ഷകനാണ്. അവൻ സൗഖ്യദായകനാണ്. അവൻ വിടുവിക്കുന്നവനാണ്. അവൻ സമാധാനപ്രഭുവാണ്. മനുഷ്യരുടെ മുമ്പിൽ അവനെ ഏറ്റുപറയുക. പിതാവിന്റെ മുമ്പാകെ അവൻ നിങ്ങളെ ഏറ്റുപറയും.

# 35

# ഹൃദയത്തിലുള്ളത് വാക്കുകളിലൂടെ ജീവിതത്തിലേക്ക് പുറപ്പാട്ത്തുവരുന്നു

**മത്തായിയി 12:33-35**

**[33]ഒന്നുകിൽ വൃക്ഷം നല്ലത്, ഫലവും നല്ലത് എന്നു വയ്പിൻ; അല്ലായ്കിൽ വൃക്ഷം ചീത്ത, ഫലവും ചീത്ത എന്നു വയ്പിൻ; ഫലംകൊണ്ടല്ലോ വൃക്ഷം അറിയുന്നത്.**
**[34]സർപ്പസന്തതികളേ, നിങ്ങൾ ദുഷ്ടരായിരിക്കെ നല്ലതു സംസാരിപ്പാൻ എങ്ങനെ കഴിയും? ഹൃദയം നിറഞ്ഞുകവിയുന്നതിൽ നിന്നല്ലോ വായ് സംസാരിക്കുന്നത്.**
**[35]നല്ല മനുഷ്യൻ തന്റെ നല്ല നിക്ഷേപത്തിൽനിന്നു നല്ലതു പുറപ്പാട്പ്പെടുവിക്കുന്നു; ദുഷ്ടമനുഷ്യൻ ദുർനിക്ഷേപത്തിൽനിന്നു തീയതു പുറപ്പാട്പ്പെടുവിക്കുന്നു.**

ഒരു വൃക്ഷത്തെ അതിന്റെ ഫലത്താൽ അറിയാം. വൃക്ഷത്തിൽ കായ്ക്കുന്ന ഫലം ആ വൃക്ഷത്തിൽ എന്താണുള്ളതെന്നതിനെയും അത് ഏതുതരം വൃക്ഷമാണെന്നതിനെയും ആശ്രയിച്ചിരിക്കുന്നു. തുടർന്ന് യേശു ഇതിനെ ജനങ്ങളോട് ബന്ധപ്പെടുത്തുന്നു. ഹൃദയത്തിൽ ദുഷ്ടതയുണ്ടെങ്കിൽ, വായ് ദുഷ്ടത സംസാരിക്കും, കാരണം ഹൃദയത്തിലുള്ളത് നമ്മുടെ വായിലെ വാക്കുകളിലൂടെ പുറപ്പാട്ത്തുവരുന്നു.

35-ാം വാക്യത്തിൽ, നമ്മുടെ ജീവിതത്തിൽ നാം എന്തുപുറപ്പാട്പ്പെടുവിക്കുന്നു (ഫലം) എന്നുള്ളത് നമ്മുടെ ഉള്ളിൽ എന്താണുള്ളത് എന്നതിനെ ആശ്രയിച്ചിരിക്കുന്നുവെന്ന് നാം മനസ്സിലാക്കുന്നു. നിങ്ങളുടെ ഉള്ളിൽ നല്ല ധനം (നല്ല നിക്ഷേപം) ഉണ്ടെങ്കിൽ, നിങ്ങൾ നല്ല ഫലം കായ്ക്കും—നിങ്ങളുടെ ജീവിതത്തിൽ നല്ലത് പുറപ്പാട്പ്പെടുവിക്കും.

ഉള്ളിലുള്ളത് (നല്ല നിക്ഷേപം) നമ്മുടെ ജീവിതത്തിലേക്ക് (ഫലം) കൊണ്ടുവരുന്നതിന് വാക്കുകൾ ഒരു പ്രധാന പങ്ക് വഹിക്കുന്നു, കാരണം ഹൃദയം നിറഞ്ഞ് കവിയുന്നതിൽ (നല്ല നിക്ഷേപം) നിന്നാണ് വായ് സംസാരിക്കുന്നത്.

നമ്മുടെ ഉള്ളിലുള്ളത് വാക്കുകൾ നമ്മുടെ ജീവിതത്തിലേക്ക് സ്വതന്ത്രമാക്കുന്നു. നമ്മുടെ ഹൃദയത്തിലെ നിക്ഷേപം നാം സംസാരിക്കുന്ന വാക്കുകളിലൂടെ നമ്മുടെ ജീവിതത്തിലേക്ക് സ്വതന്ത്രമാക്കപ്പെടുന്നു.

നിക്ഷേപം നല്ലതാക്കുക. ക്രിസ്തുവിന്റെ വചനം ധാരാളമായി സകല ജ്ഞാനത്തോടും കൂടെ നമ്മിൽ വസിക്കുവാൻ ഇടയാക്കണമെന്നാണ് നമ്മോട് നിർദ്ദേശിച്ചിരിക്കുന്നത് (കൊലൊസ്സ്യർ 3:16). നിങ്ങളുടെ ഉള്ളിൽ ദൈവവചനത്തിന്റെ സമൃദ്ധമായ നിക്ഷേപം ഉണ്ടായിരിക്കണം. അപ്പോൾ നിങ്ങൾ സംസാരിക്കുന്ന വാക്കുകൾ നിങ്ങളിലുള്ള ദൈവവചനത്തോട് ചേർന്നതായിരിക്കും. നിങ്ങളുടെ ഉള്ളിലെ നിക്ഷേപം ദൈവ വചനമായതുകൊണ്ട് വചനമനുസരിച്ച് സംസാരിക്കാതിരിക്കാൻ നിങ്ങൾക്ക് കഴിയുകയില്ല. നിങ്ങളുടെ ജീവിതത്തെ രൂപപ്പെടുത്തുന്ന ശക്തി നിങ്ങളുടെ ഹൃദയത്തിൽ നിന്ന് വരുന്നതിനാൽ നിങ്ങളും നന്മ പുറപ്പാട്പ്പെടുവിക്കും (സദൃശവാക്യങ്ങൾ 4:22). വാക്കുകൾ നിങ്ങളുടെ ഹൃദയത്തിലുള്ളത് നിങ്ങളുടെ ജീവിതത്തിലേക്ക് സ്വതന്ത്രമാക്കുന്നു. വചനം കൊണ്ട് നിറയ്ക്കുക. വചനം സംസാരിക്കുക.

# 36

# നിങ്ങളുടെ വാക്കുകളാൽ നിങ്ങൾ നീതീകരിക്കപ്പെട്ടുകയോ കുറ്റം വിധിക്കപ്പെട്ടുകയോ ചെയ്യുന്നു

**മത്തായിയി 12:36,37**

**[36]എന്നാൽ മനുഷ്യർ പറയുന്ന ഏതു നിസ്സാരവാക്കിനും ന്യായവിധിദിവസത്തിൽ കണക്കു ബോധിപ്പിക്കേണ്ടിവരും എന്നു ഞാൻ നിങ്ങളോടു പറയുന്നു.**

**[37]നിന്റെ വാക്കുകളാൽ നീതീകരിക്കപ്പെടുകയും നിന്റെ വാക്കുകളാൽ കുറ്റം വിധിക്കപ്പെടുകയും ചെയ്യും.**

നമ്മുടെ വാക്കുകൾ എത്ര പ്രധാനമാണ്? നാം പറഞ്ഞ നിസ്സാരവാക്കുകൾക്കു പോലും കണക്ക് ബോധിപ്പിക്കേണ്ടിവരുമെന്ന് യേശു പറഞ്ഞു. മരണത്തിന്റെയും ജീവന്റെയും ശക്തി നമ്മുടെ വാക്കുകളിലാണെന്ന് സദൃശവാക്യങ്ങൾ 18:21 ൽ നാം കാണുന്നു. മത്തായിയി 12:36,37-ൽ, നമ്മുടെ വാക്കുകളുടെ നിത്യമായ പരിണിതഫലങ്ങൾ യേശു നമുക്ക് വെളിപ്പാട്പ്പെടുത്തുന്നു. നമ്മുടെ വാക്കുകളാൽ നാം നീതീകരിക്കപ്പെട്ടുകയോ അല്ലെങ്കിൽ ശിക്ഷാവിധിയിൽ അകപ്പെട്ടുകയോ ചെയ്യും. ഈ ലോകത്തിലും വരുവാനുള്ളതിലും വാക്കുകൾക്ക് അത്രയേറെ പ്രാധാന്യമുണ്ടെങ്കിൽ, നാം നമ്മുടെ വാക്കുകൾ ഗൗരവമായി കാണണം.

"അലസമായ" എന്ന വാക്കിന്റെ സമാന ഗ്രീക്ക് പദമായ *'അർഗോസ്'* ന്റെ അർത്ഥം "നിഷ്ക്രീയമായ, തൊഴിൽരഹിതമായ, ലാഭകരമല്ലാത്ത, ഉപയോഗശൂന്യമായ, മന്ദഗതിയിലുള്ള, ഫലമില്ലാത്ത" എന്നിങ്ങനെയൊക്കെയാണ്. ഓരോ നിസ്സാര വാക്കിനും (നാം യഥാർത്ഥത്തിൽ പറയുവാൻ ഉദ്ദേശിക്കാതെ സംസാരിക്കുന്ന വാക്കുകൾക്കും, അതായത്, നാം യഥാർത്ഥത്തിൽ പ്രാവർത്തികമാക്കാത്ത വാക്കുകൾക്കും) നാം കണക്ക് ബോധിപ്പിക്കേണ്ടിവരും എന്ന് യേശു പറഞ്ഞു. ഇത് എങ്ങനെ ചെയ്യുമെന്ന് എനിക്കറിയില്ല, പക്ഷേ നമുക്ക് അവന്റെ മുന്നറിയിപ്പ് ഗൗരവമായി എടുക്കാം.

നിസ്സാര വാക്കുകൾ പറയുന്നതിനുപകരം, നിങ്ങൾക്കും നിങ്ങളുടെ ചുറ്റുമുള്ള മറ്റുള്ളവർക്കും ഉപയോഗപ്രദവും, ഫലപ്രദവും, ലാഭകരവുമായ വാക്കുകൾ സംസാരിക്കുക. നിങ്ങളുടെയും മറ്റുള്ളവരുടെയും ജീവിതത്തിൽ ജീവനും, അനുഗ്രഹവും, ബലവും, ശക്തിയും പുറപ്പാട്പ്പെടുവിക്കുന്ന വാക്കുകൾ സംസാരിക്കുക. നിങ്ങളെയും നിങ്ങൾക്ക് ചുറ്റുമുള്ള ആളുകളെയും നീതീകരിക്കുവാനും, ഉയർത്തുവാനും, വർദ്ധിപ്പിക്കുവാനും പ്രോത്സാഹിപ്പിക്കാനും, പോഷിപ്പിക്കുവാനും കഴിയുന്ന വാക്കുകൾ സംസാരിക്കുക. വചനം സംസാരിക്കുക.

# 37

# കെട്ടുവാനും അഴിക്കുവാനുമുള്ള സ്വർഗ്ഗീയ അധികാരം വാക്കുകൾ പുറപ്പാട്പ്പെടുവിക്കുന്നു

**മത്തായിയി 16:18,19**

**[18]നീ പത്രൊസ് ആകുന്നു; ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും; പാതാളഗോപുരങ്ങൾ അതിനെ ജയിക്കയില്ല എന്നു ഞാൻ നിന്നോടു പറയുന്നു.**
**[19]സ്വർഗരാജ്യത്തിന്റെ താക്കോൽ ഞാൻ നിനക്കു തരുന്നു; നീ ഭൂമിയിൽ കെട്ടുന്നതൊക്കെയും സ്വർഗത്തിൽ കെട്ടപ്പെട്ടിരിക്കും; നീ ഭൂമിയിൽ അഴിക്കുന്നതൊക്കെയും സ്വർഗത്തിൽ അഴിഞ്ഞിരിക്കും എന്ന് ഉത്തരം പറഞ്ഞു.**

ജീവിക്കുന്ന ദൈവത്തിന്റെ പുത്രനായ യേശുക്രിസ്തു (മിശിഹാ) എന്ന പാറയുടെ മുകളിലാണ് സഭ പണിതിരിക്കുന്നത്. പിതാവിൽ നിന്നുള്ള വെളിപ്പാട്പാടിലൂടെയുണ്ടായ പത്രൊസ്സിന്റെ മഹത്തായ ഏറ്റുപറച്ചിലായിരുന്നു ഇത്. യേശു പണിയുന്ന സഭ നരകത്തിന്റെ എല്ലാ ശക്തികൾക്കും ഉൾക്കൊള്ളുവാനോ, നിയന്ത്രിക്കുവാനോ, ജയിക്കുവാനോ കഴിയാത്ത ശക്തമായ ഒരു സഭയാണ്. കർത്താവായ യേശു സ്വർഗ്ഗരാജ്യത്തിന്റെ—ദൈവത്തിന്റെ സ്വന്തം രാജ്യത്തിന്റെ - അധികാരം (താക്കോലുകൾ) ഈ സഭയെ ഭരമേൽപ്പിച്ചിരിക്കുന്നു. ഈ ലോകത്തിൽ ദൈവരാജ്യം വെളിപ്പാടുവാക്കുവാൻ സഭ ഭൂമിയിലുണ്ട്, ഈ സഭയ്ക്ക് സ്വർഗ്ഗീയ അധികാരം നൽകിയിരിക്കുന്നു.

ഇവിടെ, ഭൗമിക ലോകത്തിൽ, സ്വർഗ്ഗീയ അധികാരം എങ്ങനെയാണ് പ്രയോഗിക്കാൻ പോകുന്നത്? നാം "ഭൂമിയിൽ കെട്ടുകയും അഴിക്കുകയും" ചെയ്യുമെന്ന് യേശു പറഞ്ഞു. "കെട്ടുക" എന്ന വാക്കിന്റെ അർത്ഥം "തടയുക, നിരോധിക്കുക, അനുവദിക്കാതിരിക്കുക, നിയമവിരുദ്ധമായി പ്രഖ്യാപിക്കുക" എന്നിവയാണ്. "അഴിക്കുക" എന്ന വാക്കിന്റെ അർത്ഥം "നശിപ്പിക്കുക, തടയുക, അയവുവരുത്തുക, വിടുവിക്കുക, ക്ഷയിക്കുക, പഴയപടിയാക്കുക, വലിച്ചെറിയുക, നശിപ്പിക്കുക, ഉന്മൂലനം ചെയ്യുക" എന്നിങ്ങനെയാണ്. നാം എങ്ങനെ ബന്ധിക്കുകയും അഴിക്കുകയും ചെയ്യും? യേശു തന്റെ ശുശ്രൂഷയിൽ ഇത് ചെയ്യുന്നത് നാം കാണുന്നു. താൻ സംസാരിച്ച വാക്കുകളിലൂടെ

തന്റെ അധികാരം പ്രയോഗിച്ചുകൊണ്ടാണ് അവൻ അത് ചെയ്തത്. ബധിരരും ഊമരുമായവരോട് അവൻ പറഞ്ഞു, "തുറന്ന് വരുക" അവരുടെ ചെവിയും നാവും അഴിഞ്ഞു (മർക്കോ 7:33-35). *"നിന്റെ രോഗബന്ധനം അഴിഞ്ഞിരിക്കുന്നു"* (ലൂക്കാ 13:12) എന്ന് അവൻ ആ സ്ത്രീയോട് പറഞ്ഞു. ആളുകളെ മോചിപ്പിക്കുകയും പിശാചിന്റെ പ്രവൃത്തികൾ അവസാനിപ്പിക്കുകയും ചെയ്യുന്ന അധികാരത്തിന്റെ വാക്കുകൾ യേശു സംസാരിച്ചു.

നാം അവന്റെ മാതൃക പിന്തുടരുന്നു. യേശുവിന്റെ നാമത്തിന്റെ അധികാരത്തിൽ നാം വാക്കുകൾ സംസാരിക്കുന്നു. നമുക്ക് നൽകിയിരിക്കുന്ന അധികാരത്തിൽ നാം സംസാരിക്കുന്ന വാക്കുകളിലൂടെ നാം കെട്ടുകയും അഴിക്കുകയും ചെയ്യുന്നു. ഒരു വിശ്വാസി എന്ന നിലയിൽ നിങ്ങൾക്ക് നൽകപ്പെട്ടിരിക്കുന്ന ദൈവരാജ്യത്തിന്റെ അധികാരം പ്രയോഗിക്കുവാൻ നിങ്ങളുടെ വാക്കുകൾ ഉപയോഗിക്കുക. നിങ്ങളുടെ വാക്കുകൾ ബന്ധിക്കുവാനും അഴിക്കുവാനുമുള്ള സ്വർഗ്ഗീയ അധികാരം പുറപ്പാട്പ്പെടുവിക്കുന്നു! അധികാരത്തിന്റെ വാക്കുകൾ സംസാരിക്കുക.

## 38

# പർവ്വതത്തോട് സംസാരിക്കുക

**മത്തായിയി 17:20**

**അവൻ അവരോട്: നിങ്ങളുടെ അല്പവിശ്വാസം നിമിത്തമത്രേ; നിങ്ങൾക്കു കടുകുമണിയോളം വിശ്വാസമുണ്ടെങ്കിൽ ഈ മലയോട്: ഇവിടെനിന്ന് അങ്ങോട്ടു നീങ്ങുക എന്നു പറഞ്ഞാൽ അതു നീങ്ങും; നിങ്ങൾക്ക് ഒന്നും അസാധ്യമാകയുമില്ല.**

സുവിശേഷങ്ങളിലെ വിശ്വാസത്തെക്കുറിച്ചുള്ള യേശുവിന്റെ പഠിപ്പിക്കലുകൾ നാം പഠിച്ചാൽ, നമ്മുടെ വിശ്വാസം സംസാരിക്കുന്നതിന് അവൻ വളരെയധികം പ്രാധാന്യം നൽകിയതായി നാം കണ്ടെത്തും. മത്തായിയി 17-ൽ, ഭൂതത്തെ പുറപ്പാട്ത്താക്കുന്നതിൽ ശിഷ്യന്മാർ പരാജയപ്പെടുകയും, എന്തുകൊണ്ടാണ് അവർക്ക് അത് ചെയ്യാൻ കഴിയാത്തതെന്ന് യേശുവിനോട് ചോദിക്കുകയും ചെയ്തപ്പോൾ, യേശു അവരുടെ അവിശ്വാസത്തെയോ, വിശ്വാസമില്ലായ്മയോ ചൂണ്ടിക്കാട്ടി. വിശ്വാസത്തിന്റെ സാധ്യതകളെക്കുറിച്ചും, അത് ഉപയോഗിച്ച് നമുക്ക് എന്തുചെയ്യാമെന്നും, നമ്മുടെ വിശ്വാസം എങ്ങനെ പ്രയോഗിക്കാമെന്നും, എങ്ങനെ ഉപയോഗിക്കാമെന്നും അവൻ അവരെ (ഞങ്ങളെയും) പഠിപ്പിച്ചു.

ചുരുക്കത്തിൽ, വിശ്വാസത്തിന് ഭൂതങ്ങളെയും അവരുടെ പ്രവൃത്തികളെയും നശിപ്പിക്കുവാൻ മാത്രമല്ല, ഭൗതിക ലോകത്ത് മാറ്റങ്ങൾ വരുത്തുവാനും കഴിയും. (ഉദാഹരണത്തിന്, ഈ പർവ്വതത്തെ ഇവിടെ നിന്ന് അങ്ങോട്ടേക്ക് നീക്കുക). വിശ്വാസത്തോടെ യേശു പറഞ്ഞു, "നിങ്ങൾക്ക് ഒന്നും അസാധ്യമായിരിക്കില്ല." നമ്മുടെ ഹൃദയങ്ങളിലുള്ള വിശ്വാസം കൊണ്ട് നമുക്ക് കാര്യങ്ങൾ നേടിയെടുക്കുവാൻ കഴിയും. നമ്മുടെ ഹൃദയങ്ങളിലെ വിശ്വാസം വളരെ ഫലപ്രദമാണെന്നും, ഒരു കടുകുമണിയോളം വിശ്വാസത്തിന് ഒരു പർവ്വതത്തെ നീക്കുവാൻ കഴിയുമെന്നും യേശു പറഞ്ഞു. വിശ്വാസം പ്രകടിപ്പിക്കാനുള്ള വഴി പറയുക എന്നതാണ്! നിങ്ങളുടെ വിശ്വാസം സംസാരിക്കുക. നിങ്ങളുടെ ഹൃദയത്തിൽ വിശ്വാസത്തോടെ,

നിങ്ങൾ വിശ്വസിക്കുന്ന കാര്യങ്ങൾ വിവരിക്കുന്ന വാക്കുകൾ പുറപ്പാട്പ്പെടുവിക്കുക.

നാം പർവ്വതത്തോട് സംസാരിക്കണമെന്നും അവൻ വളരെ വ്യക്തമായി പറഞ്ഞു. പർവ്വതം നീങ്ങണമെന്ന് നാം ആഗ്രഹിക്കുമ്പോൾ, നാം അതിനോടു സംസാരിക്കുക. നമ്മുടെ പർവ്വതത്തെ കുറിച്ച് മറ്റുള്ളവരോട് സംസാരിക്കുക എന്ന തെറ്റ് നാം പലപ്പോഴും ചെയ്യുന്നു. ചിലപ്പോൾ, ഈ പർവ്വതത്തെക്കുറിച്ച് ദൈവത്തിന് നേരത്തെ അറിവില്ലായിരുന്നു എന്നവിധത്തിൽ നാം ദൈവത്തോട് സംസാരിക്കുകയോ പരാതിപ്പെടുകയോ പോലും ചെയ്യാം. നമ്മുടെ ഹൃദയങ്ങളിൽ വിശ്വാസത്തോടെ പർവ്വതത്തോട് സംസാരിക്കണമെന്ന് യേശു വ്യക്തമായി നമ്മോട് നിർദ്ദേശിച്ചു. ഭൂതങ്ങളോട് സംസാരിക്കുക. രോഗങ്ങളോട് സംസാരിക്കുക. കൊടുങ്കാറ്റുകളോട് സംസാരിക്കുക. സാഹചര്യങ്ങളോട് സംസാരിക്കുക. കുറവിനോട് സംസാരിക്കുക. അടഞ്ഞ വാതിലുകളോട് സംസാരിക്കുക. നമ്മുടെ ഭൗതിക ലോകത്തെ കാര്യങ്ങളോട് സംസാരിക്കുക. നിങ്ങളുടെ വിശ്വാസമനുസരിച്ച് കൽപ്പിക്കുക. *"നിങ്ങൾക്ക് ഒന്നും അസാധ്യമായിരിക്കുകയില്ല"* എന്ന് അവൻ പറഞ്ഞു. വിശ്വാസത്തെക്കുറിച്ചുള്ള യേശുവിന്റെ നിർദ്ദേശങ്ങൾ നമുക്ക് പിൻപറ്റാം. നിങ്ങളുടെ വിശ്വാസം സംസാരിക്കുക.

## 39

# നിങ്ങൾ ആഗ്രഹിക്കുന്ന ഫലം പ്രസ്താവിക്കുക

**മർക്കൊസ് 5:25-34**

**[25]പന്ത്രണ്ടു സംവത്സരമായിട്ടു രക്തസ്രവമുള്ളവളായി**

**[26]പല വൈദ്യന്മാരാലും ഏറിയോന്നു സഹിച്ചു തനിക്കുള്ളതൊക്കെയും ചെലവഴിച്ചിട്ടും ഒട്ടും ഭേദം വരാതെ ഏറ്റവും പരവശയായി തീർന്നിരുന്ന**

**[27]ഒരു സ്ത്രീ യേശുവിന്റെ വർത്തമാനം കേട്ടു:**

**[28]അവന്റെ വസ്ത്രം എങ്കിലും തൊട്ടാൽ ഞാൻ രക്ഷപെടും എന്നു പറഞ്ഞു പുരുഷാരത്തിൽകൂടി പുറപാട്കിൽ വന്നു് അവന്റെ വസ്ത്രം തൊട്ടു.**

**[29]ക്ഷണത്തിൽ അവളുടെ രക്തസ്രവം നിന്നു; ബാധ മാറി താൻ സ്വസ്ഥയായി എന്നു് അവൾ ശരീരത്തിൽ അറിഞ്ഞു.**

**[30]ഉടനെ യേശു തങ്കൽനിന്നു ശക്തി പുറപ്പാട്പെട്ടു എന്നു് ഉള്ളിൽ അറിഞ്ഞിട്ടു പുരുഷാരത്തിൽ തിരിഞ്ഞു: എന്റെ വസ്ത്രം തൊട്ടതു് ആർ എന്നു ചോദിച്ചു.**

**[31]ശിഷ്യന്മാർ അവനോടു പുരുഷാരം നിന്നെ തിക്കുന്നതു കണ്ടിട്ടും എന്നെ തൊട്ടതു് ആർ എന്നു ചോദിക്കുന്നുവോ എന്നു പറഞ്ഞു.**

**[32]അവനോ അതു ചെയ്തവളെ കാൺമാൻ ചുറ്റും നോക്കി.**

**[33]സ്ത്രീ തനിക്കു സംഭവിച്ചതു് അറിഞ്ഞിട്ടു ഭയപ്പെട്ടും വിറച്ചുംകൊണ്ടു വന്നു് അവന്റെ മുമ്പിൽ വീണു വസ്തുത ഒക്കെയും അവനോടു പറഞ്ഞു.**

**[34]അവൻ അവളോടു: മകളേ, നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു; സമാധാനത്തോടെ പോയി ബാധ ഒഴിഞ്ഞു സ്വസ്ഥയായിരിക്ക എന്നു പറഞ്ഞു.**

"അവന്റെ വസ്ത്രത്തിൽ തൊട്ടാൽ മാത്രമേ ഞാൻ സൗഖ്യം പ്രാപിക്കൂ" എന്ന് ഈ സ്ത്രീ തുടക്കത്തിൽ സ്വയം ചിന്തിച്ചിട്ടുണ്ടാകാം. തുടർന്ന്, "അവന്റെ വസ്ത്രത്തിൽ തൊട്ടുവെങ്കിൽ മാത്രമേ ഞാൻ സൗഖ്യം പ്രാപിക്കൂ"എന്ന് അവൾ പറഞ്ഞു. അങ്ങനെയാണ് അവൾ പറഞ്ഞത് മറ്റുള്ളവർ അറിയുകയും നമുക്കായി രേഖപ്പെടുത്തുകയും ചെയ്തത്. അവളുടെ വിശ്വാസം അവളെ സൗഖ്യപ്പെടുത്തിയെന്ന് യേശു ഈ സ്ത്രീയോട് പ്രതികരിച്ചു. അവളുടെ വാക്കുകളും പ്രവൃത്തികളും അവളുടെ വിശ്വാസവുമായി ചേർന്നുപോകുന്നതായിരുന്നു. അവൾ വിശ്വസിച്ചു. അവൾ സംസാരിച്ചു. അവൾ പ്രവർത്തിച്ചു.

ആഗ്രഹിച്ച ഫലം പ്രകടിപ്പിച്ചുകൊണ്ട് അവൾ തന്റെ വിശ്വാസം സംസാരിച്ചു. യേശുവിന്റെ വസ്ത്രത്തിൽ തൊടുമ്പോൾ താൻ

സൗഖ്യമാകുമെന്ന് അവൾ പറഞ്ഞു. സൗഖ്യമെന്ന അത്ഭുതം കൊണ്ടുവന്ന അവളുടെ വിശ്വാസത്തെ കർത്താവായ യേശു അംഗീകരിച്ചു.

കാലം മാറി. എന്നിരുന്നാലും, ദൈവത്തിലുള്ള വിശ്വാസത്തിന്റെ വേദപുസ്തക തത്വം ഇപ്പോഴും അതു തന്നെയാണ്. നമ്മുടെ ഹൃദയങ്ങളിലുള്ള വിശ്വാസത്തോട് ദൈവം ഇപ്പോഴും പ്രതികരിക്കുന്നു. നമ്മുടെ വിശ്വാസം പ്രകടമാകുന്നത് നമ്മുടെ വാക്കുകളിലൂടെയും പ്രവൃത്തികളിലൂടെയുമാണ്. നിങ്ങളുടെ വിശ്വാസം സംസാരിക്കുക. നിങ്ങൾ ദൈവത്തിൽ വിശ്വസിക്കുകയും ആഗ്രഹിക്കുകയും ചെയ്യുന്ന ഫലം പ്രസ്താവിക്കുക.

# 40

# നിങ്ങൾ പ്രസ്താവിക്കുന്നത് സംഭവിക്കും എന്ന് വിശ്വസിക്കുക

**മർക്കൊാസ് 11:22,23**

**[22]യേശു അവരോട് ഉത്തരം പറഞ്ഞത്: ദൈവത്തിൽ വിശ്വാസമുള്ളവർ ആയിരിപ്പിൻ. [23]ആരെങ്കിലും തന്റെ ഹൃദയത്തിൽ സംശയിക്കാതെ താൻ പറയുന്നത് സംഭവിക്കും എന്നു വിശ്വസിച്ചുംകൊണ്ട് ഈ മലയോട്: നീ നീങ്ങി കടലിൽ ചാടിപ്പോക എന്നു പറഞ്ഞാൽ അവൻ പറഞ്ഞതുപോലെ സംഭവിക്കും എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു.**

ദൈവത്തിലുള്ള വിശ്വാസം എങ്ങനെ പ്രയോഗിക്കണം എന്നതിനെക്കുറിച്ച് യേശു നമ്മെ വ്യക്തമായി പഠിപ്പിച്ച വേദഭാഗങ്ങളിൽ ഒന്നാണ് മർക്കോസ് 11:22,23. വിശ്വാസം എങ്ങനെ പ്രയോഗിക്കാമെന്ന് അത്തിവൃക്ഷത്തോട് സംസാരിച്ചുകൊണ്ട് യേശു കാണിച്ചുകൊടുത്തിരുന്നു. അവൻ അത്തിവൃക്ഷത്തോട് സംസാരിച്ചതിന്റെ അനന്തരഫലം ശിഷ്യന്മാർ കണ്ടിരുന്നു. അവരുടെ ദൈവത്തിലുള്ള വിശ്വാസം എങ്ങനെ പ്രാവർത്തികമാക്കാമെന്ന് യേശു തുടർന്ന് അവരോട് വിശദീകരിച്ചു.

ദൈവത്തിലുള്ള വിശ്വാസത്തോടെ, പർവ്വതത്തോട് നീങ്ങാൻ കൽപ്പിച്ചുകൊണ്ടു അതിനോടു സംസാരിക്കുവാൻ യേശു നമ്മോടു നിർദ്ദേശിച്ചു. നിങ്ങൾ എന്താണ് പറയുന്നതെന്ന് നിങ്ങളുടെ ഹൃദയത്തിൽ സംശയിക്കരുത്. നിങ്ങൾ പറയുന്നത് സംഭവിക്കുമെന്ന് വിശ്വസിക്കുക, നിങ്ങൾ പറയുന്നത് നിങ്ങൾക്ക് ലഭിക്കും. നമ്മുടെ വിശ്വാസം ദൈവത്തിലാണ്. എന്നാൽ അതേ സമയം, നാം ഭൗതിക ലോകത്തിൽ ചിലത് ചെയ്യുകയാണ്. നാം വിശ്വാസത്തിന്റെ വാക്കുകൾ സംസാരിക്കുന്നു. നാം വിശ്വസിക്കുന്ന ദൈവം നിമിത്തം നാം സംസാരിക്കുന്നത് നടക്കുമെന്ന് നാം വിശ്വസിക്കുന്നു. നാം ദൈവവത്തിന്റെ കൂട്ടുവേലക്കാരാണെന്ന് വിശ്വസിക്കുന്നു. നാം വിശ്വാസത്തിന്റെ വാക്കുകൾ സംസാരിക്കുമ്പോൾ, നാം വിശ്വസിക്കുന്ന ദൈവം നമുക്ക് വേണ്ടി പ്രവർത്തിക്കുകയും, ആ വാക്കുകൾ സംഭവിക്കുവാനിടയാക്കുകയും ചെയ്യുന്നു. ദൈവത്തിലുള്ള വിശ്വാസം

കാരണമാണ്, നാം പറയുന്നത് നടക്കുമെന്ന് നമുക്ക് വിശ്വസിക്കാൻ കഴിയുന്നത്, കാരണം അത് ചെയ്യുവാൻ ദൈവത്തിന് നന്നായി കഴിയും.

ദൈവത്തിൽ വിശ്വസിക്കുക. നിങ്ങളുടെ വിശ്വാസം സംസാരിക്കുക. നിങ്ങൾ സംസാരിക്കുന്നത് നടക്കുവാൻ ദൈവം ഇടയാക്കുന്നുവെന്നതിനാൽ അത് സംഭവിക്കുമെന്ന് വിശ്വസിക്കുക. നിങ്ങൾ പറയുന്നത് നടക്കുമെന്ന് വിശ്വസിക്കുക.

# 41
# പ്രാർത്ഥനയിൽ വിശ്വാസത്തിന്റെ വാക്കുകൾ സംസാരിക്കുക

**മർക്കൊസ് 11:22–24**
**[22]യേശു അവരോട് ഉത്തരം പറഞ്ഞത്: ദൈവത്തിൽ വിശ്വാസമുള്ളവർ ആയിരിപ്പിൻ.**
**[23]ആരെങ്കിലും തന്റെ ഹൃദയത്തിൽ സംശയിക്കാതെ താൻ പറയുന്നത് സംഭവിക്കും എന്നു വിശ്വസിച്ചുംകൊണ്ട് ഈ മലയോട്: നീ നീങ്ങി കടലിൽ ചാടിപ്പോക എന്നു പറഞ്ഞാൽ അവൻ പറഞ്ഞതുപോലെ സംഭവിക്കും എന്നു ഞാൻ സത്യമായിട്ടു നിങ്ങളോട്ടു പറയുന്നു.**
**[24]അതുകൊണ്ടു നിങ്ങൾ പ്രാർഥിക്കുമ്പോൾ യാചിക്കുന്നതൊക്കെയും ലഭിച്ചു എന്നു വിശ്വസിപ്പിൻ; എന്നാൽ അതു നിങ്ങൾക്ക് ഉണ്ടാകും എന്നു ഞാൻ നിങ്ങളോട്ടു പറയുന്നു.**

ദൈവത്തിലുള്ള വിശ്വാസം എങ്ങനെ പ്രയോഗിക്കണമെന്ന് കർത്താവായ യേശു നമ്മെ പഠിപ്പിച്ച അതേ വേദഭാഗത്തിൽതന്നെ തുടർന്ന് അവൻ പ്രാർത്ഥനയെക്കുറിച്ച് നമ്മെ പഠിപ്പിക്കുന്നു. *"അതുകൊണ്ടു ഞാൻ നിങ്ങളോട്ടു പറയുന്നു, നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ യാചിക്കുന്നതൊക്കെയും..." "അതുകൊണ്ടു ഞാൻ നിങ്ങളോട്ടു പറയുന്നു..."* എന്നതിന്റെ അർത്ഥം "ഇക്കാരണത്താൽ, ഞാൻ ഇത് നിങ്ങളോട് പറയുന്നു..." അല്ലെങ്കിൽ "അതുകൊണ്ടാണ് ഞാൻ ഇത് നിങ്ങളോട് പറയുന്നത്..." എന്നാണ്. മർക്കോസ് 11:24-ൽ പ്രാർത്ഥനയെക്കുറിച്ചും പ്രാർത്ഥിക്കേണ്ട രീതിയെക്കുറിച്ചും യേശു നൽകിയ വാഗ്ദത്തം മർക്കോസ് 11:22,23-ൽ അവൻ നമ്മെ പഠിപ്പിച്ച കാര്യങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു.

നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ, ലഭിച്ചുവെന്ന് വിശ്വസിച്ചുകൊണ്ട് നിങ്ങൾ എന്തു ചോദിച്ചാലും, നിങ്ങൾക്ക് അത് ലഭിക്കും എന്ന് യേശു പറഞ്ഞു. അവന്റെ ഹിതപ്രകാരം നാം എന്തെങ്കിലും അപേക്ഷിച്ചപ്പോൾ, പിതാവിൽ നിന്ന് നാം അപേക്ഷിച്ചത് നമുക്ക് ലഭിച്ചുവെന്ന് നമുക്കറിയാം (1 യോഹന്നാൻ 5:14,15). അതിനാൽ, നാം പ്രാർത്ഥിച്ചസമയത്തുതന്നെ അത് നമുക്ക് ലഭിച്ചുവെന്ന് നാം വിശ്വസിക്കുന്നു. അത് പൂർത്തിയായ കാര്യമാണ്. ആത്മാവിലാണ് അത് ചെയ്യുന്നത്. മർക്കോസ് 11:23-ൽ അവൻ നമ്മെ പഠിപ്പിച്ചത്

നാം ഇപ്പോൾ പ്രയോഗിക്കുന്നു. നാം ആവർത്തനപുസ്തകംശ്യത്തോടും, സാഹചര്യത്തോടും, പ്രശ്നത്തോടും, പർവ്വതത്തോടും സംസാരിക്കുകയും, പ്രാർത്ഥനയിൽ നമുക്ക് ലഭിച്ചത് പ്രഖ്യാപിക്കുകയും ചെയ്യുന്നു. പർവ്വതം നീങ്ങിയതായി നാം പ്രഖ്യാപിക്കുന്നു. നാം പ്രാർത്ഥിച്ചപ്പോൾ നമുക്ക് ലഭിച്ചുവെന്ന് വിശ്വസിക്കുന്നതിലൂടെയും, നമുക്ക് ലഭിച്ചുവെന്ന് നാം വിശ്വസിക്കുന്ന കാര്യങ്ങൾ ചെയ്തുവെന്ന് സാഹചര്യങ്ങളോട് പ്രഖ്യാപിക്കുന്നതിലൂടെയും ദൈവത്തിലുള്ള വിശ്വാസം പ്രയോഗിക്കപ്പെടുന്നു. പ്രാർത്ഥനയിൽ വിശ്വാസവചനങ്ങൾ പറയുക. ദൈവത്തോടുള്ള വിശ്വാസവചനങ്ങളും, നിങ്ങൾ പ്രാർത്ഥിച്ച സാഹചര്യത്തോടുള്ള വിശ്വാസവചനങ്ങളും പ്രാർത്ഥനയിൽ ഉൾപ്പെടുന്നു.

# 42
# അവന്റെ വചനത്തോട് യോജിക്കുക

**ലൂക്കൊസ്സ് 1:37,38,45**
**[37]ദൈവത്തിന് ഒരു കാര്യവും അസാധ്യമല്ലല്ലോ എന്ന് ഉത്തരം പറഞ്ഞു.**
**[38]അതിനു മറിയ: ഇതാ, ഞാൻ കർത്താവിന്റെ ദാസി; നിന്റെ വാക്കുപോലെ എനിക്കു ഭവിക്കട്ടെ എന്നു പറഞ്ഞു; ദൂതൻ അവളെ വിട്ടുപോയി.**
**[45]കർത്താവ് തന്നോട് അരുളിച്ചെയ്തതിനു നിവൃത്തിയുണ്ടാകും എന്നു വിശ്വസിച്ചവൾ ഭാഗ്യവതി.**

**ലൂക്കൊസ്സ് 1:37 (Revised Version, 1885)**
**എന്തെന്നാൽ, ദൈവത്തിൽ നിന്നുള്ള ഒരു വാക്കും ശക്തിയില്ലാത്തതായിരിക്കില്ല.**

പരിശുദ്ധാത്മാവിന്റെ ശക്തിയാൽ മേരി ഗർഭം ധരിക്കാൻ പോകുന്നു എന്ന വാർത്ത കൊണ്ടുവന്ന ദൂതൻ, *"ദൈവത്തിന് അസാധ്യമായി ഒന്നുമില്ല"* എന്ന് പറഞ്ഞുകൊണ്ടാണ് ദൂത് അവസാനിപ്പിച്ചത്. ഈ "ഒന്നുമില്ല" എന്ന വാക്ക് *'പാസ്'* (എല്ലാം, ഓരോന്നും), *'റേമ'* (വാക്ക്, ഉച്ചരിക്കൽ), *'ഔ'* (ഇല്ല) എന്നീ മൂന്ന് ഗ്രീക്ക് പദങ്ങളുടെ സംയുക്തപദമാണ്. അതിനാൽ, പരിഷ്ക്കരിച്ച പതിപ്പിൽ കാണുന്നത് പോലെ 37-ാം വാക്യത്തിന്റെ മികച്ച തർജ്ജമ *"...ദൈവത്തിൽ നിന്നുള്ള ഒരു വാക്കും നിറവേറാൻ ശക്തിയില്ലാത്തത് ആയിരിക്കില്ല"* എന്നതായിരിക്കും. ദൈവത്തിൽ നിന്നുള്ള ഓരോ വാക്കും ശക്തിയുള്ളതായിരിക്കുകയും അവ നിറവേറ്റപ്പെടുകയും ചെയ്യും.

ദൈവം സംസാരിച്ചു. ദൂതൻ ഇത് സാക്ഷ്യപ്പെടുത്തി. ദൈവത്തിൽ നിന്നുള്ള വചനത്തോട് അനുകൂലിച്ചുകൊണ്ട് മറിയ പ്രതികരിച്ചു. അവൾ പറഞ്ഞു, *"നിന്റെ വാക്ക് പോലെ എനിക്കു ഭവിക്കട്ടെ."* അവൾ ഈ വാക്കിനോട് അനുകൂലിക്കുന്നു എന്നതിനർത്ഥം ആ നിമിഷം മുതൽ അവൾ തന്റെമേൽ സംസാരിക്കപ്പെട്ടതിന് അനുസൃതമായി എല്ലാം ചെയ്തു എന്നാണ്. മറിയ വിശ്വസിച്ചതിനാൽ അവളോടു പറഞ്ഞ വചനത്തിന്റെ പൂർത്തീകരണം അവൾ കാണുമെന്ന് ഉറപ്പിച്ചുകൊണ്ട് എലിസബത്ത് മുഖാന്തരം പിന്നീട് പരിശുദ്ധാത്മാവ് അവളെ ധൈര്യപ്പെടുത്തി.

എഴുതപ്പെട്ട തിരുവെഴുത്തുകളിൽ നാം വായിക്കുന്ന ദൈവത്തിൽ നിന്നുള്ള ഒരു വചനവും നിവൃത്തിയാകുവാൻ ശക്തിയില്ലാത്തതല്ല. തിരുവെഴുത്തുകളിൽ നമുക്ക് നൽകിയിരിക്കുന്ന ഓരോ വചനവും ശക്തിയുള്ളതാണ്, അത് നിവൃത്തിയാക്കപ്പെടുകയും ചെയ്യും. അവന്റെ വചനത്തിൽ വിശ്വസിക്കുക എന്നതിനർത്ഥം നാം അവന്റെ വചനത്തോട് യോജിക്കുന്നു എന്നാണ്. മറിയ പറഞ്ഞതുപോലെ *"നിന്റെ വാക്ക് പോലെ എനിക്കു ഭവിക്കട്ടെ"* എന്ന് നാം സമ്മതിക്കുകയും പറയുകയും ചെയ്യുന്നു. അവന്റെ വചനത്തോട് നാം യോജിക്കുന്നു എന്നതിൽ നമ്മുടെ ചിന്തകളും, സംസാരവും, പ്രവൃത്തികളും ഉൾപ്പെടുന്നു. നമുക്ക് വചനത്തിന് വിരുദ്ധമായി സംസാരിക്കുകയും അവന്റെ വചനത്തോട് യോജിക്കുന്നുവെന്ന് പറയുകയും ചെയ്യാൻ കഴിയുകയില്ല. നാം ദൈവത്തോടും ദൈവവചനത്തോടും യോജിക്കുന്നുവെങ്കിൽ, നമ്മുടെ വാക്കുകളും അവന്റെ വചനവുമായി യോജിക്കണം. അവന്റെ വചനത്തോട് യോജിച്ചുകൊണ്ട് നാം നമ്മുടെ വിശ്വാസം സംസാരിക്കുമ്പോൾ അവിടെ കർത്താവ് നമ്മോട് സംസാരിച്ച കാര്യങ്ങൾ സംഭവിക്കും.

## 43

# രോഗങ്ങളോട് വിട്ടുപോകുവാൻ കല്പിക്കുക

**ലൂക്കൊസ്സ് 4:38,39**

**[38]അവൻ പള്ളിയിൽനിന്ന് ഇറങ്ങി ശിമോന്റെ വീട്ടിൽ ചെന്നു. ശിമോന്റെ അമ്മാവിയമ്മ കഠിനജ്വരംകൊണ്ടു വലഞ്ഞിരിക്കയാൽ അവർ അവൾക്കുവേണ്ടി അവനോട് അപേക്ഷിച്ചു.**

**[39]അവൻ അവളെ കുനിഞ്ഞുനോക്കി, ജ്വരത്തെ ശാസിച്ചു; അത് അവളെ വിട്ടുമാറി; അവൾ ഉടനെ എഴുന്നേറ്റ് അവനെ ശുശ്രൂഷിച്ചു.**

ജീവിതത്തിലും ശുശ്രൂഷയിലും നാം കർത്താവായ യേശുവിനെ പിന്തുടരുന്നു. ആളുകളുടെ രോഗങ്ങളിൽ നിന്നും ദീനങ്ങളിൽ നിന്നും അവരെ സൗഖ്യപ്പെടുത്തുവാൻ യേശു എങ്ങനെയാണ് അവരോടു ശുശ്രൂഷിച്ചത്? രോഗവും ദീനവും നീക്കുവാൻ അപേക്ഷിച്ചുകൊണ്ട് യേശു പിതാവിനോട് പ്രാർത്ഥിക്കുന്നതായി നാം യഥാർത്ഥത്തിൽ കാണുന്നില്ല. അതെ, യേശു പിതാവുമായുള്ള കൂട്ടായ്മയിൽ പ്രാർത്ഥനയിൽ ഏറെ സമയം ചെലവഴിച്ചു. എന്നാൽ രോഗങ്ങളോടും ദീനങ്ങളോടും ഇടപെട്ടപ്പോൾ, യേശു രോഗത്തോട് വിട്ടുപോകുവാൻ കൽപ്പിച്ചുകൊണ്ട് അധികാരത്തോടെ സംസാരിച്ചു. ലൂക്കൊസ്സ് 4:38,39 അത്തരത്തിലുള്ള ഒരു ഉദാഹരണമാണ്. കർത്താവായ യേശു പനിയെ ശാസിച്ചു. അവൻ പനിയോട് സംസാരിക്കുകയും, അതിനോട് വിട്ടുപോകുവാൻ കൽപ്പിക്കുകയും ചെയ്തു, അത് ഉടൻ വിട്ടുപോയി.

യേശു എപ്പോഴും ശരിയാണ്. അവൻ നിത്യവചനമാണ്. ഇതുവരെയുള്ള നമ്മുടെ ദൈവശാസ്ത്രത്തിൽ യേശു ചെയ്തതുപോലെ രോഗങ്ങളോടും ദീനങ്ങളോടും സംസാരിക്കുന്നത് ഉൾപ്പെട്ടിട്ടില്ലെങ്കിൽ, നമ്മുടെ ദൈവശാസ്ത്രം യേശു പറഞ്ഞതും ചെയ്തതുമായ കാര്യങ്ങളോട് യോജിച്ചുകൊണ്ട് മാറേണ്ടതുണ്ട്.

ഞാനും നിങ്ങളും യേശു ചെയ്തതും അതിലും വലിയതുമായ പ്രവൃത്തികൾ ചെയ്യണം (യോഹന്നാൻ 14:12). തീർച്ചയായും, അവൻ ചെയ്തതുപോലെ നാം അത് ചെയ്യണം. യേശു രോഗങ്ങളോടും

ദീനങ്ങളോടും സംസാരിക്കുകയും അവയോട് വിട്ടുപോകാൻ കൽപ്പിക്കുകയും ചെയ്തു. അതിനാൽ, ഞാനും നിങ്ങളും ഇതേ രീതിയിൽ സംസാരിക്കണം. നാം രോഗങ്ങളോട് വിട്ടുപോകുവാൻ കൽപ്പിക്കുന്നു. നമ്മുടെ സ്വന്തം ശരീരത്തിനു വേണ്ടിയും മറ്റുള്ളവരെ ശുശ്രൂഷിക്കുമ്പോഴും നമുക്കിത് ചെയ്യുവാൻ കഴിയും. യേശുവിനെ അനുഗമിക്കുക. അവൻ ചെയ്തതു ചെയ്യുക. നിങ്ങളുടെ വാക്കുകൾ അവൻ നിങ്ങൾക്ക് നൽകിയ അധികാരത്തിന്റെ പ്രകടനമാണ്. രോഗങ്ങളോട് വിട്ടുപോകുവാൻ കൽപ്പിക്കുക. നിങ്ങളുടെ വിശ്വാസം സംസാരിക്കുക.

# 44
# കൊടുങ്കാറ്റിനോട് സംസാരിക്കുക

**ലൂക്കൊസ്സ് 8:22-25**
**[22]ഒരു ദിവസം അവൻ ശിഷ്യന്മാരുമായി പടകിൽ കയറി; നാം തടാകത്തിന്റെ അക്കരെ പോക എന്ന് അവരോടു പറഞ്ഞു.**
**[23]അവർ നീക്കി ഓടുമ്പോൾ അവൻ ഉറങ്ങിപ്പോയി. തടാകത്തിൽ ഒരു ചുഴലിക്കാറ്റ് ഉണ്ടായി**
**[24]പടകിൽ വെള്ളം നിറഞ്ഞിട്ട് അവർ പ്രാണഭയത്തിലായി അടുക്കൽ ചെന്നു: നാഥാ, നാഥാ, ഞങ്ങൾ നശിച്ചുപോകുന്നു എന്നു പറഞ്ഞ് അവനെ ഉണർത്തി; അവൻ എഴുന്നേറ്റു കാറ്റിനെയും വെള്ളത്തിന്റെ കോപത്തെയും ശാസിച്ചു; അവ അമർന്നു ശാന്തത ഉണ്ടായി.**
**[25]പിന്നെ അവരോട്: നിങ്ങളുടെ വിശ്വാസം എവിടെ എന്നു പറഞ്ഞു; അവരോ ഭയപ്പെട്ടു: ഇവൻ ആർ? അവൻ കാറ്റിനോടും വെള്ളത്തോടും കല്പിക്കയും അവ അനുസരിക്കയും ചെയ്യുന്നു എന്നു തമ്മിൽ പറഞ്ഞ് ആശ്ചര്യപ്പെട്ടു.**

യേശു കാറ്റിനോടും വെള്ളത്തോടും സംസാരിക്കുകയും, അവയോട് ശാന്തരായിരിക്കാൻ കൽപ്പിക്കുകയും ചെയ്തു, അവർ അവനെ അനുസരിച്ചു. "നിങ്ങളുടെ വിശ്വാസം എവിടെ?" എന്ന് യേശു ശിഷ്യന്മാരുടെ നേരെ തിരിഞ്ഞ് ചോദിച്ചു. അവരുടെ വിശ്വാസം കൊണ്ട് ഈ സാഹചര്യം കൈകാര്യം ചെയ്യാമായിരുന്നു എന്നാണ് ഇത് സൂചിപ്പിക്കുന്നത്. അവൻ ചെയ്തത് അവർക്കും തങ്ങളുടെ വിശ്വാസത്താൽ ചെയ്യാമായിരുന്നു.

പിതാവിനോടൊപ്പം ജീവിക്കുവാനും നടക്കുവാനുമുള്ള വഴി കർത്താവായ യേശു നമുക്ക് മാതൃക കാണിച്ചു. പരിശുദ്ധാത്മാവിന്റെ അഭിഷേകത്തിൻ കീഴിൽ നടക്കുന്നതും ശുശ്രൂഷിക്കുന്നതും എന്താണെന്ന് അവൻ നമുക്ക് മാതൃക കാണിച്ചു. വിശ്വാസത്തിന് എന്തൊക്കെ ചെയ്യാൻ പറ്റുമെന്ന് അവൻ നമുക്ക് മാതൃക കാണിച്ചു. അവൻ അത്തിമരം, രോഗം, ദീനം, കാറ്റുകൾ, തിരമാലകൾ തുടങ്ങിയ നിർജ്ജീവ വസ്തുക്കളോട് സംസാരിച്ചു. അവൻ അവരോട് അനുസരിക്കുവാൻ കൽപ്പിക്കുകയും അവ അനുസരിക്കുകയും ചെയ്തു. യേശു ചെയ്ത കാര്യങ്ങളിൽ നാം അവനെ അനുഗമിക്കണമോ? തീർച്ചയായും!

അടുത്ത തവണ നിങ്ങൾ ഒരു കൊടുങ്കാറ്റിനെ അഭിമുഖീകരിക്കുമ്പോൾ

—അത് യഥാർത്ഥത്തിലുള്ള കാറ്റും തിരമാലകളുമോ അല്ലെങ്കിൽ ജീവിതസാഹചര്യങ്ങളിലെ മറ്റേതെങ്കിലും "കൊടുങ്കാറ്റോ" ആയാലും, യേശു പ്രവൃത്തിക്കുമായിരുന്നതുപോലെ ചെയ്യുക. കൊടുങ്കാറ്റിനോട് സംസാരിക്കുക. അതിനോട് ശാന്തമാകുവാൻ കൽപ്പിക്കുക. അസ്വാസ്ഥ്യങ്ങളോട് പിന്മാറാനും, അവസാനിക്കുവാനും, ശാന്തമാകുവാനും കൽപ്പിക്കുക. ആശയക്കുഴപ്പം, ദു:ശ്ശീലങ്ങൾ, പരദൂഷണം, കലഹം, പിണക്കം തുടങ്ങിയ ശരിയല്ലാത്ത എല്ലാ കൊടുങ്കാറ്റുകളോടും കൽപ്പിക്കുക—അത് അവസാനിക്കുവാൻ കൽപ്പിക്കുക.

# 45

# ആളുകളെ ബന്ധനങ്ങളിൽ നിന്ന് മോചിപ്പിച്ചതായി പ്രഖ്യാപിക്കുക

**ലൂക്കൊസ് 13:10-16**
**[10]ഒരു ശബ്ബത്തിൽ അവൻ ഒരു പള്ളിയിൽ ഉപദേശിച്ചുകൊണ്ടിരുന്നു.**
**[11]അവിടെ പതിനെട്ടു സംവത്സരമായി ഒരു രോഗാത്മാവ് ബാധിച്ചിട്ട് ഒട്ടും നിവിരുവാൻ കഴിയാതെ കൂനിയായ ഒരു സ്ത്രീ ഉണ്ടായിരുന്നു.**
**[12]യേശു അവളെ കണ്ട് അടുക്കെ വിളിച്ച്: സ്ത്രീയേ, നിന്റെ രോഗബന്ധനം അഴിഞ്ഞിരിക്കുന്നു എന്നു പറഞ്ഞ് അവളുടെമേൽ കൈവച്ചു.**
**[13]അവൾ ക്ഷണത്തിൽ നിവിർന്നു ദൈവത്തെ മഹത്ത്വപ്പെടുത്തി.**
**[14]യേശു ശബ്ബത്തിൽ സൗഖ്യമാക്കിയതുകൊണ്ടു പള്ളിപ്രമാണി നീരസപ്പെട്ടു പുരുഷാരത്തോട്: വേല ചെയ്‌വാൻ ആറു ദിവസമുണ്ടല്ലോ; അതിനകം വന്നു സൗഖ്യം വരുത്തിച്ചുകൊൾവിൻ; ശബ്ബത്തിൽ അരുത് എന്നു പറഞ്ഞു.**
**[15]കർത്താവ് അവനോട്: കപടഭക്തിക്കാരേ, നിങ്ങളിൽ ഓരോരുത്തൻ ശബ്ബത്തിൽ തന്റെ കാളയെയോ കഴുതയെയോ തൊട്ടിയിൽനിന്ന് അഴിച്ചു കൊണ്ടുപോയി വെള്ളം കുടിപ്പിക്കുന്നില്ലയോ?**
**[16]എന്നാൽ സാത്താൻ പതിനെട്ടു സംവത്സരമായി ബന്ധിച്ചിരുന്ന അബ്രാഹാമിന്റെ മകളായ ഇവളെ ശബ്ബത്തുനാളിൽ ഈ ബന്ധനം അഴിച്ചുവിടേണ്ടതല്ലയോ എന്ന് ഉത്തരം പറഞ്ഞു;**

ഈ ഭാഗത്തിൽ പരാമർശിച്ചിരിക്കുന്ന സ്ത്രീക്ക് പതിനെട്ട് വർഷമായി പിൻഭാഗത്ത് പ്രശ്നമുണ്ടായിരുന്നു. അവൾ കൂനിയും നിവരുവാൻ കഴിയാത്തവളുമായിരുന്നു. പിശാച് അവളെ ബന്ധിച്ച് തടവിലാക്കിയിരുന്നു. രോഗത്തിന്റെ ആത്മാവാണ് ഈ സംഭവത്തിൽ പ്രശ്നത്തിന് കാരണം. യേശു എങ്ങനെയാണ് അവളെ ശുശ്രൂഷിച്ചത്? അവൻ വാക്കുകൾ പറഞ്ഞുകൊണ്ട് അവളെ തൊട്ടു. *"സ്ത്രീയേ, നിന്റെ രോഗബന്ധനം അഴിഞ്ഞിരിക്കുന്നു"* എന്ന് അവൻ പറഞ്ഞു. രോഗത്തിന്റെ ആത്മാവിലൂടെ പതിനെട്ട് വർഷമായി പിശാച് ചെയ്തതിനെ അവന്റെ അധികാര വാക്കുകൾ ഒരു നിമിഷം കൊണ്ട് ഇല്ലാതാക്കി.

യേശുവിൽ വിശ്വസിക്കുന്ന നമുക്ക് പാമ്പുകളെയും തേളുകളെയും ശത്രുവിന്റെ സകല ബലത്തെയും ചവിട്ടുവാൻ അധികാരം

നൽകപ്പെട്ടിരിക്കുന്നു (ലൂക്കോസ് 10:19). യേശുവിന്റെ അധികാരം, നിങ്ങളെയും എന്നെയും പോലുള്ള വിശ്വാസികൾ അടങ്ങുന്ന അവന്റെ ശരീരമായ സഭയിലൂടെയാണ് പ്രകടിപ്പിക്കുന്നത്. നാം പറയുന്ന വാക്കുകളാൽ അധികാരം പ്രയോഗിക്കപ്പെടുന്നു. അധികാരത്തോടെ, ആളുകളെ അവരുടെ ബന്ധനങ്ങളിൽ നിന്ന് മോചിപ്പിച്ചതായി നാം പ്രഖ്യാപിക്കുന്നു. ആസക്തിയാൽ ബന്ധിതരായിരിക്കുന്നവരോട്, "യേശുവിന്റെ നാമത്തിൽ, നിങ്ങളുടെ ആസക്തികളിൽ നിന്ന് വിടുതൽ പ്രാപിക്കുക" എന്ന് നാം പ്രഖ്യാപിക്കുന്നു. ഭയത്താൽ ബന്ധിക്കപ്പെട്ടവരോട്, "യേശുവിന്റെ നാമത്തിൽ, ഈ ദണ്ഡിപ്പിക്കുന്ന ഭയത്തിൽ നിന്ന് സ്വതന്ത്രരായിരിക്കുക" എന്ന് നാം പ്രഖ്യാപിക്കുന്നു. സമാനമായ രീതിയിൽ നാം ആളുകളെ മറ്റ് തരത്തിലുള്ള ബന്ധനങ്ങളിൽ നിന്നും മോചിപ്പിക്കുന്നു. അധികാരത്തിന്റെ വാക്കുകൾ സംസാരിക്കുക. ആളുകളെ അവരുടെ ബന്ധനങ്ങളിൽ നിന്നും മോചിപ്പിച്ചതായി പ്രഖ്യാപിക്കുക.

# 46
# അഭിഷിക്ത വാക്കുകൾ ആത്മാവിന്റെ ജീവൻ വഹിക്കുന്നു

**യോഹന്നാൻ 6:63**
**ജീവിപ്പിക്കുന്നത് ആത്മാവ് ആകുന്നു; മാംസം ഒന്നിനും ഉപകരിക്കുന്നില്ല; ഞാൻ നിങ്ങളോടു സംസാരിച്ച വചനങ്ങൾ ആത്മാവും ജീവനും ആകുന്നു.**

**യോഹന്നാൻ 6:63 (Good News Translation)**
**ജീവൻ നൽകുന്നത് ദൈവത്തിന്റെ ആത്മാവാണ്; മനുഷ്യശക്തികൊണ്ട് ഒരു പ്രയോജനവുമില്ല. ഞാൻ നിങ്ങളോട് സംസാരിച്ച വചനങ്ങൾ ദൈവത്തിന്റെ ജീവൻ നൽകുന്ന ആത്മാവിനെ കൊണ്ടുവരുന്നു.**

തന്നിൽ വസിക്കുന്നതിനെക്കുറിച്ചും തന്റെ മാംസം ഭക്ഷിക്കുന്നതിനെക്കുറിച്ചും രക്തം പാനംചെയ്യുന്നതിനെക്കുറിച്ചും യേശു തന്റെ ശിഷ്യന്മാരോട് സംസാരിച്ചു പൂർത്തിയാക്കിയതേയുണ്ടായിരുന്നുള്ളു. തുടർന്ന് അക്ഷരാർത്ഥത്തിലും ഭൗതികവുമായ കാര്യങ്ങളെക്കുറിച്ചല്ലായിരുന്നു താൻ സംസാരിക്കുന്നതെന്ന് അവരെ അറിയിക്കാൻ, ആത്മാവാണ് ജീവൻ നൽകുന്നതെന്നും (ദൈവത്തിന്റെ ജീവൻ) അവൻ വ്യക്തമാക്കി. മാംസത്തിന് (ഭൗതിക ലോകം) ഇത് ചെയ്യുവാൻ കഴിയില്ല. തുടർന്ന് അവൻ തന്റെ വചനം ചൂണ്ടിക്കാട്ടി. അവൻ സംസാരിച്ച വചനങ്ങൾ ആത്മാവും, ആത്മീയവും, അല്ലെങ്കിൽ ആത്മാവിൽ നിന്നുള്ളതും ആയിരുന്നു, ദൈവത്തിന്റെ ആത്മാവിന്റെ ജീവൻ അവരിലേക്ക് കൊണ്ടുവരുന്നത് അവന്റെ വചനങ്ങളാണ്. യേശു ആത്മാവിനാൽ അഭിഷേകം ചെയ്യപ്പെട്ടു. അവൻ സംസാരിച്ചപ്പോൾ, അവന്റെ വചനങ്ങൾ ആത്മാവിന്റെ ജീവൻ തന്നെ കേൾക്കുന്നവരിലേക്ക് വഹിച്ചു.

നാം പരിശുദ്ധാത്മാവിനാൽ അഭിഷേകം ചെയ്യപ്പെട്ടിരിക്കുന്നു (2 കൊരിന്ത്യർ 1:21). നമ്മിലൂടെ പ്രവർത്തിക്കുന്ന അവന്റെ അഭിഷേകത്താൽ, നാം സംസാരിക്കുന്ന വാക്കുകളെ അവന്റെ ആത്മാവിന്റെ ജീവന്റെ വാഹകരായി ദൈവം ഉപയോഗിക്കുന്നു.

അതിനാൽ, നാം അഭിഷേകത്തിൻകീഴിലോ അല്ലെങ്കിൽ ആത്മപ്രേരിതമായോ സംസാരിക്കുമ്പോൾ, ആ വാക്കുകൾ പ്രകൃത്യതീതമായ കാര്യങ്ങൾ സംഭവിക്കാൻ കാരണമാകുന്നു. അവ ദൈവത്തിന്റെ ജീവൻ ജനങ്ങളിലേക്ക് പകരുന്നു. സാഹചര്യങ്ങളിലേക്കും അവസ്ഥകളിലേക്കും അവ ദൈവത്തിന്റെ ശക്തി പകരുന്നു. നമ്മുടെ ലോകത്തേക്ക് പകരുവാൻ ദൈവം ആഗ്രഹിക്കുന്നതിന്റെ വാഹകരാണ് ആ വാക്കുകൾ. അഭിഷിക്ത വാക്കുകൾ ആത്മാവിന്റെ ജീവൻ വഹിക്കുന്നു എന്ന് അറിഞ്ഞുകൊണ്ട് ആത്മാവ് നിങ്ങളെ നയിക്കുന്നതുപോലെ ധൈര്യത്തോടെ സംസാരിക്കുക.

# 47
# വിശ്വാസത്തിൽ കല്പിക്കുക

**യോഹന്നാൻ 11:40-43**

**[40]യേശു അവളോട്: വിശ്വസിച്ചാൽ നീ ദൈവത്തിന്റെ മഹത്ത്വം കാണും എന്ന് ഞാൻ നിന്നോട് പറഞ്ഞില്ലയോ എന്നു പറഞ്ഞു. അവർ കല്ലു നീക്കി.**
**[41]യേശു മേലോട്ടു നോക്കി: പിതാവേ, നീ എന്റെ അപേക്ഷ കേട്ടതിനാൽ ഞാൻ നിന്നെ വാഴ്ത്തുന്നു.**
**[42]നീ എപ്പോഴും എന്റെ അപേക്ഷ കേൾക്കുന്നു എന്നു ഞാൻ അറിഞ്ഞിരിക്കുന്നു; എങ്കിലും നീ എന്നെ അയച്ചു എന്ന് ചുറ്റും നില്ക്കുന്ന പുരുഷാരം വിശ്വസിക്കേണ്ടതിന് അവരുടെ നിമിത്തം ഞാൻ പറയുന്നു എന്നു പറഞ്ഞു.**
**[43]ഇങ്ങനെ പറഞ്ഞിട്ട് അവൻ: ലാസരേ, പുറപ്പാട്ത്തുവരിക എന്ന് ഉറക്കെ വിളിച്ചു.**

നാല് ദിവസമായി മരിച്ച ലാസറിന്റെ കല്ലറയ്ക്ക് മുന്നിൽ നിൽക്കുമ്പോൾ, കർത്താവായ യേശു, വിശ്വസിച്ചാൽ ദൈവത്തിന്റെ മഹത്വം കാണുമെന്ന് മാർത്തയ്ക്ക് ഉറപ്പുനൽകി. കൂടാതെ, തന്റെ പ്രാർത്ഥന ഇതിനകം കേട്ടതിന് അവൻ പിതാവിന് നന്ദി പറയുകയും ചെയ്തു. തുടർന്ന് യേശു *"ലാസറേ, പുറപ്പാട്ത്തുവരിക"* എന്ന കൽപ്പനയുടെ വാക്കുകൾ പറഞ്ഞു.

യേശു പിതാവിനോട് പ്രാർത്ഥിച്ചിട്ടുണ്ടായിരുന്നു. തന്റെ അപേക്ഷ അനുവദിച്ചുവെന്ന് അവനറിയാമായിരുന്നു. എന്നാലും, ആഗ്രഹിച്ച ഫലം സംഭവിക്കുന്നതിന് അവൻ ഇവിടെ ഭൗതികലോകത്തിൽ കൽപ്പനയുടെ വാക്കുകൾ സംസാരിക്കുകയും ചെയ്തു. ദൈവത്തിന്റെ മഹത്വവും, ദൈവത്തിന്റെ ശക്തമായ പ്രവൃത്തികളും നമ്മുടെ മുമ്പിൽ വെളിപ്പാട്പ്പെടുന്നത് കാണുമെന്ന് നാം വിശ്വസിക്കുന്നു. യേശുവിനെപ്പോലെ നാം വിശ്വാസത്തിൽ പ്രാർത്ഥിക്കുന്നു. യേശുവിനെപ്പോലെ നാമും വിശ്വാസത്തിൽ കൽപ്പനയുടെ വാക്കുകൾ പറയണം.

എന്ത് കാര്യങ്ങൾക്കൊക്കെ വേണ്ടിയാണ് നിങ്ങൾ ദൈവത്തെ വിശ്വസിക്കുന്നത്? ചിലപ്പോൾ, ലാസറിനെപ്പോലെ, ദൈവം ചെയ്യുമെന്ന് നാം പ്രതീക്ഷിച്ചിരുന്ന കാര്യങ്ങൾ കല്ലറയിൽ

മരിച്ചുകിടക്കുകയായിരിക്കാം. കാലം കടന്നു പോയിട്ടുണ്ടാകും. ഇത് കുറച്ച് വൈകിയെന്ന് തോന്നിയേക്കാം. എന്നാൽ ദൈവത്തിന്റെ വാഗ്ദത്തം വ്യക്തമാണ്. വിശ്വസിച്ചാൽ നാം ദൈവത്തിന്റെ മഹത്വം കാണും. ദൈവത്തിന്റെ ശക്തമായ പ്രവൃത്തികൾ നാം കാണും. വിശ്വാസത്തിന്റെ പ്രാർത്ഥന നാം പ്രാർത്ഥിക്കണം. നാം വിശ്വാസത്തിൽ കൽപ്പിക്കണം. നിങ്ങളുടെ വിശ്വാസം ധൈര്യത്തോടെ പറയുക. നിങ്ങളുടെ "ലാസറിനോട്" പുറപ്പാട്ത്തുവരാൻ കൽപ്പിക്കുക!

# 48

# വചനം നിങ്ങളെ നിങ്ങളുടെ അവകാശത്തിലേക്കു കൊണ്ടുവരുന്നു

**അപ്പൊ. പ്രവൃത്തികൾത്തികൾ 20:32**
**നിങ്ങൾക്ക് ആത്മീകവർദ്ധന വരുത്തുവാനും സകല വിശുദ്ധന്മാരോടുംകൂടെ അവകാശം തരുവാനും കഴിയുന്ന ദൈവത്തിലും അവന്റെ കൃപയുടെ വചനത്തിലും ഞാൻ ഇപ്പോൾ നിങ്ങളെ ഭരമേല്പിക്കുന്നു**

ദൈവവചനം നമുക്ക് ആത്മികവർദ്ധന വരുത്തുകയും യേശുക്രിസ്തുവിൽ വിശുദ്ധീകരിക്കപ്പെട്ട സകലർക്കും അവകാശപ്പെട്ട അനന്തരാവകാശത്തിൽ നടക്കുവാൻ (കൈവശമാക്കുവാൻ) നമ്മെ പ്രാപ്തരാക്കുകയും ചെയ്യുന്നുവെന്ന് അപ്പോസ്തലനായ പൗലോസ് വ്യക്തമാക്കുന്നു. തീർച്ചയായും, നാമെല്ലാവരും നമ്മുടെ അവകാശത്തിൽ നടക്കുവാൻ ആഗ്രഹിക്കുന്നു. ജീവിതത്തിന്റെ എല്ലാ മേഖലകളിലും ദൈവം നമുക്കായി നൽകിയിട്ടുള്ളതെല്ലാം അവന്റെ വീണ്ടെടുക്കപ്പെട്ട പുത്രന്മാരും പുത്രിമാരും എന്ന നിലയിൽ ആസ്വദിക്കുവാൻ നാം ആഗ്രഹിക്കുന്നു. എന്നാൽ നമ്മുടെ അകമനുഷ്യൻ പണിയപ്പെടുവാനായി മനഃപൂർവം നാം ദൈവവചനവുമായി ഇടപഴകണം, അങ്ങനെ ദൈവം നമുക്ക് ലഭ്യമാക്കിയിരിക്കുന്ന കരുതലുകളിലും വിശേഷാധികാരങ്ങളിലും നടക്കുവാൻ നമുക്ക് കഴിയും.

നാം വചനവുമായി ഇടപഴകുന്നതിന് നിരവധി മാർഗങ്ങളുണ്ട്. നാം നിശ്ചയമായും അവന്റെ വചനം വായിക്കണം, വചനത്തിന്റെ വെളിപ്പാട്പാട് സ്വീകരിക്കണം, വചനം ധ്യാനിക്കണം, വചനം നമ്മിൽ വസിക്കുവാൻ (നിലകൊള്ളുക) അനുവദിക്കണം, വചനം അനുസരിക്കുകയും വേണം. റോമർ 10:17 നമ്മോട് പറയുന്നതുപോലെ അവന്റെ വചനം നമ്മുടെ ഹൃദയങ്ങളിൽ വിശ്വാസം ഉളവാക്കുന്നു. കൂടാതെ, ഈ പുസ്തകത്തിലുടനീളം നാം കാണുന്നതുപോലെ, ദൈവവചനത്തിലുള്ള നമ്മുടെ വിശ്വാസം നാം പ്രസ്താവിക്കണം. ഇത് ചെയ്യുമ്പോൾ, നാം ദൈവവചനവുമായി ഇടപഴകുന്നു. നമ്മുടെ അവകാശത്തിൽ നടക്കുന്നതിനുള്ള പ്രധാനപ്പെട്ട കാര്യങ്ങളിലൊന്ന്

നമ്മുടെ ജീവിതത്തിനുമേൽ ദൈവവചനം സംസാരിക്കുക എന്നതാണ്. തീർച്ചയായും, അർത്ഥശൂന്യമായ ചൊല്ലലായോ, ശൂന്യമായ ഒരാചാരമായോ അല്ല നാം ഇത് ചെയ്യുന്നത്. ദൈവത്തിലും അവന്റെ വചനത്തിലുമുള്ള വിശ്വാസത്തോടെ നാം വചനം സംസാരിക്കുന്നു. നാം ഇത് ചെയ്യുമ്പോൾ, നമ്മുടെ അവകാശത്തിൽ നടക്കുവാൻ അവന്റെ വചനത്താൽ നാം പണിയപ്പെടുന്നു. ദൈവത്തിലും അവന്റെ വചനത്തിലുമുള്ള നിങ്ങളുടെ വിശ്വാസം സംസാരിക്കുക.

# 49

# അത് എന്നോട് പറഞ്ഞതുപോലെതന്നെ ആയിരിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു

**അപ്പൊ. പ്രവൃത്തികൾത്തികൾ 27:23-25**

**[23]എന്റെ ഉടയവനും ഞാൻ സേവിച്ചുവരുന്നവനുമായ ദൈവത്തിന്റെ ദൂതൻ ഈ രാത്രിയിൽ എന്റെ അടുക്കൽനിന്നു:**

**[24]പൗലൊസേ, ഭയപ്പെടരുതു; നീ കൈസരുടെ മുമ്പിൽ നില്ക്കേണ്ടതാകുന്നു; നിന്നോടുകൂടെ യാത്ര ചെയ്യുന്നവരെയൊക്കെയും ദൈവം നിനക്കു ദാനം ചെയ്തിരിക്കുന്നു എന്നു പറഞ്ഞു.**

**[25]അതുകൊണ്ടു പുരുഷന്മാരേ, ധൈര്യത്തോടിരിപ്പിൻ; എന്നോട് അരുളിച്ചെയ്തതുപോലെതന്നെ സംഭവിക്കും എന്ന് ഞാൻ ദൈവത്തെ വിശ്വസിക്കുന്നു.**

ഒരു ദൂതൻ പൗലോസിന് ദൈവത്തിൽ നിന്നുള്ള ഒരു ദൂത് കൊണ്ടുവന്നു. ദൂതൻ തന്നോട് അറിയിച്ചതുപോലെ തന്നെ സംഭവിക്കുമെന്ന് പറഞ്ഞുകൊണ്ടു പൗലോസ് ധൈര്യത്തോടെ ദൈവത്തിലുള്ള തന്റെ വിശ്വാസം പ്രഖ്യാപിച്ചു.

ദൈവത്തിന്റെ എഴുതപ്പെട്ട വചനമായ വിശുദ്ധ തിരുവെഴുത്തുകൾ നമുക്കുണ്ട്, അത് ദൂതന്മാരുടെ വാക്കുകളേക്കാൾ ഉറപ്പുള്ള വചനമാണ്. ദൈവം തന്റെ ലിഖിത വചനത്തിൽ നമ്മോട് സംസാരിച്ചതും, ക്രിസ്തുവിൽ നമുക്കുവേണ്ടി ഇതിനകം പൂർത്തിയാക്കിയിട്ടുള്ളതായി അവൻ പറഞ്ഞതും, ഇവിടെ ഈ ജീവിതത്തിൽ നമുക്കുവേണ്ടി ചെയ്യുമെന്ന് അവൻ വാഗ്ദത്തം ചെയ്തതുമായ കാര്യങ്ങൾ എടുത്ത്, അവൻ പറഞ്ഞതിൽ നമ്മുടെ വിശ്വാസം പ്രഖ്യാപിക്കാം. ദൈവം തന്റെ വിശുദ്ധ വചനത്തിൽ പറഞ്ഞിരിക്കുന്നതുപോലെതന്നെ കാര്യങ്ങൾ സംഭവിക്കുമെന്ന് നിങ്ങൾ വിശ്വസിക്കുന്നുവെന്ന് ധൈര്യത്തോടെ പ്രഖ്യാപിക്കുക. നിങ്ങളുടെ ഇന്നിലും ഭാവിയിലുമുള്ള സകലതും ദൈവം പറഞ്ഞ കാര്യങ്ങളുമായി ചേർന്നു വരും.

തുടർന്ന്, ആത്മാവിന്റെ ആന്തരിക സാക്ഷ്യത്തിലൂടെയോ, പ്രവചനങ്ങളിലൂടെയോ, സ്വപ്നങ്ങളിലൂടെയോ, ദർശനങ്ങളിലൂടെയോ, ദൈവം തന്റെ പരിശുദ്ധാത്മാവിനാൽ നമ്മോട് സംസാരിക്കുന്ന സമയങ്ങളുണ്ട്. പരിശുദ്ധാത്മാവ് തീർച്ചയായിട്ടും ഒരു പ്രത്യേക

കാര്യം നമ്മോട് പറഞ്ഞിട്ടുണ്ടെന്ന് ഒരിക്കൽ നാം പരിശോധിക്കുകയും ഉറപ്പിക്കുകയും ചെയ്താൽ, അത് നമ്മോടു പറഞ്ഞതുപോലെതന്നെ ആയിരിക്കുമെന്ന് നാം വിശ്വസിക്കുന്നുവെന്ന് ധൈര്യത്തോടെ പ്രഖ്യാപിക്കാം.

"ഞാൻ ദൈവത്തെ വിശ്വസിക്കുന്നു" എന്ന് ധൈര്യത്തോടെ പ്രഖ്യാപിക്കുക.

എന്നെക്കുറിച്ച് ദൈവം തന്റെ വചനത്തിൽ പറഞ്ഞിരിക്കുന്നതുപോലെതന്നെ ആയിരിക്കുമെന്ന് ഞാൻ ദൈവത്തിൽ വിശ്വസിക്കുന്നു.

# 50
# ഇല്ലാത്തതിനെ ഉള്ളത് പോലെ വിളിക്കുക

**റോമർ 4:17**
**മരിച്ചവരെ ജീവിപ്പിക്കയും ഇല്ലാത്തതിനെ ഉള്ളതിനെപ്പോലെ വിളിക്കയും ചെയ്യുന്നവനായി താൻ വിശ്വസിച്ച ദൈവത്തിന്റെ ദൃഷ്ടിയിൽ അവൻ നമുക്കെല്ലാവർക്കും പിതാവാകേണ്ടതിനുതന്നെ. "ഞാൻ നിന്നെ ബഹുജാതികൾക്കു പിതാവാക്കിവച്ചു" എന്ന് എഴുതിയിരിക്കുന്നുവല്ലോ.**

അപ്പോസ്തലനായ പൗലോസ് പരിശുദ്ധാത്മാവിനാൽ അബ്രഹാമിന്റെ വിശ്വാസ ജീവിതത്തെക്കുറിച്ചുള്ള ഉൾക്കാഴ്ചകൾ വെളിപ്പാട്പ്പെടുത്തുന്നു. അബ്രഹാം ദൈവത്തിൽ വിശ്വസിച്ചു. ഭൂമിയിൽ ദൈവത്തിന്റെ പദ്ധതി നടപ്പാക്കുവാനായി അബ്രഹാം വിശ്വാസത്തിലൂടെ ദൈവത്തിന്റെ പങ്കാളിയായി. അബ്രഹാം വിശ്വസിക്കുകയും പങ്കാളിയാകുകയും ചെയ്ത ദൈവം, മരിച്ചവരെ ജീവിപ്പിക്കുകയും ഇല്ലാത്തതിനെ ഉള്ളതുപോലെ വിളിക്കുകയും ചെയ്യുന്ന ദൈവമാണ്. മരിച്ചതായി തോന്നിയത് ജീവിപ്പിക്കപ്പെടുമെന്ന് അബ്രഹാമിന് വിശ്വസിക്കേണ്ടതായിവന്നു, പ്രത്യേകിച്ചും അവരുടെ പ്രായമായ ശരീരങ്ങളും സാറയുടെ വന്ധ്യമായ ഗർഭപാത്രവും. കൂടാതെ, ഇല്ലാത്തതിനെ അവ ഉള്ളതുപോലെ വിളിക്കാൻ അബ്രഹാമിന് പഠിക്കേണ്ടി വന്നു. ദൈവം അത് ആദ്യം ചെയ്തു. അബ്രഹാമിന് മക്കളില്ലാതിരുന്നപ്പോഴും ദൈവം താൻ അവനെ ഒരു വലിയ ജനതയുടെ പിതാവാക്കിയിട്ടുണ്ട് എന്ന് പറഞ്ഞാണ് അബ്രഹാമിനെക്കുറിച്ച് സംസാരിച്ചത്. തുടർന്ന് ദൈവം അബ്രാമിന്റെയും സാറായിയുടെയും പേരുകൾ അബ്രഹാമും സാറയും എന്നാക്കി മാറ്റി, ഫലത്തിൽ, അവർ ഇല്ലാത്തതിനെ അത് ഉള്ളതുപോലെ വിളിച്ചു.

വിശ്വാസം എന്നത് ഉടമസ്ഥാവകാശപത്രമാണ്, പ്രത്യാശിക്കുന്നതോ ആഗ്രഹിക്കുന്നതോ ആയ കാര്യങ്ങളുടെ ഉടമസ്ഥാവകാശത്തിന്റെ തെളിവാണ്. വിശ്വാസം എന്നത് ബോധ്യമാണ്, ഇതുവരെ ദൃശ്യമായിട്ടില്ലാത്ത കാര്യങ്ങളുടെ, ശാരീരിക ഇന്ദ്രിയങ്ങൾക്ക് ഇതുവരെ വെളിപ്പാട്പ്പെട്ടിട്ടില്ലാത്ത കാര്യങ്ങളുടെ

ദൃഢമായ ഉറപ്പാണ്. ഇത്തരത്തിലുള്ള വിശ്വാസം സംസാരിക്കുമ്പോൾ, കാര്യങ്ങളെ ഭൗതിക ലോകത്തിൽ ഉള്ളതുപോലെയല്ല വിളിക്കുന്നത്, മറിച്ച് അവ ആത്മീയ ലോകത്തിൽ ഉള്ളതുപോലെയാണ്. ഇത്തരത്തിലുള്ള വിശ്വാസം ഇല്ലാത്ത കാര്യങ്ങളെ ഉള്ളതുപോലെ വിളിക്കുന്നു. ദൈവം ഒരിക്കൽ പറഞ്ഞാൽ അത് നിവൃത്തിയാകുമെന്ന് വിശ്വാസത്തിന് ബോധ്യമുണ്ട്. നിങ്ങളുടെ വിശ്വാസം സംസാരിക്കുക. ദൈവം പറഞ്ഞിരിക്കുന്നതുകൊണ്ട് ഭൗതിക ലോകത്തിൽ ഇതുവരെ ഇല്ലാത്തതിനെ ഉള്ളതുപോലെ വിളിക്കുക.

51

# അവന്റെ വാഗ്ദത്തമനുസരിച്ച് സംസാരിക്കുക

**റോമർ 4:18-21**

**[18]"നിന്റെ സന്തതി ഇവ്വണ്ണം ആകും" എന്ന് അരുളിച്ചെയ്തിരിക്കുന്നതുപോലെ താൻ ബഹുജാതികൾക്കു പിതാവാകും എന്ന് അവൻ ആശയ്ക്കു വിരോധമായി ആശയോടെ വിശ്വസിച്ചു.**

**[19]അവൻ ഏകദേശം നൂറു വയസ്സുള്ളവനാകയാൽ തന്റെ ശരീരം നിർജീവമായിപ്പോയതും സാറായുടെ ഗർഭപാത്രത്തിന്റെ നിർജീവത്വവും ഗ്രഹിച്ചിട്ടും വിശ്വാസത്തിൽ ക്ഷീണിച്ചില്ല.**

**[20]ദൈവത്തിന്റെ വാഗ്ദത്തത്തിങ്കൽ അവിശ്വാസത്താൽ സംശയിക്കാതെ വിശ്വാസത്തിൽ ശക്തിപ്പെട്ടു ദൈവത്തിനു മഹത്ത്വം കൊടുത്തു,**

**[21]അവൻ വാഗ്ദത്തം ചെയ്തതു പ്രവർത്തിപ്പാനും ശക്തൻ എന്നു പൂർണമായി ഉറച്ചു.**

ദൈവം വാഗ്ദത്തം ചെയ്തത് ലഭിക്കുവാനായി, അബ്രഹാം ദൈവത്തിലുള്ള വിശ്വാസത്താൽ എങ്ങനെ നടന്നുവെന്ന് അപ്പോസ്തലനായ പൗലോസിലൂടെ പരിശുദ്ധാത്മാവ് വെളിപ്പാട്പ്പെടുത്തുന്നു. പ്രത്യാശിക്കാൻ കാരണമില്ലാതിരുന്നപ്പോഴും, അബ്രഹാം പ്രത്യാശിക്കുകയും, പ്രത്യാശയാൽ പ്രചോദിപ്പിക്കപ്പെട്ട് അവൻ വിശ്വസിക്കുകയും ചെയ്തു. അവൻ എന്താണ് വിശ്വസിച്ചത്? ദൈവം തന്നെക്കുറിച്ച് പറഞ്ഞതുപോലെതന്നെ താൻ ആയിത്തീരുമെന്ന് അവൻ വിശ്വസിച്ചു. വസ്തുതകൾ ഉണ്ടായിരുന്നെങ്കിലും—അവന്റെയും സാറയുടെയും ശാരീരികാവസ്ഥയുടെ വസ്തുത—തന്റെ വിശ്വാസം നിർണ്ണയിക്കാൻ ഈ വസ്തുതകളെ അവൻ അനുവദിച്ചില്ല. അവന് ദൈവത്തിൽ നിന്നുള്ള ഒരു വചനം ഉണ്ടായിരുന്നു. ദൈവം അവന്റെ അവസ്ഥയെക്കുറിച്ച് സംസാരിച്ചിരുന്നു, ദൈവത്തിൽ നിന്നുള്ള ആ വചനമായിരുന്നു അവന്റെ ജീവിതത്തിലെ അവസാന അധികാരം. അബ്രഹാമിന്റെ വിശ്വാസത്തിന്റെ അടിത്തറ ദൈവം വാഗ്ദത്തം ചെയ്തിരുന്ന കാര്യങ്ങളായിരുന്നു, ആ ദൈവം ആ വാഗ്ദത്തം നിറവേറ്റുവാൻ കഴിവുള്ളവനായിരുന്നു. അവൻ വിശ്വസിച്ചതും, ചെയ്തതും, സംസാരിച്ചതുമായ ജീവിതത്തിലെ സകലതും ദൈവം പറഞ്ഞതിനോട് ചേർന്നതും അനുസ്യൂതമായതുമായിരുന്നു. ദൈവം പറഞ്ഞതിനനുസരിച്ച് വിശ്വാസം സംസാരിക്കുന്നു.

പലപ്പോഴും നമ്മുടെ സ്വന്തം ജീവിതത്തിൽ, നിലവിലെ സാഹചര്യങ്ങൾ തിരുവെഴുത്തുകളിൽ എഴുതിയിരിക്കുന്നതോ വാഗ്ദത്തം ചെയ്തതോ ആയി നാം കണ്ടെത്തുന്ന കാര്യങ്ങൾക്ക് വിരുദ്ധമായേക്കാം. ദൈവവചനം ചിലത് വാഗ്ദത്തം ചെയ്യുന്നു, നമ്മുടെ അനുഭവങ്ങൾ തികച്ചും വിപരീതമായ ഒന്നായിരിക്കാം. ദൈവം 'സൗഖ്യമാക്കുന്ന യഹോവ'(യഹോവ റാഫാ)യാണെന്ന് ദൈവവചനം പ്രഖ്യാപിക്കുന്നു, എന്നാൽ ഭൗതിക ശരീരത്തെ നശിപ്പിക്കുന്ന രോഗം ഉണ്ടായേക്കാം. നിങ്ങൾ ചെയ്യുന്നതെന്തും അഭിവൃദ്ധി പ്രാപിക്കുമെന്ന് ദൈവവചനം പ്രഖ്യാപിക്കുന്നു, എന്നാൽ സമീപകാല അനുഭവങ്ങൾ പരാജയങ്ങളുടെ ഒരു പരമ്പരയായിരിക്കാം. തോൽവിയുടെ നിരവധി മേഖലകൾ ഉണ്ടാകാം, അതേസമയം ദൈവവചനം വിജയം വാഗ്ദത്തം ചെയ്യുന്നു. നാം എന്താണ് ചെയ്യേണ്ടത്? നമ്മുടെ അനുഭവങ്ങളെ നാം ദൈവഹിതമെന്നപോലെ സ്വീകരിക്കണമോ അതോ ദൈവവചനത്തെ നമ്മുടെ ജീവിതത്തിനായുള്ള ദൈവഹിതമായി സ്വീകരിക്കണമോ?

അബ്രഹാമിന്റെ വിശ്വാസത്തിന്റെ ചുവടുകളിൽ നടക്കാൻ നാം വിളിക്കപ്പെട്ടിരിക്കുന്നു. പ്രത്യാശയ്ക്ക് കാരണമില്ലെങ്കിലും, നമുക്ക് പ്രത്യാശ ഉണ്ടായിരിക്കുകയും ദൈവത്തെയും അവന്റെ വചനത്തെയും വിശ്വസിക്കുകയും വേണം. വസ്തുതകൾ നിങ്ങളുടെ വിശ്വാസത്തെ ദുർബലപ്പെടുത്താൻ അനുവദിക്കരുത്. ദൈവവചനത്തിൽ നിങ്ങളുടെ വിശ്വാസം ഉറപ്പിക്കുക. വിശ്വാസം അവന്റെ വാഗ്ദത്തമനുസരിച്ച് സംസാരിക്കുന്നു. നിങ്ങളുടെ വിശ്വാസം സംസാരിക്കുക.

## 52

# ആധിപത്യത്തിന്റെ വാക്കുകൾ സംസാരിക്കുക—ജീവിതത്തിൽ വാഴുക

**റോമർ 5:17**

**ഏകന്റെ ലംഘനത്താൽ മരണം ആ ഏകൻ നിമിത്തം വാണു എങ്കിൽ കൃപയുടെയും നീതിദാനത്തിന്റെയും സമൃദ്ധി ലഭിക്കുന്നവർ യേശുക്രിസ്തു എന്ന ഏകൻ നിമിത്തം ഏറ്റവും അധികമായി ജീവനിൽ വാഴും.**

ആദാം നമ്മെ അധീനതയിലാക്കിയ സകലത്തിൽനിന്നും കർത്താവായ യേശു നമ്മെ പുറപ്പാടിന്റെ കൊണ്ടുവന്നു. കൃപയുടെ സമൃദ്ധിയും നീതിയുടെ ദാനവും നമുക്ക് ലഭിച്ചിരിക്കുന്നു. ദൈവം തന്റെ കൃപ നമ്മുടെ ജീവിതത്തിൽ ധാരാളമായി നൽകിയിരിക്കുന്നു. ക്രിസ്തുവിലുള്ള വിശ്വാസത്തിലൂടെ അവൻ തന്റെ നീതി ഒരു ദാനമായി നമുക്കു പകർന്നു തന്നിരിക്കുന്നു. കഴിഞ്ഞ കാലങ്ങളിൽ നാം പാപികളായിരുന്നു. എന്നാൽ ഇപ്പോൾ കാര്യങ്ങൾ വ്യത്യസ്തമാണ്. നാം ദൈവത്തിന്റെ നീതിയാണ്. ദൈവത്തിന്റെ സമൃദ്ധമായ കൃപ നമുക്ക് ലഭിച്ചിരിക്കുന്നു. നമുക്ക് അർഹതയില്ലാത്തത് അല്ലെങ്കിൽ നമുക്ക് സ്വന്തമായി സമ്പാദിക്കാൻ കഴിയാത്തത് ദൈവം നമുക്ക് നൽകുന്നതാണ് കൃപ. ദൈവം കൃപയാൽ നമുക്ക് നൽകിയത് യഥാർത്ഥത്തിൽ നമ്മുടേതാണ്. നമുക്കത് ഉണ്ട്. ആസ്വദിക്കാനും ജീവിക്കാനും നമ്മുടേതായി സ്വന്തമാക്കാനുമാണ് ദൈവം നമുക്ക് അത് നൽകിയിരിക്കുന്നത്.

യേശുക്രിസ്തുവിലൂടെ ജീവിതത്തിൽ രാജാക്കന്മാരെപ്പോലെ ജീവിക്കുവാനും ഭരിക്കുവാനുമുള്ള സ്ഥാനം അവൻ നമുക്ക് നൽകിയിരിക്കുന്നു എന്നുള്ളതാണ് ദൈവം തന്റെ കൃപയാൽ നമുക്ക് സൗജന്യമായി നൽകിയിട്ടുള്ള അനേകം കാര്യങ്ങളിൽ ഒന്ന്. യേശുവിലൂടെ, അതായത്, അവനാലും അവൻ നൽകുന്ന അധികാരത്തിലൂടെയും, നാം ജീവിതത്തിൽ ഭരിക്കുകയും വാഴുകയും വേണം. ഈ സത്യം മനസ്സിലാക്കുക. ആത്മീയ അധികാരവും ആധിപത്യവുമുള്ള ഒരു വ്യക്തിയാണ് നിങ്ങൾ. നിങ്ങൾ ഇത്

പ്രയോഗിക്കുന്നില്ലെങ്കിൽ ഇത് ഉപയോഗശൂന്യമാണ്. രാജാക്കന്മാർ എന്താണ് ചെയ്യുന്നത്? രാജാക്കന്മാർ അവരുടെ വാക്കുകളിലൂടെ അധികാരവും ആധിപത്യവും പ്രയോഗിക്കുന്നു. അവർ വാക്കുകൾ സംസാരിക്കുന്നു, ഉത്തരവുകൾ പുറപ്പാട്പ്പെടുവിക്കുന്നു, അതിനാൽ അവരുടെ ഉത്തരവുകൾ അവരുടെ സ്വാധീന മേഖലകളിൽ നടപ്പിലാക്കപ്പെടുന്നു.

ആദാം നമ്മെ പാപത്തിനും പിശാചിനും, അവന്റെ ദൂതന്മാർക്കും രോഗം, ദാരിദ്ര്യം, പൈശാചിക ബന്ധനം തുടങ്ങി തന്റെ വീഴ്ച നിമിത്തം ഉണ്ടായ സകലത്തിന്റെയും അധീനതയിലാക്കി. ആദം നമ്മെ ഏൽപ്പിച്ചുകൊടുത്ത സകലത്തിൽ നിന്നും കർത്താവായ യേശു നമ്മെ പുറപ്പാട്ത്തു കൊണ്ടുവന്നു, ഇപ്പോൾ അവയെയെല്ലാം ഭരിക്കാനും ജീവിതത്തിൽ വാഴാനും നമ്മെ ആക്കിയിരിക്കുന്നു. എന്നാൽ നമ്മുടെ ആധിപത്യം പ്രയോഗിച്ചില്ലെങ്കിൽ നമുക്ക് ഒരിക്കലും അത് അനുഭവിക്കാൻ കഴിയില്ല. ആധിപത്യത്തിന്റെ വാക്കുകൾ സംസാരിക്കുക. ഉത്തരവുകൾ പുറപ്പാട്പ്പെടുവിക്കുക. വചനം പ്രഖ്യാപിക്കുക. നിങ്ങളുടെ വിശ്വാസം സംസാരിക്കുക, നിങ്ങളുടെ സ്വാധീന മേഖലയ്ക്ക് കീഴിലുള്ള സകലതും ദൈവരാജ്യത്തിന്റെ സത്യത്താൽ ഭരിക്കപ്പെടുകയും നിയന്ത്രിക്കപ്പെടുകയും ചെയ്യുവാൻ അനുവദിക്കുക.

## 53

# വിശ്വാസം ഇതുപോലെ സംസാരിക്കുന്നു

**റോമർ 10:6–8**
**6വിശ്വാസത്താലുള്ള നീതിയോ ഇവ്വണ്ണം പറയുന്നു:**
**"ക്രിസ്തുവിനെ ഇറക്കേണം എന്നു വിചാരിച്ച് ആർ സ്വർഗത്തിൽ കയറും എന്നോ,**
**7ക്രിസ്തു വിനെ മരിച്ചവരുടെ ഇടയിൽനിന്ന് കയറ്റേണം എന്നു വിചാരിച്ച് ആർ പാതാളത്തിൽ ഇറങ്ങും എന്നോ നിന്റെ ഹൃദയത്തിൽ പറയരുത്."**
**8എന്നാൽ അത് എന്തു പറയുന്നു?**
**"വചനം നിനക്കു സമീപമായി നിന്റെ വായിലും നിന്റെ ഹൃദയത്തിലും ഇരിക്കുന്നു;" അതു ഞങ്ങൾ പ്രസംഗിക്കുന്ന വിശ്വാസവചനം തന്നെ.**

അബ്രഹാം ദൈവത്തിൽ വിശ്വസിച്ചിരുന്നു എന്നും അത് ദൈവം അവന് നീതിയായി കണക്കിട്ടുവെന്നും റോമർ 4-ാം അധ്യായത്തിൽ അപ്പോസ്തലനായ പൗലോസ് പരാമർശിച്ചിട്ടുണ്ട്. ക്രിസ്തുവിൽ നമുക്ക് സമൃദ്ധമായ കൃപ ലഭിച്ചിട്ടുണ്ടെന്നും ദൈവത്തിന്റെ ദാനമായ നീതി നമുക്ക് പകർന്നു നൽകിയിട്ടുണ്ടെന്നും പൗലോസ് സ്ഥാപിക്കുകയും ചെയ്തു. ഇപ്പോൾ നാം ദൈവവുമായി ശരിയായ ബന്ധത്തിലായതിനാൽ, ദൈവത്തിലുള്ള വിശ്വാസം എങ്ങനെയാണ് പ്രകടിപ്പിക്കുന്നത്? വിശ്വാസവും നീതിയും ഉള്ളവരായ നാം എങ്ങനെയാണ് സംസാരിക്കുന്നത്?

നാം പ്രത്യാശയില്ലായ്മയും നൈരാശ്യവും സംസാരിക്കുകയില്ല. ദൈവം നമ്മെ സഹായിക്കാൻ കഴിയാത്തത്ര ദൂരെ സ്വർഗ്ഗത്തിലാണ് എന്ന രീതിയിൽ നാം സംസാരിക്കുകയില്ല. ദൈവം നമ്മെ സഹായിക്കാൻ കഴിയാത്തവണ്ണം മരിച്ചവനും ശക്തിയില്ലാത്തവനുമാണെന്ന രീതിയിലല്ല നാം സംസാരിക്കുന്നത്. പകരം, അപ്പോസ്തലനായ പൗലോസ് പുതിയ നിയമ വിശ്വാസികളായ നമ്മിൽ ഒരു പഴയനിയമ സത്യം പ്രയോഗിക്കുന്നു. ആവർത്തനപുസ്തകം 30:11-14-ൽ മോശ ദൈവജനത്തോട് പറഞ്ഞ അതേ കാര്യം അവൻ നമ്മോടും പറയുന്നു. വചനം നിങ്ങളുടെ അടുത്തുണ്ട്. ദൈവം സംസാരിച്ച വചനം നിങ്ങളുടെ വായിലും ഹൃദയത്തിലും ഉണ്ട്. നിങ്ങളുടെ ഹൃദയത്തിലുള്ള വചനം

നിങ്ങൾക്ക് വിശ്വസിക്കുവാനും, നിങ്ങളുടെ വായിലുള്ള വചനം നിങ്ങൾക്ക് ഏറ്റുപറയാനുമുള്ളതാണ് എന്നതാണ് ഇവിടെയുള്ള വ്യക്തമായ അനുമാനം. തുടർന്ന് നാം പ്രസംഗിക്കുന്ന യേശുവിന്റെ സുവിശേഷത്തിന്റെ സന്ദേശമായ വിശ്വാസ വചനത്തിൽ അവൻ അത് പ്രയോഗിക്കുന്നു.

വിശ്വാസം സംസാരിക്കുന്നു എന്ന് നാം അറിയുക എന്നതാണ് ഇവിടുത്തെ പ്രധാന സത്യം. വിശ്വാസം ദൈവവചനം സംസാരിക്കുന്നു, അത് നമ്മുടെ ഹൃദയത്തിലും വായിലും നിരന്തരം സൂക്ഷിക്കേണ്ടതാണ്. പ്രത്യാശയില്ലാത്തവണ്ണം ഒരിക്കലും സംസാരിക്കരുത്. ഒരിക്കലും നൈരാശ്യത്തോടെ സംസാരിക്കരുത്. നിങ്ങളുടെ ഹൃദയത്തിലുള്ള ദൈവവചനം നിങ്ങൾക്ക് വിശ്വസിക്കുവാനും, നിങ്ങളുടെ വായിലുള്ള വചനം നിങ്ങൾക്ക് ഏറ്റുപറയാനുമുള്ളതാണ്. വചനം സംസാരിക്കുക. ദൈവവചനത്തിലുള്ള നിങ്ങളുടെ വിശ്വാസം പറയുക.

54

# ഏറ്റുപറച്ചിൽ രക്ഷയിലേക്ക് നടത്തുന്നു

**റോമർ 10:6-10**
**[6]വിശ്വാസത്താലുള്ള നീതിയോ ഇവ്വണ്ണം പറയുന്നു:**
**"ക്രിസ്തുവിനെ ഇറക്കേണം എന്നു വിചാരിച്ച് ആർ സ്വർഗത്തിൽ കയറും എന്നോ,**
**[7]ക്രിസ്തു വിനെ മരിച്ചവരുടെ ഇടയിൽനിന്ന് കയറ്റേണം എന്നു വിചാരിച്ച് ആർ പാതാളത്തിൽ ഇറങ്ങും എന്നോ നിന്റെ ഹൃദയത്തിൽ പറയരുത്."**
**[8]എന്നാൽ അത് എന്തു പറയുന്നു?**
**"വചനം നിനക്കു സമീപമായി നിന്റെ വായിലും നിന്റെ ഹൃദയത്തിലും ഇരിക്കുന്നു;" അതു ഞങ്ങൾ പ്രസംഗിക്കുന്ന വിശ്വാസവചനം തന്നെ.**
**[9]യേശുവിനെ കർത്താവ് എന്നു വായ്കൊണ്ട് ഏറ്റുപറകയും ദൈവം അവനെ മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേല്പിച്ചു എന്നു ഹൃദയംകൊണ്ടു വിശ്വസിക്കയും ചെയ്താൽ നീ രക്ഷിക്കപ്പെടും.**
**[10]ഹൃദയംകൊണ്ടു നീതിക്കായി വിശ്വസിക്കയും വായ്കൊണ്ടു രക്ഷയ്ക്കായി ഏറ്റുപറകയും ചെയ്യുന്നു.**

വിശ്വസിക്കേണ്ടതിന്റെയും ഏറ്റുപറയുന്നതിന്റെയും പ്രാധാന്യമാണ് ഈ വേദഭാഗത്തിൽ നാം നിശ്ചയമായും ഉയർത്തിക്കാട്ടേണ്ട മറ്റൊരു സത്യം. നമ്മുടെ ഹൃദയത്തിൽ ദൈവവചനം വിശ്വസിക്കുന്നത് നമ്മെ ദൈവത്തോട് ശരിയായ ബന്ധത്തിലാക്കുന്നു. ("ഹൃദയം കൊണ്ടു ഒരുവൻ നീതിക്കായി വിശ്വസിക്കുന്നു"). ദൈവത്തിൽ നിന്ന് സ്വീകരിക്കാൻ നാം ശരിയായ സ്ഥാനത്തും സ്ഥലത്തുമാണ്. തുടർന്ന് മറ്റൊരു പടി കൂടെ എടുക്കുവാൻ തിരുവെഴുത്തുകൾ നമ്മോട് നിർദ്ദേശിക്കുന്നു. വായ് കൊണ്ട് ഏറ്റുപറയാൻ നമ്മോട് നിർദ്ദേശിക്കുന്നു, അത് നമ്മിൽ രക്ഷ സ്വീകരിക്കുവാനും അനുഭവിക്കുവാനും ഇടയാക്കുന്നു ("ഏറ്റുപറച്ചിൽ രക്ഷയിലേയ്ക്ക് നടത്തുന്നു").

കർത്താവായ യേശുക്രിസ്തു തന്റെ ക്രൂശുമരണത്തിലൂടെയും മരണത്തിൽ നിന്നുള്ള പുനരുത്ഥാനത്തിലൂടെയും നീതിയും രക്ഷയും ഒരു ദാനമായി ലഭ്യമാക്കിയിട്ടുണ്ട്. എല്ലാവർക്കും സ്വീകരിക്കുവാനായി അത് അവിടെയുണ്ട്. രക്ഷ നൽകിയിട്ടുണ്ട്, എന്നാൽ അത് സ്വീകരിക്കുവാൻ നാം വിശ്വസിക്കുകയും ഏറ്റുപറയുകയും ചെയ്യുന്നു.

ഏറ്റുപറച്ചിലിന്റെ പ്രാധാന്യം ശ്രദ്ധിക്കുക. നാം വിശ്വസിക്കുമ്പോൾ, സ്വീകരിക്കുവാനുള്ള സ്ഥാനത്താണ് നാം. എന്നാൽ ഏറ്റുപറച്ചിലാണ് നമ്മുടെ കൈവശം രക്ഷ കൊണ്ടുവരുന്നത്.

പുതിയ നിയമത്തിൽ നാം മനസ്സിലാക്കുന്നതുപോലെ, നിത്യരക്ഷ, പാപമോചനം, പാപത്തിന്മേലുള്ള വിജയം, രോഗത്തിൽ നിന്നുള്ള സൗഖ്യം, കലഹങ്ങളിലെ വിജയം, ശത്രുവിന്റെ സകല പ്രവൃത്തികളിൽ നിന്നും വിടുതൽ, ആപത്തിൽ നിന്നുള്ള രക്ഷ, അപകടങ്ങളിൽനിന്നും സംരക്ഷണം, സമ്പൂർണ്ണത തുടങ്ങി അനേക അർത്ഥങ്ങളടങ്ങിയ സമഗ്രപദമാണ് രക്ഷ. അതിന്റെ അർത്ഥം രക്ഷിക്കപ്പെടുക, സൗഖ്യം പ്രാപിക്കുക, വിടുതൽ പ്രാപിക്കുക, വിജയം നേടുക, മോചിക്കപ്പെടുക, സംരക്ഷിക്കപ്പെടുക, പൂർണമാക്കുക എന്നൊക്കെയാണ്. ദൈവവചനത്തിൽ വിശ്വസിക്കുന്നതും ദൈവവചനം ഏറ്റുപറയുന്നതുമാണ് ഇവ ഓരോന്നും നമ്മുടെ അനുഭവമാക്കുന്നത്. നിങ്ങളുടെ വിശ്വാസം സംസാരിക്കുക, കാരണം ഏറ്റുപറച്ചിൽ രക്ഷയിലേക്ക് പരിണമിക്കുന്നു.

# 55

# അവന്റെ എല്ലാ വാഗ്ദത്തങ്ങളോടും നിങ്ങൾ അതെയെന്നും ആമേൻ എന്നും പ്രഖ്യാപിക്കുക

**2 കൊരിന്ത്യർന്ത്യർ 1:19,20**

**[19]ഞാനും സില്വാനൊസും തിമൊഥെയൊസും നിങ്ങളുടെ ഇടയിൽ പ്രസംഗിച്ച ദൈവപുത്രനായ യേശുക്രിസ്തു ഒരിക്കൽ ഉവ്വ് എന്നും മറ്റൊരിക്കൽ ഇല്ല എന്നും ആയിരുന്നില്ല; അവനിൽ ഉവ്വ് എന്നത്രേയുള്ളു.**

**[20]ദൈവത്തിന്റെ വാഗ്ദത്തങ്ങൾ എത്ര ഉണ്ടെങ്കിലും അവനിൽ ഉവ്വ് എന്നത്രേ; അതുകൊണ്ടു ഞങ്ങളാൽ ദൈവത്തിനു മഹത്ത്വം ഉണ്ടാകുമാറ് അവനിൽ ആമേൻ എന്നുംതന്നെ.**

ദൈവം ഇടപെടുന്ന സമയങ്ങളും ഇടപെടാത്ത സമയങ്ങളുമുണ്ടെന്ന് ആളുകൾ നമ്മോട് എത്ര തവണ പറയുന്നത് നാം കേട്ടിട്ടുണ്ട്. നമുക്ക് കൃത്യമായി അറിയില്ല. ചിലപ്പോൾ ദൈവത്തിന്റെ വാഗ്ദത്തങ്ങൾ നിവൃത്തിക്കുമെന്നും ചിലപ്പോൾ നിവൃത്തിക്കുകയില്ലെന്നും ആളുകൾ നമ്മോട് പറയുന്നു. ദൈവത്തിൽ വിശ്വസിച്ചിട്ടും പരാജയപ്പെടുകയോ, മരിക്കുകയോ, ദുരന്തം അനുഭവിക്കുകയോ ചെയ്ത എല്ലാ ആളുകളെയും നോക്കുക. ഇവയെല്ലാം വസ്തുതകളും സത്യവുമാണെങ്കിലും, ആളുകളുടെ അനുഭവങ്ങൾ കാരണം ദൈവം ആരാണെന്നതും ദൈവവചനം എന്ത് പറയുന്നുവെന്നതും മാറ്റാൻ നമുക്ക് അവകാശമുണ്ടോ? അനുഭവങ്ങൾ ദൈവത്തേക്കാളും അവന്റെ വചനത്തേക്കാളും വിശ്വാസയോഗ്യമാണോ? നമ്മുടെ ദൈവശാസ്ത്രം അടിസ്ഥാനമാക്കിയിരിക്കുന്നത് ദൈവത്തെയും അവന്റെ വചനത്തെയുമാണോ അതോ ആളുകളുടെ അനുഭവങ്ങളെയാണോ?

ചിലർ അവനെ ആക്കിത്തീർത്തിരിക്കുന്നതുപോലെ ദൈവം അസ്ഥിരനല്ല എന്ന് അപ്പോസ്തലനായ പൗലോസ് വ്യക്തമാക്കുന്നു. യേശുവിൽ, "ഉവ്വ്"എന്നും "ഇല്ല" എന്നും ഇല്ല, എന്നാൽ എല്ലായ്പ്പോഴും ഒരു സുനിശ്ചിതമായ "ഉവ്വ്" മാത്രമേയുള്ളൂ. *ദൈവത്തിൽ വഞ്ചനാപരമായതോ, ഇരുമുഖമായതോ, അസ്ഥിരമായതോ ഒന്നുമില്ല, അവൻ ഒരിക്കലും മാറ്റത്തിന് വിധേയനല്ല* (യാക്കോബ് 1:17 "ദി മെസ്സേജ് ബൈബിൾ" നെയും "ദി പാഷൻ ട്രാൻസ്ലേഷൻ" നെയും

അടിസ്ഥാനമാക്കി). യേശുവിലുള്ള ദൈവത്തിന്റെ വാഗ്ദത്തങ്ങളെല്ലാം ഉവ്വ്" എന്നാകുന്നു എന്ന് അപ്പോസ്തലനായ പൗലോസ് ധൈര്യത്തോടെ പ്രഖ്യാപിക്കുന്നു. ദൈവത്തിന്റെ വാഗ്ദത്തങ്ങളെല്ലാം സത്യവും വിശ്വസ്തവുമാണ്, കൂടാതെ യേശുവിൽ അവയുടെ നിവൃത്തി കണ്ടെത്തുകയും ചെയ്യുന്നു. തുടർന്ന് ദൈവത്തിന്റെ മഹത്വത്തിനായി നാം ഉയർത്തുന്ന "ആമേൻ" ഉണ്ട്.

യേശുവിൽ ദൈവത്തിന്റെ എല്ലാ വാഗ്ദത്തങ്ങൾക്കും "ഉവ്വ് എന്നും, ആമേൻ" എന്നും ഉണ്ട്. ഇതാണ് നമുക്ക് ഉണ്ടായിരിക്കേണ്ട പ്രതീക്ഷ. നമ്മുടെ ജീവിതത്തിലൂടെ ദൈവത്തെ മഹത്വപ്പെടുത്തുവാൻ യേശുവിൽ ദൈവത്തിന്റെ സകല വാഗ്ദത്തങ്ങളുടെയും പൂർത്തീകരണം നാം കാണും. യേശുവിൽ ദൈവത്തിന്റെ സകല വാഗ്ദത്തങ്ങളും നല്ലതാണെന്ന ഈ സത്യത്തിൽ ഉറയ്ക്കുക. അവ ഉവ്വ് എന്നാകുന്നു. ദൈവത്തിന്റെ എല്ലാ വാഗ്ദത്തങ്ങളിലും നിങ്ങളുടെ വിശ്വാസം പ്രസ്താവിക്കുക. ദൈവത്തിന്റെ എല്ലാ വാഗ്ദത്തങ്ങൾക്കും, അവ നിറവേറ്റപ്പെട്ട് നിങ്ങൾ കാണും എന്നുള്ള നിങ്ങളുടെ പ്രതീക്ഷ പ്രകടിപ്പിച്ചുകൊണ്ട്, ഉവ്വ് എന്നും ആമേൻ എന്നും പ്രഖ്യാപിക്കുക.

# 56

# ഞങ്ങൾ വിശ്വസിക്കുന്നു, അതിനാൽ ഞങ്ങൾ സംസാരിക്കുന്നു

**2 കൊരിന്ത്യർന്ത്യർ 4:13,14**
**[13]"ഞാൻ വിശ്വസിച്ചു, അതുകൊണ്ടു ഞാൻ സംസാരിച്ചു"**
**എന്ന് എഴുതിയിരിക്കുന്നതുപോലെ വിശ്വാസത്തിന്റെ അതേ ആത്മാവു ഞങ്ങൾക്കുള്ളതിനാൽ ഞങ്ങളും വിശ്വസിക്കുന്നു, അതുകൊണ്ടു സംസാരിക്കുന്നു.**
**[14]കർത്താവായ യേശുവിനെ ഉയിർപ്പിച്ചവൻ ഞങ്ങളെയും യേശുവോടുകൂടെ ഉയിർപ്പിച്ചു നിങ്ങളോടുകൂടെ തിരുസന്നിധിയിൽ നിറുത്തും എന്ന് ഞങ്ങൾ അറിയുന്നു.**

അപ്പോസ്തലനായ പൗലോസ് സങ്കീർത്തനങ്ങൾർത്തനം 116:10-ൽ നിന്നാണ് ഇവിടെ ഉദ്ധരിക്കുന്നത്. യഥാർത്ഥത്തിൽ, താൻ വിശ്വാസികൾക്ക് പകർന്നുകൊടുക്കുവാൻ ആഗ്രഹിക്കുന്ന ഒരു പ്രത്യേക സത്യത്തെ ഉറപ്പിച്ചു പറയുന്നതിനായി, പരിശുദ്ധാത്മപ്രേരണയാൽ ആ വാക്യത്തിന്റെ ഒരു ഭാഗം മാത്രം അപ്പോസ്തലനായ പൗലോസ് ഉദ്ധരിക്കുന്നു. നാം വിശ്വസിക്കുന്നതിനനുസരിച്ചാണ് നാം സംസാരിക്കുന്നത്. നാം നമ്മുടെ വിശ്വാസം സംസാരിക്കണം. വിശ്വാസം സംസാരിക്കുന്നു. "വിശ്വാസത്തിന്റെ ആത്മാവിന്" പഴയ നിയമത്തിലും പുതിയനിയമത്തിലും മാറ്റമില്ല. പഴയ ഉടമ്പടിയിലുള്ള ആളുകളാൽ ആയിരുന്നാലും പുതിയ ഉടമ്പടിയിലുള്ള ആളുകളാൽ ആയിരുന്നാലും ദൈവത്തിലുള്ള വിശ്വാസത്തിന്റെ സത്ത മാറിയിട്ടില്ല. വിശ്വാസത്തിന്റെ തത്വം ഇപ്പോഴും ഒന്നുതന്നെയാണ്, അത് ഇതാണ്—എനിക്ക് വിശ്വാസമുണ്ട്, ഞാൻ വിശ്വാസത്തിൽ സംസാരിക്കുന്നു, അല്ലെങ്കിൽ ലളിതമായി പറഞ്ഞാൽ, വിശ്വാസം സംസാരിക്കുന്നു.

നാം വിശ്വസിക്കുന്നു, അതിനാൽ നാം വിശ്വസിക്കുന്നത് സംസാരിക്കുന്നു. നമുക്ക് വിശ്വാസമുണ്ട്, നാം നമ്മുടെ വിശ്വാസം സംസാരിക്കുന്നു. ഇതാണ് ബൈബിളിലൂടെയുള്ള വിശ്വാസത്തിന്റെ അടിസ്ഥാന തത്ത്വം. നാം വിശ്വസിക്കുന്നത് നിശ്ചയമായും സംസാരിക്കണം. വിശ്വാസം നിശ്ചയമായും സംസാരിക്കണം. നാം

ദൈവത്തെയും അവന്റെ വചനത്തെയും വിശ്വസിക്കുന്നു. അപ്പോൾ നാം അതിനനുസരിച്ച് സംസാരിക്കണം. ദൈവം ആരാണെന്നതിലും അവൻ നമുക്ക് വാഗ്ദത്തം ചെയ്തിരിക്കുന്നതിലും ഉള്ള നമ്മുടെ വിശ്വാസം നാം പ്രഖ്യാപിക്കുന്നു.

നാം യേശുവിലും അവന്റെ ക്രൂശുമരണം, ഉയിർപ്പ്, സ്വർഗ്ഗാരോഹണം, ഔന്നത്യം എന്നിവയിലൂടെ നമുക്കുവേണ്ടി ചെയ്ത കാര്യങ്ങളിലും വിശ്വസിക്കുന്നു. അതിനാൽ നാം അത് സംസാരിക്കുകയും പ്രഖ്യാപിക്കുകയും ചെയ്യുന്നു. നിങ്ങളുടെ വിശ്വാസം സംസാരിക്കുക.

# 57

# കൃപ ശുശ്രൂഷിക്കുവാനായി വാക്കുകൾ ഉപയോഗിക്കുക

**എഫെസ്യർ 4:29**
**കേൾക്കുന്നവർക്കു കൃപ ലഭിക്കേണ്ടതിന് ആവശ്യംപോലെ ആത്മികവർധനയ്ക്കായി നല്ല വാക്കല്ലാതെ ആ കാത്തത് ഒന്നും നിങ്ങളുടെ വായിൽനിന്നു പുറപ്പെടരുത്.**

വാക്കുകൾ കേൾവിക്കാർക്ക് ചിലത് പകർന്നു നൽകുന്നു. ദുഷിച്ച (മോശമായ, നീചമായ, വിലയില്ലാത്ത) വാക്കുകൾ ദുർമ്മാർഗ്ഗം (ഒരു പ്രയോജനവും നൽകാത്ത കാര്യങ്ങൾ) പകർന്നു നൽകുന്നു. നല്ല വാക്കുകൾ ശക്തിയും, കൃപയും, സമ്പൂർണ്ണതയും പകർന്നു നൽകുന്നു.

വാക്കുകൾ വാഹകരാണ്. വാക്കുകൾ ദൂതരാണ്. വാക്കുകൾ സന്ദേശവാഹകരാണ്. വാക്കുകൾ "ശുശ്രൂഷകരാണ്". അവർ സ്വീകരിക്കുന്നവരിൽ ചിലത് ചെയ്യുന്നു. അവർക്ക് അനുഗ്രഹിക്കുവാനും, പണിയുവാനും, ശക്തിപ്പെടുത്തുവാനും കഴിയും. അല്ലെങ്കിൽ അവക്ക് കീറിക്കളയുവാനും, ദുർബലപ്പെടുത്താനും, മുറിപ്പെടുത്തുവാനും, നശിപ്പിക്കുവാനും കഴിയും.

വിശ്വാസികൾ എന്ന നിലയിൽ, വിശ്വാസം വഹിക്കുകയും പകർന്നു നൽകുകയും ചെയ്യുന്ന വാക്കുകൾ നിശ്ചയമായും നാം സംസാരിക്കണം. വിശ്വാസം നിറഞ്ഞ വാക്കുകൾ സംസാരിക്കുക, അതിനാൽ നമ്മെ കേൾക്കുന്നവരിൽ വിശ്വാസം ഉളവാക്കുവാനും, പ്രചോദിപ്പിക്കുവാനും, ഉണർത്തുവാനും കഴിയും. നാം ജ്ഞാനത്തിന്റെ വാക്കുകൾ നിശ്ചയമായും സംസാരിക്കണം. സഹായിക്കുകയും, വളർത്തുകയും, വഴികാട്ടുകയും, അനുഗ്രഹിക്കുകയും ചെയ്യുന്ന വാക്കുകൾ നാം നിശ്ചയമായും സംസാരിക്കണം. നിങ്ങളുടെ വാക്കുകൾ ജ്ഞാനത്തോടെ ഉപയോഗിക്കുക. ആളുകളെ അനുഗ്രഹിക്കാൻ ഇത് ഉപയോഗിക്കുക. മറ്റുള്ളവരെ അനുഗ്രഹിക്കാൻ വിശ്വാസം സംസാരിക്കുക.

## 58

# ആത്മാവിന്റെ വാൾ ഉപയോഗിക്കുക

**എഫെസ്യർ 6:17**
**രക്ഷ എന്ന ശിരസ്ത്രവും ദൈവവചനം എന്ന ആത്മാവിന്റെ വാളും കൈക്കൊൾവിൻ.**

അപ്പോസ്തലനായ പൗലോസ് എഫെസ്യർ 6:17-ൽ ചൂണ്ടിക്കാണിക്കുന്നതുപോലെ നാം ആത്മീയ പോരാട്ടത്തിന്റെ നടുവിലാണ്. ശത്രു പരാജയപ്പെട്ടു, എന്നിട്ടും, ശേഷിക്കുന്ന സമയത്തേക്ക്, അവൻ ഇപ്പോഴും തന്റെ ഒളിപ്പോർതന്ത്രങ്ങൾ പരിശ്രമിക്കുന്നു. വിശ്വാസികൾ എന്ന നിലയിൽ, ദൈവം നമുക്ക് ആത്മീയ പോരാട്ടത്തിന്റെ അയുധങ്ങൾ നൽകിയിട്ടുണ്ട്, അവ ജയത്തോടെ ജീവിക്കുവാനും ശക്തമായി ശുശ്രൂഷിക്കുവാനും ആവർത്തനപുസ്തകംശ്യമായതിലധികമാണ്. ഈ ആയുധത്തിന്റെ ഭാഗമായ ആത്മാവിന്റെ വാൾ പോരാട്ടത്തിന്റെ ശക്തമായ ആയുധമാണ്. ഇത് പരിശുദ്ധാത്മാവിനാൽ നമുക്ക് നൽകപ്പെട്ട ഒരു വാളാണ്. ശക്തനായ പരിശുദ്ധാത്മാവ് തന്നെ അതിന് ഊർജ്ജം പകരുകയും പിന്താങ്ങുകയും ചെയ്യുന്നു. എങ്കിലും നാം ഈ വാൾ എടുത്ത് ഉപയോഗിക്കണം. നാം ഈ വാൾ ഉപയോഗിക്കുമ്പോൾ അത് അവന്റെ വാളാണെന്നതിനാൽ പരിശുദ്ധാത്മാവ് തന്നെ നമുക്ക് വേണ്ടി പ്രവർത്തിക്കുന്നു എന്നുറപ്പാണ്.

ശത്രുവിനെ ആക്രമിക്കുകയും കീറിമുറിക്കുകയും ചെയ്യുന്ന നമ്മുടെ പോരാട്ടായുധമായ വാൾ ദൈവവചനമാണ്. നാം എങ്ങനെയാണ് ഈ വാൾ ഉപയോഗിക്കുന്നത്? ശരി, വാക്കുകൾ കൊണ്ട് നാം എന്താണ് ചെയ്യുന്നത്? നാം വാക്കുകൾ സംസാരിക്കുന്നു. ദൈവവചനമായ യേശുവിനെക്കുറിച്ചുള്ള "അവന്റെ വായിൽ നിന്ന് മൂർച്ചയുള്ള വാൾ പുറപ്പാട്പ്പെടുന്നു" (വെളിപ്പാട് 19:13,15) എന്ന വ്യക്തമായ ചിത്രവും വെളിപ്പാട് പുസ്തകത്തിൽ നാം കാണുന്നു. അതിനാൽ, വചനത്തിന്റെ മൂർച്ചയുള്ള വാൾ നമ്മുടെ വായിൽ നിന്ന് സംസാരിക്കുന്ന ദൈവവചനമാണ്.

ദൈവവചനം സംസാരിക്കുന്നതിലൂടെ നാം ആത്മാവിന്റെ വാൾ ഉപയോഗിക്കുന്നു. ഓരോ തവണയും നിങ്ങൾ ദൈവവചനം പ്രസ്താവിക്കുകയും ദൈവവചനത്തിലുള്ള നിങ്ങളുടെ വിശ്വാസം പറയുകയും ചെയ്യുമ്പോൾ ശത്രുവിന്റെ മേൽ ഒരു മുറിവേൽക്കുന്നു. നിങ്ങളുടെ മനസ്സിൽ തെറ്റായ ചിന്തകളുളവാക്കിയോ അല്ലെങ്കിൽ നിങ്ങളുടെ ജീവിതത്തിന്റെ ഏതെങ്കിലും മേഖലകളിലെ ഇടപെടലിനാലോ ശത്രു നിങ്ങൾക്കെതിരായി വരുമ്പോൾ ആത്മാവിന്റെ വാൾ അവനെതിരെ ഉപയോഗിക്കുക. ശക്തനായ പരിശുദ്ധാത്മാവിനെതിരെ ഒരിക്കലും അവൻ നിൽക്കുകയില്ല. ദൈവവചനം സംസാരിക്കുക. നിങ്ങളുടെ വിശ്വാസം സംസാരിക്കുക.

# 59

# പ്രവചന വചസ്സുകൾ ഉപയോഗിച്ച് ഒരു നല്ല പോരാട്ടം പോരാട്ടുക

**1 തിമൊഥെയൊസ് 1:18**
**മകനേ, തിമൊഥെയൊസേ, നിന്നെക്കുറിച്ച മുമ്പുണ്ടായ പ്രവചനങ്ങൾക്ക് ഒത്തവണ്ണം ഞാൻ ഈ ആജ്ഞ നിനക്ക് ഏല്പിക്കുന്നു; നീ വിശ്വാസവും നല്ല മനസ്സാക്ഷിയും ഉള്ളവനായി അവയെ അനുസരിച്ച നല്ല യുദ്ധസേവ ചെയ്ക.**

പരിശുദ്ധാത്മാവിന്റെ പ്രചോദനം അല്ലെങ്കിൽ പ്രേരണയാൽ നൽകുന്ന വാക്കുകളാണ് പ്രവചനവചനങ്ങൾ. പ്രവചനവരവും പ്രവചന ശുശ്രൂഷയും ഇന്ന് ക്രിസ്തുവിന്റെ സഭയിൽ യഥാർത്ഥത്തിൽ പ്രവർത്തിക്കുന്നുണ്ട്. നമുക്ക് പ്രവചനങ്ങൾ നൽകുമ്പോൾ, ആത്മീയ പോരാട്ടത്തിൽ നമ്മെ ശക്തിപ്പെടുത്തുക എന്നതാണെന്ന് ഈ വാക്കുകൾ നൽകുന്നതിന്റെ ഒരു കാരണമെന്ന് നാം മനസ്സിലാക്കേണ്ടതാണ്. ശത്രുവിനെതിരെ ഒരു നല്ല പോരാട്ടം പോരാടുവാൻ ഈ പ്രവചനങ്ങൾ നാം ഉപയോഗിക്കണം.

ശത്രുവായ പിശാചും അവന്റെ ദൂതന്മാരും മോഷ്ടിപ്പാനും, അറുപ്പാനും, മുടിപ്പാനും വരുന്നു. ദൈവഹിതത്തിൽ നിന്ന് നമ്മെ തടസ്സപ്പെടുത്തുവാനും, ശ്രദ്ധ തിരിക്കുവാനും, ഏതെങ്കിലും വിധത്തിൽ അസ്വസ്ഥരാക്കുവാനും അവർ ശ്രമിക്കുന്നു. നമ്മുടെ ജീവിതതിനുമേൽ സംസാരിക്കുകയും ദൈവത്തിന്റെ ഉദ്ദേശ്യം, വാഗ്ദത്തം, നമ്മുടെ ജീവിതത്തിലെ ദൈവത്തിന്റെ സാധ്യതകൾ എന്നിവ പ്രഖ്യാപിക്കുകയും ചെയ്യുന്ന പ്രവചനങ്ങൾ നാം മുറുകെ പിടിക്കുന്നു. ഈ പ്രവചനങ്ങൾ ഉപയോഗിച്ച്, നാം ഒരു നല്ല പോരാട്ടം നടത്തുന്നു. നാം ഏർപ്പെട്ടിരിക്കുന്ന ആത്മീയ പോരാട്ടങ്ങളിൽ ശത്രുവിനെതിരായ ആയുധങ്ങളായി ആ പ്രവചന വചനങ്ങൾ നാം നിശ്ചയമായും ഉപയോഗിക്കണം. ഓർക്കുക, വാക്കുകൾ നിശ്ചയമായും സംസാരിക്കണം. നിങ്ങളുടെ ജീവിതത്തിനുമേൽ ഒരിക്കൽ സംസാരിക്കപ്പെട്ട ആ പ്രവചനവചനങ്ങൾ പ്രസ്താവിക്കുക (തീർച്ചയായും നിങ്ങൾ അവ പരിശോധിക്കുകയും ആത്മാവിൽ നിന്നുള്ളതാണെന്ന് അറിയുകയും ചെയ്യുന്നു). ദൈവം തന്റെ ആത്മാവിനാൽ നിങ്ങളുടെമേൽ പ്രഖ്യാപിച്ചത് പ്രഖ്യാപിക്കുക. ശത്രുവിനെതിരായ നിങ്ങളുടെ ആയുധങ്ങളുടെ ഭാഗമാണ് ആ വാക്കുകൾ എന്ന് ദൈവം പറഞ്ഞിട്ടുണ്ട്. ആ പ്രവചന വചനങ്ങൾ പറയുക. നിങ്ങളുടെ വിശ്വാസം സംസാരിക്കുക.

# 60

# ക്രിസ്തുവിൽ നിങ്ങളിലുള്ള എല്ലാ നല്ല കാര്യവും അംഗീകരിക്കുക

**ഫിലേമൊന് 1:6**

**അവൻ ഇനി ദാസനല്ല, ദാസനുമീതെ പ്രിയസഹോദരൻതന്നെ; അവൻ വിശേഷാൽ എനിക്കു പ്രിയൻ എങ്കിൽ നിനക്കു ജഡസംബന്ധമായും കർത്തൃസംബന്ധമായും എത്ര അധികം?**

ഫിലേമോന് പൗലോസ് എഴുതിയ ലേഖനത്തിന്റെ സന്ദർഭം രസകരമാണ്. പൗലോസിന്റെ ശുശ്രൂഷയിൻകീഴിൽ ഒരു വിശ്വാസിയായിത്തീർന്ന ഒളിച്ചോടിയ അടിമയായ ഒനേസിമോസിനെ, തന്റെ പഴയ യജമാനനും ഇപ്പോൾ കർത്താവിൽ തന്റെ സഹോദരനുമായ ഫിലേമോനരുകിലേക്ക് തിരികെ അയയ്ക്കാൻ പൗലോസ് എഴുതുകയാണ്. പൗലോസ് ഈ ചെറിയ ലേഖനം തുടങ്ങുമ്പോൾ, ക്രിസ്തുവിൽ നമ്മിലുള്ള എല്ലാ നല്ല കാര്യങ്ങളും (എല്ലാ ധനവും അനുഗ്രഹങ്ങളും) നാം അംഗീകരിക്കുമ്പോൾ (പൂർണ്ണമായി തിരിച്ചറിയുമ്പോൾ) നമ്മുടെ വിശ്വാസത്തിന്റെ കൂട്ടായ്മ ഫലപ്രദമാകും (സമൃദ്ധവും, ശക്തവും, ഊർജ്ജസ്വലവും) എന്ന സുപ്രധാന സത്യത്തിലേക്ക് അവൻ വിരൽ ചൂണ്ടുന്നു.

നമ്മെ ക്രിസ്തുവിലേക്ക് കൊണ്ടുവന്നതിലൂടെ ദൈവം നമ്മിൽ വച്ചിരിക്കുന്ന നന്മകൾ സംസാരിക്കുവാനും, വിളിച്ചുപറയുവാനും, അംഗീകരിക്കുവാനും തിരിച്ചറിയുവാനും നാം പഠിക്കണം. ക്രിസ്തുവിൽ നാം ആരാണെന്ന് തിരിച്ചറിയുകയും അംഗീകരിക്കുകയും വേണം. ഇത് നിങ്ങൾക്കും മറ്റുള്ളവർക്കും വേണ്ടി ചെയ്യുക. നമ്മുടെ കൂട്ടായ്മ ദൈവം ക്രിസ്തുവിൽ നമുക്കുവേണ്ടി ചെയ്തതിന്റെ അടിസ്ഥാനത്തിലാണ്. ഇതാണ് നമ്മുടെ കൂട്ടായ്മയെ ശക്തമാക്കുന്നത്. ബലഹീനതയെക്കുറിച്ചും, നാം എത്ര ദരിദ്രരും ദുരിതമനുഭവിക്കുന്നവരുമാണ് എന്നതിനെക്കുറിച്ചും, നാം എത്ര പാപികളും അധഃപതിച്ചവരുമാണ് എന്നതിനെക്കുറിച്ചും പറയുന്നതിന് പകരം, നാം ക്രിസ്തുവിലായതിനാൽ നമ്മിലുള്ള നന്മകളെ അംഗീകരിക്കാം.

**കുറിപ്പ്:** പാപത്തെ പരിഹരിക്കുവാൻ പാടില്ലെന്നോ, അല്ലെങ്കിൽ എന്തെങ്കിലും തെറ്റ് സംഭവിച്ചാൽ, നാം അത് അവഗണിക്കണമെന്നോ, തിരുത്തൽ കൊണ്ടുവരരുതെന്നോ ഞങ്ങൾ ഇവിടെ പ്രതിപാദിക്കുന്നില്ല. തെറ്റുകൾ, അപരാധങ്ങൾ, ദുഷ്പ്രവൃത്തികൾ എന്നിവയെ നാം അഭിമുഖീകരിക്കുകയും തിരുത്തൽ ആവർത്തനപുസ്തകംശ്യമുള്ളിടത്ത് തിരുത്തൽ കൊണ്ടുവരുകയും വേണം. എന്നാൽ തിരുത്തൽ വരുത്തുകയും സ്വീകരിക്കുകയും ചെയ്ത ശേഷം, നാം കഴിഞ്ഞകാലത്തെ മറക്കുകയും ക്രിസ്തുവിൽ നമ്മിൽ ഓരോരുത്തരിലും ഉള്ള നന്മകളെ കാണുകയും ചെയ്യുന്നുവെന്ന് അറിഞ്ഞുകൊണ്ട് നാം ഇത് ചെയ്യുന്നു.

## 61

# അവന്റെ വചനത്തിന് നിങ്ങളുടെ ലോകത്തെ താങ്ങുവാനും നിയന്ത്രിക്കുവാനും കഴിയും

**എബ്രായർ 1:3**
**അവൻ അവന്റെ തേജസ്സിന്റെ പ്രഭയും തത്ത്വത്തിന്റെ മുദ്രയും സകലത്തെയും തന്റെ ശക്തിയുള്ള വചനത്താൽ വഹിക്കുന്നവനും ആകകൊണ്ടു പാപങ്ങൾക്കു പരിഹാരം ഉണ്ടാക്കിയശേഷം ഉയരത്തിൽ മഹിമയുടെ വലത്തുഭാഗത്ത് ഇരിക്കയും...**

പഴയനിയമത്തിലെ അനവധി സന്ദർഭങ്ങളിൽ നാം ഇതിനോടകം കണ്ടതുപോലെ, സകലതും, മുഴുപ്രപഞ്ചവും താങ്ങിനിറുത്തുകയും, പരിപാലിക്കുകയും, നിയന്ത്രിക്കുകയും, നിലനിർത്തുകയും ചെയ്യുന്നത് അവന്റെ വചനത്തിന്റെ ശക്തിയാലാണെന്നാണ് ഇവിടെ എബ്രായർയലേഖനത്തിൽ ഒരിക്കൽ കൂടി തിരുവെഴുത്തുകൾ നമ്മെ പഠിപ്പിക്കുന്നത്.

അതേ സർവ്വശക്തനായ ദൈവം, ഇവിടെ, ഭൂമിയിലെ നമ്മുടെ ജീവിതത്തിനായി തന്റെ വചനം നമുക്ക് നൽകിയിട്ടുണ്ട്. തീർച്ചയായും അവൻ നമുക്ക് നൽകിയിരിക്കുന്ന തന്റെ വചനത്തിന് നമ്മുടെ "ചെറിയ ലോകങ്ങളെ" നല്ല ക്രമത്തിലും നന്നായി പ്രവർത്തിക്കുന്നതരത്തിലും താങ്ങിനിറുത്തുവാനും, പരിപാലിക്കുവാനും, നിയന്ത്രിക്കാനും, സൂക്ഷിക്കുവാനും കഴിയും.

അവൻ നമുക്ക് ലിഖിത രൂപത്തിൽ വിശുദ്ധ തിരുവെഴുത്തുകളിൽ നൽകിയിട്ടുള്ള അവന്റെ വചനം എടുത്ത് നമ്മുടെ ലോകങ്ങളിൽ കൊണ്ടുവരിക എന്നതാണ് അപ്പോൾ പ്രധാനമായത്. നാം അത് ചെയ്യുന്നതിനുള്ള ഒരു മാർഗ്ഗം തിരുവെഴുത്തുകളിലുടനീളം നാം കാണുന്നതുപോലെ നാം അവന്റെ വചനത്തിൽ വിശ്വസിക്കുകയും നമ്മുടെ ലോകത്തിലേക്ക് അവന്റെ വചനം സംസാരിക്കുകയും ചെയ്യുക എന്നതാണ്.

നിങ്ങളുടെ ലോകത്തെ താങ്ങിനിറുത്തുവാനും നിയന്ത്രിക്കാനും ദൈവവചനത്തിന് ആവർത്തനപുസ്തകംശ്യത്തിലധികം ശക്തിയുണ്ടെന്ന് അറിയുക. കാര്യങ്ങളെല്ലാം തകർന്നടിഞ്ഞുവെന്ന് തോന്നിയേക്കാവുന്ന സമയങ്ങളുണ്ടാകാം. കാര്യങ്ങൾ കൈവിട്ടുപോകുകയോ നിയന്ത്രണാധീതമായി ചുറ്റിപ്പിണയുകയോ ചെയ്യുന്നതായി തോന്നിയേക്കാം. ദൈവവചനത്തിന്റെ ശക്തിയിൽ ദൃഢവിശ്വാസമുണ്ടായിരിക്കുക. നിങ്ങളുടെ ജീവിതം, നിങ്ങളുടെ ഇന്ന്, ഭാവി, സാഹചര്യങ്ങൾ, അവസ്ഥകൾ എന്നിവയുടെമേൽ അവന്റെ വചനം സംസാരിക്കുക. അവന്റെ വാഗ്ദത്തങ്ങൾ സംസാരിക്കുക. നിങ്ങളുടെ ലോകത്തിലുള്ള സകലതും ദൈവവചനത്തിന് വിധേയമാണെന്നും അവന്റെ വചനവുമായി ചേർന്നുപോകുമെന്നും പ്രഖ്യാപിക്കുക. നിങ്ങളുടെ വിശ്വാസം സംസാരിക്കുക. നിങ്ങളുടെ ജീവിതത്തിൽ ദൈവവചനത്തിന്റെ ശക്തി പ്രവർത്തിക്കുന്നത് നിങ്ങൾ കാണും.

# 62

# നമ്മുടെ ഏറ്റുപറച്ചിലിന്റെ മഹാപുരോഹിതനാണ് യേശു

**എബ്രായർ 3:1**
**അതുകൊണ്ടു വിശുദ്ധ സഹോദരന്മാരേ, സ്വർഗ്ഗീയവിളിക്ക് ഓഹരിക്കാരായുള്ളോരേ, നാം സ്വീകരിച്ച പറയുന്ന അപ്പൊസ്തലനും മഹാപുരോഹിതനുമായ യേശുവിനെ ശ്രദ്ധിച്ചു നോക്കുവിൻ.**

"ഏറ്റുപറച്ചിൽ" (ഗ്രീക്കിൽ *'ഹോമോളോഗിയ'*) എന്ന പദത്തിന്റെ അർത്ഥം "ഒരേ കാര്യം പറയുക" അല്ലെങ്കിൽ "വാക്കുകളിൽ യോജിക്കുക" എന്നാണെന്ന് ഞങ്ങൾ മുൻപത്തെ ഒരധ്യായത്തിൽ വിശദീകരിച്ചിട്ടുണ്ട്. ദൈവത്തോടും അവന്റെ വചനത്തോടും യോജിച്ചുകൊണ്ടു നാം പറയുന്നതാണ് ഈ പുതിയനിയമ സന്ദർഭത്തിലെ ഏറ്റുപറച്ചിൽ. ദൈവം പറഞ്ഞ അതേ കാര്യം നാം പറയുമ്പോൾ, അല്ലെങ്കിൽ നമ്മുടെ വാക്കുകൾകൊണ്ട് ദൈവത്തോട് യോജിക്കുമ്പോൾ, നാം നമ്മുടെ ഏറ്റുപറച്ചിൽ നടത്തുകയാണ്.

എബ്രായർക്കു ലേഖന എഴുത്തുകാരൻ നമ്മെ യേശുവിലേക്ക് ചൂണ്ടിക്കാണിച്ച് അവൻ നമ്മുടെ ഏറ്റുപറച്ചിലിന്റെ അപ്പോസ്തലനും (മുൻഗാമി, മുന്നോട്ട് പോകുന്നവൻ) മഹാപുരോഹിതനും (പ്രതിനിധീകരിക്കുന്നവൻ) ആണെന്ന് പ്രസ്താവിക്കുന്നു. നാം ഏറ്റുപറയുകയോ ഊന്നിപ്പറയുകയോ ചെയ്യുന്ന വിശ്വാസത്തെ യേശു സ്വർഗ്ഗത്തിൽ പ്രതിനിധീകരിക്കുന്നു. നാം ദൈവവചനത്തോട് ചേർന്നും, ദൈവം പറഞ്ഞതിനോട് യോജിച്ചും സംസാരിക്കുമ്പോൾ, യേശു അത് അംഗീകരിക്കുകയും നമ്മുടെ പേരിൽ പിതാവിന്റെ മുമ്പാകെ പ്രതിനിധീകരിക്കുകയും ചെയ്യുന്നു എന്നാണ് ഇതിനർത്ഥം.

ഓർക്കുക, നിങ്ങളുടെ ഏറ്റുപറച്ചിലിന്റെ മഹാപുരോഹിതൻ യേശുവാണ്. അവന്റെ വചനത്തോട് യോജിച്ച് സംസാരിക്കുക. നിങ്ങളുടെ വിശ്വാസം സംസാരിക്കുക.

## 63

# നിങ്ങളുടെ ഏറ്റുപറച്ചിലിനെ മുറുകെ പിടിക്കുക

**എബ്രായർ 4:14**

**ആകയാൽ ദൈവപുത്രനായ യേശു ആകാശത്തിൽകൂടി കടന്നുപോയൊരു ശ്രേഷ്ഠമഹാപുരോഹിതനായി നമുക്ക് ഉള്ളതുകൊണ്ട് നാം നമ്മുടെ സ്വീകാരം മുറുകെപ്പിടിച്ചുകൊൾക.**

**എബ്രായർ 10:23**

**പ്രത്യാശയുടെ സ്വീകാരം നാം മുറുകെ പിടിച്ചുകൊൾക; വാഗ്ദത്തം ചെയ്തവൻ വിശ്വസ്തനല്ലോ.**

നമുക്ക് മഹത്തായ മഹാപുരോഹിതനായി യേശു ഉള്ളതുകൊണ്ട്, നമ്മുടെ ഏറ്റുപറച്ചിലിനെ (അവന്റെ വചനത്തോട് യോജിച്ച് നാം പ്രഖ്യാപിക്കുന്നത്) നാം മുറുകെ പിടിക്കണം (ബലം ഉപയോഗിച്ച് നിലനിർത്തുക, വഴുതിപ്പോകാതിരിക്കാൻ മുറുകെ പറ്റിപ്പിടിക്കുക). കൂടാതെ, വാഗ്ദത്തം ചെയ്തവൻ വിശ്വസ്തനാണെന്ന് നമുക്കറിയാം. തന്റെ വാഗ്ദത്തങ്ങൾ പാലിക്കുന്നതിൽ അവൻ പരാജയപ്പെടുകയില്ല. അതിനാൽ, നമ്മുടെ വിശ്വാസത്തിന്റെ ഏറ്റുപറച്ചിൽ നാം കുലുങ്ങാതെ മുറുകെ പിടിക്കുന്നു.

ദൈവത്തെക്കുറിച്ചും അവന്റെ വചനത്തെക്കുറിച്ചും നാം വിശ്വസിക്കുന്നതിനെ വെല്ലുവിളിക്കുന്ന കാര്യങ്ങൾ ഉണ്ടാകുമ്പോൾ, നാം കുലുങ്ങാതെ ഏറ്റുപറച്ചിലിനെ മുറുകെ പിടിക്കണം. നിങ്ങളുടെ വിശ്വാസം സംസാരിച്ചുകൊണ്ടിരിക്കുകയും ദൈവത്തോടും അവന്റെ വചനത്തോടും യോജിപ്പിൽ തുടരുകയും ചെയ്യുക.

ദൈവവചനത്തിന്റെ പൂർത്തീകരണം കാണാൻ കാലതാമസമുണ്ടാകുന്നതായി തോന്നുമ്പോൾ, നാം കുലുങ്ങാതെ നമ്മുടെ ഏറ്റുപറച്ചിലിനെ മുറുകെ പിടിക്കണം. നിങ്ങളുടെ വിശ്വാസം സംസാരിച്ചുകൊണ്ടിരിക്കുകയും ദൈവത്തോടും അവന്റെ വചനത്തോടും യോജിപ്പിൽ തുടരുകയും ചെയ്യുക.

കാര്യങ്ങൾ വഷളാകുമെന്ന് തോന്നുമ്പോൾ, നാം ഉറച്ചു നിൽക്കുകയും നമ്മുടെ വിശ്വാസത്തിന്റെ ഏറ്റുപറച്ചിലിനെ കുലുങ്ങാതെ മുറുകെ പിടിക്കുകയും വേണം. നമ്മുടെ ഏറ്റുപറച്ചിലിനെ പ്രതിനിധീകരിക്കുന്ന, തന്റെ വാഗ്ദത്തങ്ങളിൽ വിശ്വസ്തനായ, ഒരു മഹത്തായ മഹാപുരോഹിതൻ സ്വർഗ്ഗത്തിൽ നമുക്കുണ്ട്. നിങ്ങളുടെ വിശ്വാസം സംസാരിച്ചുകൊണ്ടിരിക്കുകയും ദൈവത്തോടും അവന്റെ വചനത്തോടും യോജിപ്പിൽ തുടരുകയും ചെയ്യുക.

# 64

# അവന്റെ വചനം ലോകത്തെ രൂപപ്പെടുത്തി

**എബ്രായർയർ 11:3**

**ഈ കാണുന്ന ലോകത്തിനു ദൃശ്യമായതല്ല കാരണം എന്നു വരുമാറ് ലോകം ദൈവത്തിന്റെ വചനത്താൽ നിർമ്മിക്കപ്പെട്ടു എന്ന് നാം വിശ്വാസത്താൽ അറിയുന്നു.**

ദൈവവചനത്താലാണ് ലോകങ്ങൾ നിർമ്മിക്കപ്പെട്ടത് (സൃഷ്ടിച്ചു, ഉണ്ടാക്കി, പണിതു, രൂപപ്പെടുത്തി) എന്ന് വിശ്വാസത്തിലൂടെ നമുക്കറിയാം. ദൃശ്യമായ ഭൗതിക ലോകം അദൃശ്യമായ ആത്മീയ മണ്ഡലത്തിൽനിന്ന് ഉളവായി. ദൈവം തന്റെ വചനത്താൽ സകലതും സൃഷ്ടിച്ചു, ഇല്ലാത്തതിനെ അവൻ സൃഷ്ടിച്ചു. ദൃശ്യമായ ഭൗതിക ലോകത്തിലെ എല്ലാം ദൈവത്തിനും ദൈവവചനത്തിനും വിധേയമാണ്.

അതിനാൽ, നമുക്ക് കാര്യങ്ങൾ ഈ രീതിയിൽ നോക്കാം. നമുക്ക് ഓരോരുത്തർക്കും നാം ജീവിക്കുന്ന നമ്മുടെ ലോകങ്ങളുണ്ട്. "നമ്മുടെ ലോകങ്ങൾ" എന്നതുകൊണ്ട്, നമ്മുടെ വ്യക്തിപരമായ ഉത്തരവാദിത്വത്തിന്റെയും സ്വാധീനത്തിന്റെയും മേഖലകളെ സൂചിപ്പിക്കുന്നു - നമ്മുടെ വീടുകൾ, കുടുംബങ്ങൾ, തൊഴിലുകൾ, വ്യവഹാരങ്ങൾ, ശുശ്രൂഷാ മേഖലകൾ തുടങ്ങിയവ. നമ്മുടെ ലോകങ്ങളിൽ നിലവിലില്ലാത്ത കാര്യങ്ങളുണ്ട്. തന്റെ വചനത്തിന്റെ ശക്തിയാൽ നിലവിലില്ലാത്തതിനെ നമ്മുടെ ലോകങ്ങളിലേക്ക് കൊണ്ടുവരാൻ ദൈവത്തിന് കഴിയും. അവന്റെ വചനത്തിന് നമ്മുടെ ലോകത്തെ സൃഷ്ടിക്കുവാനും ഉണ്ടാക്കുവാനും പണിയുവാനും രൂപപ്പെടുത്തുവാനും കഴിയും. നിങ്ങൾ ഇന്ന് നിങ്ങളുടെ ലോകത്തെ നോക്കുമ്പോൾ, ഒരുപക്ഷേ അത് "പാഴും ശൂന്യവും", ഇരുണ്ടതും ഒഴിഞ്ഞതുമായി തോന്നാം. ഒരുപക്ഷേ നിങ്ങൾ ആഗ്രഹിക്കുന്നതും ദൈവവചനത്തിൽ വാഗ്ദത്തം ചെയ്യപ്പെട്ടതായി കാണുന്നതുമായ പല കാര്യങ്ങളും നിങ്ങളുടെ ലോകത്ത് നിലവിലില്ലായിരിക്കാം. നിങ്ങളുടെ ലോകത്തിൽ സൃഷ്ടിക്കാൻ ദൈവവചനത്തിന് ശക്തിയുണ്ടെന്ന് നിങ്ങൾ വിശ്വസിക്കുന്നുണ്ടോ? നിങ്ങളുടെ ലോകത്ത്

നിലവിലില്ലാത്തത് സൃഷ്ടിക്കുവാൻ ദൈവവചനത്തിന് കഴിയുമെന്ന് നിങ്ങൾ വിശ്വസിക്കുന്നുണ്ടോ? ദൈവവചനം മുറുകെ പിടിക്കുക. അവന്റെ വചനം സത്യമാണ്. അവന്റെ വചനം ജീവനുള്ളതും ശക്തി നിറഞ്ഞതുമാണ്. അവന്റെ വചനം വിശ്വസിക്കുക. നിങ്ങളുടെ ലോകത്തിനുമേൽ അവന്റെ വചനം സംസാരിക്കുക. അവന്റെ വചനം നമ്മുടെ ലോകത്തെ സൃഷ്ടിക്കുകയും, ഉണ്ടാക്കുകയും, പണിയുകയും, രൂപപ്പെടുത്തുകയും ചെയ്യട്ടെ. നിങ്ങളുടെ വിശ്വാസം സംസാരിക്കുക.

# 65
# ദൈവം പറഞ്ഞിരിക്കുന്നു, അതിനാൽ നാം ധൈര്യത്തോടെ പറയുന്നു

**എബ്രായർ 13:5,6**
**[5]നിങ്ങളുടെ നടപ്പ് ദ്രവ്യാഗ്രഹമില്ലാത്തതായിരിക്കട്ടെ; ഉള്ളതുകൊണ്ടു തൃപ്തിപ്പെടുവിൻ; "ഞാൻ നിന്നെ ഒരു നാളും കൈവിടുകയില്ല, ഉപേക്ഷിക്കയുമില്ല" എന്ന് അവൻ തന്നെ അരുളിച്ചെയ്തിരിക്കുന്നുവല്ലോ.**
**[6]ആകയാൽ "കർത്താവ് എനിക്കു തുണ; ഞാൻ പേടിക്കയില്ല; മനുഷ്യൻ എന്നോട് എന്തുചെയ്യും" എന്നു നമുക്ക് ധൈര്യത്തോടെ പറയാം.**

എബ്രായർയ ലേഖനത്തിന്റെ എഴുത്തുകാരന് നാം എങ്ങനെ സംസാരിക്കണം എന്നതിനെക്കുറിച്ചുള്ള ലളിതമായ ഒരു വിശദീകരണമുണ്ട്—ദൈവം പറഞ്ഞതിനാൽ, നാം ധൈര്യത്തോടെ പറയുന്നു. ദൈവം സ്വയം പറഞ്ഞതിനെ നാം ധൈര്യത്തോടെ ഉറപ്പിക്കുകയും യോജിപ്പോടുകൂടെ സംസാരിക്കുകയും ചെയ്യുന്നു.

*"ഞാൻ നിന്നെ ഒരുനാളും കൈവിടുകയില്ല, ഉപേക്ഷിക്കുകയുമില്ല"* എന്ന് ദൈവം പറഞ്ഞിട്ടുണ്ട്. അതിനാൽ, "കർത്താവ് എനിക്കു തുണ; ഞാൻ പേടിക്കയില്ല" എന്ന് നാം ധൈര്യത്തോടെ പറയുന്നു.

*"അവന്റെ അടിപ്പിണരുകളാൽ നമുക്ക് സൗഖ്യം വന്നിരിക്കുന്നു."* എന്ന് ദൈവം പറഞ്ഞിരിക്കുന്നു. അതിനാൽ, "എന്റെ രോഗങ്ങളെ അവൻ വഹിച്ചു; എന്റെ വേദനകളെ അവൻ ചുമന്നു; അവന്റെ അടിപ്പിണരുകളാൽ ഞാൻ സൗഖ്യം പ്രാപിരിക്കുന്നു" എന്ന് നാം ധൈര്യത്തോടെ പറയുന്നു.

"നീ വെള്ളത്തിനരികെ നട്ടിരിക്കുന്നതും ആറ്ററികെ വേരൂന്നിയിരിക്കുന്നതുമായ വൃക്ഷംപോലെയാകുമെന്ന് ദൈവം പറഞ്ഞിരിക്കുന്നു. അതിനാൽ "ഞാൻ തക്കകാലത്തു ഫലം കായ്ക്കും, എന്റെ ഇലവാടുകയില്ല, ഞാൻ ചെയ്യുന്നതൊക്കെയും സാധിക്കും" എന്ന് നാം ധൈര്യത്തോടെ പറയുന്നു.

നമുക്ക് ഇതിലേക്ക് ചേർക്കാം.

എപ്പോഴും, എല്ലാ സാഹചര്യങ്ങളിലും ദൈവം പറഞ്ഞ കാര്യങ്ങൾ ധൈര്യത്തോടെ പറയുന്നത് ശീലമാക്കുക. നിങ്ങളുടെ വിശ്വാസം ധൈര്യത്തോടെ പറയുക, കാരണം ദൈവം എന്താണ് പറഞ്ഞിട്ടുള്ളതെന്ന് നിങ്ങൾക്കറിയാം, അതിനാൽ നിങ്ങൾക്ക് അവനോട് യോജിച്ചുകൊണ്ട് സംസാരിക്കാനാകും. അവൻ നിങ്ങളെ നിരാശപ്പെടുത്തുകയില്ല.

പരസ്പരം യോജിപ്പുണ്ടെങ്കിൽ മാത്രമേ രണ്ടുപേർക്ക് ഒരുമിച്ച് നടക്കാൻ കഴിയൂ (ആമോസ് 3:3). ദൈവത്തോട് യോജിപ്പുണ്ടെങ്കിൽ മാത്രമേ നമുക്ക് അവനോടൊപ്പം നടക്കാൻ കഴിയൂ. അവന്റെ വചനത്തോട് യോജിച്ചുകൊണ്ട് നാം ദൈവത്തോട് യോജിക്കുന്നു. ദൈവം സംസാരിച്ചു, അതിനാൽ, നാം മനഃപൂർവ്വം ധൈര്യത്തോടെ അവനോട് യോജിച്ച് സംസാരിക്കുന്നു.

# 66
# നിങ്ങളുടെ നാവിനെ നിയന്ത്രിയ്ക്കുക, നിങ്ങളുടെ മുഴുമനുഷ്യനെയും നിയന്ത്രിക്കുക

**യാക്കോബ് 1:26**
**നിങ്ങളിൽ ഒരുവൻ തന്റെ നാവിനു കടിഞ്ഞാണിടാതെ തന്റെ ഹൃദയത്തെ വഞ്ചിച്ചുകൊണ്ടു താൻ ഭക്തൻ എന്നു നിരൂപിച്ചാൽ അവന്റെ ഭക്തി വ്യർത്ഥം അത്രേ.**

**യാക്കോബ് 3:1-6**
**1സഹോദരന്മാരേ, അധികം ശിക്ഷാവിധി വരും എന്ന് അറിഞ്ഞു നിങ്ങളിൽ അനേകർ ഉപദേഷ്ടാക്കന്മാർ ആകരുത്.**
**2നാം എല്ലാവരും പലതിലും തെറ്റിപ്പോകുന്നു; ഒരുത്തൻ വാക്കിൽ തെറ്റാതിരുന്നാൽ അവൻ ശരീരത്തെ മുഴുവനും കടിഞ്ഞാണിട്ടു നടത്തുവാൻ ശക്തനായി സൽഗുണപൂർത്തിയുള്ള പുരുഷൻ ആകുന്നു.**
**3കുതിരയെ അധീനമാക്കുവാൻ വായിൽ കടിഞ്ഞാൺ ഇട്ട് അതിന്റെ ശരീരം മുഴുവനും തിരിക്കുന്നുവല്ലോ.**
**4കപ്പലും എത്ര വലിയത് ആയാലും കൊടുങ്കാറ്റടിച്ച് ഓടുന്നതായാലും അമരക്കാരൻ ഏറ്റവും ചെറിയ ചുക്കാൻകൊണ്ടു തനിക്കു ബോധിച്ച ദിക്കിലേക്കു തിരിക്കുന്നു.**
**5അങ്ങനെതന്നെ നാവും ചെറിയ അവയവം എങ്കിലും വളരെ വമ്പു പറയുന്നു. കുറഞ്ഞ തീ എത്ര വലിയ കാടു കത്തിക്കുന്നു;**
**6നാവും ഒരു തീ തന്നെ; അതു നമ്മുടെ അംഗങ്ങളുടെ കൂട്ടത്തിൽ അനീതി ലോകമായി ദേഹത്തെ മുഴുവൻ മലിനമാക്കി ജീവചക്രത്തിനു തീ കൊളുത്തുകയും നരകത്താൽ അതിനു തീ പിടിക്കയും ചെയ്യുന്നു.**

ആത്മീയമായി പറഞ്ഞാൽ, തന്റെ നാവിനെ നിയന്ത്രിക്കാൻ കഴിയുന്നവനാണ് ഒരു "തികഞ്ഞ മനുഷ്യൻ," അതായത്, പൂർണ്ണവളർച്ചയും പക്വതയുമുള്ള ഒരുവൻ. നമ്മുടെ വാക്കുകളെ സൂക്ഷിക്കുവാനും നമ്മുടെ നാവുകളെ മെരുക്കുവാനും കഴിയുമ്പോൾ, നമ്മുടെ മുഴുശരീരത്തിനുമേലും നിയന്ത്രണവും മേൽകൈയുമെടുക്കുവാനും, അല്ലെങ്കിൽ *"എല്ലാ വിധത്തിലും സ്വയം നിയന്ത്രിക്കുവാനും"* (പാഷൻ വിവർത്തനം) നമുക്ക് കഴിയും.

ഇത് നമ്മുടെ നാവിനെ ഭരിക്കുവാനും നാം സംസാരിക്കുന്നതിനെ നിയന്ത്രിക്കുവാനും കഴിയേണ്ടതിന്റെ പ്രാധാന്യത്തെ

വെളിപ്പാടുവാക്കുന്നു. ദൈവം അംഗീകരിക്കുന്നത് നാം എപ്പോഴും സംസാരിക്കുന്നുവെന്ന് ഉറപ്പാക്കുക എന്നതാണ് നമ്മുടെ വാക്കുകളെ നിയന്ത്രിക്കുവാൻ കഴിയുന്ന ഏറ്റവും മികച്ച ചിട്ടകളിലൊന്ന്. ദൈവത്തിന്റെ ദൃഷ്ടിയിൽ പ്രസാദമുള്ളത് സംസാരിക്കുക. ദൈവത്തെ മഹത്വപ്പെടുത്തുന്നത് സംസാരിക്കുക. അവന്റെ വചനത്തോട് യോജിക്കുന്നത് സംസാരിക്കുക. വിശ്വാസം സംസാരിക്കുക. നമുക്ക് ഇത് ചെയ്യാൻ കഴിയുമെങ്കിൽ, എല്ലാ വിധത്തിലും നമുക്ക് സ്വയം നിയന്ത്രിക്കുവാൻ കഴിയും.

നമ്മുടെ നാവുകളെ അഭ്യസിപ്പിക്കുവാനുള്ള ഏറ്റവും നല്ല മാർഗങ്ങളിലൊന്ന് ദൈവവചനം പറയുന്നത് മനപ്പൂർവ്വം പറയുവാൻ പരിശീലിപ്പിക്കുക എന്നതാണ്. തിരുവെഴുത്തുകളിൽ നാം കാണുന്ന നിരവധി ആത്മീയ പ്രവൃത്തികളുണ്ട്. ഉദാഹരണമായി, നാം ദൈവത്തിന് സ്തുതിയുടെയും ആരാധനയുടെയും യാഗങ്ങൾ അർപ്പിക്കുന്നുണ്ടെന്ന് നമുക്കറിയാം. എങ്ങനെ പ്രാർത്ഥിക്കണമെന്നും വിവിധ തരത്തിലുള്ള പ്രാർത്ഥനകളിൽ എങ്ങനെ ഏർപ്പെടണമെന്നും നമുക്കറിയാം. ദൈവവചനം എങ്ങനെ വായിക്കണമെന്നും, പഠിക്കണമെന്നും, ധ്യാനിക്കണമെന്നും നമുക്കറിയാം. അതുപോലെ, നമ്മുടെ ആത്മീയ അച്ചടക്കത്തിന്റെ ഭാഗമായി, നമുക്ക് വചനം സംസാരിക്കാൻ സമയമെടുക്കാം. വ്യക്തിപരമായ രീതിയിൽ എഴുതിയ ജീവിതത്തിന്റെ സകല മേഖലകളും ഉൾക്കൊള്ളുന്ന ദൈവവചനത്തിൽ നിന്നുള്ള പ്രസ്താവനകളുടെ ഉദാഹരണങ്ങൾ ഈ പുസ്തകത്തിന്റെ തുടക്കത്തിൽ ഞങ്ങൾ നൽകിയിട്ടുണ്ട്. നിങ്ങളുടെ സ്വന്തം ജീവിതത്തിൽ ദൈവവചനം പ്രസ്താവിക്കാൻ നിങ്ങൾക്ക് ഇതോ മറ്റേതെങ്കിലും രീതികളോ ഉപയോഗിക്കാം. അർത്ഥശൂന്യമായ ഒരു ആചാരമായോ മറ്റേതെങ്കിലും തരത്തിലോ ഓരോ ദിവസവും പരീക്ഷിക്കുവാനായി ഇത് ചെയ്യരുത്. നിങ്ങളുടെ വിശ്വാസം സംസാരിക്കുന്നതിന്റെ പ്രാധാന്യത്തെക്കുറിച്ച് നിങ്ങൾക്ക് വെളിപ്പാട്പാടും ധാരണയും ഉള്ളതുകൊണ്ട് സത്യത്താൽ പ്രചോദിതമായി ഇത് ചെയ്യുക. നിങ്ങൾ ഇത്തരത്തിൽ നിങ്ങളുടെ നാവിനെ പരിശീലിപ്പിക്കുമ്പോൾ, നിങ്ങളുടെ വാക്കുകൾ ജാഗ്രതയോടും അവന്റെ വചനത്തോട് യോജിച്ചുമാണ് നിങ്ങൾ സംസാരിക്കുന്നതെന്ന് ഉറപ്പാക്കുന്നത് സ്വാഭാവികമായിത്തീരും. നിങ്ങളുടെ വിശ്വാസം സംസാരിക്കുന്നത് നിങ്ങൾക്ക് സ്വാഭാവികമായിത്തീരും.

## 67

# നിങ്ങളുടെ വാക്കുകൾ നിങ്ങളുടെ ജീവിതത്തെ നയിക്കുകയും, ഭരിക്കുകയും, അനുഗ്രഹിക്കുകയും ചെയ്യുന്നു

**യാക്കോബ് 3:3–6**

**3 കുതിരയെ അധീനമാക്കുവാൻ വായിൽ കടിഞ്ഞാൺ ഇട്ട് അതിന്റെ ശരീരം മുഴുവനും തിരിക്കുന്നുവല്ലോ.**

**4 കപ്പലും എത്ര വലിയത് ആയാലും കൊടുങ്കാറ്റടിച്ച് ഓടുന്നതായാലും അമരക്കാരൻ ഏറ്റവും ചെറിയ ചുക്കാൻകൊണ്ടു തനിക്കു ബോധിച്ച ദിക്കിലേക്കു തിരിക്കുന്നു.**

**5 അങ്ങനെതന്നെ നാവും ചെറിയ അവയവം എങ്കിലും വളരെ വമ്പു പറയുന്നു. കുറഞ്ഞ തീ എത്ര വലിയ കാടു കത്തിക്കുന്നു;**

**6 നാവും ഒരു തീ തന്നെ; അതു നമ്മുടെ അംഗങ്ങളുടെ കൂട്ടത്തിൽ അനീതി ലോകമായി ദേഹത്തെ മുഴുവൻ മലിനമാക്കി ജീവചക്രത്തിനു തീ കൊളുത്തുകയും നരകത്താൽ അതിനു തീ പിടിക്കയും ചെയ്യുന്നു.**

പരിശുദ്ധാത്മാവിന്റെ മാർഗനിർദ്ദേശപ്രകാരമുള്ള യാക്കോബ്ബിന്റെ എഴുത്ത് നാം സംസാരിക്കുന്ന വാക്കുകളുടെ ശക്തിയും സ്വാധീനവും വെളിപ്പാട്പ്പെടുത്തുവാനായി നമ്മുടെ ലോകത്തിൽ നിന്നുള്ള ചിത്രങ്ങൾ ഉപയോഗിക്കുന്നു. അവൻ ഉപയോഗിക്കുന്ന സാദൃശ്യങ്ങൾ പരിഗണിക്കുക—കുതിരകളുടെ വായിലെ കടിഞ്ഞാണുകൾ, കപ്പലുകളിലെ ചുക്കാൻ, ഒരു കാട്ടുതീ. ശക്തനായ ഒരു കുതിരയെ അതിന്റെ വായിലെ കടിഞ്ഞാൺകൊണ്ട് സവാരിക്കാരൻ ആഗ്രഹിക്കുന്ന ദിശയിലേക്ക് നിയന്ത്രിക്കുകയും നയിക്കുകയും ചെയ്യുന്നു. അതുപോലെ, കാറ്റിനും തിരമാലകൾക്കും നടുവിൽപോലും ഒരു വലിയ കപ്പൽ ഒരു ചെറിയ ചുക്കാൻ ഉപയോഗിച്ച് കപ്പിത്താൻ നിയന്ത്രിക്കുന്നു. ഒരു ചെറിയ തീയ്ക്ക് ഒരു വലിയ വനത്തെ നശിപ്പിക്കാൻ കഴിയും. നമ്മുടെ വാക്കുകൾ ചെറുതും, ദുർബ്ബലവും, നിസ്സാരവുമായി തോന്നിയേക്കാം എന്നതാണ് കാര്യം. എങ്കിലും, നാം സംസാരിക്കുന്ന വാക്കുകൾ ശക്തിയുള്ളതാണെന്നും അവയ്ക്ക് നമ്മുടെ ജീവിതത്തിന്റെ മുഴുവൻ ഗതിയെയും നയിക്കുവാനും, നിയന്ത്രിക്കുവാനും, ഭരിക്കുവാനും കഴിയുമെന്നും നാം അറിയണമെന്ന് പരിശുദ്ധാത്മാവ് ആഗ്രഹിക്കുന്നു.

യാക്കോബ് 6-ാം വാക്യത്തിൽ ഒരു ദുഷിച്ച നാവിനെക്കുറിച്ച് എഴുതുന്നു. ഒരു ദുഷിച്ച നാവ് നരകത്തിൽ നിന്ന് തന്നെ വരുന്ന ദുഷ്ടതയാൽ "ജ്വലിപ്പിക്കപ്പെടുകയോ" അല്ലെങ്കിൽ പ്രചോദിപ്പിക്കപ്പെടുകയോ അല്ലെങ്കിൽ എരിയിക്കപ്പെടുകയോ ചെയ്യുന്നു. ഇവിടെ അവതരിപ്പിച്ച ദുഷിച്ച നാവിന്റെ സ്വാധീനം പരിഗണിക്കുക. ഒരു ദുഷിച്ച നാവ് ആ വ്യക്തിയുടെ മുഴുശരീരത്തെയും അല്ലെങ്കിൽ മുഴുവൻ സത്തയെയും (ആത്മാവ്, ദേഹി, ശരീരം) മലിനമാക്കുന്നു. അത് ആ വ്യക്തിയുടെ ജീവിതത്തിന്റെ മുഴുവൻ ഗതിയെയും "ജ്വലിപ്പിക്കുകയോ" അല്ലെങ്കിൽ സ്വാധീനിക്കുകയോ, ബാധിക്കുകയോ ചെയ്യുന്നു. ദുഷിച്ച വാക്കുകൾ നമ്മുടെ മുഴുവ്യക്തിയെയും നമ്മുടെ ജീവിതത്തിന്റെ മുഴുവൻ ഗതിയെയും മലിനമാക്കുകയും നശിപ്പിക്കുകയും ചെയ്യുന്നു. ഇപ്പോൾ, നമുക്ക് ഒരു നല്ല നാവ്—ദൈവവചനത്തിന്റെ അഗ്നിയാൽ "ജ്വലിപ്പിക്കപ്പെട്ട" ഒരു നാവ് - ഉണ്ടെങ്കിൽ എന്തുചെയ്യും (ദൈവത്തിന്റെ വചനം തീ പോലെയാണ്. യിരെമ്യാവ് 23:29). ദൈവവചനത്താൽ പ്രചോദിപ്പിക്കപ്പെട്ടതും, വചനത്തോട് യോജിച്ചതുമായ വാക്കുകൾ സംസാരിക്കുന്ന ഒരു നല്ല നാവ്. അത്തരം വാക്കുകൾ നമ്മുടെ മുഴുവ്യക്തിയെയും നമ്മുടെ ജീവിതത്തിന്റെ മുഴുവൻ ഗതിയെയും അനുഗ്രഹിക്കുകയും പണിയുകയും ചെയ്യും.

നമ്മുടെ വാക്കുകൾ നമ്മുടെ ജീവിതത്തിന്റെ മുഴുവൻ ഗതിയെയും നയിക്കുകയും, ഭരിക്കുകയും, നിയന്ത്രിക്കുകയും ചെയ്യുന്നു. നമ്മുടെ വാക്കുകൾക്ക് നമ്മുടെ മുഴുവ്യക്തിയെയും, നമ്മുടെ ജീവിതത്തിന്റെ മുഴുവൻ ഗതിയെയും അനുഗ്രഹിക്കാനും പണിയുവാനും കഴിയും. വചനം സംസാരിക്കുക. വിശ്വാസത്തിന്റെ വാക്കുകൾ പറയുക. നിങ്ങൾ സംസാരിക്കുന്ന വാക്കുകൾ നിങ്ങളുടെ ജീവിതത്തെ അനുഗ്രഹിക്കുകയും പണിയുകയും ചെയ്യട്ടെ.

# 68
# സ്ഥിരതയോടെ വിശ്വാസം സംസാരിക്കുക

**യാക്കോബ് 3:7-12**
**7 മൃഗം, പക്ഷി, ഇഴജാതി, ജലജന്തു ഈ വക എല്ലാം മനുഷ്യജാതിയോടു മെരുങ്ങുന്നു, മെരുങ്ങിയുമിരിക്കുന്നു.**
**8 നാവിനെയോ മനുഷ്യർക്കാർക്കും മെരുക്കാവതല്ല; അത് അടങ്ങാത്ത ദോഷം; മരണകരമായ വിഷം നിറഞ്ഞതു്.**
**9 അതിനാൽ നാം കർത്താവും പിതാവുമായവനെ സ്തുതിക്കുന്നു; ദൈവത്തിന്റെ സാദൃശ്യത്തിൽ ഉണ്ടായ മനുഷ്യരെ അതിനാൽ ശപിക്കുന്നു.**
**10 ഒരു വായിൽനിന്നു തന്നെ സ്തോത്രവും ശാപവും പുറപ്പാട്പെടുന്നു. സഹോദരന്മാരേ, ഇങ്ങനെ ആയിരിക്കുന്നതു യോഗ്യമല്ല.**
**11 ഉറവിന്റെ ഒരേ ദ്വാരത്തിൽനിന്നു മധുരവും കയ്പുമുള്ള വെള്ളം പുറപ്പാട്പെട്ടുവരുമോ?**
**12 സഹോദരന്മാരേ, അത്തിവൃക്ഷം ഒലിവുപഴവും മുന്തിരിവള്ളി അത്തിപ്പഴവും കായ്ക്കുമോ? ഉപ്പുറവിൽനിന്നു മധുരമുള്ള വെള്ളം പുറപ്പാട്പെടുകയുമില്ല.**

യാക്കോബ്, പരിശുദ്ധാത്മാവിനാൽ, നാം സംസാരിക്കുന്ന വാക്കുകൾ എപ്പോഴും നല്ലതും, ശരിയും, ശുദ്ധവും, നിർമ്മലവും ആയിരിക്കേണ്ടതിന്റെ പ്രാധാന്യത്തെ കുറിച്ച് സംസാരിക്കുന്നു. നാം എപ്പോഴും ജീവനും അനുഗ്രഹവും സംസാരിക്കുവാനായി എല്ലാ സമയത്തും നമ്മുടെ വാക്കുകളിൻമേൽ നമുക്ക് നിയന്ത്രണം ഉണ്ടായിരിക്കണം. ചിലപ്പോൾ ജീവിതവും അനുഗ്രഹവും സംസാരിക്കുകയും പിന്നീട് മരണവും ശാപവും സംസാരിക്കുകയും ചെയ്യുന്ന തരത്തിൽ നാം ഇരുവാക്കുള്ളവരാകാൻപാടില്ല. എല്ലായ്പ്പോഴും, എല്ലായ്പ്പോഴും, എല്ലാ സാഹചര്യങ്ങളിലും, സ്ഥിരമായി ജീവനും അനുഗ്രഹവും സംസാരിക്കുക.

അതുപോലെ, നാം ചിലപ്പോൾ വിശ്വാസം സംസാരിക്കുകയും, പിന്നീട് മറ്റുചിലപ്പോൾ ഭയം, സംശയം, അവിശ്വാസം എന്നിവ സംസാരിക്കയും ചെയ്യരുത്. സ്ഥിരതയോടെ, എപ്പോഴും വിശ്വാസം സംസാരിക്കുക. ദൈവവചനത്താൽ നമ്മുടെ ഹൃദയങ്ങളും, മനസ്സുകളും സ്ഥിരമായി നിറച്ചാൽ നമുക്ക് ഇത് ചെയ്യുവാൻ സാധിക്കും. നാം സ്ഥിരമായി വിശ്വാസത്തിന്റെ വാക്കുകൾ കൊണ്ട് സ്വയം പോഷിപ്പിക്കുകയാണെങ്കിൽ, പിന്നെ നാം സ്ഥിരമായി വിശ്വാസത്തിന്റെ വാക്കുകൾ സംസാരിക്കും.

നിങ്ങളുടെ നാവിനെ മെരുക്കുക. എല്ലായിപ്പോഴും ജീവനും, അനുഗ്രഹവും, വിശ്വാസവും സംസാരിക്കാൻ നമ്മെത്തന്നെ പരിശീലിപ്പിക്കുക. നിങ്ങളുടെ വിശ്വാസം സ്ഥിരതയോടെ സംസാരിക്കുക.

# 69
# പിശാചിനോട് എതിർത്ത് നിൽക്കുക

**യാക്കോബ് 4:7**
**ആകയാൽ നിങ്ങൾ ദൈവത്തിനു കീഴടങ്ങുവിൻ; പിശാചിനോട് എതിർത്തുനില്പിൻ; എന്നാൽ അവൻ നിങ്ങളെ വിട്ട് ഓടിപ്പോകും.**

നാം ദൈവത്തോടുള്ള അനുസരണത്തിന് കീഴിലാകുകയും പിശാചിനോട് എതിർത്ത് നിൽക്കുകയും വേണം. "എതിർക്കുക" എന്നാൽ "പിശാച് നമ്മുടെ മുന്നിൽ കൊണ്ടുവരുന്നതിനോട് എതിരു നിൽക്കുകയും ചെറുക്കുകയും ചെയ്യുക" എന്നതാണ്. പുതിയനിയമ തിരുവെഴുത്തുകളിൽ നാം കാണുന്നതുപോലെ, ദൈവവചനം പറഞ്ഞുകൊണ്ടും, "അത് എഴുതപ്പെട്ടിരിക്കുന്നു..." എന്ന് പറഞ്ഞുകൊണ്ടും, ദൈവവചനമായ ആത്മാവിന്റെ വാൾ ഉപയോഗിച്ചും, യേശുക്രിസ്തുവിൽ നമുക്കുള്ള അധികാരത്തിൽ നിന്നുള്ള കൽപ്പനയുടെ വാക്കുകൾ ഉപയോഗിച്ചും നാം പിശാചിനോടെതിർത്ത് നിൽക്കുന്നു. ദൈവവചനം പ്രധാനമാണെന്ന് ചിന്തിക്കുമ്പോൾതന്നെ, പിശാച് ചെയ്യാൻ ശ്രമിക്കുന്നതിനെതിരായുള്ള നമ്മുടെ ചെറുത്തുനിൽപ്പിന്റെയും ആക്രമണാത്മകമായ എതിർപ്പിന്റെയും ഭാഗമായി ദൈവവചനം സംസാരിക്കുന്നതിനും തുല്യ പ്രാധാന്യമുണ്ട്.

ശത്രു നിങ്ങളുടെ മനസ്സിലേക്ക് തെറ്റായതും ദുഷിച്ചതുമായ ചിന്തകൾ, ആശയങ്ങൾ, ഭാവനകൾ, വാദങ്ങൾ, ന്യായവാദങ്ങൾ എന്നിവ കുത്തിവയ്ക്കുമ്പോൾ, അതുമായി ബന്ധപ്പെട്ട് ദൈവവചനം പറയുന്നത് നിങ്ങളുടെ മനസ്സിന്റെ മുമ്പിൽ തൽക്ഷണം കൊണ്ടുവരേണ്ടത് പ്രധാനമാണ്. പിശാച് അവതരിപ്പിച്ച ആ ദുഷിച്ച ആശയത്തെക്കുറിച്ച് ദൈവവചനം എന്താണ് പറയുന്നതെന്ന് സംസാരിക്കുന്നതും പ്രധാനമാണ്. "ഇത് എഴുതിയിരിക്കുന്നു ..."എന്ന് നാം സംസാരിക്കുക.

ഇത് ചെയ്യുന്നതിൽ ഉറച്ചുനിൽക്കുകയും ആക്രമണാത്മകത പുലർത്തുകയും ചെയ്യുക. നിങ്ങൾ വിശ്വാസത്തിൽ സ്ഥിരമുള്ളവരായി അവനോടു എതിർത്തു നില്പിൻ (1 പത്രൊസ് 5:9). നിങ്ങളുടെ വിശ്വാസം സംസാരിക്കുക. അവൻ മടങ്ങിവരുമ്പോഴെല്ലാം നിങ്ങളുടെ വിശ്വാസം പറയുക. നിങ്ങളുടെ ജീവിതത്തിൽ കാലുറപ്പിക്കാൻ പിശാചിനെ അനുവദിക്കില്ലെന്ന് അവനെ അറിയിക്കുക.

# 70
# അനുഗ്രഹത്തിന്റെ വാക്കുകൾ പുറപ്പാട്പ്പെട്ടുവിക്കുക

**1 പത്രൊസ് 3:8-12**

**8 തീർച്ചയ്ക്ക് എല്ലാവരും ഐകമത്യവും സഹതാപവും സഹോദരപ്രീതിയും മനസ്സലിവും വിനയബുദ്ധിയുമുള്ളവരായിരിപ്പിൻ.**

**9 ദോഷത്തിനു ദോഷവും ശകാരത്തിനു ശകാരവും പകരം ചെയ്യാതെ നിങ്ങൾ അനുഗ്രഹം അനുഭവിക്കേണ്ടതിനു വിളിക്കപ്പെട്ടതുകൊണ്ട് അനുഗ്രഹിക്കുന്നവരായിരിപ്പിൻ.**

**10 "ജീവനെ ആഗ്രഹിക്കയും ശുഭകാലം കാൺമാൻ ഇച്ഛിക്കയും**
**ചെയ്യുന്നവൻ ദോഷം ചെയ്യാതെ തന്റെ നാവിനെയും വ്യാജം**
**പറയാതെ അധരത്തെയും അടക്കിക്കൊള്ളട്ടെ.**
**11 അവൻ ദോഷം വിട്ടകന്നു ഗുണം ചെയ്കയും സമാധാനം**
**അന്വേഷിച്ചു പിന്തുടരുകയും ചെയ്യട്ടെ.**
**12 കർത്താവിന്റെ കണ്ണ് നീതിമാന്മാരുടെ മേലും അവന്റെ**
**ചെവി അവരുടെ പ്രാർഥനയ്ക്കും തുറന്നിരിക്കുന്നു;**
**എന്നാൽ കർത്താവിന്റെ മുഖം ദുഷ്പ്രവൃത്തിക്കാർക്കു**
**പ്രതികൂലമായിരിക്കുന്നു."**

അനുഗ്രഹത്തിന്റെ വാക്കുകൾ സംസാരിക്കുക എന്നതാണ് നമ്മെ ആരെങ്കിലും ശപിച്ചാലും നാം അനീതിക്ക് ഇരയായാലും അനുഗ്രഹം തിരിച്ചുനൽകുന്ന ഒരു മാർഗ്ഗം. *"നിങ്ങളെ ഉപദ്രവിക്കുന്നവർക്കുവേണ്ടി പ്രാർഥിപ്പിൻ"* (മത്തായി 5:44) എന്ന് യേശു നമ്മെ പഠിപ്പിച്ചു. അതിനാൽ, നമ്മോട് തെറ്റ് ചെയ്തിട്ടുണ്ടെങ്കിലും, നാം മനപ്പൂർവ്വം അവരോടും അവരുടെമേലും അനുഗ്രഹത്തിന്റെ വാക്കുകൾ സംസാരിക്കുന്നു. ഇത് നമ്മുടെ തിരഞ്ഞെടുപ്പാണ്. നിങ്ങളുടെ നാവിനെ നിയന്ത്രിക്കുക, ദുഷിച്ച വാക്കുകൾ സംസാരിക്കാൻ അതിനെ അനുവദിക്കരുത്. അവയിൽ നിന്ന് വിട്ടുനിൽക്കുക. പകരം, അനുഗ്രഹത്തിന്റെ വാക്കുകൾ സംസാരിക്കുവാൻ ബോധപൂർവമായ ഒരു തിരഞ്ഞെടുപ്പ് നടത്തുക. ദൈവമുൻപാകെ ചെന്ന് പറയുക, "പിതാവേ, യേശുവിന്റെ നാമത്തിൽ, ഞാൻ ഓരോ വ്യക്തികളെയും അനുഗ്രഹിക്കുന്നു. അവർ എന്നെ വേദനിപ്പിച്ചിട്ടുണ്ടെങ്കിലും, യേശുവിന്റെ നാമത്തിൽ ഞാൻ അവരുടെ ജീവിതത്തെ

അനുഗ്രഹിക്കുന്നു. ജീവിതത്തിന്റെ എല്ലാ മേഖലകളിലും സകലതും അവർക്ക് നല്ലതായിരിക്കട്ടെ. അവർ ഫലം പുറപ്പാട്പ്പെടുവിക്കുന്നവരും അനുഗ്രഹിക്കപ്പെട്ടവരുമാകട്ടെ."

ഒരിക്കൽ നിങ്ങൾ അവരുടെമേൽ രഹസ്യമായി ഒരു അനുഗ്രഹം നൽകിക്കഴിഞ്ഞാൽ, അവർ നിങ്ങളോട് എത്രമാത്രം നിന്ദ്യമായി പെരുമാറി, അവർ നിങ്ങളോട് എങ്ങനെ അന്യായം ചെയ്തു അല്ലെങ്കിൽ മുറിവേൽപ്പിച്ചു എന്നിങ്ങനെയുള്ള അപവാദങ്ങൾ മറ്റുള്ളവരോട് പറയരുത്. ദോഷം പറയാതെ നിന്റെ നാവിനെ സൂക്ഷിക്കുക. അനുഗ്രഹം പുറപ്പാട്പ്പെടുവിക്കുമ്പോൾ, സ്വയം നിങ്ങൾ അനുഗ്രഹം അവകാശമാക്കുന്നതിനോ സ്വീകരിക്കുന്നതിനോ കഴിയുന്ന സ്ഥാനത്താണ്. കർത്താവിന്റെ ദൃഷ്ടി നിങ്ങളുടെ മേലുണ്ട്. നിങ്ങൾക്ക് നല്ല ജീവിതം ഉണ്ടെന്നും നല്ല ദിനങ്ങൾ കാണുമെന്നും അവൻ ഉറപ്പാക്കും. എപ്പോഴും അനുഗ്രഹത്തിന്റെ വാക്കുകൾ പുറപ്പാട്പ്പെടുവിക്കുക. വിശ്വാസത്തിൽ അനുഗ്രഹത്തിന്റെ വാക്കുകൾ പറയുക.

## 71

# വാക്കുകൾ നിങ്ങളുടെ വിശ്വാസത്തെ വിജയത്തിനായി പുറപ്പാട്പ്പെടുവിക്കുന്നു

**1 യോഹന്നാൻ 5:1,4**
**[1]യേശുവിനെ ക്രിസ്തു എന്നു വിശ്വസിക്കുന്നവൻ എല്ലാം ദൈവത്തിൽനിന്നു ജനിച്ചിരിക്കുന്നു. [4]ദൈവത്തിൽനിന്നു ജനിച്ചതൊക്കെയും ലോകത്തെ ജയിക്കുന്നു; ലോകത്തെ ജയിച്ച ജയമോ നമ്മുടെ വിശ്വാസം തന്നെ.**

യേശുക്രിസ്തുവിലുള്ള വിശ്വാസത്താൽ നാം ദൈവത്തിൽനിന്നു ജനിച്ചിരിക്കുന്നു. ദൈവത്തിന്റെ ജീവനും സ്വഭാവവും നമ്മിലുണ്ട്. നാം അവന്റെ പുത്രന്മാരും പുത്രിമാരും ആകുന്നു. നാം ദൈവത്തിൽനിന്നു ജനിച്ചവരായതിനാൽ നാം ജയിച്ചവരാണ്. ലോകത്തിനും, ജഡത്തിനും, പിശാചിനും മേൽ ജയകരമായി ജീവിക്കാൻ ആവർത്തനപുസ്തകംശ്യമായതെല്ലാം നമ്മിൽ നിറഞ്ഞിരിക്കുന്നു. ദൈവത്തിലുള്ള നമ്മുടെ വിശ്വാസം പ്രയോഗിക്കുന്നതിലൂടെ നമുക്ക് വിജയമുണ്ടെന്ന് ഈ തിരുവെഴുത്തിൽ വ്യക്തമാണ്. ജയിച്ച്, വിജയകരമായി ജീവിക്കണമെങ്കിൽ നാം വിശ്വാസത്തിൽ നടക്കണം. നാം ജയകരമായും വിജയികളായും ജീവിക്കുന്നത് നമ്മുടെ സ്വന്തം ഇച്ഛാശക്തികൊണ്ടോ നമ്മുടെ ബുദ്ധിശക്തികൊണ്ടോ അല്ല. ലോകത്തിന്റെ മേൽ നമുക്ക് വിജയം നേടാനുള്ള വഴി വിശ്വാസത്തിലൂടെയാണെന്ന് ദൈവം പറഞ്ഞു.

ഈ പുസ്തകത്തിൽ നാം എടുത്തുകാണിച്ചിട്ടുള്ള തിരുവെഴുത്തുകളിലുടനീളം നാം കാണുന്ന വിശ്വാസത്തിന്റെ പ്രധാന തത്വങ്ങളിലൊന്ന് വിശ്വാസം സംസാരിക്കുന്നു എന്നതാണ്. വിശ്വാസം വാക്കുകളിലൂടെയാണ് പ്രകടിപ്പിക്കുന്നത്. ദൈവത്തിലും അവന്റെ വചനത്തിലും യേശുക്രിസ്തു നമുക്കായി ചെയ്തിരിക്കുന്ന സകലത്തിലും നമ്മുടെ വിശ്വാസം പ്രകടിപ്പിക്കുന്ന വാക്കുകളായ വിശ്വാസ വചനങ്ങൾ നിശ്ചയമായും സംസാരിക്കണം. അങ്ങനെ ചെയ്യുന്നത് ലോകത്തെയും ജഡത്തെയും പിശാചിനെയും ജയിച്ച് ജയകരമായി ജീവിക്കാനുള്ള മാർഗങ്ങളിലൊന്നാണ്.

നിങ്ങളുടെ വിശ്വാസം സംസാരിക്കുക. ഇത് ജയിച്ച ജയകരമായി ജീവിക്കുന്നതിനുള്ള ഒരു താക്കോലാണ്.

## 72

# നാം ദൈവത്തിന്റേതാണ്, അതിനാൽ നാം ദൈവത്തിൽ നിന്നുള്ളത് സംസാരിക്കുന്നു

**1 യോഹന്നാൻ 4:4-6**

**4 കുഞ്ഞുങ്ങളേ, നിങ്ങൾ ദൈവത്തിൽനിന്നുള്ളവർ ആകുന്നു; അവരെ ജയിച്ചുമിരിക്കുന്നു. നിങ്ങളിലുള്ളവൻ ലോകത്തിൽ ഉള്ളവനെക്കാൾ വലിയവനല്ലോ.**

**5 അവർ ലൗകികന്മാർ ആകയാൽ ലൗകികമായതു സംസാരിക്കുന്നു; ലോകം അവരുടെ വാക്കു കേൾക്കുന്നു.**

**6 ഞങ്ങൾ ദൈവത്തിൽനിന്നുള്ളവരാകുന്നു; ദൈവത്തെ അറിയുന്നവൻ ഞങ്ങളുടെ വാക്കു കേൾക്കുന്നു. ദൈവത്തിൽനിന്നല്ലാത്തവൻ ഞങ്ങളുടെ വാക്കു കേൾക്കുന്നില്ല. സത്യത്തിന്റെ ആത്മാവ് ഏത് എന്നും വഞ്ചനയുടെ ആത്മാവ് ഏത് എന്നും നമുക്ക് ഇതിനാൽ അറിയാം.**

യോഹന്നാൻ അപ്പോസ്തലൻ രണ്ടുതരം ആളുകളെ തുലനം ചെയ്യുകയാണ്. *"ലോകത്തിന്റേ"*തായവരും *"ദൈവത്തിന്റേ"*തായവരും. *"ലോകത്തിലുള്ളവർ ലോകത്തിൽ നിന്നുള്ളത് സംസാരിക്കുന്നു"* ഇതിനാൽ ലോകത്തിന്റേതായവരെ തിരിച്ചറിയുന്നുവെന്ന് അവൻ പ്രസ്താവിക്കുന്നു. അവർ ലോകത്തിന്റെ ഭാഷ, ലൗകിക കാര്യങ്ങൾ, സംസാരിക്കുകയും ലോകത്തിന്റെ ആത്മാവിനെ പ്രകടിപ്പിക്കുകയും ചെയ്യുന്നു. അതിനാൽ, ലോകം അവരെ ശ്രദ്ധിക്കുന്നു. എങ്കിലും, *"ദൈവത്തിന്റെ"*തായ നാം, *"ദൈവത്തിൽ"* നിന്നുള്ളത് സംസാരിക്കുകയും ദൈവത്തെ അറിയുന്നവർ, നാം സംസാരിക്കുന്നത് കേൾക്കുകയും, മനസ്സിലാക്കുകയും, ശ്രദ്ധിക്കുകയും ചെയ്യുന്നു എന്നാണ് സൂചിപ്പിക്കുന്നത്.

നാം *"ദൈവത്തിന്റെ"*തായതിനാൽ നാം *"ദൈവത്തിൽ"* നിന്നുള്ളത് സംസാരിക്കുന്നു. നാം വ്യത്യസ്തമായൊരു ഭാഷ സംസാരിക്കുന്നു. നാം ദൈവവചനത്തിന്റെ ഭാഷ സംസാരിക്കുന്നു. നാം ദൈവവചനത്തിലെ സത്യത്തോട് ചേർന്ന് സംസാരിക്കുന്നു.

നിങ്ങൾ *"ദൈവത്തിന്റെ"* താണെന്ന് ഓർക്കുക. നിങ്ങൾ *"ലോകത്തിന്റേ"* തായകവർക്ക് ചുറ്റിലുമായിരിക്കുമ്പോൾ,

അവരോട് അനുരൂപപ്പെടാനും *"ലോകത്തിൽ"* നിന്നുള്ളവ സംസാരിക്കാനുമുള്ള സമ്മർദ്ദം നിങ്ങൾക്ക് അനുഭവപ്പെടും. എന്നാൽ ഈ ലോകത്തിന്റെ സമ്മർദ്ദങ്ങൾക്ക് നിങ്ങൾ വഴങ്ങേണ്ടതില്ല. നിങ്ങൾ ദൈവത്തിന്റേതാണ്. നീ ഒരു ജയാളിയാണ്. നിങ്ങൾ തെറ്റിന്റെ ആത്മാവിനെ, ഈ കാലത്തിന്റെ ആത്മാവിനെ, ക്രിസ്തുവിന് എതിരായ ആത്മാവിനെ ജയിച്ചിരിക്കുന്നു. നിങ്ങളിൽ ഉള്ളവൻ ലോകത്തിലുള്ളവനേക്കാൾ വലിയവനാകുന്നു. ലോകത്തിന്റെ ഭാഷയോടോ *"ലോകത്തിന്റെ"* തായ സംസാരങ്ങളോടൊ നിങ്ങൾ യോജിക്കേണ്ടതില്ല. നിങ്ങൾ നിങ്ങളുടെ വാക്കുകൾ തിരഞ്ഞെടുക്കുക. നിങ്ങൾ *"ദൈവത്തിൽ"* നിന്നുള്ളത് സംസാരിക്കുക. നിങ്ങൾ ദൈവവചനത്തോട് യോജിച്ച് സംസാരിക്കുക. നിങ്ങളുടെ വിശ്വാസം സംസാരിക്കുക.

## 73

# കുഞ്ഞാടിന്റെ രക്തത്താലും നമ്മുടെ സാക്ഷ്യവചനം നിമിത്തവും നാം ജയിക്കുന്നു

**വെളിപ്പാട് 12:11**
**അവർ അവനെ കുഞ്ഞാടിന്റെ രക്തം ഹേതുവായിട്ടും തങ്ങളുടെ സാക്ഷ്യവചനം ഹേതുവായിട്ടും ജയിച്ചു; മരണപര്യന്തം തങ്ങളുടെ പ്രാണനെ സ്നേഹിച്ചതുമില്ല.**

പിശാച് നമ്മുടെ എതിരാളിയാണ്. പിശാചും അവന്റെ ദൂതന്മാരും തോൽപ്പിക്കപ്പെടുകയും ശക്തിയില്ലാത്തവരായിത്തീരുകയും ചെയ്തിരിക്കുന്നു. ദുർബ്ബലമായ അവസ്ഥയിൽ അവരുടെ പക്കലുള്ളത് നുണകളും, വഞ്ചനകളും, ആരോപണങ്ങളും ഭയപ്പെടുത്തലും ഉപയോഗിച്ച് മനസ്സിനെ കളിപ്പിക്കുന്ന കളികൾ കളിക്കുന്നതിനുള്ള കഴിവാണ്. അതുകൊണ്ടാണ് പിശാചിനെ സഹോദരന്മാരെ കുറ്റം ചുമത്തുന്നവൻ എന്ന് വിളിക്കുന്നത്, അവന്റെ ആരോപണങ്ങൾ നമ്മുടെ മനസ്സിനെ നിരന്തരം ഭാരപ്പെടുത്തുന്നു, അങ്ങനെ ദൈവമുമ്പാകെ നമ്മുടെ മനസ്സിൽ നമ്മെ കുറ്റപ്പെടുത്തുന്നു. ദൈവമുമ്പാകെ അവൻ നമ്മെ വിലയില്ലാത്തവരും, കുറ്റംചുമത്തപ്പെട്ടവരും, സ്നേഹിക്കപ്പെടാത്തവരുമായി തോന്നിപ്പിക്കാൻ ശ്രമിക്കുന്നു.

വെളിപ്പാട് 12-ൽ, നാം വിശ്വാസികൾ ഈ എതിരാളിയെയും അവന്റെ ആരോപണങ്ങളെയും മറികടക്കുന്നതിനുള്ള ശക്തമായ ഒരു താക്കോൽ യോഹന്നാൻ പുറപ്പാട്ത്തുകൊണ്ടുവരുന്നു. കുഞ്ഞാടിന്റെ രക്തത്താലും നമ്മുടെ സാക്ഷ്യവചനത്താലും നാം പിശാചിനെ ജയിക്കുന്നു. യേശുവിന്റെ രക്തം നമുക്കുവേണ്ടി ചെയ്തതിൽ നാം വിശ്വസിക്കുന്നു, നാം നമ്മുടെ സാക്ഷ്യം പറയുകയും പ്രഖ്യാപിക്കുകയും ചെയ്യുന്നു, അതായത്, യേശുവിന്റെ രക്തം വ്യക്തിപരമായി നമുക്കുവേണ്ടി എന്താണ് ചെയ്തതെന്ന് നാം പ്രഖ്യാപിക്കുന്നു. യേശുവിന്റെ രക്തം നമുക്കുവേണ്ടി ചെയ്തതിന് നിശ്ചയമായും നാം സാക്ഷ്യവചനം പറയുകയും പ്രഖ്യാപിക്കുകയും ചെയ്യണം. യേശുക്രിസ്തു തന്റെ ക്രൂശിലൂടെ നമുക്കുവേണ്ടി പൂർത്തിയാക്കിയത് എന്താണെന്നും അവന്റെ പൂർത്തിയായ വേലയിൽ നാം വിശ്വസിക്കുന്നുവെന്നും നാം വായ്കൊണ്ട് നിശ്ചയമായും പറയുകയും പ്രഖ്യാപിക്കുകയും ചെയ്യണം. കുഞ്ഞാടിന്റെ രക്തം നമുക്കുവേണ്ടി ചെയ്തതിനെക്കുറിച്ചുള്ള നമ്മുടെ പ്രഖ്യാപനം എതിരാളിയെ തകർക്കുന്നു. ക്രൂശിലൂടെ ക്രിസ്തു നിങ്ങൾക്കായി ചെയ്തതിൽ നിങ്ങളുടെ വിശ്വാസം പ്രഖ്യാപിക്കുക. നിങ്ങളുടെ വിശ്വാസം സംസാരിക്കുക.

# നിങ്ങളെ സ്നേഹിക്കുന്ന ദൈവത്തെ നിങ്ങൾക്കറിയാമോ?

ഏകദേശം 2000 വർഷങ്ങൾക്ക് മുമ്പ്, ദൈവം മനുഷ്യനായി ഈ ഭൂമിയിൽ വന്നു. തന്റെ പേര് യേശു എന്നാണ്. അവൻ തികച്ചും പാപരഹിതമായ ഒരു ജീവിതം നയിച്ചു. ദൈവം ജഡത്തിൽ വന്നതാണ് യേശു എന്നതിനാൽ, താൻ പറഞ്ഞതും ചെയ്തതുമായ എല്ലാ കാര്യങ്ങളും ദൈവത്തെ നമുക്ക് വെളിപ്പെടുത്തി. താൻ പറഞ്ഞ വാക്കുകൾ ദൈവത്തിന്റെ വചനങ്ങളായിരുന്നു. താൻ ചെയ്ത കാര്യങ്ങളെല്ലാം ദൈവത്തിന്റെ പ്രവൃത്തികളായിരുന്നു. യേശു ഭൂമിയിൽ അനേകം അത്ഭുതങ്ങൾ ചെയ്തു. അവൻ രോഗികളെയും കഷ്ടമനുഭവിക്കുന്നവരെയും സൗഖ്യമാക്കി. അവൻ കുരുടർക്ക് കാഴ്ച നൽകി, ബധിരരുടെ ചെവികൾ തുറന്നു, മുടന്തരെ നടത്തി, എല്ലാത്തരം രോഗങ്ങളും വ്യാധികളും സുഖപ്പെടുത്തി. അത്ഭുതകരമായി അപ്പം വർദ്ധിപ്പിച്ച് അവൻ വിശന്നവരെ പോഷിപ്പിക്കുകയും, കൊടുങ്കാറ്റിനെ ശാന്തമാക്കുകയും, മറ്റു പല വീര്യപ്രവൃത്തികൾ നടത്തുകയും ചെയ്തു.

**ഈ പ്രവൃത്തികളെല്ലാം നമുക്ക് വെളിപ്പെടുത്തുന്നത് മനുഷ്യർ സുഖമായും, ശുഭമായും, ആരോഗ്യത്തോടെയും, സന്തോഷത്തോടെയും ജീവിക്കണമെന്ന് ആഗ്രഹിക്കുന്ന നല്ലവനായ ഒരു ദൈവത്തെയാണ്. ദൈവം ജനത്തിന്റെ ആവശ്യങ്ങൾ നിറവേറ്റുവാൻ ആഗ്രഹിക്കുന്നു.**

അങ്ങനെയെങ്കിൽ എന്തിനുവേണ്ടിയാണ് ദൈവം ഒരു മനുഷ്യനാകുവാനും, ഈ ലോകത്തിലേക്കു വരുവാനും തീരുമാനിച്ചത്? എന്തിനു വേണ്ടിയാണ് യേശു വന്നത്?

നാമെല്ലാവരും പാപം ചെയ്ത് നമ്മെ സൃഷ്ടിച്ച ദൈവത്തിന്റെ മുൻപാകെ അസ്വീകാര്യമായ കാര്യങ്ങൾ ചെയ്തിരിക്കുന്നു. പാപത്തിനു അതിന്റെ അനന്തരഫലങ്ങളുണ്ട്. പാപം നമുക്കും ദൈവത്തിനുമിടയിൽ മറികടക്കാനാവാത്ത ഒരു വലിയ മതിൽ പോലെയാണ്. പാപം നമ്മെ ദൈവത്തിൽ നിന്നും വേർപ്പെടുത്തുന്നു. നമ്മെ സൃഷ്ടിച്ചവനെ അറിയുന്നതിൽ നിന്നും, അർത്ഥവത്തായ ബന്ധം പുലർത്തുന്നതിൽ നിന്നും അത് നമ്മെ തടയുന്നു. അതിനാൽ, നമ്മളിൽ പലരും ഈ ശൂന്യത മറ്റു പല കാര്യങ്ങൾകൊണ്ട് നികത്താൻ ശ്രമിക്കുന്നു.

പാപത്തിന്റെ മറ്റൊരു പരിണിതഫലം ദൈവത്തിൽ നിന്നുള്ള നിത്യമായ വേർപാടാണ്. ദൈവത്തിന്റെ കോടതിയിൽ പാപത്തിനുള്ള ശിക്ഷ മരണമാണ്. നിത്യമായി ദൈവത്തിൽ നിന്ന് വേർപെട്ട് നരകത്തിൽ കഴിയുന്നതാണ് മരണം.

എന്നാൽ സുവാർത്ത എന്തെന്നാൽ പാപത്തിൽ നിന്ന് മോചിതരാകുവാനും ദൈവത്തിങ്കലേക്ക് യഥാസ്ഥാനപ്പെടുവാനും നമുക്ക് കഴിയും. ബൈബിൾ പറയുന്നു, ***"പാപത്തിന്റെ ശമ്പളം മരണമത്രേ; ദൈവത്തിന്റെ കൃപാവരമോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ നിത്യജീവൻ തന്നെ"*** **(റോമർ 6:23).** യേശു ക്രൂശിൽ മരിച്ചപ്പോൾ ലോകത്തിന്റെ മുഴുവൻ പാപത്തിനുമുള്ള മറുവില കൊടുത്തു. മൂന്നു ദിവസത്തിനു ശേഷം താൻ ഉയിർത്തെഴുന്നേറ്റു, തന്നെത്തന്നെ അനേകർക്ക് ജീവനുള്ളവനായി

വെളിപ്പെടുത്തി കൊടുത്തു, എന്നിട്ടവൻ സ്വർഗ്ഗത്തിലേക്ക് മടങ്ങിപോയി.

ദൈവം സ്നേഹത്തിന്റെയും, കാരുണ്യത്തിന്റെയും ദൈവമാണ്. ഒരു വ്യക്തിയും നരകത്തിൽ നഷ്ടമാകുവാൻ താൻ ആഗ്രഹിക്കുന്നില്ല. അതുകൊണ്ട്, മുഴുവൻ മനുഷ്യവർഗ്ഗത്തിനും പാപത്തിൽ നിന്നും, അതിന്റെ ശാശ്വത അനന്തരഫലങ്ങളിൽ നിന്നും സ്വതന്ത്ര**രാകുവാനുള്ള** ഒരു മാർഗ്ഗം പ്രദാനം ചെയ്യുവാനാണ് അവൻ വന്നത്. അവൻ പാപികളെ രക്ഷിക്കുവാനാണ് വന്നത്—എന്നെയും, നിന്നെയും പോലുള്ള മനുഷ്യരെ പാപത്തിൽനിന്നും, നിത്യമരണത്തിൽ നിന്നും വിടുവിക്കുവാനാണ് വന്നത്.

സൗജന്യമായ ഈ പാപക്ഷമ ലഭ്യമാകുവാൻ, നാം ഒരു കാര്യം മാത്രമേ ചെയ്യേണ്ടതുള്ളൂ എന്ന് ബൈബിൾ നമ്മോടു പറയുന്നു—കർത്താവായ യേശുക്രിസ്തു ക്രൂശിൽ നിവർത്തിച്ചത് അംഗീകരിക്കുകയും അവനിൽ പൂർണ്ണഹൃദയത്തോടെ വിശ്വസിക്കുകയും ചെയ്യുക എന്നതാണത്.

***".... അവനിൽ വിശ്വസിക്കുന്ന ഏവനും അവന്റെ നാമം മൂലം പാപമോചനം ലഭിക്കും"*** **(അപ്പൊസ്തലന്മാരുടെ പ്രവൃത്തികൾ 10:43).**

***"യേശുവിനെ കർത്താവ് എന്നു വായ്കൊണ്ട് ഏറ്റുപറകയും ദൈവം അവനെ മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേല്പിച്ചു എന്നു ഹൃദയംകൊണ്ടു വിശ്വസിക്കയും ചെയ്താൽ നീ രക്ഷിക്കപ്പെടും"*** **(റോമർ 10:9).**

കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിക്കുന്നുവെങ്കിൽ നിങ്ങൾക്കും നിങ്ങളുടെ പാപങ്ങൾക്ക് ക്ഷമയും, ശുദ്ധീകരണവും ലഭിക്കും.

കർത്താവായ യേശുക്രിസ്തുവിലും, ക്രൂശിൽ അവൻ നിങ്ങൾക്കായി നിവർത്തിച്ച കാര്യങ്ങളിലും വിശ്വസിക്കുവാൻ നിങ്ങളെ സഹായിക്കുന്നതിനുള്ള ലളിതമായ ഒരു പ്രാർത്ഥനയാണ് ഇനി പറയുന്നത്. യേശു നിങ്ങൾക്കുവേണ്ടി ചെയ്തിരിക്കുന്ന കാര്യങ്ങൾ അംഗീകരിക്കുവാനും, നിങ്ങളുടെ പാപങ്ങൾക്ക് ക്ഷമയും, ശുദ്ധീകരണവും പ്രാപിക്കുവാനും ഈ പ്രാർത്ഥന നിങ്ങളെ സഹായിക്കും. ഈ പ്രാർത്ഥന ഒരു മാർഗ്ഗദർശനം മാത്രമാണ്. നിങ്ങളുടെ സ്വന്തം വാക്കുകളിലും നിങ്ങൾക്കു പ്രാർത്ഥിക്കാം.

*പ്രിയ കർത്താവായ യേശുവേ, ക്രൂശിൽ അങ്ങ് എനിക്കായി ചെയ്തതെന്താണെന്നു ഇന്ന് ഞാൻ മനസ്സിലാക്കിയിരിക്കുന്നു. അങ്ങ് എനിക്ക് വേണ്ടി മരിച്ചു, അങ്ങയുടെ വിലയേറിയ രക്തം ചൊരിഞ്ഞു, ഞാൻ ക്ഷമിക്കപ്പെടേണ്ടതിനു വേണ്ടി എന്റെ പാപങ്ങൾക്ക് പിഴ നൽകി. ബൈബിൾ എന്നോട് പറയുന്നത് അങ്ങയിൽ വിശ്വസിക്കുന്ന ഏവരുടെയും പാപങ്ങൾ ക്ഷമിക്കപ്പെടും എന്നാണ്.*

*ഇന്ന്, അങ്ങയിൽ വിശ്വസിക്കുവാനും, ക്രൂശിൽ എനിക്കു വേണ്ടി മരിക്കുകയും മരിച്ചവരിൽ നിന്നും ഉയർത്തെഴുന്നേൽക്കുകയും ചെയ്തതിലൂടെ എനിക്കു വേണ്ടി ചെയ്തത് സ്വീകരിക്കുവാനും ഞാൻ തീരുമാനിക്കുന്നു. മറ്റൊരു മനുഷ്യനും എന്നെ രക്ഷിക്കുവാൻ കഴിയില്ലെന്നും, എന്റെ സൽപ്രവൃത്തികളാൽ എന്നെ സ്വയം*

രക്ഷിക്കുവാൻ കഴിയില്ലെന്നും ഞാൻ അറിയുന്നു. എന്റെ പാപങ്ങൾക്കുള്ള ക്ഷമ എനിക്കു നേടുവാൻ കഴിയുന്ന ഒന്നല്ല.

അങ്ങ് എനിക്ക് വേണ്ടി മരിച്ചു എന്നും, അങ്ങ് എന്റെ പാപങ്ങൾക്കുള്ള പിഴ കൊടുത്തു എന്നും അങ്ങ് മരിച്ചവരിൽനിന്നും ഉയിർത്തെഴുന്നേറ്റു എന്നും ഇന്ന് ഞാൻ എന്റെ ഹൃദയത്തിൽ വിശ്വസിക്കുകയും വായ് കൊണ്ട് ഏറ്റുപറകയും ചെയ്യുന്നു. അങ്ങയിലുള്ള വിശ്വാസത്താൽ ഞാൻ എന്റെ പാപങ്ങൾക്ക് ക്ഷമയും, ശുദ്ധീകരണവും പ്രാപിക്കുന്നു.

നന്ദി യേശുവേ. അങ്ങയെ സ്നേഹിക്കുവാനും, അങ്ങയെ കൂടുതൽ അറിയുവാനും അങ്ങയോട് വിശ്വസ്തനാകുവാനും എന്നെ സഹായിക്കണമേ.

ആമേൻ.

# ഓൾ പീപ്പിൾസ് ചർച്ചിനെ കുറിച്ച്

ഓൾ പീപ്പിൾസ് ചർച്ചിലെ ഞങ്ങളുടെ ദർശനം ബാംഗ്ലൂർ നഗരത്തിൽ ഉപ്പും, വെളിച്ചവും ആയിരിക്കുക എന്നതും, നമ്മുടെ രാജ്യത്തോടും മറ്റു രാജ്യങ്ങളോടുമുള്ള ഒരു ശബ്ദമായിരിക്കുക എന്നതുമാണ്.

ഓൾ പീപ്പിൾസ് ചർച്ച് എന്നത് **യേശുവിനെ സ്നേഹിക്കുന്ന, ദൈവവചന കേന്ദ്രീകൃതമായ, പരിശുദ്ധാത്മനിറവുള്ള, ഒരു കുടുംബ** സഭയാണ്. ഇത് ഒരു സജ്ജീകരണ കേന്ദ്രമായും, സുവിശേഷദൗത്യ താവളമായും ആഗോള സേവനത്തിനായും നിലകൊള്ളുന്നു.

• ഒരു **കുടുംബ സഭ** എന്ന നിലയിൽ, ക്രിസ്തു കേന്ദ്രീകൃത കൂട്ടായ്മയുള്ള ഒരു സമൂഹമായി ഞങ്ങൾ ഒരുമിച്ച് വളരുകയും ദൈവസഭയെന്ന നിലയിൽ സ്നേഹത്തിൽ അന്യോന്യം കരുതുകയും ശുശ്രൂഷിക്കുകയും ചെയ്യുന്നു.

• ഒരു **സജ്ജീകരണ കേന്ദ്രം** എന്ന നിലയിൽ, വിജയകരമായി ജീവിക്കുവാനും ക്രിസ്തു സാദൃശ്യത്തിലേക്ക് വളരുവാനും തങ്ങളുടെ ജീവിതത്തെക്കുറിച്ചുള്ള ദൈവോദ്ദേശങ്ങൾ നിറവേറ്റുവാനും ഓരോ വിശ്വാസിയെയും നാം ശക്തീകരിക്കുകയും, സജ്ജരാക്കുകയും ചെയ്യുന്നു.

• ഒരു **സുവിശേഷദൗത്യ താവളം** എന്ന നിലയിൽ, ദൈവവചനത്തിലൂടെയും, പരിശുദ്ധാത്മശക്തിയുടെ അസാധാരണ പ്രദർശനങ്ങളിലൂടെയും, യേശു ക്രിസ്തുവിന്റെ പൂർണ്ണ സുവിശേഷത്താൽ നമ്മുടെ നഗരത്തെയും രാഷ്ട്രത്തെയും, മറ്റു രാജ്യങ്ങളെയും അനുഗ്രഹിക്കുന്നതിനുള്ള അർത്ഥവത്തായ ശുശ്രൂഷയിൽ ഞങ്ങൾ ഏർപ്പെട്ടിരിക്കുന്നു.

• ആഗോള **സേവനത്തിന്റെ ഭാഗമായി**, ദൈവരാജ്യത്തിനായി തങ്ങളുടെ മേഖലകളെ സ്വാധീനിക്കാൻ കഴിയുന്ന ദൈവഭക്തരായ നേതാക്കന്മാരെയും, പരിശുദ്ധാത്മാവ് നിറഞ്ഞ സഭകളെയും പരിപോഷിപ്പിച്ചുകൊണ്ട് ഞങ്ങൾ പ്രാദേശികമായും ആഗോളതലത്തിലും സേവിക്കുന്നു.

എപിസി (APC) യിൽ, പരിശുദ്ധാത്മാവിന്റെ അഭിഷേകത്തിലും പ്രദർശനത്തിലും പൂർണ്ണവും വിട്ടുവീഴ്ചയില്ലാത്തതുമായ ദൈവവചനം അവതരിപ്പിക്കാൻ ഞങ്ങൾ പ്രതിജ്ഞാബദ്ധരാണ്. നല്ല സംഗീതം, സർഗ്ഗാത്മക അവതരണങ്ങൾ, ഉജ്ജ്വലമായ വിശ്വാസ സമർത്ഥനം, സമകാലീന ശുശ്രൂഷാരീതികൾ, നൂതന സാങ്കേതികവിദ്യ മുതലായവ, അടയാളങ്ങൾ, അത്ഭുതങ്ങൾ, വീര്യപ്രവർത്തികൾ, പരിശുദ്ധാത്മ വരങ്ങൾ എന്നിവ ഉപയോഗിച്ച് പരിശുദ്ധാത്മാവിന്റെ ശക്തിയിൽ വചനം പ്രസ്താവിക്കുക എന്ന ദൈവനിയമിത സമീപനത്തിന് പകരമാവില്ലെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. (1 കൊരിന്ത്യർ 2:4,5; എബ്രായർ 2:3,4). ഞങ്ങളുടെ പ്രമേയം യേശുവാണ്, ഞങ്ങളുടെ ഉള്ളടക്കം ദൈവവചനമാണ്, ഞങ്ങളുടെ രീതി പരിശുദ്ധാത്മാവിന്റെ ശക്തിയാണ്, ഞങ്ങളുടെ അഭിനിവേശം ജനങ്ങളാണ്, ഞങ്ങളുടെ ലക്ഷ്യം ക്രിസ്തുതുല്യമായ പക്വതയാണ്.

ബാംഗ്ലൂർ ആസ്ഥാനമായ ഓൾ പീപ്പിൾസ് ചർച്ചിന്, ഇന്ത്യയിൽ നിരവധിയിടങ്ങളിൽ സഭകളുണ്ട്. ഓൾ പീപ്പിൾസ് ചർച്ച് ലൊക്കേഷനുകളുടെ നിലവിലെ പട്ടികയും, ബന്ധപ്പെടേണ്ട വിവരങ്ങളും ലഭിക്കുന്നതിന് ദയവായി **apcwo.org/locations** എന്ന ഞങ്ങളുടെ വെബ്സൈറ്റ് സന്ദർശിക്കുക അല്ലെങ്കിൽ **contact@apcwo.org** ലേക്ക് ഇമെയിൽ അയക്കുക.

# സൗജന്യ പ്രസിദ്ധീകരണങ്ങൾ

A Church in Revival
A Real Place Called Heaven
A Time for Every Purpose
Ancient Landmarks
Baptism in the Holy Spirit
Being Spiritually Minded and Earthly Wise
Biblical Attitude Towards Work
Breaking Personal and Generational Bondages
Change
Code of Honor
Divine Favor
Divine Order in the Citywide Church
Don't Compromise Your Calling
Don't Lose Hope
Equipping the Saints
Foundations (Track 1)
Fulfilling God's Purpose for Your Life
Giving Birth to the Purposes of God
Gifts of the Holy Spirit
God Is a Good God
God's Word—The Miracle Seed
How to Help Your Pastor
Integrity
Interpreting Scripture
Kingdom Builders
Laying the Axe to the Root
Living Life Without Strife
Marriage and Family
Ministering Healing and Deliverance
Offenses—Don't Take Them
Open Heavens
Our Redemption
Receiving God's Guidance
Revivals, Visitations and Moves of God
Shhh! No Gossip!
Speak Your Faith
The Conquest of the Mind
The Father's Love
The House of God
The Kingdom of God
The Mighty Name of Jesus
The Night Seasons of Life
The Power of Commitment
The Presence of God
The Redemptive Heart of God
The Refiner's Fire
The Spirit of Wisdom, Revelation and Power
The Wonderful Benefits of Praying in Tongues
Timeless Principles for the Workplace
Understanding the Prophetic
Water Baptism
We Are Different
Who We Are in Christ
Women in the Workplace
Work—Its Original Design

പുതിയ പുസ്തകങ്ങൾ പതിവായി പ്രസിദ്ധീകരിക്കുന്നു. PDF, ഓഡിയോ, മറ്റു ഫോർമാറ്റുകളിൽ സൗജന്യ എപിസി ക്രിസ്തീയ പുസ്തകങ്ങൾ ഡൗൺലോഡ് ചെയ്യുവാൻ **apcwo.org/books** സന്ദർശിക്കുക. ഈ പുസ്തകങ്ങളിൽ പലതും ഇതര ഭാഷകളിൽ ലഭ്യമാണ്. സൗജന്യ ഓഡിയോ, വീഡിയോ പ്രഭാഷണങ്ങൾ, പ്രഭാഷണ കുറിപ്പുകൾ, തുടങ്ങിയവക്കായി **apcwo.org/sermons** സന്ദർശിക്കുക.

# ക്രിസലിസ് കൗൺസെലിംഗ്

ജീവിതത്തിലെ വെല്ലുവിളികളെ അഭിമുഖീകരിക്കുന്നതിനും അതിജീവിക്കുന്നതിനും വ്യക്തികളെ സഹായിക്കുന്നതിനായി ക്രിസലിസ് കൗൺസെലിംഗ് വ്യക്തിഗത കൗൺസെലിംഗ് ലഭ്യമാക്കുന്നു. വിദഗ്ധ പരിശീലനം ലഭിച്ചവരും പരിചയസമ്പന്നരുമായ ക്രിസ്ത്യൻ കൗൺസെലർമാരുടെ ഒരു സംഘമാണ് ക്രിസലിസ് കൗൺസെലിംഗ്

ഞങ്ങളുടെ സേവനങ്ങൾ എല്ലാ പ്രായക്കാർക്കുമുള്ളതാണ്, മാത്രമല്ല ജീവിതത്തിലെ വിവിധങ്ങളായ വെല്ലുവിളികളെ അഭിസംബോധന ചെയ്യുകയും ചെയ്യുന്നു.

- **കൗമാരക്കാർ**
- **വ്യക്തിപരമായ പൊരുത്തപ്പെടലുകൾ**
- **ബന്ധങ്ങളിലെ വെല്ലുവിളികൾ**
- **പഠനസംബന്ധിയായ മോശം പ്രകടനം**
- **ജോലി സംബന്ധമായ പ്രശ്നങ്ങൾ**
- **കുടുംബം / ദമ്പതികൾ: വിവാഹത്തിന് മുൻപുള്ള, വിവാഹപരമായ**
- **മാതാപിതാക്കൾ / കുട്ടികൾ / സഹോദരങ്ങൾ / സഹപ്രവർത്തകർ**
- **പെരുമാറ്റ വൈകല്യങ്ങൾ**
- **വ്യക്തിത്വ വൈകല്യങ്ങൾ**
- **മാനസിക / വൈകാരിക പ്രശ്നങ്ങൾ**
- **സമ്മർദ്ദം / മാനസികാഘാതം**
- **മദ്യം / മയക്കുമരുന്ന് ദുരുപയോഗം**
- **ആത്മീയ പ്രശ്നങ്ങൾ**
- **ജീവിത പരിശീലനം**

കൗൺസെലിംഗ് സേവനങ്ങൾ എളുപ്പത്തിൽ ലഭ്യമാകുന്നതും മിതമായ നിരക്കിലുള്ളതുമാണ്.

ഞങ്ങളുടെ പരിശീലനം ലഭിച്ച കൗൺസെലർമാരിൽ ഒരാളുമായി കൂടിക്കാഴ്ച ഷെഡ്യൂൾ ചെയ്യുവാൻ വേണ്ട വിവരങ്ങൾ:

**വെബ്സൈറ്റ്: chrysalislife.org**
**ഫോൺ:** +91-80-25452617 അല്ലെങ്കിൽ ടോൾ ഫ്രീ (ഇന്ത്യയ്ക്ക് അകത്ത്) 1-800-300-00998
**ഇമെയിൽ: counselor@chrysalislife.org**

ക്രിസലിസ് കൗൺസെലിംഗ് ഓൾ പീപ്പിൾസ് ചർച്ച് & വേൾഡ് ഔട്ട്റീച്ചിന്റെ ഒരു ശുശ്രൂഷയാണ്.

# ഓൾ പീപ്പിൾസ് ചർച്ചിന്റെ പങ്കാളിയാകുക

ഓൾ പീപ്പിൾസ് ചർച്ച് ഒരു പ്രാദേശിക സഭ എന്ന അതിർ വരമ്പുകൾക്ക് അപ്പുറത്ത് ഇന്ത്യയിലുടനീളം, പ്രത്യേകിച്ച് ഉത്തരേന്ത്യയിൽ, (1) നേതാക്കന്മാരെ ബലപ്പെടുത്തുക, (2) യുവാക്കളെ ശുശ്രൂഷയ്ക്ക് സജ്ജരാകുക, (3) ക്രിസ്തുവിന്റെ ശരീരമായ സഭയെ പണിതെടുക്കുക എന്നീ കാര്യങ്ങളിൽ ശ്രദ്ധചെലുത്തി പ്രവർത്തങ്ങൾ നടത്തി വരുന്നു. യുവജനങ്ങൾക്കായി പ്രത്യേക പരിശീലന സെമിനാറുകളും, 'ക്രിസ്തീയ നേതൃത്വ സംഗമങ്ങളും' വർഷത്തിലുടനീളം നടത്തപ്പെടുന്നു. ഇതിനു പുറമെ, ദൈവവചനത്തിലും പരിശുദ്ധാത്മാവിലും വിശ്വാസികളെ സജ്ജരാക്കുക എന്ന ഉദ്ദേശത്തോടെ പ്രസിദ്ധീകരണങ്ങളുടെ ആയിരകണക്കിന് പകർപ്പുകൾ ഇംഗ്ലീഷിലും മറ്റു ഇന്ത്യൻ ഭാഷകളിലും സൗജന്യമായി വിതരണം ചെയ്യുന്നു.

ഒരിക്കലായോ പ്രതിമാസമോ ഒരു സംഭാവന അയച്ചുകൊണ്ട് സാമ്പത്തികമായി ഞങ്ങളുടെ സഹകാരിയാകുവാൻ ഞങ്ങൾ നിങ്ങളെ ക്ഷണിക്കുന്നു. നമ്മുടെ രാജ്യത്തുടനീളമുള്ള ഈ വേലയിൽ ഞങ്ങളെ സഹായിക്കുവാൻ നിങ്ങൾക്കു അയക്കാൻ കഴിയുന്ന ഏതു തുകയും വളരെയധികം വിലപ്പെട്ടതാണ്.

നിങ്ങളുടെ സംഭാവനകൾ "All Peoples Church"—ന്റെ പേരിലുള്ള ചെക്ക്/ ബാങ്ക് ഡ്രാഫ്റ്റ് ആയിട്ട് ഞങ്ങളുടെ ഓഫീസിലെ വിലാസത്തിലേക്ക് അയക്കാം. അല്ലാത്തപക്ഷം, ഞങ്ങളുടെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ഉപയോഗിച്ച് ബാങ്ക് ട്രാൻസ്ഫർ വഴി നിങ്ങളുടെ സംഭാവനകൾ നേരിട്ടും അയക്കാം.

**അക്കൗണ്ടിന്റെ പേര്:** All Peoples Church
**അക്കൗണ്ട് നമ്പർ:** 50200068829058
**IFSC കോഡ്:** HDFC0004367
**ബാങ്ക്:** HDFC Bank, 7M/308 80 Ft Rd, HRBR layout, Kalyan Nagar, Bengaluru, Karnataka 560043.

***ദയവായി ശ്രദ്ധിക്കുക:*** *ഓൾ പീപ്പിൾസ് ചർച്ചിന് ഇന്ത്യ കേന്ദ്രീകൃതമായ ബാങ്ക് അക്കൗണ്ടിൽ നിന്നും മാത്രമേ സംഭാവനകൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ. സംഭാവനകൾ നൽകുമ്പോൾ, നിങ്ങളുടെ സംഭാവന ഉപയോഗിക്കപ്പെടേണ്ട പ്രത്യേക എപിസി ശുശ്രൂഷ ഏതെന്നു, ആവശ്യമെങ്കിൽ, നിങ്ങൾക്കു സൂചിപ്പിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക്, ദയവായി* **apcwo.org/give** *സന്ദർശിക്കുക.*

കൂടാതെ, നിങ്ങൾക്കു കഴിയുമ്പോഴെല്ലാം ഞങ്ങൾക്കും ഞങ്ങളുടെ ശുശ്രൂഷക്കും വേണ്ടി പ്രാർത്ഥിക്കുവാൻ ഓർക്കണമേ.

**നിങ്ങൾക്ക് നന്ദി, ദൈവം അനുഗ്രഹിക്കട്ടെ!**


# DOWNLOAD THE FREE APP!

*Search for*

"All Peoples Church Bangalore"
in the App or Google play stores.

Available on the App Store

ANDROID APP ON Google play







***A daily 5-minute video devotional.***
***A daily Bible reading and prayer guide.***
***5-minute Sermon summary.***
***Toolkit with Scriptures on various topics to build faith and information to share the Gospel.***
***Resources with sermons, sermon notes, TV programs, books, music and more.***

***IF YOU LOVE IT, TELL OTHERS ABOUT IT!***

# निःशुल्क ऐप डाउनलोड करें:

**ऐप स्टोर या प्ले स्टोर में खोजें**
**“ऑल पीपुल्स चर्च (APCWO)”/**
**All Peoples Church Hindi**

Available on the App Store

ANDROID APP ON Google Play




*विश्वास को मजबूत करने और सुसमाचार साझा करने के लिए विभिन्न विषयों पर आधारित वचनों के टूलकिट।*
*उपदेशों, टीवी कार्यक्रमों, पुस्तकों, संगीत और बहुत कुछ से भरे संसाधन।*
*अगर आपको यह पसंद आए, तो*
***दूसरों को भी इसके बारे में बताएं!***

# ഓൾ പീപ്പിൾസ് ചർച്ച് ബൈബിൾ കോളേജ്

apcbiblecollege.org

ഇന്ത്യയിൽ, ബാംഗ്ലൂരിലുള്ള ഓൾ പീപ്പിൾസ് ചർച്ച് ബൈബിൾ കോളേജും ശുശ്രൂഷ പരിശീലന കേന്ദ്രവും ഉപദേശ കൃത്യതയുള്ളതും ബൗദ്ധിക ഉത്തേജനം നൽകുന്നതുമായ വേദപഠനത്തിനൊപ്പം പരിശുദ്ധാത്മാവിന്റെ അമാനുഷിക ശക്തിയിൽ ശുശ്രൂഷിക്കുന്നതിനുമായി ആത്മനിറവോടും, അഭിഷേകത്തോടും കൂടെ പ്രായോഗികപരിചയം ഉൾക്കൊള്ളിച്ചുകൊണ്ട് പരിശീലിപ്പിക്കുകയും സജ്ജരാക്കുകയും ചെയ്യുന്നു. കർത്താവുമായുള്ള ഉറ്റ ബന്ധത്തിൽ നിന്നും ഉരുത്തിരിയുന്ന ദൈവീക സ്വഭാവം, ദൈവവചനത്തിൽ ആഴത്തിലുള്ള അടിസ്ഥാനം, അടയാളങ്ങളുടെയും, അത്ഭുതങ്ങളുടെയും, വിടുതലുകളുടെയും ശക്തമായ പ്രകടനങ്ങൾ എന്നിവയ്ക്ക് ഊന്നൽ കൊടുക്കുന്ന ശുശ്രൂഷയ്ക്കായി വ്യക്തികളെ ആകമാനമായി വളർത്തിയെടുക്കുന്നതിൽ ഞങ്ങൾ വിശ്വസിക്കുന്നു.

ഓൾ പീപ്പിൾസ് ചർച്ച് ബൈബിൾ കോളേജിൽ (എ.പി.സി.-ബി.സി), കൃത്യതയുള്ള അദ്ധ്യയനത്തിനൊപ്പം, ദൈവസ്നേഹത്തിന്റെ പ്രദർശനങ്ങൾക്കും, പരിശുദ്ധാത്മാവിന്റെ അഭിഷേകത്തിനും, സാന്നിധ്യത്തിനും, ദൈവത്തിന്റെ അമാനുഷിക പ്രവൃത്തികൾക്കും ഊന്നൽ നൽകുന്നു. ദൈവീക വിളി ലഭിച്ച നിരവധി യുവാക്കളെയും, യുവതികളെയും അത് നിറവേറ്റുന്നതിനായി പരിശീലിപ്പിച്ച് അയച്ചുകൊണ്ടിരിക്കുന്നു.

ഞങ്ങൾ മൂന്ന് പ്രോഗ്രാമുകൾ നൽകുന്നു.

- ദൈവശാസ്ത്രത്തിലും ക്രിസ്തീയ ശുശ്രൂഷയിലും ഒരു വർഷത്തെ സർട്ടിഫിക്കറ്റ് കോഴ്സ് (C.Th.)
- ദൈവശാസ്ത്രത്തിലും ക്രിസ്തീയ ശുശ്രൂഷയിലും രണ്ട് വർഷത്തെ ഡിപ്ലോമ കോഴ്സ് (Dip.Th.)
- ദൈവശാസ്ത്രത്തിലും ക്രിസ്തീയ ശുശ്രൂഷയിലും മൂന്ന് വർഷത്തെ ബാച്ച്ലേർസ് കോഴ്സ് (B.Th.)

ഓരോ പ്രവൃത്തിദിവസവും, **തിങ്കൾ മുതൽ വെള്ളി വരെ, ഇന്ത്യൻ സമയം രാവിലെ 9:00 മുതൽ ഉച്ചയ്ക്ക് 12:00 വരെ (UTC+5:30)** ക്ലാസുകൾ നടക്കുന്നു. ഞങ്ങൾ മൂന്ന് വ്യത്യസ്ത പഠന രീതികൾ നൽകുന്നു.

- **കാമ്പസിൽ:** ക്യാമ്പസിൽ നേരിട്ടുള്ള ക്ലാസുകൾ നടത്തുന്നു.
- **വിദൂര പഠനം:** ഓൺലൈനിൽ തത്സമയം പഠിപ്പിക്കുന്നു.
- **ഇ-ലേണിംഗ്:** ഓൺലൈൻ പോർട്ടലിലൂടെ സ്വയം പഠിക്കുവാനുള്ള അവസരമൊരുക്കുന്നു **apcbiblecollege.org/elearn.**

ഓൺലൈനായി അപേക്ഷിക്കുന്നതിനും, കോളേജിന്റെ പാഠ്യപദ്ധതി, യോഗ്യതാ മാനദണ്ഡങ്ങൾ, ട്യൂഷൻ ചെലവുകൾ എന്നിവയെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്കും, അപേക്ഷാ ഫോം ഡൗൺലോഡ് ചെയ്യുന്നതിനും ദയവായി **apcbiblecollege.org** സന്ദർശിക്കുക.

തിരുവചനത്തിലുടനീളം ദൈവം തന്റെ ജനങ്ങളോട് തന്റെ വചനം സംസാരിക്കുവാൻ ആവശ്യപ്പെടുന്നു. ഹൃദയത്തിൽ വിശ്വസിച്ചുകൊണ്ട് നാം സംസാരിക്കുന്ന ദൈവവചനം നമ്മുടെ സാധാരണ ജീവിതത്തിൽ ദൈവത്തിന്റെ അത്ഭുതകരമായ പ്രവർത്തനങ്ങൾക്ക് കാരണമാകുന്നു. നമ്മുടെ വായിലൂടെ സംസാരിക്കപ്പെടുന്ന ദൈവവചനം ശത്രുവിന് എതിരായ നമ്മുടെ ആയുധമായി തീരുന്നു.

നമ്മുടെ ഇന്നിനുമേലും ഭാവിയുടെമേലും ദൈവവചനം സംസാരിച്ചുകൊണ്ട് നമുക്ക് നമ്മുടെ ലോകത്തെ രൂപപ്പെടുത്തിയെടുക്കുവാൻ കഴിയും. വിശ്വാസത്താൽ നിറയപ്പെട്ട വാക്കുകൾ എല്ലാസമയത്തും എല്ലാസാഹചര്യങ്ങളിലും സംസാരിക്കുവാൻ നാം പഠിക്കണം. വിശ്വാസത്താൽ സംസാരിക്കുക എന്നത് നമ്മുടെ ജീവിതത്തിലെ പർവ്വതസമാനമായ, വൻ കൊടുംകാറ്റുപോലുള്ള പ്രതിബന്ധങ്ങൾ ഇല്ല എന്നു പറഞ്ഞു നിഷേധിക്കുന്നതല്ല. പകരം, നമ്മുടെ മുന്നിലുള്ള ഈ മലകളോട് അവിടെനിന്നു മാറുവാൻ വിശ്വാസത്താൽ സംസാരിക്കുകയാണ് വേണ്ടത്. വിശ്വാസം കാറ്റിനോടും കൊടുങ്കാറ്റിനോടും സംസാരിക്കുകയും, നാശം വിതയ്ക്കാനുള്ള അവയുടെ അവകാശം ഇല്ലാതെയാക്കുകയും ചെയ്യുന്നു. പകരം, ദൈവം അയക്കുന്ന സമാധാനത്തിനും ശാന്തതയ്ക്കും വഴിയൊരുക്കുന്നു. വിശ്വാസം രോഗത്തോട് സംസാരിക്കുകയും, വിട്ടുപോകുവാൻ കൽപ്പിക്കുകയും, ദൈവത്തിൽ നിന്നു വരുന്ന സൗഖ്യത്തിനും സമ്പൂർണ്ണതക്കും വഴിയൊരുക്കുകയും ചെയ്യുന്നു.

ഈ പുസ്തകം നിങ്ങളെ ഈ സത്യവചനത്തിൽ ഉറപ്പിക്കുകയും നിങ്ങളുടെ വിശ്വാസം എല്ലായ്പ്പോഴും പ്രസ്താവിക്കുവാൻ പ്രചോദിപ്പിക്കുകയും ചെയ്യും!

**All Peoples Church & World Outreach**
# 319, 2nd Floor, 7th Main, HRBR Layout,
2nd Block, Kalyan Nagar, Bangalore 560 043
Karnataka, INDIA

Phone: +91-80-25452617
Email: contact@apcwo.org
Website: apcwo.org